ചാക്രികലേഖനം

# Fratelli Tutti

# ഫ്രത്തെല്ലി തൂത്തി



## ഫ്രാൻസിസ് മാർപാപ്പാ

## POPE FRANCIS

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പി.ഒ.സി. പ്രസിദ്ധീകരണം

കേരള കത്തോലിക്കാസഭയുടെ ഔദ്യോഗിക മലയാളവിവർത്തനം

## ഫ്രാൻസിസ് മാർപാപ്പ

# ഫ്രത്തെല്ലി തൂത്തി

## - എല്ലാവരും സഹോദരർ -

**സാഹോദര്യത്തെയും സാമൂഹിക സൗഹൃദത്തെയും കുറിച്ചുള്ള ചാക്രികലേഖനം**

**വിവർത്തനം : മോൺ. ഡോ. ജോർജ് കുരുക്കൂർ**

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പി.ഒ.സി. പ്രസിദ്ധീകരണം

**FRATELLI TUTTI**
(Encyclical letter of the Holy Father Francis
Malayalam Version)

**Translated by**
**Msgr. Dr. George Kurukkoor**

**Scrutinized by**
**Rev. Dr. Joshy Mayyattil**

**Published by**
The Director, Pastoral Orientation Centre,
The Secretariat, Kerala Catholic Bishops' Council,
Kochi 25, Kerala, India
Phone: +914842 805722, 2805815
Fax: +91484 2806214
E-mail: pocpublications@gmail.com
Website: www.kcbc.in

**Copyright to** : The Publisher

**Published on** : 06.02.2021

**Printed at:** Viani Printers, Ernakulam

**Copies: 2000**

**Price: ₹180**

**ISBN: 978-93-83423-30-9**

@ Pastoral Orientation Centre
All rights reserved. No part of this publication may be reproduced,
stored in a retrieval system, or transmitted, in any form or by
any menas, electronic, mechanical, photocopying, recording
or otherwise, without prior written permission of the publisher.

| | |
|---|---|
| പ്രസാധകക്കുറിപ്പ് | 7-9 |
| ആമുഖം | 10-15 |


## അധ്യായം ഒന്ന്
## അടഞ്ഞിരിക്കുന്ന ലോകത്തിന്റെ മുകളിലെ കാർമേഘങ്ങൾ
**(പേജ് 15-41)**


| | | |
|---|---|---|
| I. | ശിഥില സ്വപ്നങ്ങൾ | 16 |
| II. | ചരിത്രബോധത്തിന്റെ അന്ത്യം | 18 |
| III. | ഒരു സാർവത്രിക പദ്ധതിയുടെ അഭാവം | 20 |
| IV. | ഒരു 'വലിച്ചെറിയൽ' ലോകം | 21 |
| V. | അത്ര സാർവത്രികമല്ലാത്ത മനുഷ്യാവകാശങ്ങൾ | 23 |
| VI. | സംഘട്ടനവും ഭീതിയും | 25 |
| VII. | ആഗോളവത്കരണവും പൊതുവായ ഒരു റോഡ് മാപ്പില്ലാത്ത പുരോഗതിയും | 27 |
| VIII. | പകർച്ചവ്യാധികളും മറ്റ് അത്യാഹിതങ്ങളും ചരിത്രത്തിൽ | 29 |
| IX. | മനുഷ്യ മഹത്ത്വത്തിന്റെ അസാന്നിധ്യം അതിർത്തികളിൽ | 31 |
| X. | വാർത്താവിനിമയം എന്ന മായ | 34 |
| XI. | ലജ്ജാരഹിതമായ ആക്രമണം | 35 |
| XII. | ജ്ഞാനരഹിതമായ വിവരദാനം | 36 |
| XIII. | കീഴ്പ്പെടലിന്റെയും ആത്മനിന്ദയുടെയും രൂപങ്ങൾ | 38 |
| XIV. | പ്രത്യാശ | 40 |


## അധ്യായം രണ്ട്
## വഴിയിൽ ഒരു അപരിചിതൻ
**(പേജ് 42-60)**


| | | |
|---|---|---|
| I. | പശ്ചാത്തലം | 44 |
| II. | വഴിയരികിൽ ഉപേക്ഷിക്കപ്പെട്ടവൻ | 47 |
| III. | സ്ഥിരം ആവർത്തിക്കപ്പെടുന്ന ഒരു കഥ | 50 |

IV. ഉപമയിലെ കഥാപാത്രങ്ങൾ 51
V. പുത്തൻ തുടക്കം 54
VI. അതിരുകളില്ലാത്ത അയൽക്കാർ 56
VII. അപരിചിതന്റെ യാചന 57

## അധ്യായം മൂന്ന്
## തുറവുള്ള ഒരു ലോകത്തെ വിഭാവനം ചെയ്യലും സാക്ഷാത്കരിക്കലും
## (പേജ് 61-84)

I. നമ്മിൽനിന്നുതന്നെ പുറത്തുകടക്കൽ 62
II. സ്നേഹം അതുല്യം 64
III. ശാശ്വത തുറവിയുള്ള സ്നേഹം 66
IV. ഓരോരുത്തരേയും ഉൾക്കൊള്ളുന്ന തുറവുള്ള സമൂഹങ്ങൾ 67
V. സാർവത്രിക സ്നേഹത്തെക്കുറിച്ചുള്ള അപര്യാപ്ത ധാരണകൾ 68
VI. "സഹകാരികളുടെ" ലോകത്തിനുമപ്പുറത്തേക്ക് 69
VII. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം 70
VIII. വ്യക്തികളെ വളർത്തുന്ന സാർവത്രിക സ്നേഹം 72
IX. ധാർമ്മിക നന്മ വളർത്തൽ 74
X. ഐക്യദാർഢ്യത്തിന്റെ മൂല്യം 76
XI. സ്വത്തിന്റെ സാമൂഹിക ധർമ്മം പുനർവിഭാവനം ചെയ്യുമ്പോൾ 78
XII. സീമാതീതങ്ങളായ അവകാശങ്ങൾ 80
XIII. ജനങ്ങളുടെ അവകാശങ്ങൾ 81

## അധ്യായം നാല്
## മുഴുവൻ ലോകത്തിലേക്കും തുറന്നിരിക്കുന്ന ഒരു ഹൃദയം
## (പേജ് 85-99)

I. അതിർത്തികളും അവയുടെ പരിമിതികളും 85
II. പരസ്പരദാനങ്ങൾ 87
III. ഫലപൂർണമായ കൈമാറ്റം 90
IV. മറ്റുള്ളവരോട് ഉദാരതയുള്ള തുറവി 91
V. പ്രാദേശികവും സാർവത്രികവും 92

VI. പ്രാദേശിക അഭിരുചി 93
VII. ഒരു സാർവത്രിക ചക്രവാളം 95
VIII. സ്വദേശത്ത് തുടക്കം 98

## അധ്യായം അഞ്ച്
## മെച്ചപ്പെട്ട ഒരു രാഷ്ട്രീയം
## (പേജ് 100-125)

I. പോപ്പുലിസത്തിന്റെയും ലിബറലിസത്തിന്റെയും രൂപങ്ങൾ 100
II. പോപ്പുലിസ്റ്റിന് എതിരേ പോപ്പുലർ 100
III. ലിബറൽ സമീപനങ്ങളുടെ ഗുണങ്ങളും പരിമിതികളും 104
IV. അന്താരാഷ്ട്ര അധികാരം 110
V. സാമൂഹികവും രാഷ്ട്രീയവുമായ ഉപവി 113
VI. നമുക്ക് ആവശ്യമായിരിക്കുന്ന രാഷ്ട്രീയം 113
VII. രാഷ്ട്രീയ ഉപവി 115
VIII. കാര്യക്ഷമമായ സ്നേഹം 117
IX. രാഷ്ട്രീയ ഉപവിയുടെ പ്രയോഗം 118
X. സ്നേഹത്തിൽനിന്നു ജനിച്ച പരിത്യാഗങ്ങൾ 119
XI. ഉദ്ഗ്രഥിക്കുന്നതും ഐക്യപ്പെടുത്തുന്നതുമായ സ്നേഹം 121
XII. ഫലദായകത്വം ഫലങ്ങൾക്കപ്പുറത്ത് 122

## അധ്യായം ആറ്
## സംവാദവും സൗഹൃദവും സമൂഹത്തിൽ
## (പേജ് 126-140)

I. സാമൂഹിക സംവാദം, പുതിയ സംസ്കാരത്തിന് 126
II. സഹകരിച്ചു പണിതുയർത്താം 128
III. പൊതുസമ്മതത്തിന്റെ അടിസ്ഥാനം 130
IV. പൊതുസമ്മതവും സത്യവും 133
V. ഒരു പുതിയ സംസ്കാരം 135
VI. സംസ്കാരമായിത്തീരുന്ന കണ്ടുമുട്ടലുകൾ 135
VII. മറ്റുള്ളവരെ അംഗീകരിക്കുന്നതിലുള്ള സന്തോഷം 137
VII. ദയയെ വീണ്ടും കണ്ടെത്താം 139

## അധ്യായം ഏഴ്
## നവീകൃത കണ്ടുമുട്ടലിന്റെ പാതകൾ
## (പേജ് 141–165)


| | | |
|---|---|---|
| I. | സത്യത്തിൽ നിന്ന് പുനരാരംഭിക്കാം | 141 |
| II. | സമാധാനത്തിന്റെ കലയും ശില്പവിദ്യയും | 142 |
| III. | ചെറിയവരിൽനിന്നു തുടങ്ങാം | 146 |
| IV. | മാപ്പുകൊടുക്കലിന്റെ മൂല്യവും അർത്ഥവും | 147 |
| V. | അനുപേക്ഷണീയ സംഘർഷം | 148 |
| VI. | നിയമാനുസൃത സംഘട്ടനവും ക്ഷമയും | 149 |
| VII. | മുന്നോട്ടു നീങ്ങാനുള്ള ഏറ്റവും നല്ല മാർഗം | 151 |
| VIII. | ഓർമ്മ | 152 |
| IX. | ക്ഷമിക്കൽ മറക്കലല്ല | 154 |
| X. | യുദ്ധവും വധശിക്ഷയും | 156 |
| XI. | യുദ്ധമെന്ന അനീതി | 157 |
| XII. | വധശിക്ഷ | 161 |


## അധ്യായം എട്ട്
## മതങ്ങൾ നമ്മുടെ ലോകത്തിൽ സാഹോദര്യസേവനത്തിന്
## (പേജ് 166–192)


| | | |
|---|---|---|
| I. | പരമമായ അടിസ്ഥാനം | 166 |
| II. | ക്രൈസ്തവ തനിമ | 169 |
| III. | മതവും അക്രമവും | 172 |
| IV. | ഒരു അഭ്യർത്ഥന | 174 |
| V. | സ്രഷ്ടാവിനോടുള്ള ഒരു പ്രാർത്ഥന | 177 |
| VI. | ഒരു സഭൈക്യ പ്രാർത്ഥന | 178 |
| | കുറിപ്പുകൾ | 179–192 |

# പ്രസാധകക്കുറിപ്പ്

പ്രസിദ്ധീകരിച്ച് മണിക്കൂറുകൾക്കുള്ളിൽ ലോകശ്രദ്ധയാകർഷിച്ച 'ഫ്രത്തെല്ലി തൂത്തി' അഥവാ, 'എല്ലാവരും സഹോദരർ' എന്ന ഫ്രാൻസിസ് പാപ്പയുടെ ഏറ്റവും ഒടുവിലത്തെ ചാക്രികലേഖനം സഭയുടെ ശക്തമായ സാമൂഹിക പ്രബോധനങ്ങളിൽ ഒന്നാണ്. 'വിശ്വാസത്തിന്റെ വെളിച്ചം', 'ലൗദാത്തോ സീ' എന്നീ ചാക്രികലേഖനങ്ങൾക്ക് ശേഷം ലോകം ഏറെ ആകാംക്ഷയോടെയും പ്രതീക്ഷകളോടെയും കാത്തിരുന്ന രചന കൂടിയാണ് ഇത്.

അസമത്വവും കടന്നുകയറ്റങ്ങളും പലവിധ അടിമത്തങ്ങളും വീർപ്പുമുട്ടിക്കുന്ന കലുഷിതമായ ഇന്നത്തെ ലോകസാഹചര്യങ്ങളിൽ പാപ്പയ്ക്ക് എപ്രകാരമാണ് ഇടപെടാനാവുക എന്ന് സമാധാനകാംക്ഷികളായ സകലരും സാകൂതം വീക്ഷിച്ചിരുന്നു. ആരെയും നിരാശപ്പെടുത്താതെ, മാനവികതയുടെ ശക്തമായ സന്ദേശവുമായി ഒക്ടോബർ നാലിന് 'ഫ്രത്തെല്ലി തൂത്തി' ലോകത്തിന് മുന്നിൽ സമർപ്പിക്കപ്പെട്ടു. ആനുകാലിക വിഷയങ്ങളിൽ അതിശയകരമായും ക്രിയാത്മകമായും ഇടപെടുന്ന ഫ്രാൻസിസ് പാപ്പയുടെ പതിവുശൈലിയുടെ തുടർച്ചയാണ് ഈ ചാക്രികലേഖനവും. നന്മയുടെ സാഹോദര്യം വറ്റിക്കൊണ്ടിരിക്കുന്ന സാമൂഹിക പശ്ചാത്തലത്തിൽ ഒരു ആശ്വാസ സന്ദേശമായും, ആരെയും വേദനിപ്പിക്കാതെയുള്ള ഓർമ്മപ്പെടുത്തലും താക്കീതുമായും അദ്ദേഹത്തിന്റെ ഈ മഹത്തായ രചനയെ ചരിത്രം രേഖപ്പെടുത്തും എന്ന് തീർച്ച.

ഇന്നത്തെ ലോകം ആവശ്യപ്പെടുന്നതെന്ത് എന്ന് വ്യക്തതയോടെയും മനോഹരമായും അവതരിപ്പിക്കാൻ പാപ്പയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ചാക്രികലേഖനത്തിന്റെ പേര് അർത്ഥമാക്കുന്നതുപോലെ, ഇന്നത്തെ ലോകത്തിന്റെ ഭാഗമായ കാലുഷ്യത്തിനും അസംതൃപ്തിക്കും മനുഷ്യനിർമ്മിത ദുരന്തങ്ങൾക്കും പരിഹാരമായി സാഹോദര്യം എന്ന ഒറ്റമൂലിയാണ് അദ്ദേഹം നിർദ്ദേശിച്ചിരിക്കുന്നത്. അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ മാതൃകയിൽനിന്ന് പ്രചോദനം ഉൾക്കൊണ്ടുള്ളതാണ് ഈ രചനയെന്ന് അദ്ദേഹം പ്രാരംഭത്തിൽത്തന്നെ പ്രസ്താവിച്ചിട്ടുണ്ട്.

ചാക്രികലേഖനത്തിന്റെ തലക്കെട്ടായി അദ്ദേഹം സ്വീകരിച്ചിരിക്കുന്നത് വി. ഫ്രാൻസിസ് അസ്സീസിയുടെ വാക്കുകളാണ്. വിശുദ്ധൻ തന്റെ സഹോദരസന്യാസിമാർക്ക് ആദ്യകാലത്ത് എഴുതിയ ഉപദേശങ്ങളിൽ അവരെ സംബുദ്ധി ചെയ്തത് 'സഹോദരർ എല്ലാവരുമേ' എന്ന അർത്ഥം വരുന്ന 'ഫ്രത്തെല്ലി തൂത്തി' എന്നാണ്.

ഫ്രാൻസിസ് പാപ്പയുടെ മുൻചാക്രികലേഖനമായ 'ലൗദാത്തോ സീ'യിൽ നമ്മുടെ പൊതുഭവനമായ ഭൂമിയെക്കുറിച്ച് പഠിപ്പിക്കുന്നതിന് പാപ്പയ്ക്ക് പ്രചോദനമായത് വി. ഫ്രാൻസിസ് അസ്സീസിയുടെ ആത്മീയ ചൈതന്യമായിരുന്നതുപോലെ, സാമൂഹിക സാഹോദര്യത്തിന്റെ പാഠം ലോകത്തിന് നൽകുന്ന പുതിയ ചക്രികലേഖനത്തിനും പ്രചോദനമായത് ഫ്രാൻസിസ്കൻ ചൈതന്യമാണ് എന്ന് പാപ്പ വ്യക്തമാക്കുന്നു. ലോകരാജ്യങ്ങളെല്ലാം ഒരുവലിയ മനുഷ്യകുടുംബത്തിന്റെ ഭാഗമാകാൻ തക്ക, വിശ്വസാഹോദര്യത്തിന്റെ പാഠങ്ങൾ നൽകിക്കൊണ്ടും, ഒപ്പം ഇന്നത്തെ ലോകത്തിന്റെ സാമൂഹിക, സാമ്പത്തിക ദുരവസ്ഥകളെ വരച്ചുകാണിച്ചുകൊണ്ടും ശക്തമായ പ്രബോധനങ്ങളാണ് പാപ്പ ഈ രചനയിലൂടെ ലോകത്തിന് നൽകുന്നത്.

സൂര്യനെയും സമുദ്രത്തെയും കാറ്റിനെയുമെല്ലാം സഹോദരതുല്യം കണ്ടിരുന്ന വിശുദ്ധ ഫ്രാൻസിസ് മനുഷ്യരെല്ലാവരോടും സമഭാവനയും സാഹോദര്യവും പുലർത്തിയിരുന്നു. അദ്ദേഹം താൻ പോകുന്നിടത്തെല്ലാം സമാധാനത്തിന്റെ വിത്തുകൾ വിതയ്ക്കുകയും, ദരിദ്രന്റെയും അനാഥന്റെയും പുറത്താക്കപ്പെട്ടവന്റെയും കൂടെ ആയിരിക്കുകയും ചെയ്തിരുന്നു. സ്ഥലങ്ങളുടെയും ദൂരങ്ങളുടെയും അതിർവരമ്പുകൾക്കതീതമായ ഒരു സ്നേഹത്തിന്റെ സന്ദേശമായി ഫ്രാൻസിസ് അസ്സീസി തന്റെ സഹോദരർക്ക് നൽകുന്ന ഉപദേശങ്ങളിൽ ഒന്നിനെ കാലാനുസൃതമായി പുനരാഖ്യാനം ചെയ്തുകൊണ്ടാണ് പാപ്പ തന്റെ ചാക്രികലേഖനത്തിലെ സന്ദേശങ്ങൾ ലോകത്തിന് മുന്നിൽ അവതരിപ്പിക്കുന്നത്.

എല്ലാ മനുഷ്യരെയും തുല്യ അവകാശങ്ങളും കടമകളും മഹത്ത്വവും ഉള്ളവരായാണ് ദൈവം സൃഷ്ടിച്ചത് എന്നും, അവർ സഹോദരീസഹോദരന്മാരായി ജീവിക്കാൻ കടപ്പെട്ടവരാണ് എന്നുമുള്ള ആഹ്വാനമാണ് ഫ്രാൻസിസ് പാപ്പ പ്രാഥമികമായി നൽകുന്നത്. സാഹോദര്യത്തിനായുള്ള സാർവ്വത്രിക അഭിലാഷത്തിന്റെ പുനരാവിഷ്കരണവും, എല്ലാ മനുഷ്യരും തമ്മിലുള്ള സൗഹാർദ്ദവും



പാപ്പ തന്റെ ലേഖനത്തിലൂടെ പ്രകടിപ്പിക്കുന്നു. ഒരു മനുഷ്യകുടുംബം എന്ന നിലയിൽ, സഹയാത്രികർ എന്നനിലയിൽ, പൊതുഭവനമായ ഭൂമിയുടെ മക്കൾ എന്ന നിലയിൽ, എല്ലാവരും പരസ്പരം സഹോദരീ-സഹോദരന്മാരായി കാണുന്നത് സ്വപ്നം കാണണം എന്ന് പാപ്പ പറഞ്ഞുവയ്ക്കുന്നു.

ബഹുഭാഷാപണ്ഡിതനും 'റേരും നൊവാരും' മുതലുള്ള സഭയുടെ പ്രബോധനങ്ങളുടെ വിശ്വസ്തവിവർത്തനം നിർവഹിച്ചിട്ടുള്ള വ്യക്തിയും പി.ഒ.സി. പബ്ലിക്കേഷൻസിന്റെ ജനറൽ എഡിറ്ററുമായ റവ. ഡോ. ജോർജ് കുരുക്കൂറാണ് ഈ രേഖയുടെ തർജിമ നിർവഹിച്ചിട്ടുള്ളത്. മൂലകൃതിയുമായി ഒത്തുനോക്കിയ റവ. ഡോ. ജോഷി മയ്യാറ്റിൽ, ഭാഷാപരിശോധന നടത്തി സഹായിച്ച ഡോ. സ്റ്റാൻലി മാതിരപ്പിള്ളി, റവ. ഡോ. സി. തെരേസ ആലഞ്ചേരി, ടൈപ്പിങ്ങ് നിർവഹിച്ച ശ്രീമതി അമ്മിണി ഫ്രാൻസിസ്, ശ്രീമതി മേഴ്സി ആന്റണി, ലേ ഔട്ട് നിർവഹിച്ച ശ്രീമതി അമ്പിളി ജോസ്, മുദ്രണം ഭംഗിയായി ചെയ്തുതന്ന വിയാനി പ്രിന്റേഴ്സ് എന്നിവരോടും ഇതിന്റെ പ്രസിദ്ധീകരണത്തിൽ കടപ്പെട്ടിരിക്കുന്നു.

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, കെ.സി.ബി.സി.
ഡയറക്ടർ, പി.ഒ.സി

6 ഫെബ്രുവരി 2021
കൊച്ചി

# ആമുഖം

1. "ഫ്രത്തെല്ലി തൂത്തി"[1] [എല്ലാവരും സഹോദരർ]. ഈ വാക്കുകൾ ഉപയോഗിച്ച് വിശുദ്ധ ഫ്രാൻസിസ് അസ്സീസി തന്റെ സകല സഹോദരീസഹോദരന്മാരെയും സംബോധന ചെയ്യുകയും സുവിശേഷത്തിന്റെ സ്വാദുള്ള ജീവിതമാർഗം അവർക്ക് നിർദ്ദേശിച്ചു കൊടുക്കുകയും ചെയ്തു. ഫ്രാൻസിസ് അസ്സീസി നല്കിയ ഉപദേശങ്ങളിൽ നിന്ന് ഒരെണ്ണം ഞാൻ ഉദ്ധരിക്കാം. ഭൂമി ശാസ്ത്രത്തിന്റെയും അകലത്തിന്റെയും തടസ്സങ്ങൾക്ക് അതീതമായിരിക്കുന്ന ഒരു സ്നേഹമുണ്ടായിരിക്കാൻ ആഹ്വാനം ചെയ്യുകയും "തന്നിൽനിന്ന് ഏറെ അകലെയായിരിക്കുമ്പോഴും തന്നോടുകൂടെയായിരുന്നാലെന്നപോലെ"[2] തങ്ങളുടെ സഹോദരനെ സ്നേഹിക്കുന്ന സകലരും അനുഗൃഹീതരാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്ന ഉപദേശമാണത്. വിശുദ്ധ ഫ്രാൻസിസ് അസ്സീസി തന്റെ ലളിതവും സ്പഷ്ടവുമായ രീതിയിൽ സഹോദരപരമായ തുറവിയുടെ സാരാംശം പ്രകടിപ്പിച്ചു. അത് ഓരോ വ്യക്തിയെയും ശാരീരികമായ അടുപ്പം പരിഗണിക്കാതെ, അവനോ അവളോ എവിടെ ജനിച്ചുവെന്നോ ജീവിക്കുന്നുവെന്നോ നോക്കാതെ, അംഗീകരിക്കാനും വിലമതിക്കാനും സ്നേഹിക്കാനും സമ്മതിക്കുന്ന തുറവിയുടെ സാരാംശമാണ് പ്രകടിപ്പിച്ചത്.

2. സഹോദരസ്നേഹത്തിന്റെയും ലാളിത്യത്തിന്റെയും സന്തോഷത്തിന്റെയും ഈ വിശുദ്ധൻ, "ലൗവുദാത്തോ സീ" എന്ന ചാക്രിക ലേഖനം എഴുതാൻ എന്നെ പ്രേരിപ്പിച്ച ഈ വിശുദ്ധൻ, ഈ പുതിയ ചാക്രികലേഖനത്തെ സാഹോദര്യത്തിനും സാമൂഹിക സൗഹൃദത്തിനും സമർപ്പിക്കാൻ ഒരിക്കൽ ക്കൂടി എന്നെ പ്രചോദിപ്പിക്കുന്നു. താൻ സൂര്യന്റെയും കടലിന്റെയും കാറ്റിന്റെയും സഹോദരനാണെന്ന്

ഫ്രാൻസിസിന് തോന്നിയിരുന്നു. എന്നാലും സഹമനുഷ്യരോട് താൻ കൂടുതൽ അടുപ്പമുള്ളവനാണെന്ന് അദ്ദേഹം അറിഞ്ഞിരുന്നു. പോയ സ്ഥലങ്ങളിലെല്ലാം അദ്ദേഹം സമാധാനത്തിന്റെ വിത്തു വിതച്ചു. പാവപ്പെട്ടവരോടും ഉപേക്ഷിക്കപ്പെട്ടവരോടും രോഗികളോടും ഭ്രഷ്ട രാക്കപ്പെട്ടവരോടും തന്റെ സഹോദരീസഹോദരന്മാരിൽ ഏറ്റവും താഴ്ന്ന നിലയിലുള്ളവരോടും കൂടെ അദ്ദേഹം സഞ്ചരിച്ചു.

## I. അതിരുകളില്ലാതെ

3. അതിരുകൾ ഇല്ലാത്തതും ഉത്പത്തിയോ ദേശീയതയോ നിറമോ മതമോ കൊണ്ടുള്ള വ്യത്യാസങ്ങളെ അതിലംഘിക്കുന്ന തുമായ ഹൃദയത്തിന്റെ തുറവി കാണിക്കുന്ന ഒരു സംഭവം വിശുദ്ധ ഫ്രാൻസിസിന്റെ ജീവിതത്തിലുണ്ട്. ഈജിപ്തിലെ സുൽത്താൻ മാലിക് ഏൽ - കമീലിനെ സന്ദർശിച്ച സംഭവമാണത്. ആ സന്ദർശനം നടത്താൻ പരിഗണനീയമായ പ്രയാസങ്ങളുണ്ടായി രുന്നു: ഫ്രാൻസിസിന്റെ ദാരിദ്ര്യം, ധനാഗമ മാർഗത്തിന്റെ ദൗർലഭ്യം, യാത്ര ചെയ്യേണ്ട വലിയ ദൂരം, ഭാഷ, സംസ്കാരം, മതം എന്നിവ. കുരിശുയുദ്ധകാലത്ത് നടത്തിയ ആ യാത്ര എല്ലാവരെയും ആശ്ലേ ഷിക്കാൻ പരിശ്രമിക്കുന്ന അദ്ദേഹത്തിന്റെ ഹൃദയവിശാലതയെയും മഹത്ത്വത്തെയും തെളിയിച്ചു. കർത്താവിനോട് ഫ്രാൻസിസിനുണ്ടാ



യിരുന്ന വിശ്വസ്തത സഹോദരീസഹോദരന്മാരോട് അദ്ദേഹത്തിനുണ്ടായിരുന്ന സ്നേഹത്തിനു സമാനമായിരുന്നു. അദ്ദേഹം തന്റെ ശിഷ്യന്മാരിൽ വളർത്താൻ ശ്രമിച്ച അതേ മനോഭാവത്തോടെയാണ്, യാത്രയിലുണ്ടായിരുന്ന ക്ലേശങ്ങളും അപകടങ്ങളും വകവയ്ക്കാതെ, സുൽത്താനെ കാണാൻപോയത്. അവർ "സാരസീനിയന്മാരുടെയും മറ്റ് അവിശ്വാസികളുടെയും ഇടയിൽ" ആണെങ്കിൽ സ്വന്തം തനിമ ഉപേക്ഷിക്കാതെതന്നെ, തർക്കങ്ങളിലും വാദപ്രതിവാദങ്ങളിലും ഏർപ്പെടാതെ, ദൈവത്തെപ്രതി ഓരോ മനുഷ്യനോടും വിധേയത്വം പുലർത്തണം"[3] എന്നതായിരുന്നു ആ മനോഭാവം. ആ കാലഘട്ടത്തിന്റെ സാഹചര്യത്തിൽ ഇത് അസാധാരണമായ ഒരു ശുപാർശയായിരുന്നു. എണ്ണൂറ് വർഷങ്ങൾക്കുമുമ്പ് വിശുദ്ധ ഫ്രാൻസിസ് എല്ലാ തരത്തിലുമുള്ള ശത്രുതയും സംഘട്ടനവും ഒഴിവാക്കണമെന്നും സ്വന്തം വിശ്വാസത്തിൽ പങ്കുചേരാത്തവരോട് വിനയത്തോടും സാഹോദര്യത്തോടുംകൂടി "വിധേയത്വം" കാണിക്കണമെന്നും പറഞ്ഞത് ഹൃദയസ്പർശിയായ കാര്യമാണ്.

4. സിദ്ധാന്തങ്ങൾ അടിച്ചേല്പിക്കുന്നതിനുവേണ്ടി ഫ്രാൻസിസ് വാക്കുകൾകൊണ്ട് യുദ്ധം നടത്തിയില്ല. അദ്ദേഹം ദൈവസ്നേഹം വ്യാപിപ്പിക്കുക മാത്രം ചെയ്തു. "ദൈവം സ്നേഹമാണെന്നും, സ്നേഹത്തിൽ വസിക്കുന്നവർ ദൈവത്തിൽ വസിക്കുന്നുവെന്നും" (1 യോഹ 4:16) അദ്ദേഹം മനസ്സിലാക്കി. ഇങ്ങനെ അദ്ദേഹം എല്ലാവർക്കും ഒരു പിതാവായി, സഹോദരപരമായ ഒരു സമൂഹമാകാൻ ഏവരെയും പ്രചോദിപ്പിച്ചു. യഥാർത്ഥത്തിൽ "മറ്റുള്ളവരെ തന്റെ ജീവിതത്തിലേക്ക് വലിച്ചെടുക്കാതെ, അവർതന്നെ എന്നും തികച്ചും പൂർണതയുള്ളവരായിരിക്കാൻവേണ്ടി അവരെ സമീപിക്കുന്ന മനുഷ്യനെ മാത്രമേ യഥാർത്ഥത്തിൽ ഒരു പിതാവ് എന്നു വിളിക്കാൻ കഴിയുകയുള്ളൂ."[4] നിരീക്ഷണഗോപുരങ്ങളും പ്രതിരോധ മതിലുകളും കൊണ്ട് പ്രതിരോധ വ്യഗ്രത കാണിച്ചിരുന്ന ആ കാലത്ത് ഗ്രാമങ്ങളിൽ ദാരിദ്ര്യം വ്യാപിച്ചുകൊണ്ടിരിക്കുകയാണെങ്കിലും സുശക്ത കുടുംബങ്ങൾ തമ്മിൽ മൃഗീയമായ യുദ്ധങ്ങൾ നടത്തുന്ന തീയേറ്ററായിരുന്നു നഗരങ്ങൾ. എന്നാലും യഥാർത്ഥ സമാധാനത്തെ തന്റെ ഹൃദയത്തിലേക്ക് സ്വാഗതം ചെയ്യാനും മറ്റുള്ളവരുടെ മേൽ ആധിപത്യം പുലർത്താനുള്ള ആഗ്രഹത്തിൽനിന്ന് തന്നെത്തന്നെ സ്വതന്ത്ര

നാക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. ദരിദ്രരിൽ ഒരാളായിത്തീർന്ന് എല്ലാവരോടുമുള്ള ഐക്യത്തിൽ ജീവിക്കാൻ അദ്ദേഹം പരിശ്രമിക്കുകയും ചെയ്തു. ഫ്രാൻസിസ് ആണ് ഈ പേജുകൾ എഴുതാനുള്ള പ്രചോദനം നല്കിയത്.

5. മാനുഷിക സാഹോദര്യം, സാമൂഹിക സൗഹൃദം എന്നിവ എന്നും എനിക്കു താത്പര്യമുള്ള വിഷയങ്ങളായിരുന്നു. അടുത്ത കാലത്ത് വിവിധ അവസരങ്ങളിൽ ഞാൻ അവയെപ്പറ്റി ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. ഈ ചാക്രികലേഖനത്തിൽ ആ പ്രസ്താവനകളിൽ പലതിനെയും കൂട്ടിച്ചേർക്കാനും അവയെ പരിചിന്തനത്തിന്റെ കൂടുതൽ വിശാലമായ സാഹചര്യത്തിൽ പ്രതിഷ്ഠിക്കാനും ഞാൻ പരിശ്രമിച്ചിട്ടുണ്ട്. "ലൗദാത്തോ സീ" എന്ന ചാക്രികലേഖനത്തിന്റെ തയ്യാറെടുപ്പിൽ ഓർത്തഡോക്സ് പാത്രിയാർക്കീസായ എന്റെ സഹോദരൻ ബർത്തലോമിയോ എനിക്ക് പ്രചോദനത്തിന്റെ ഒരു ഉറവിടമായിരുന്നു. സൃഷ്ടിയെ സംരക്ഷിക്കുകയെന്ന നമ്മുടെ ആവശ്യത്തെപ്പറ്റി അദ്ദേഹം ശക്തിയുക്തം സംസാരിച്ചിട്ടുണ്ട്. അബുദാബിയിൽ വച്ച് ഞാൻ കണ്ടുമുട്ടിയ ഗ്രാന്റ് ഇമാം അഹമ്മദ് അൽ-തയ്യേബ് ഈ വിഷയത്തിൽ എന്നെ പ്രത്യേകമാംവിധം പ്രോത്സാഹിപ്പിച്ചതായി എനിക്ക് തോന്നി. അബുദാബിയിൽവച്ച് ഞങ്ങൾ ഇങ്ങനെ പ്രസ്താവിച്ചു: "ദൈവം എല്ലാ മനുഷ്യരെയും അവകാശങ്ങളിലും കടമകളിലും മഹത്ത്വത്തിലും തുല്യതയുള്ളവരായി സൃഷ്ടിച്ചു. സഹോദരന്മാരും സഹോദരിമാരുമായി ഒന്നിച്ചു ജീവിക്കാൻ അവരോട് ആഹ്വാനം ചെയ്തു."[5] ഇത് കേവലം ഡിപ്ലോമാറ്റിക് പ്രകടനമായിരുന്നില്ല; പിന്നെയോ, സംവാദത്തിൽ നിന്നും പൊതുസമർപ്പണത്തിൽ നിന്നുമുണ്ടായ ആഴമേറിയ ചിന്തയായിരുന്നു. ഞങ്ങൾ രണ്ടുപേരും ഒപ്പുവച്ച പ്രമാണരേഖയിൽ ഉയർത്തിക്കാണിച്ച വലിയ പ്രമേയങ്ങൾ ഈ ചാക്രികലേഖനം സ്വീകരിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നു. എന്റെ ചിന്തകളോടൊപ്പം ലോകത്തെങ്ങുമുള്ള അനേകം വ്യക്തികളിൽ നിന്നും ഗ്രൂപ്പുകളിൽ നിന്നും എനിക്കു ലഭിച്ച കത്തുകളും രേഖകളും പരിചിന്തനങ്ങളും കൂട്ടിച്ചേർത്തിട്ടുമുണ്ട്.

6. സഹോദരസ്നേഹത്തെ സംബന്ധിച്ച സമ്പൂർണമായ ഒരു പ്രബോധനം താഴെ വരുന്ന പേജുകൾ നല്കുമെന്ന് ഞാൻ അവകാശപ്പെടുന്നില്ല. പിന്നെയോ അതിന്റെ സാർവത്രിക വ്യാപ്തിയെയും

എല്ലാ സ്ത്രീ-പുരുഷന്മാരോടുമുള്ള അതിന്റെ തുറവിനെയും പരിഗണിക്കുകയാണ് ചെയ്യുന്നത്. തുടർ വിചിന്തനത്തിനുള്ള വിനീതമായ സംഭാവനയെന്നനിലയിലാണ് ഞാൻ ഈ സാമൂഹിക ചാക്രികലേഖനം ഇറക്കുന്നത്. മറ്റുള്ളവരെ പറിച്ചുനീക്കാനോ അവഗണിക്കാനോ ഉള്ള ഇന്നത്തെ പരിശ്രമങ്ങളുടെ മുമ്പിൽ, വാക്കുകളുടെ തലത്തിൽ മാത്രം നിലനിറുത്താതെ സാഹോദര്യത്തിന്റെയും സൗഹൃദത്തിന്റെയും പുതിയൊരു വീക്ഷണത്തോടെ പ്രത്യുത്തരിക്കാൻ നമുക്കു കഴിയുമെന്ന പ്രത്യാശയോടെയാണ് ഇതു കുറിക്കുന്നത്. എന്നെ പ്രചോദിപ്പിക്കുകയും നിലനിറുത്തുകയും ചെയ്യുന്ന ക്രിസ്തീയ അവബോധങ്ങളിൽ നിന്നാണ് ഇതെഴുതിയതെങ്കിലും എന്റെ ചിന്തയെ സന്മനസ്സുള്ള എല്ലാവരുടെയും ഇടയിൽ സംവാദം നടത്തുന്നതിനുള്ള ഒരു ക്ഷണമാക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്.

7. ഞാൻ ഈ ലേഖനം എഴുതിക്കൊണ്ടിരിക്കുമ്പോൾ നമ്മുടെ മിഥ്യയായ സുരക്ഷിതത്വങ്ങളെ തുറന്നുകാണിച്ചുകൊണ്ട് കോവിഡ് -19 എന്ന പകർച്ചവ്യാധി അപ്രതീക്ഷിതമായി പൊട്ടിപ്പുറപ്പെട്ടു. വിവിധ രാഷ്ട്രങ്ങൾ വിവിധരീതികളിൽ ആ വിഷമഘട്ടത്തെ നേരിട്ടെങ്കിലും ഒന്നിച്ചുപ്രവർത്തിക്കാനുള്ള അവരുടെ ശക്തിയില്ലായ്മ തികച്ചും വ്യക്തമായി. അമിതബന്ധമുണ്ടായിട്ടും നമ്മെ എല്ലാവരെയും ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുകയെന്നത് കൂടുതൽ പ്രയാസമുള്ളതാക്കുന്ന നമ്മുടെ ശകലിതാവസ്ഥയ്ക്കാണ് നാം സാക്ഷ്യം വഹിച്ചത്. നമ്മൾ നിലവിൽ ചെയ്തുകൊണ്ടിരുന്നത് അഭിവൃദ്ധിപ്പെടുത്തുകയോ ഇന്നുള്ള സമ്പ്രദായങ്ങളെയും നിയമങ്ങളെയും പരിഷ്കരിക്കുകയോ ചെയ്യണമെന്നതു മാത്രമാണ് നമ്മൾ പഠിക്കേണ്ട പാഠം എന്നു വിചാരിക്കുന്നവൻ യാഥാർത്ഥ്യത്തെ നിഷേധിക്കുകയാണ്.

8. നമ്മുടെ ഇക്കാലത്ത്, ഓരോ മനുഷ്യ വ്യക്തിയുടെയും മഹത്ത്വം അംഗീകരിച്ചുകൊണ്ട് സാഹോദര്യത്തിലേക്കുള്ള സാർവത്രികാഭിലാഷത്തിന്റെ പുനർജനിക്കു സംഭാവനചെയ്യാൻ നമുക്കു കഴിയണം എന്നതാണ് എന്റെ ആഗ്രഹം - എല്ലാ സ്ത്രീപുരുഷന്മാരും തമ്മിലുള്ള സാഹോദര്യം. "സ്വപ്നം കണ്ട് നമ്മുടെ ജീവിതത്തെ വിസ്മയനീയമായ ഒരു സാഹസികതയാക്കി മാറ്റേണ്ടത് എങ്ങനെയെന്ന് നമ്മെ കാണിച്ചുതരുന്ന ഉജ്ജ്വലമായ ഒരു രഹസ്യമുണ്ട്. ഒരുവനും ജീവിതത്തെ ഏകാന്തതയിൽ നേരിടാനാവുകയില്ല... നമ്മെ പിന്തു

ണയ്ക്കുകയും സഹായിക്കുകയും ചെയ്യുന്ന ഒരു സമൂഹം നമുക്ക് ആവശ്യമുണ്ട് - മുന്നോട്ടു നോക്കാനായി നമ്മെ പരസ്പരം സഹായിക്കാൻ കഴിയുന്ന ഒരു സമൂഹം. ഒന്നിച്ചു സ്വപ്നം കാണുകയെന്നത് എത്രമാത്രം പ്രധാനമാണ്! നമ്മൾ തന്നെ നോക്കിയാൽ മരീചികയാകും കാണുക. നേരേമറിച്ച്, സ്വപ്നങ്ങൾ നാം ഒന്നിച്ചാണ് പണിതുയർത്തേണ്ടത്."[6] അതുകൊണ്ട് ഒറ്റ മനുഷ്യ കുടുംബമെന്ന നിലയിൽ, സഹയാത്രികരെപ്പോലെ, നമ്മുടെ പൊതുഭവനമായ ഒരേ ഭൂമിയുടെ മക്കളെന്നപോലെ, നാം ഓരോരുത്തരും സ്വന്തം വിശ്വാസങ്ങളുടെയും ബോധ്യങ്ങളുടെയും സമ്പന്നതകൊണ്ടുവന്നുകൊണ്ട്, അവരവരുടെ ശബ്ദത്തോടെ, എല്ലാവരും സഹോദരിമാരും സഹോദരന്മാരും എന്ന നിലയിൽ നമുക്ക് സ്വപ്നം കാണാം.



# അധ്യായം ഒന്ന്

# അടഞ്ഞിരിക്കുന്ന ലോകത്തിന്റെ മുകളിലെ കാർമേഘങ്ങൾ

9. നമ്മുടെ ഇന്നത്തെ അനുഭവത്തിന്റെ സമ്പൂർണമായ അപഗ്രഥനമോ അതിന്റെ ഓരോ വശത്തെയും കുറിച്ചുള്ള പഠനമോ നിർവഹിക്കാമെന്ന് ഞാൻ അവകാശപ്പെടുന്നില്ല. നമ്മുടെ ലോകത്തിൽ സാർവത്രിക സാഹോദര്യത്തിന്റെ വികസനത്തെ തടയുന്ന ചില പ്രവണതകളെപ്പറ്റി ചിന്തിക്കണമെന്നു മാത്രമേ ഇവിടെ ഞാൻ ഉദ്ദേശിക്കുന്നുള്ളൂ.

## I. ശിഥില സ്വപ്നങ്ങൾ

10. നമ്മുടെ ലോകം അതിന്റെ അനേകം യുദ്ധങ്ങളിൽ നിന്നും അത്യാഹിതങ്ങളിൽ നിന്നും ഒരു പാഠം പഠിച്ചുവെന്നും സമഗ്രതയുടെ വിവിധ രൂപങ്ങളിലേക്ക് അതു സാവധാനം നീങ്ങുകയാണെന്നും കഴിഞ്ഞ ദശകങ്ങളിൽ തോന്നിയിരുന്നു. ഉദാഹരണമായി, ഏകീകൃത യൂറോപ്പ് എന്ന ഒരു സ്വപ്നമുണ്ടായിരുന്നു - അതിന്റെ പൊതുവായുള്ള വേരുകളെ അംഗീകരിക്കാൻ കഴിവുള്ളതും അതിന്റെ സമ്പന്നമായ വൈവിധ്യത്തിൽ സന്തോഷിക്കുന്നതുമായ ഏകീകൃത യൂറോപ്പിനെക്കുറിച്ചുള്ള സ്വപ്നം. വിഭജനങ്ങളെ ബന്ധിപ്പിക്കുന്ന പാലങ്ങൾ പണിതുകൊണ്ട് ഈ ഭൂഖണ്ഡത്തിലെ എല്ലാ ജനതകളും തമ്മിലുള്ള സമാധാനം സ്ഥാപിക്കാനും ഒന്നിച്ച് അധ്വാനിക്കാനുമുള്ള കഴിവിൽ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ഭാവി വിഭാവനം ചെയ്ത യൂറോപ്യൻ യൂണിയൻ സ്ഥാപകരുടെ ദൃഢമായ അവബോധത്തെ"[7] ക്കുറിച്ച് നാം ചിന്തിക്കുന്നു. ലാറ്റിൻ അമേരിക്കയിലും ഏകീകരണത്തിനുവേണ്ടിയുള്ള വർദ്ധിച്ചുവരുന്ന ആഗ്രഹമുണ്ടായിരുന്നു. അത്

ലക്ഷ്യം വച്ച് പല നടപടികളുമുണ്ടായി. ചില രാജ്യങ്ങളിലും പ്രദേശങ്ങളിലും അനുരഞ്ജനത്തിനും പുനരാരംഭത്തിനുമുള്ള പരിശ്രമങ്ങൾ ഫലപൂർണമാണെന്നു തെളിഞ്ഞു. അതേസമയം മറ്റു പ്രദേശങ്ങളും രാജ്യങ്ങളും മഹത്തായ ഭാവി കാണിച്ചു.

11. എങ്കിലും നമ്മുടെ ഈ കാലഘട്ടം ചില പിന്നോക്ക അടയാളങ്ങൾ കാണിക്കുന്നതായി തോന്നുന്നു. കുഴിച്ചുമൂടപ്പെട്ടുവെന്ന് ദീർഘകാലം വിചാരിച്ചിരുന്ന പൗരാണിക സംഘർഷങ്ങൾ പുതുതായി പൊട്ടിപ്പുറപ്പെടുന്നു. അതേസമയം ശുഷ്കിപ്പിക്കുന്ന, തീവ്രവാദപരമായ, വിദ്വേഷമുള്ള, ആക്രമണപരമായ ദേശീയതാവാദങ്ങൾ ഉയർന്നുകൊണ്ടിരിക്കുന്നു. ചില രാജ്യങ്ങളിൽ വിവിധ പ്രത്യയശാസ്ത്രങ്ങളാൽ സ്വാധീനിക്കപ്പെട്ട ജനകീയവും ദേശീയവുമായ ഐക്യമെന്ന സങ്കല്പം ദേശീയ താത്പര്യങ്ങളെ സംരക്ഷിക്കുന്നു എന്ന ബാഹ്യഭാവത്തിൽ സ്വാർത്ഥതയുടെ പുതിയ രൂപങ്ങളെ സൃഷ്ടിക്കുകയും സാമൂഹികബോധം നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. ഒരിക്കൽക്കൂടി നാം ഇങ്ങനെ ഓർമ്മിപ്പിക്കപ്പെടുന്നു: "ഓരോ പുതിയ തലമുറയും കഴിഞ്ഞ തലമുറകളുടേതുപോലുള്ള കഠിനാധ്വാനം നടത്തണം, നേട്ടങ്ങളെ സ്വീകരിക്കണം. അതിനെപ്പറ്റിയുള്ള കാഴ്ചകൾ കൂടുതൽ ഉന്നതത്തിലുള്ളവയായി കണ്ടുകൊണ്ട് അങ്ങനെ ചെയ്യണം. ഇതാണ് വഴി. നന്മ, സ്നേഹം, നീതി, ഐക്യദാർഢ്യം എന്നിവ ഒറ്റയടിയ്ക്ക് നേടാൻ സാധിക്കുകയില്ല. അത് ഓരോ ദിവസവും യാഥാർത്ഥ്യമാക്കണം. കഴിഞ്ഞകാലത്ത് നേടിയത് പൂർണസന്തോഷത്തോടെ ആസ്വദിക്കാനും കഴിയുകയില്ല. നമ്മുടെ അനേകം സഹോദരീസഹോദരന്മാർ നമ്മുടെ പരിഗണനയ്ക്കായി വിളിച്ചുകരയുന്ന സാഹചര്യങ്ങൾ ഇന്നും ഉണ്ടെന്ന വസ്തുത എങ്ങനെയെങ്കിലും അവഗണിക്കാനും കഴിയുകയില്ല."[8]

12. "ലോകത്തിലേക്കു തുറക്കൽ" എന്നത് ധനവിനിമയ മേഖലയും സാമ്പത്തിക മേഖലയും തിരഞ്ഞെടുത്തതും ഇപ്പോൾ വിദേശീയ താത്പര്യങ്ങൾക്കോ, സാമ്പത്തിക ശക്തികൾക്ക് എല്ലാ രാജ്യങ്ങളിലും തടസ്സങ്ങളോ സങ്കീർണതകളോ കൂടാതെ നിക്ഷേപിക്കാനുള്ള സ്വാതന്ത്ര്യത്തിനോ വേണ്ടി മാത്രം ഉപയോഗിക്കുന്നു. പ്രാദേശിക സംഘർഷങ്ങളും പൊതുനന്മയെ അവഗണിക്കലും ആഗോള സാമ്പത്തികത ദുരുപയോഗിക്കുന്ന ഘടകങ്ങളാണ്. ഒറ്റ സാംസ്കാരിക മാതൃക അടിച്ചേല്പിക്കാനാണ് അങ്ങനെ ചെയ്യുന്നത്. ഈ

സംസ്കാരം ലോകത്തെ ഒന്നിപ്പിക്കുന്നു; പക്ഷേ, വ്യക്തികളെയും രാഷ്ട്രങ്ങളെയും വിഭജിക്കുന്നു. "സമൂഹം കൂടുതൽ കൂടുതൽ ആഗോളവത്കൃതമാകുമ്പോൾ അത് നമ്മെ അയൽക്കാരാക്കുന്നു. എന്നാൽ അത് നമ്മെ സഹോദരങ്ങളാക്കുന്നില്ല."[9] വ്യക്തികളുടെ താത്പര്യങ്ങളെ വളർത്തുകയും ജീവിതത്തിന്റെ സമൂഹിക മാനത്തെ ദുർബലപ്പെടുത്തുകയും ചെയ്യുന്ന, വർദ്ധമാനമായ തോതിൽ കുന്നു കൂട്ടപ്പെടുന്ന, ഒരു ലോകത്തിൽ നാം എന്നത്തെക്കാളും കൂടുതലായി ഒറ്റയായിത്തീരുന്നു. യഥാർത്ഥത്തിൽ വ്യക്തികൾ വെറും ഉപഭോക്താക്കളോ കാഴ്ചക്കാരോ മാത്രമായിത്തീരുന്ന മാർക്കറ്റുകളുണ്ട്. പൊതുവേ ഇത്തരം ഒരു ആഗോളത്വം സ്വയം സംരക്ഷിക്കാൻ കഴിവുള്ള പ്രബല പ്രദേശങ്ങളുടെ സ്വത്വത്തെ ബലപ്പെടുത്തുകയും കൂടുതൽ ബലഹീനവും ദരിദ്രവുമായ പ്രദേശങ്ങളെ കൂടുതൽ അരക്ഷിതരും പരാശ്രിതരുമാക്കിത്തീർത്ത് അവയുടെ സ്വത്വത്തെ ഇടിച്ചു താഴ്ത്തുകയും ചെയ്യുന്നു. ഇങ്ങനെ, "വിഭജിച്ച് കീഴടക്കുക" എന്ന തത്ത്വമനുസരിച്ചു പ്രവർത്തിക്കുന്ന ദേശാന്തര സാമ്പത്തിക ശക്തികളുടെ മുമ്പിൽ രാഷ്ട്രീയ ജീവിതം കൂടുതൽ കൂടുതൽ ദുർബലമാകുന്നു.

## II. ചരിത്രബോധത്തിന്റെ അന്ത്യം

13. ഇതിന്റെ ഫലമായി ചരിത്രബോധം വർദ്ധമാനമായ തോതിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ആ നഷ്ടപ്പെടൽ കൂടുതൽ തകർച്ചയിലേക്കു നയിക്കുന്നു. ഒരുതരം "അപനിർമ്മാണ സിദ്ധാന്തം" (deconstructionism) ഉണ്ടാകുന്നു. അതുവഴി എല്ലാം ശൂന്യതയിൽ നിന്നു സൃഷ്ടിക്കാമെന്ന് മാനുഷിക സ്വാതന്ത്ര്യം അവകാശപ്പെടുന്നു. അത്, ഇന്നത്തെ സംസ്കാരത്തിൽ പുരോഗമിക്കുകയാണ്. അതിനു പിമ്പേ ഉണ്ടാകുന്നത് ഇതാണ്: പരിധിയില്ലാത്ത ഉപഭോഗവും ശൂന്യമായ വ്യക്തിവാദത്തിന്റെ പ്രകാശനങ്ങളും. ഇതിനെക്കുറിച്ചുള്ള ആകുലത യുവജനങ്ങളെ ഇങ്ങനെ ഉപദേശിക്കാൻ എന്നെ പ്രേരിപ്പിച്ചു: "ഒരുവൻ, യുവജനങ്ങളോട് അവരുടെ ചരിത്രം അവഗണിക്കാനും അവരുടെ മുതിർന്നവരുടെ അനുഭവങ്ങളെ തള്ളിക്കളയാനും ഭൂതകാലത്തെ അവഗണിക്കാനും താൻ തന്നെ മുറുകെപ്പിടിക്കുന്ന ഭാവിയിലേക്കു നോക്കാനും പറയുന്നു. അപ്പോൾ അയാൾ പറയുന്നതു മാത്രം ചെയ്യാൻ അവരെ വലിച്ചുകൊണ്ടു

പോകാൻ എളുപ്പമാകുകയില്ലേ? യുവജനങ്ങൾ ആഴമില്ലാത്തവരും വേരുപറിക്കപ്പെട്ടവരും ആത്മവിശ്വാസമില്ലാത്തവരും ആയിരിക്കണമെന്നതാണ് അയാളുടെ ആവശ്യം. അത് അയാളുടെ വാഗ്ദാനങ്ങളിൽ മാത്രം അവർ വിശ്വസിക്കുന്നതിനും അയാളുടെ പദ്ധതികളനുസരിച്ചുമാത്രം പ്രവർത്തിക്കുന്നതിനും വേണ്ടിയാണ്. ഇങ്ങനെയാണ് വിവിധ പ്രത്യയശാസ്ത്രങ്ങൾ പ്രവർത്തിക്കുന്നത്: എതിർപ്പില്ലാതെ ഭരിക്കാൻ വേണ്ടി എല്ലാ വ്യത്യാസങ്ങളെയും തകർക്കുന്നു (അല്ലെങ്കിൽ പൊളിച്ചു പണിയുന്നു). അങ്ങനെ ചെയ്യാൻ, ചരിത്രം കൊണ്ട് ഒരു ഉപയോഗവുമില്ലാത്ത യുവജനങ്ങളെ അവർക്ക് ആവശ്യമുണ്ട്. ആ യുവജനങ്ങൾ കഴിഞ്ഞ തലമുറകളിൽനിന്ന് പൈതൃകമായി കിട്ടിയ ആധ്യാത്മികവും മാനുഷികവുമായ സമ്പാദ്യങ്ങളെ വെറുത്തു തള്ളുന്നവരാണ്. തങ്ങൾക്കുമുമ്പേ സംഭവിച്ച എല്ലാ കാര്യങ്ങളെക്കുറിച്ചും അവർ അജ്ഞരാണ്."[10]

14. ഇവ സാംസ്കാരിക കോളനിവാഴ്ചയുടെ പുതിയ രൂപങ്ങളാണ്. നമ്മൾ ഒരുകാര്യം മറക്കരുത്. അതായത്, "തങ്ങളുടെ പാരമ്പര്യം ഉപേക്ഷിക്കുകയും ഒരുതരം ഭ്രമം മൂലം മറ്റുള്ളവരെ അനുകരിക്കുകയോ അക്രമത്തെ പെരുപ്പിക്കുകയോ അക്ഷന്തവ്യമായ അവഗണനകൊണ്ടോ വികാരശൂന്യതകൊണ്ടോ തങ്ങളുടെ ആത്മാക്കളെത്തന്നെ പിടിച്ചുപറിക്കാൻ മറ്റുള്ളവരെ അനുവദിക്കുകയോ ചെയ്യുന്നവർക്ക് അവരുടെ ആധ്യാത്മിക തനിമ മാത്രമല്ല നഷ്ടപ്പെടുന്നത്; പിന്നെയോ, അവരുടെ ധാർമ്മിക സ്ഥിരത കൂടിയാണ്. അവസാനം, തങ്ങളുടെ ബൗദ്ധികവും സാമ്പത്തികവും രാഷ്ട്രീയവുമായ സ്വാതന്ത്ര്യംപോലും അവർക്കു നഷ്ടപ്പെടും."[11] ചരിത്രബോധം, വിമർശനാത്മകമായ ചിന്ത, നീതിക്കുവേണ്ടിയും സമഗ്രതയ്ക്കുവേണ്ടിയുമുള്ള സമരം എന്നിവയെ ദുർബലപ്പെടുത്താനുള്ള ഫലപ്രദമായ ഒരു മാർഗം, വലിയ വാക്കുകൾക്ക് അർത്ഥമില്ലാതാക്കുക അല്ലെങ്കിൽ വികലമാക്കുക എന്നതാണ്. ഇന്ന് ജനാധിപത്യം, സ്വാതന്ത്ര്യം, നീതി, ഐക്യം എന്നിങ്ങനെയുള്ള ചില വാക്കുകൾ കൊണ്ട് എന്താണ് യഥാർത്ഥത്തിൽ അർത്ഥമാക്കുന്നത്? അവയെ ആധിപത്യത്തിനുള്ള ഉപകരണങ്ങളായി പ്രയോഗിക്കാൻവേണ്ടി വളച്ചൊടിച്ച് പുതിയ രൂപം നല്കിയിരിക്കുന്നു, ഏതു പ്രവൃത്തിയെയും നീതിമത്കരിക്കുന്നതിന് ഉപയോഗിക്കാനുള്ള ആയുധങ്ങളാക്കിയിരിക്കുന്നു.

## III. ഒരു സാർവത്രിക പദ്ധതിയുടെ അഭാവം

15. ജനങ്ങളെ കീഴടക്കാനും അവരെ നിയന്ത്രിക്കാനുമുള്ള ഏറ്റവും നല്ല വഴി ചില മൂല്യങ്ങളെ സംരക്ഷിക്കാനെന്ന വ്യാജേന നിരാശയും നിരുത്സാഹചിന്തയും അവരിൽ വ്യാപിപ്പിക്കുകയാണ്. ഇന്ന് പല രാജ്യങ്ങളിലും അതിശയോക്തി, ത്രീവ്രവാദം, ധ്രുവീകരണം എന്നിവ രാഷ്ട്രീയായുധങ്ങളായിത്തീർന്നിട്ടുണ്ട്. പരിഹാസത്തിന്റെയും, സംശയത്തിന്റെയും, നിരന്തര വിമർശനത്തിന്റെയും തന്ത്രം വിവിധ രീതികളിൽ ഉപയോഗിച്ച്, നിലനില്ക്കാനും അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനുമുള്ള മറ്റുള്ളവരുടെ അവകാശത്തെ ഒരുവൻ നിഷേധിക്കുന്നു. അവർക്കുള്ള സത്യത്തിന്റെ പങ്കും മൂല്യങ്ങളും ഉപേക്ഷിക്കപ്പെടുന്നു. അതിന്റെ ഫലമായി സമൂഹത്തിന്റെ ജീവിതം ദരിദ്രമാക്കപ്പെടുകയും. അത് ശക്തന്മാരുടെ ധാർഷ്ട്യത്തിന് വിധേയമാക്കപ്പെടുകയും ചെയ്യുന്നു. ജനങ്ങളുടെ ജീവിതത്തെ മെച്ചപ്പെടുത്താനും പൊതുനന്മയിൽ മുന്നേറാനുമുള്ള ദീർഘകാല പദ്ധതികളെ സംബന്ധിച്ച ആരോഗ്യകരമായ സംവാദങ്ങൾക്ക് രാഷ്ട്രീയജീവിതത്തിൽ ഇനി ഇടമില്ല; പിന്നെയോ, പ്രധാനമായി മറ്റുള്ളവരെ അപകീർത്തിപ്പെടുത്തുകയെന്ന ലക്ഷ്യമുള്ള, ചാതുര്യമുള്ള വിപണനതന്ത്രങ്ങൾക്കേ സ്ഥാനമുള്ളൂ. പരസ്പരമുള്ള കുറ്റം ചുമത്തൽ നിമിത്തം അവഗണനയുടെയും ഏറ്റുമുട്ടലിന്റെയും സ്ഥിരാവസ്ഥയിലേക്ക് സംവാദം അധഃപതിക്കുന്നു.

16. ഒരുവന്റെ എതിരാളികളെ ഇല്ലാതാക്കുന്നതിൽ വിജയം അടങ്ങിയിരിക്കുന്ന വിരുദ്ധാഭിപ്രായങ്ങളുടെ മാത്സര്യത്തിൽ, നമ്മുടെ അയൽക്കാരെ തിരിച്ചറിയുന്നതിനോ വഴിയിൽവീണുപോയവരെ സഹായിക്കുന്നതിനോ കഴിയുംവിധം നമ്മുടെ കാഴ്ചപ്പാടുകളെ ഉന്നതമാക്കാൻ എങ്ങനെ സാധിക്കും? നമ്മുടെ മുഴുവൻ മനുഷ്യവംശത്തിന്റെയും വികസനത്തിനുവേണ്ടി വലിയ ലക്ഷ്യങ്ങൾ നിശ്ചയിക്കാനുള്ള ഒരു പദ്ധതി ഇന്ന് ഭ്രാന്തായേ തോന്നൂ. നമ്മൾ പരസ്പരം കൂടുതൽ കൂടുതൽ അകലുകയാണ്. അതേസമയം, വർദ്ധിച്ചതോതിൽ ഐക്യവും നീതിയുമുള്ള ഒരു ലോകത്തിലേക്കുള്ള മന്ദഗതിയിലുള്ളതും ക്ലേശകരവുമായ മുന്നേറ്റം പുതിയതും നാടകീയവുമായ തിരിച്ചടിക്കു വിധേയമാവുകയാണ്.

17. നാം ജീവിക്കുന്ന ലോകത്തെ സംരക്ഷിക്കുകയെന്നതിന്റെ അർത്ഥം നമ്മെത്തന്നെ സംരക്ഷിക്കുകയെന്നതാണ്. എന്നാലും ഒരു

പൊതുഭവനത്തിൽ ജീവിക്കുന്ന ഒറ്റക്കുടുംബമായി നമ്മൾ നമ്മെപ്പറ്റി കൂടുതൽ കൂടുതൽ ചിന്തിക്കണം. ക്ഷിപ്രലാഭങ്ങൾ കൊതിക്കുന്ന സാമ്പത്തിക ശക്തികൾക്ക് അത്തരം സംരക്ഷണത്തിൽ താത്പര്യമില്ല. പരിസ്ഥിതി സംരക്ഷണത്തിനായി ഉയർത്തപ്പെടുന്ന ശബ്ദങ്ങൾ മിക്കപ്പോഴും യുക്തിപൂർവകമെന്നു തോന്നിക്കുന്ന വാദമുഖങ്ങൾകൊണ്ട് നിശ്ശബ്ദമാക്കപ്പെടുകയോ പരിഹസിക്കപ്പെടുകയോ ചെയ്യുന്നു. അത് നിക്ഷിപ്ത താത്പര്യങ്ങളുടെ മറമാത്രമായ വാദമുഖങ്ങളാണ്. നമ്മൾ സൃഷ്ടിച്ച ആഴമില്ലാത്തതും ദീർഘവീക്ഷണമില്ലാത്തതുമായ സംസ്കാരത്തിൽ കൂട്ടായ ഒരു ദർശനമില്ല. ഇത്തരം സംസ്കാരത്തിൽ ഒരു കാര്യം മുൻകൂട്ടിക്കാണാവുന്നതാണ്. അതായത്, ചില ഉറവിടങ്ങൾ ക്ഷയിക്കുമ്പോൾ ശ്രേഷ്ഠമായ അവകാശങ്ങൾക്കുവേണ്ടിയെന്ന വ്യാജേന പുതിയ യുദ്ധങ്ങൾക്കു കളമൊരുങ്ങും."[12]

## IV. ഒരു 'വലിച്ചെറിയൽ' ലോകം

18. നമ്മുടെ മാനവ കുടുംബത്തിന്റെ ചില ഭാഗങ്ങൾ, യാതൊരു അല്ലലുമില്ലാത്ത അസ്തിത്വത്തിന് യോഗ്യരാണെന്നു കരുതപ്പെടുന്ന മറ്റുള്ളവർക്കുവേണ്ടി പ്രയാസമില്ലാതെ ബലികഴിക്കപ്പെടാമെന്ന് കാണപ്പെടുന്നു. ആത്യന്തികമായി "സംരക്ഷിക്കുകയും ആദരിക്കുകയും ചെയ്യത്തക്കവിധം പരമ പ്രധാനമായ മൂല്യമായി വ്യക്തികൾ കരുതപ്പെടുന്നില്ല. അവർ ദരിദ്രരോ ഭിന്നശേഷിക്കാരോ ആണെങ്കിൽ പിറവിയെടുക്കാത്ത ശിശുക്കളെപ്പോലെ 'ഉപകാരമില്ലാത്തവരോ,' വാർധക്യത്തിലെത്തിയവരെപ്പോലെ 'ഇനി ആവശ്യമില്ലാത്തവരോ' ആണെങ്കിൽ, പറയുകയും വേണ്ടാ. എല്ലാത്തരം പാഴാക്കലിനെക്കുറിച്ചും നമ്മൾ ശ്രദ്ധയില്ലാത്തവരായിത്തീർന്നു. അത് അങ്ങേയറ്റം അപലപനീയമായ ഭക്ഷണം പാഴാക്കലിൽ തുടങ്ങുന്നു."[13]

19. ജനസമൂഹത്തെ വാർധക്യത്തിലേക്കു നയിക്കുന്ന, മുതിർന്നവരെ ദുഃഖകരവും ഏകാന്തത നിറഞ്ഞതുമായ അസ്തിത്വത്തിലേക്കു നയിക്കുന്ന, ജനനനിരക്കിലെ കുറവ് നമ്മുടെ വ്യക്തിപരമായ താത്പര്യങ്ങൾക്കു മാത്രമാണ് പ്രാധാന്യമുള്ളതെന്നു പറയുന്നതിന്റെ സൂക്ഷ്മമായ ഒരു രീതിയാണ്. ഈ രീതിയിൽ "വലിച്ചെറിയപ്പെടുന്നത് ഭക്ഷണവും അത്യാവശ്യമില്ലാത്ത വസ്തുക്കളും മാത്രമല്ല, മിക്കപ്പോഴും മനുഷ്യർതന്നെയാണ്."[14] കൊറോണാരോഗാണുക്കൾ മൂലം നമ്മുടെ ലോകത്തിൽ ചില സ്ഥലങ്ങളിൽ വൃദ്ധജനത്തിന് എന്തു സംഭവിച്ചുവെന്ന് നമ്മൾ കണ്ടുകഴിഞ്ഞു. ആ രീതിയിൽ മരിക്കേണ്ട



വരായിരുന്നില്ല അവർ. ചൂടുകാറ്റിന്റെ കാലത്തും മറ്റു ചില സാഹചര്യങ്ങളിലും സമാനമായവ കുറേക്കാലമായി സംഭവിക്കുന്നുണ്ടായിരുന്നു. വാർധക്യത്തിലെത്തിയവർ, തങ്ങൾ ക്രൂരമായി ഉപേക്ഷിക്കപ്പെട്ടുവെന്നു കണ്ടു. ഒരു കാര്യം മനസ്സിലാക്കുന്നതിൽ നമ്മൾ പരാജയപ്പെട്ടു. അതായത്, വാർദ്ധക്യത്തിലെത്തിയവരെ ഒറ്റപ്പെടുത്തുകയും കുടുംബാംഗങ്ങളുടെ സാമീപ്യവും കരുതലും ഇല്ലാതെ മറ്റുള്ളവരുടെ സംരക്ഷണത്തിന് വിട്ടുകൊടുക്കുകയും ചെയ്യുന്നതുവഴി നമ്മൾ കുടുംബത്തെത്തന്നെ വിരൂപമാക്കുകയും ദരിദ്രമാക്കുകയുമാണ് ചെയ്യുന്നത്. അതുപോലെതന്നെ, യുവജനങ്ങൾക്ക് അവരുടെ വേരുകളോടുള്ള അവശ്യാവശ്യകമായ ബന്ധവും നമ്മൾ ഇല്ലാതാക്കുന്നു.

20. ഇങ്ങനെ മറ്റുള്ളവരെ അവഗണിക്കുന്നതിന്റെ പല രൂപങ്ങളുണ്ട്. കൂലിച്ചെലവു കുറയ്ക്കണമെന്ന കടുംപിടുത്തം അതിലൊന്നാണ്. അതിന്റെ ഗൗരവപൂർണമായ അനന്തരഫലങ്ങളെപ്പറ്റി പലപ്പോഴും ആരും ചിന്തിക്കുന്നേയില്ല. അത് നേരിട്ട് തൊഴിലില്ലായ്മയെ സൃഷ്ടിക്കുന്നു; അങ്ങനെ ദാരിദ്ര്യം വർധിപ്പിക്കുന്നു.[15] കൂടാതെ, മറ്റുള്ളവരെ അവഗണിക്കാനുള്ള ഒരു സന്നദ്ധത, പണ്ടേ ഇല്ലാതായെന്നു നാം കരുതിയിരുന്ന വംശീയവാദംപോലുള്ള ദുഷ്ടമനോഭാവങ്ങളിൽ പ്രകാശനം കാണുന്നു. പുനരാഗമിക്കാൻ വേണ്ടിയാണ് വംശീയവാദം

ഉള്ളറയിലേക്ക് പിൻവലിയുന്നത്! വംശീയവാദത്തിന്റെ സംഭവങ്ങൾ നമ്മെ ലജ്ജിപ്പിച്ചുകൊണ്ടിരിക്കുന്നു. കാരണം, നാം സങ്കല്പിക്കുന്ന സാമൂഹിക പുരോഗതി നമ്മൾ വിചാരിക്കുന്നതുപോലെ യഥാർത്ഥമോ സുനിശ്ചിതമോ അല്ലെന്ന് അവർ വ്യക്തമാക്കുന്നു.

21. ചില സാമ്പത്തിക നിയമങ്ങൾ വളർച്ചയ്ക്ക് ഫലപ്രദമാണെന്നു തെളിഞ്ഞിട്ടുണ്ട്. പക്ഷേ, അവ സമഗ്രമായ മാനുഷിക വികസനത്തിന് ഫലപ്രദമല്ല.[16] സമ്പത്തു വർധിച്ചു. പക്ഷേ, അതോടൊപ്പം അസമത്വം വർധിക്കുകയും അതിന്റെ ഫലമായി "ദാരിദ്ര്യത്തിന്റെ പുതിയ രൂപങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു."[17] ആധുനിക ലോകം ദാരിദ്ര്യം കുറച്ചു എന്ന അവകാശവാദമുണ്ട്. ഇന്നത്തെ യാഥാർത്ഥ്യങ്ങളോട് ഒത്തുപോകാത്ത കഴിഞ്ഞകാലത്തെ മാനദണ്ഡങ്ങൾകൊണ്ട് ദാരിദ്ര്യത്തെ അളക്കുന്നതുമൂലം ഉണ്ടായതാണ് ആ അവകാശവാദം. ഉദാഹരണമായി, വൈദ്യുതി ലഭിക്കാതിരിക്കുന്നത് ദാരിദ്ര്യത്തിന്റെ അടയാളമായി കരുതിയിരുന്നില്ല; ക്ലേശത്തിന്റെ ഉറവിടവും ആയിരുന്നില്ല. മൂർത്തമായ ഓരോ ചരിത്രഘട്ടത്തിലും ലഭ്യമായ യഥാർത്ഥ അവസരങ്ങളുടെ സാഹചര്യത്തിലായിരിക്കണം ദാരിദ്ര്യത്തെ മനസ്സിലാക്കുന്നതും അളക്കുന്നതും.

## V. അത്ര സാർവത്രികമല്ലാത്ത മനുഷ്യാവകാശങ്ങൾ

22. മനുഷ്യാവകാശങ്ങൾ പ്രയോഗത്തിൽ എല്ലാവർക്കും തുല്യമായിരിക്കുന്നില്ല എന്ന് കൂടെക്കൂടെ വ്യക്തമാകുന്നുണ്ട്. ആ അവകാശങ്ങളോടുള്ള ബഹുമാനം "ഒരു രാജ്യത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ പ്രാഥമിക വ്യവസ്ഥയാണ്. മനുഷ്യവ്യക്തിയുടെ മഹത്ത്വത്തെ ആദരിക്കുകയും അവന്റെ അല്ലെങ്കിൽ അവളുടെ അവകാശങ്ങൾ അംഗീകരിക്കപ്പെടുകയും അവയ്ക്കു ഗ്യാരന്റി ഉണ്ടായിരിക്കുകയും ചെയ്യുമ്പോൾ സർഗാത്മകതയും പരസ്പരാശ്രയവും വളരും. മനുഷ്യവ്യക്തിത്വത്തിന്റെ സർഗാത്മകത്വം പൊതുനന്മയെ വർദ്ധിപ്പിക്കുന്ന പ്രവൃത്തികളിലൂടെ പ്രകാശിതമാകുകയും ചെയ്യും."[18] എന്നാലും "നമ്മുടെ സമകാലീന സമൂഹങ്ങളെ സൂക്ഷ്മമായി നിരീക്ഷിക്കുമ്പോൾ അസംഖ്യം വൈരുദ്ധ്യങ്ങൾ നാം കാണുന്നു. അവ നമ്മെ വിസ്മയിപ്പിക്കുന്നു. എഴുപതുവർഷം മുമ്പ് ആഘോഷപൂർവം പ്രഘോഷിച്ച സർവമനുഷ്യർക്കുമുള്ള തുല്യമഹത്ത്വം ഇപ്പോൾ ഓരോ മാനുഷികാവസ്ഥയിലും യഥാർത്ഥത്തിൽ അംഗീ

കരിക്കപ്പെടുകയും ആദരിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും ചെയ്യുന്നുണ്ടോയെന്ന് നമ്മൾ വിസ്മയിച്ചുപോകും. ഇന്നത്തെ ലോകത്ത്, അനേകം രൂപങ്ങളിലുള്ള അനീതി നിലനില്ക്കുന്നുണ്ട്. അത് മനുഷ്യശാസ്ത്രപരമായി തരംതാഴ്ത്തുന്ന ദർശനങ്ങളാലും ലാഭാധിഷ്ഠിതമായ സാമ്പത്തിക മാതൃകയാലും തീറ്റിപ്പോറ്റപ്പെടുന്നതാണ്. അതാകട്ടെ, മനുഷ്യരെ ചൂഷണം ചെയ്യാനും അവഗണിക്കാനും, കൊല്ലാൻപോലും, മടിക്കുന്നില്ല. മനുഷ്യവംശത്തിന്റെ ഒരു ഭാഗം ധനസമൃദ്ധിയിൽ ജീവിക്കുമ്പോൾ മറ്റേഭാഗം സ്വന്തം മഹത്ത്വം നിഷേധിക്കപ്പെട്ടതായും നിന്ദിക്കപ്പെട്ടതായും ചവിട്ടിമെതിക്കപ്പെട്ടതായും നിലകൊള്ളുന്നു. അതിന്റെ മൗലികാവകാശങ്ങൾ അവഗണിക്കപ്പെട്ടതായോ ലംഘിക്കപ്പെട്ടതായോ കാണുന്നു."[19] ജന്മസിദ്ധമായിട്ടുള്ള മനുഷ്യമഹത്ത്വത്തിൽ അടിയുറച്ചിരിക്കുന്ന അവകാശങ്ങളുടെ തുല്യതയെപ്പറ്റി എന്താണ് ഇത് നമ്മോടു പറയുന്നത്?

23. അതുപോലെ ലോകവ്യാപകമായി സമൂഹങ്ങളുടെ സംഘാടനം, സ്ത്രീകൾക്ക് പുരുഷന്മാരുടേതുപോലെ തന്നെയുള്ള മഹത്ത്വവും അവകാശങ്ങളും ഉണ്ടെന്ന് വ്യക്തമായി ചിന്തിക്കുന്നതിൽ നിന്ന് ഇന്നും ഏറെ അകലെയാണ്. വാക്കുകൾകൊണ്ട് നമ്മൾ ഒരു കാര്യം പറയുന്നു. എന്നാൽ നമ്മുടെ തീരുമാനങ്ങളും യാഥാർത്ഥ്യങ്ങളും മറ്റൊരു കഥ പറയുന്നു. യഥാർത്ഥത്തിൽ "ഒഴിവാക്കപ്പെടലിന്റെയും മോശമായ പെരുമാറ്റത്തിന്റെയും അക്രമത്തിന്റെയും ഇരകളാകുന്ന സ്ത്രീകൾ ഇരുമടങ്ങ് ദരിദ്രരാണ്."[20]

24. നമ്മൾ ഒരു കാര്യംകൂടി തിരിച്ചറിയണം. അതായത്, "അന്താരാഷ്ട്ര സമൂഹം അടിമത്തത്തെ അതിന്റെ എല്ലാ രൂപങ്ങളിലും അവസാനിപ്പിക്കാൻ ലക്ഷ്യം വച്ചുകൊണ്ടുള്ള അസംഖ്യം ഉടമ്പടികൾ ചെയ്യുകയും ഈ പ്രതിഭാസത്തോടു പടപൊരുതാൻ വിവിധ സമരതന്ത്രങ്ങൾ സമാരംഭിക്കുകയും ചെയ്തെങ്കിലും ഇന്ന് ദശലക്ഷക്കണക്കിന് ആളുകൾ - കുട്ടികളും എല്ലാ പ്രായത്തിലുമുള്ള സ്ത്രീപുരുഷന്മാരും - സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടവരും അടിമത്തത്തിന്റേതുപോലുള്ള അവസ്ഥകളിൽ ജീവിക്കാൻ നിർബന്ധിതരുമാണ്... കഴിഞ്ഞകാലത്തെന്നതുപോലെ ഇന്നും, ഒരു വസ്തുവിനോടെന്നപോലെ അവനോടോ അവളോടോ പെരുമാറാം എന്ന ആശയത്തിലാണ് അടിമത്തം വേരുറച്ചിരിക്കുന്നത്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യവ്യക്തികൾ നിർബന്ധം

വഴിയോ വഞ്ചനവഴിയോ ശാരീരികമോ മനശ്ശാസ്ത്രപരമോ ആയ തട ങ്കൽ വഴിയോ സ്വാതന്ത്ര്യമില്ലാത്തവരാകുകയും വില്ക്കപ്പെടുകയും മറ്റുള്ളവരുടെ വസ്തുക്കളെന്ന നിലയിലേക്ക് ചുരുക്കപ്പെടുകയും ചെയ്തിരിക്കുന്നു. ലക്ഷ്യം നേടാനുള്ള ഉപകരണങ്ങളായി അവർ കരുതപ്പെടുന്നു... ലോകത്തിന്റെ വിവിധഭാഗങ്ങളിൽ യുവതീയുവാ ക്കളെ വശീകരിക്കാനുള്ള ഒരു മാർഗമായി ആധുനിക ആശയവിനി മയ മാർഗങ്ങൾ ഉപയോഗിക്കുന്നതിനുള്ള സാമർത്ഥ്യം (കുറ്റകരമായ നെറ്റുവർക്കുകൾക്ക്) ഉണ്ട്."[21] സ്ത്രീകളെ കീഴടക്കുകയും പിന്നീട്, ഗർഭഛിദ്രത്തിന് അവരെ നിർബന്ധിക്കുകയും ചെയ്യുന്നത് എല്ലാ അതിരുകളെയും അതിലംഘിക്കുന്ന ഒരു കൗടില്യമാണ്. ആളുകളെ അവരുടെ അവയവങ്ങൾ വില്ക്കുന്നതിനുവേണ്ടി തട്ടിയെടുക്കുന്നത് ഒരു മ്ലേച്ഛതയാണ്. വ്യക്തികളെ കള്ളക്കടത്തു നടത്തുന്നതും, അടി മത്തത്തിന്റെ സമകാലീന രൂപങ്ങളും എല്ലാം ലോക വ്യാപകമായ ഒരു പ്രശ്നമാണ് മുഴുവൻ മനുഷ്യവംശവും ഗൗരവപൂർവം പരിഗ ണിക്കേണ്ട പ്രശ്നം. "ക്രിമിനൽ സംഘടനകൾ തങ്ങളുടെ ലക്ഷ്യം നേടാൻ ആഗോളവ്യാപകമായ നെറ്റുവർക്കുകൾ ഉപയോഗിക്കുന്നു. അതുകൊണ്ട് ഈ പ്രതിഭാസത്തെ നശിപ്പിക്കാൻ പൊതുവായ - യഥാർത്ഥത്തിൽ ആഗോളവ്യാപകമായ - പരിശ്രമം സമൂഹത്തിന്റെ വിവിധ മേഖലകളിൽ ഉണ്ടാകണം."[22]

## VI. സംഘട്ടനവും ഭീതിയും

25. ചില താത്പര്യങ്ങൾക്ക്, ഒന്നാമതായി സാമ്പത്തിക താത്പര്യ ങ്ങൾക്ക്, എങ്ങനെ ഉപകാരപ്രദങ്ങളാകും എന്നതിന്റെ അടിസ്ഥാന ത്തിലാണ് യുദ്ധം, ഭീകരാക്രമണങ്ങൾ വംശപരമോ മതപരമോ ആയ പീഡനം എന്നിവയും മനുഷ്യ മഹത്ത്വത്തോടുള്ള മറ്റനേകം കടന്നാ ക്രമങ്ങളും വ്യത്യസ്തരീതികളിൽ വിലയിരുത്തപ്പെടുന്നത്. അധികാ രത്തിലിരിക്കുന്ന ഒരുവന് അനുഗുണമായിരിക്കുന്നിടത്തോളം കാലം സത്യമായിരിക്കുന്നത്, അനുകൂലമല്ലാതാകുമ്പോൾ സത്യമല്ലാതായി ത്തീരുന്നു. അക്രമത്തിന്റെ ഈ സാഹചര്യങ്ങൾ "ഖണ്ഡശ്ശ നടത്തുന്ന ഒരു യഥാർത്ഥ 'മൂന്നാം ലോകയുദ്ധം' ആകത്തക്കവിധത്തിൽ ഏറെ സാധാരണമായിത്തീർന്നിട്ടുണ്ട്"[23] എന്നു ദുഃഖപൂർവം പറയട്ടെ.

26. നമ്മെ ഐക്യപ്പെടുത്തുന്ന പൊതുവായ ചക്രവാളങ്ങൾ ഇല്ലാ തായിരിക്കുന്നുവെന്ന് നാം മനസ്സിലാക്കിയാൽ വിസ്മയിക്കേണ്ടതില്ല.

യഥാർത്ഥത്തിൽ, ഓരോ യുദ്ധത്തിന്റെയും ഒന്നാമത്തെ ഇര "സാഹോദര്യത്തിനുവേണ്ടി മനുഷ്യകുടുംബത്തിന് ജന്മസിദ്ധമായിട്ടുള്ള വിളിയാണ്." അതിന്റെ ഫലമായി, "ഭീഷണിപ്പെടുത്തുന്ന ഓരോ സാഹചര്യവും വിശ്വാസമില്ലായ്മയെ ജനിപ്പിച്ചു വളർത്തുകയും ജനങ്ങളെ സ്വന്തം സുരക്ഷിത മേഖലയിലേക്ക് പിന്മാറാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു."[24] നമ്മുടെ ലോകം വിചിത്രമായ ഒരു വൈരുദ്ധ്യത്തിന്റെ കെണിയിലാക്കപ്പെട്ടിരിക്കുകയാണ്: "ഭയത്തിന്റെയും വിശ്വാസമില്ലായ്മയുടെയും മനോഭാവത്താൽ താങ്ങിനിറുത്തപ്പെടുന്ന കപട സുരക്ഷിതത്വബോധത്തിലൂടെ സ്ഥിരതയും സമാധാനവും ഉറപ്പാക്കാൻ"[25] നമുക്കു കഴിയുമെന്ന് നമ്മൾ വിശ്വസിക്കുന്നു!

27. സാങ്കേതിക വിദ്യയുടെ വികസനത്തിന് ഇല്ലായ്മ ചെയ്യാൻ കഴിയാത്തതും പൂർവികരിൽ നിന്നു കിട്ടിയിട്ടുള്ളതുമായ ചില പേടികൾ നമുക്കുണ്ട്. ഇത് വിരോധാഭാസപരമാണ്. യഥാർത്ഥത്തിൽ, പുതിയ സാങ്കേതിക വിദ്യകൾക്കു പിറകിൽ ഒളിക്കാനും വ്യാപിക്കാനും ആ ഭയങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്. ഇന്നും, പ്രാചീന നഗര ഭിത്തികൾക്കു പുറത്ത് ഒരു പാതാളമുണ്ട്; അജ്ഞാത കാര്യങ്ങളുടെ പ്രദേശമായ ഒരു മരുഭൂമി ഉണ്ട്. അവിടെനിന്ന് എന്തുവന്നാലും വിശ്വസിക്കാനാവുകയില്ല. കാരണം, അത് അജ്ഞാതമാണ്, അപരിചിതമാണ്. ഗ്രാമത്തിന്റെ ഭാഗമല്ല അത്. "കിരാതന്മാ"രുടെ പ്രദേശമാണ്. എന്തുചെലവു ചെയ്തും അവരിൽനിന്ന് നാം നമ്മെത്തന്നെ രക്ഷിക്കണം! ഇതിന്റെ ഫലമായി സ്വയം രക്ഷയ്ക്കുവേണ്ടി പുതിയ മതിലുകൾ, പണിതുയിർത്തപ്പെടുന്നു. ബാഹ്യലോകം ഇല്ലാതാകുന്നു. "എന്റെ" ലോകം മാത്രം അവശേഷിക്കുന്നു. മറ്റുള്ളവർ, അന്യമാക്കപ്പെടാനാവാത്ത മഹത്ത്വമുള്ള, മനുഷ്യരായി കരുതപ്പെടാത്തവർ, വെറും "അവർ" ആയിത്തീർന്നു. ഒരിക്കൽക്കൂടി നാം നേരിടുന്നത് ഈ പ്രലോഭനമാണ്: "മറ്റു സംസ്കാരങ്ങളും ജനതകളുമായുള്ള കണ്ടുമുട്ടലിനെ തടയുന്ന മതിലുകളുടെ സംസ്കാരം - ഹൃദയത്തിൽ മതിലുകൾ, ഭൂമിയിലും മതിലുകൾ - പണിതുയർത്താൻ ഉള്ള പ്രലോഭനം. മതിലുകൾ പണിതുയർത്തുന്നവർ തങ്ങൾ പണിത മതിലുകൾക്കുള്ളിൽത്തന്നെ അടിമകളായിത്തീരും. അവർ ചക്രവാളങ്ങളില്ലാത്തവരായിത്തീരും. കാരണം, മറ്റുള്ളവരുമായുള്ള കൈമാറ്റം അവർക്ക് ഇല്ല."[26]

28. ഔദ്യോഗിക സംവിധാനങ്ങളാൽ അവഗണിക്കപ്പെട്ടതായി തോന്നുന്നവർ അനുഭവിക്കുന്ന ഏകാന്തതയും ഭീതിയും അരക്ഷിതത്വവും വിവിധതരത്തിലുള്ള "മാഫിയ"കൾക്ക് ഫലപുഷ്ടമായ പ്രദേശങ്ങളെ സൃഷ്ടിക്കുന്നു. അവ തഴച്ചുവളരുന്നു. കാരണം, വിസ്മരിക്കപ്പെട്ടവർക്ക് തങ്ങളുടെ കുറ്റകരമായ താത്പര്യങ്ങളനുസരിച്ചു പ്രവർത്തിക്കുമ്പോൾത്തന്നെയും വിവിധതരം സഹായങ്ങൾ നല്കിക്കൊണ്ട്, അവരുടെ സംരക്ഷകരാണ് തങ്ങൾ എന്ന് അവർ അവകാശപ്പെടുന്നു. സവിശേഷമായ "മാഫിയോസോ" ബോധനവിദ്യയുമുണ്ട്. അത് വ്യാജമായ സമൂഹബോധം സൃഷ്ടിച്ച് ആശ്രിതത്വത്തിന്റെയും സ്വാമിഭക്തിയുടെയും ബന്ധങ്ങൾ സൃഷ്ടിക്കുന്നു. അവയെ തകർത്ത് സ്വതന്ത്രരാവുകയെന്നത് വളരെ പ്രയാസമുള്ള കാര്യമാണ്.

## VII. ആഗോളവത്കരണവും പൊതുവായ ഒരു റോഡ് മാപ്പില്ലാത്ത പുരോഗതിയും

29. ശാസ്ത്രം, സാങ്കേതികവിദ്യ, മരുന്ന്, വ്യവസായം, ക്ഷേമം എന്നീ മണ്ഡലങ്ങളിൽ - സർവോപരി വികസിത രാഷ്ട്രങ്ങളിൽ - ഉണ്ടായിട്ടുള്ള ഭാവാത്മകമായ മുന്നേറ്റങ്ങളെ ഗ്രാന്റ് ഇമാം അഹമ്മദ് അൽ - തയ്യേബിനോടൊപ്പം നമ്മളും അവഗണിക്കുന്നില്ല. എന്നിരുന്നാലും "ഒരു കാര്യം ഊന്നിപ്പറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അതായത്, ചരിത്രപരമായ ഈ മുന്നേറ്റങ്ങൾ മഹത്തരങ്ങളും വിലപ്പെട്ടവയുമാണ്. എന്നിരുന്നാലും അവയോടൊപ്പം അന്താരാഷ്ട്ര പ്രവർത്തനത്തെ സ്വാധീനിക്കുന്നതും ആധ്യാത്മിക മൂല്യങ്ങളെയും ഉത്തരവാദിത്വത്തെയും ദുർബലപ്പെടുത്തുന്നതുമായ ഒരു ധാർമ്മികാധഃപതനം നിലനില്ക്കുന്നു. ഇത് മനോവിഷമം, ഒറ്റപ്പെടൽ, നിരാശ എന്നിവ സൃഷ്ടിക്കുന്നു." അനിശ്ചിതത്വം, മിഥ്യാബോധം, ഭാവിയെക്കുറിച്ചുള്ള ഭയം എന്നിവയിൽ നിന്നുണ്ടാകുന്നവയും ഇടുങ്ങിയ സാമ്പത്തിക താത്പര്യങ്ങളാൽ നിയന്ത്രിക്കപ്പെടുന്നവയുമായ ഒരു ആഗോള സാഹചര്യത്തിൽ സംഘർഷങ്ങളും പൊട്ടിപ്പുറപ്പെടലും ആയുധശേഖരണവും യുദ്ധസന്നാഹങ്ങളും നമ്മൾ കാണുന്നു." ഒരു കാര്യം കൂടി ചൂണ്ടിക്കാണിക്കാൻ ഞങ്ങൾക്കു കഴിയും. അതായത്, "വലിയ രാഷ്ട്രീയ വിഷമഘട്ടങ്ങൾ, അനീതി നിറഞ്ഞ സാഹചര്യങ്ങൾ, പ്രകൃതിവിഭവങ്ങൾ തുല്യതോതിൽ വിതരണം ചെയ്യാതിരിക്കൽ എന്നിങ്ങനെയുള്ള പ്രതിസന്ധികൾ ദശലക്ഷക്കണക്കിന് ശിശുക്ക

ളുടെ മരണത്തിനു കാരണമാകുന്നു. അന്താരാഷ്ട്രതലത്തിൽ ഇതിനെപ്പറ്റി നിശ്ശബ്ദത പുലരുന്നു. അത് അംഗീകരിക്കാനാവുകയില്ല."[27] ഇന്നത്തെ കാഴ്ചപ്പാടിൽ ലോകത്ത് നിഷേധിക്കാനാവാത്ത നേട്ടങ്ങളുണ്ടെങ്കിലും കൂടുതൽ മാനുഷികമായ ഭാവിയിലേക്ക് അത് നയിക്കുമെന്നു തോന്നുന്നില്ല.

30. ഇന്നത്തെ ലോകത്തിൽ ഒരേ മാനവ കുടുംബത്തിന്റെ അംഗമായിരിക്കുകയെന്ന ബോധം മറഞ്ഞുപൊയ്ക്കൊണ്ടിരിക്കുകയും നീതിക്കും സമാധാനത്തിനും വേണ്ടി ഒന്നിച്ച് അധ്വാനിക്കുകയെന്ന സ്വപ്നം കാലഹരണപ്പെട്ട ഉട്ടോപ്യയായി തോന്നുകയും ചെയ്യുകയാണ്. അതിനുപകരം ഭരിക്കുന്നത് സുഖശീതളിമയിൽ ആശ്വാസം തേടുന്നതും ആഗോളവത്കൃതവുമായ നിസ്സംഗതയാണ്. അത് അഗാധമായ മിഥ്യാദർശനത്തിൽ നിന്നുണ്ടായതും വഞ്ചനാത്മകമായ ഒരു മായയുടെ പിന്നിൽ ഒളിച്ചു വയ്ക്കപ്പെട്ടിരുന്നതുമാണ്. നമ്മൾ എല്ലാവരും ഒരേ വഞ്ചിയിലാണെന്ന് മറന്നുകൊണ്ട് നമ്മൾ സർവശക്തരാണെന്നു ചിന്തിക്കുന്നതാണ് ആ മായ. സഹോദരപരമായ വലിയ മൂല്യങ്ങളെ വകവയ്ക്കാത്ത ഈ മിഥ്യാബോധം നയിക്കുന്നത് "ഒരു തരം മനുഷ്യദ്വേഷത്തിലേക്കാണ്. എന്തെന്നാൽ, മിഥ്യാധാരണയുടെയും നിരാശയുടെയും വഴിയിലൂടെ നാം താഴേക്കു പോകുന്നുവെങ്കിൽ നാം നേരിടുന്ന പ്രലോഭനം അതാണ്... ഏകാകിത്വവും സ്വന്തം താത്പര്യങ്ങളിലേക്കുള്ള പിൻവാങ്ങലും ഒരിക്കലും പ്രത്യാശ പുനഃസ്ഥാപിക്കാനും നവീകരണം നടത്താനുമുള്ള വഴിയാവുകയില്ല. പിന്നെയോ, ഉറ്റബന്ധമാണ് അതിനുള്ള വഴി. അത് കണ്ടുമുട്ടലിന്റെ സംസ്കാരമാണ്. ഒറ്റപ്പെടൽ പാടില്ല. ഉറ്റബന്ധം വേണം. സാംസ്കാരസംഘട്ടനം പാടില്ല. കണ്ടുമുട്ടലിന്റെ സംസ്കാരം വേണം."[28]

31. മുന്നോട്ട് ഓടുകയും എന്നാൽ പങ്കുവയ്ക്കപ്പെടുന്ന ഗതാഗത ഭൂപടം ഇല്ലാതിരിക്കുകയും ചെയ്യുന്ന ഈ ലോകത്തിൽ "ഒരുവന് തന്റെ വ്യക്തിപരമായ ക്ഷേമത്തെ സംബന്ധിച്ചുള്ള താത്പര്യവും വലിയ മാനുഷിക കുടുംബത്തിന്റെ അഭിവൃദ്ധിയെ സംബന്ധിച്ചുള്ള താത്പര്യവും തമ്മിലുള്ള വിടവ് വർധിക്കുന്നതായി തോന്നുന്നു. വ്യക്തികളും മനുഷ്യസമൂഹവും തമ്മിലുള്ള പൂർണമായ വിഭജനത്തിലേക്കു നീങ്ങുന്നതായി തോന്നുന്നു... ഒന്നിച്ചു ജീവിക്കാൻ നിർബന്ധിക്കപ്പെടുന്നു എന്നു തോന്നുന്നത് ഒരു കാര്യം. എന്നാൽ കണ്ടെത്തുകയും വളർത്തുകയും ചെയ്യേണ്ട പൊതുജീവിതത്തിന്റെ

വിത്തുകളുടെ സമ്പന്നതയെയും സൗന്ദര്യത്തെയും വിലമതിക്കുകയും ചെയ്യുകയെന്നത് തികച്ചും വ്യത്യസ്തമായ ഒരു കാര്യമാണ്."[29] സാങ്കേതികവിദ്യ സ്ഥിരം പുരോഗമിക്കുന്നു. എന്നാൽ "ശാസ്ത്രീയവും സാങ്കേതികവിദ്യാപരവുമായ വളർച്ച കൂടുതൽ തുല്യതയോടും സാമൂഹിക സംശ്ലേഷണത്തോടും കൂടി വന്നെങ്കിൽ എത്രയോ വിസ്മനീയമാകുമായിരുന്നു. നമുക്കു ചുറ്റും കറങ്ങുന്ന സഹോദരിമാരുടെയും സഹോദരന്മാരുടെയും ആവശ്യങ്ങൾ കണ്ടെത്തുകയെന്നത് വിദൂരത്തുള്ള ഗ്രഹങ്ങളെ കണ്ടെത്തുന്നതുപോലെ വിസ്മയനീയമായിരിക്കും."[30]

## VIII. പകർച്ചവ്യാധികളും മറ്റ് അത്യാഹിതങ്ങളും ചരിത്രത്തിൽ

32. കോവിഡ്-19 എന്ന സാംക്രമികരോഗംപോലുള്ള ലോകവ്യാപകമായ ദുരന്തം, നമ്മൾ ഒറ്റ ഭൂഗോള സമൂഹമാണെന്ന ബോധത്തെ താത്കാലികമായി പുതുക്കി. എല്ലാവരും ഒരേ തോണിയിലാണ്. അവിടെ ഒരു വ്യക്തിയുടെ പ്രശ്നങ്ങൾ എല്ലാവരുടെയും പ്രശ്നങ്ങളാണ്. ആരും ഒറ്റയ്ക്കു രക്ഷിക്കപ്പെടുന്നില്ലെന്ന് നമ്മൾ ഒരിക്കൽക്കൂടി തിരിച്ചറിഞ്ഞു, നമ്മൾ ഒന്നിച്ചു മാത്രമേ രക്ഷപ്പെടുന്നുള്ളൂ. ഒരിക്കൽ ഞാൻ പറഞ്ഞതുപോലെ, "കൊടുങ്കാറ്റ് നമ്മുടെ ദുർബലതയെ വെളിപ്പെടുത്തി. നമ്മുടെ അനുദിന പരിപാടികളും പദ്ധതികളും ശീലങ്ങളും മുൻഗണനകളും എന്തിനു ചുറ്റും നമ്മൾ പടുത്തുയർത്തിയിരിക്കുന്നുവോ മിഥ്യയും ഉപരിപ്ലവവുമായ ആ തീർച്ചകളെ തുറന്നു കാണിക്കുകയും ചെയ്തു... എപ്പോഴും പ്രദർശനപരതയെപ്പറ്റി ആകുലപ്പെട്ടുകൊണ്ട് നമ്മുടെ അഹങ്ങളെ തന്ത്രപൂർവം പൊതിയാൻ നാം ഉപയോഗിച്ച മുഖംമൂടികൾ അഴിഞ്ഞുവീണിരിക്കുന്നു. അങ്ങനെ നാം പരസ്പരാംശമുള്ളവരാണെന്നും പരസ്പരം സഹോദരീസഹോദരന്മാരാണ് എന്നുമുള്ള അനുപേക്ഷണീയവും അനുഗൃഹീതവുമായ അവബോധം ഒരിക്കൽക്കൂടി വെളിപ്പെട്ടിരിക്കുന്നു."[31]

33. സാങ്കേതിക വിദ്യാപരമായ പുരോഗതികൊണ്ട് "മാനുഷിക ചെലവുകൾ" കുറയ്ക്കാൻ ശ്രമിക്കുന്ന ഒരു സാമ്പത്തികതയിലേക്ക് വ്യഗ്രതയോടെ നാം ചലിക്കുകയായിരുന്നു. എല്ലാം സുരക്ഷിതമാകാൻ വിപണിസ്വാതന്ത്ര്യം മതിയാകുമെന്നു നമ്മൾ വിശ്വസിക്കണമെന്ന് ആഗ്രഹിച്ചവരുണ്ടായിരുന്നു. എന്നാൽ, അനിയന്ത്രിതമായ ഈ പകർച്ചവ്യാധി, മൃഗീയവും മുൻകൂട്ടി കാണാത്തതുമായ ഈ പ്രഹരം,

കുറച്ചുപേർക്കു കിട്ടുന്ന ഉപകാരത്തെക്കാൾ മനുഷ്യരോടുള്ള, ഓരോ വ്യക്തിയോടുമുള്ള, നമ്മുടെ പ്രതിബദ്ധത വീണ്ടുമുറപ്പിക്കാൻ നമ്മെ നിർബന്ധിതരാക്കി. ഇന്ന് നമുക്ക് ഒരു കാര്യം തിരിച്ചറിയാൻ കഴിയും. ഉജ്ജ്വലതയുടെയും പ്രതാപത്തിന്റെയും സ്വപ്നങ്ങൾ കൊണ്ട് നാം സ്വയം പരിപോഷിപ്പിച്ചു; എന്നാൽ, ചിത്തവിഭ്രാന്തിയിലും ഒറ്റപ്പെടലിലും ഏകാന്തതയിലും നാം എരിഞ്ഞടങ്ങി. നെറ്റുവർക്കിങ്ങുകളിൽ ആർത്തിയോടെ മുഴുകിയ നമുക്ക് സാഹോദര്യത്തിന്റെ രുചി നഷ്ടപ്പെട്ടു. ക്ഷിപ്രവും സുരക്ഷിതവുമായ ഫലങ്ങൾ പ്രതീക്ഷിച്ച നമ്മൾ ക്ഷമയില്ലായ്മയിലും ഉത്കണ്ഠയിലും മുങ്ങിപ്പോയിരിക്കുന്നു. ഇന്റർനെറ്റു സൃഷ്ടിക്കുന്ന ഭാവനാലോകത്തിന്റെ തടവുകാരായ നമുക്ക് യഥാർത്ഥത്തിൽ വാസ്തവമായതിന്റെ രുചിയും ആസ്വാദ്യതയും നഷ്ടപ്പെട്ടു."[32] പകർച്ചവ്യാധി കൊണ്ടുവന്ന അനിശ്ചിതത്വവും വേദനയും ഭയവും നമ്മുടെ പരിമിതികളെപ്പറ്റിയുള്ള തിരിച്ചറിവും നമ്മെ നിർബന്ധിക്കുന്നത്, നമ്മുടെ ജീവിതശൈലികളെയും നമ്മുടെ ബന്ധങ്ങളെയും നമ്മുടെ സമൂഹങ്ങളുടെ സംഘാടനത്തെയും സർവോപരി, നമ്മുടെ അസ്തിത്വത്തെയും കുറിച്ചു പുനർവിചിന്തനം നടത്തുവാനാണ്.

34. എല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. അങ്ങനെയെങ്കിൽ, ആഗോളവ്യാപകമായ ഈ ആപത്ത് യാഥാർത്ഥ്യത്തെ സമീപിക്കുന്ന നമ്മുടെ രീതിയോടും നമ്മുടെ ജീവിതത്തിന്റെയും അസ്തിത്വമുള്ള സകലതിന്റെയും കേവല യജമാനന്മാരാണ് നമ്മൾ എന്ന നമ്മുടെ അവകാശവാദത്തോടും ബന്ധപ്പെട്ടതല്ലെന്ന് സങ്കല്പിക്കാൻ പ്രയാസമുണ്ട്. ദൈവിക ശിക്ഷയാണെന്നു പറയാനോ പ്രകൃതിയോടു നാം ചെയ്യുന്ന ദ്രോഹം തന്നെയാണ് നമ്മുടെ കുറ്റങ്ങൾക്കുള്ള ശിക്ഷ എന്നു പറയാനോ ഞാൻ ആഗ്രഹിക്കുന്നില്ല. ലോകം തന്നെ പ്രതിഷേധത്തോടെ അലറുകയാണ്. മനുഷ്യചരിത്രത്തിലെ "കാര്യങ്ങളെക്കുറിച്ചുള്ള കണ്ണുനീരിനെ" ഉണർത്തുന്ന വീർജിൽ എന്ന കവിയുടെ സുപ്രസിദ്ധമായ വാക്കുകൾ ഇവിടെ നാം ഓർത്തുപോകുന്നു.[33]

35. "ജീവിതത്തിന്റെ അധ്യാപക"നായ ചരിത്രത്തിന്റെ പാഠങ്ങളെ നമ്മൾ അമിതവേഗത്തിൽ മറക്കുന്നു.[34] ഈ ആരോഗ്യപ്രതിസന്ധി അവസാനിക്കുമ്പോൾ നാം ഭ്രാന്തമായ ഉപഭോഗ സംസ്കാരത്തിലേക്കും സ്വാർത്ഥപരമായ സ്വയം സംരക്ഷണത്തിന്റെ പുത്തൻ രൂപങ്ങളിലേക്കും കൂടുതൽ ആഴത്തിൽ മുങ്ങിത്താഴ്ന്നാൽ അതായിരിക്കും നമ്മുടെ ഏറ്റവും മോശമായ പ്രത്യുത്തരം. ദൈവാനുഗ്രഹ

മുണ്ടായാൽ, ഇവയ്ക്കെല്ലാംശേഷം നാം "അവരെ", "അവർ" എന്നീ വാക്കുകളെപ്പറ്റി ഒരിക്കലും ചിന്തിക്കുകയില്ല. പിന്നെയോ "നമ്മൾ" എന്നേ ചിന്തിക്കുകയുള്ളൂ. ഇത് ചരിത്രത്തിൽനിന്ന് നാം ഒന്നും പഠിച്ചിട്ടില്ല എന്നു വ്യക്തമാക്കുന്ന ചരിത്രത്തിലെ മറ്റൊരു ദുരന്തം മാത്രമല്ലെന്ന് തെളിയിച്ചെങ്കിൽ! ആരോഗ്യ ശുശ്രൂഷയ്ക്കുള്ള പൊതു സംവിധാനങ്ങളെ വർഷംതോറും പൊളിച്ചടക്കുന്നതിന്റെ ഫലമായി, ശ്വാസം നല്കുന്ന യന്ത്രത്തിന്റെ അഭാവംകൊണ്ട് മരിച്ചുപോയ മുതിർന്നവരെയെല്ലാം നാം മനസ്സിൽ സൂക്ഷിച്ചിരുന്നെങ്കിൽ! അളവറ്റ ഈ ദുഃഖം ഉപകാരപ്രദമല്ലെന്ന് തെളിയാതിരുന്നെങ്കിൽ! പുതിയ ജീവിതശൈലിയിലേക്ക് ഒരടി മുന്നോട്ടുവയ്ക്കാൻ നമ്മെ ഇത് ശക്തരാക്കിയെങ്കിൽ! നാം പരസ്പരം ആവശ്യമുള്ളവരാണെന്ന് വീണ്ടും കണ്ടെത്തിയിരുന്നെങ്കിൽ! അങ്ങനെ നമ്മുടെ മാനുഷിക കുടുംബത്തിന് അതിന്റെ എല്ലാ മുഖങ്ങളോടും കൂടെ, എല്ലാ കൈകളോടും എല്ലാ ശബ്ദങ്ങളോടും കൂടെ നമ്മൾ പണിതുയർത്തിയ മതിലുകൾക്കപ്പുറത്ത് പുനർജനിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ!

36. നമ്മുടെ കാലഘട്ടത്തിനും ഊർജത്തിനും വിഭവങ്ങൾക്കും ചേർന്ന ഐക്യദാർഢ്യവും യോജിപ്പും ഉള്ള ഒരു സമൂഹത്തെ സൃഷ്ടിക്കാൻ നാം ഉണർവോടെ ഒരുമിച്ചു ശ്രമിക്കുന്നില്ലെങ്കിൽ നമ്മെ വഴി തെറ്റിച്ച ആഗോളവ്യാപകമായ മിഥ്യാധാരണ അനേകരെ തകർക്കുകയും കഠിനവേദനയുടെയും ശൂന്യതയുടെയും പിടിയിലമർത്തുകയും ചെയ്യും. അതുപോലെ ഒരു വസ്തുത നാം തിരിച്ചറിയാതിരിക്കരുത്. അതായത്, "ഉപഭോഗ സംസ്കാരപരമായ ജീവിതശൈലിക്കായുള്ള വ്യാമോഹം, സർവോപരി, അതു പാലിക്കാൻ കുറച്ചുപേർക്കു മാത്രം കഴിയുമ്പോൾ, അക്രമത്തിലേക്കും പരസ്പരം നശിപ്പിക്കുന്നതിലേക്കും മാത്രമേ വ്യക്തികളെ നയിക്കുകയുള്ളൂ എന്ന് തിരിച്ചറിയാൻ വിമുഖതകാണിക്കുന്നതും മൗഢ്യമായിരിക്കും."[35] "ഓരോ മനുഷ്യനും അവനുവേണ്ടിത്തന്നെ" എന്ന ആശയം 'ആർക്കും എന്തുമാകാം' എന്നതിലേക്ക് വേഗത്തിൽ അധഃപതിക്കും. അത് ഏതു പകർച്ചവ്യാധിയെക്കാളും മോശമായിരിക്കും.

## IX. മനുഷ്യ മഹത്ത്വത്തിന്റെ അസാന്നിധ്യം അതിർത്തികളിൽ

37. എന്തുവിലകൊടുത്തും കുടിയേറ്റക്കാരുടെ ഒഴുക്കിനെ തടയണമെന്ന് ചില ജനകീയ രാഷ്ട്രീയ ഭരണക്രമങ്ങളും അതുപോലെ

ചില സ്വതന്ത്ര സാമ്പത്തിക സമീപനങ്ങളും ഉറപ്പിച്ചു പറയുന്നു. ദരിദ്രരാഷ്ട്രങ്ങൾ അങ്ങേയറ്റം അടിപ്പെടാനും കർശനമാർഗങ്ങൾ സ്വീകരിക്കാനും വേണ്ടി ദരിദ്രരാഷ്ട്രങ്ങൾക്കുള്ള സഹായം പരിമിതപ്പെടുത്തണമെന്ന വാദവുമുണ്ട്. അമൂർത്തവും പിന്താങ്ങാൻ പ്രയാസമുള്ളതുമായ അത്തരം പ്രസ്താവനകളുടെ പിന്നിൽ വലിയൊരു ഗണം ജീവിതങ്ങൾ അപകടനിലയിലാകുന്നുവെന്ന് ഒരുവനും തിരിച്ചറിയുന്നില്ല. അനേകം കുടിയേറ്റക്കാർ യുദ്ധത്തിൽ നിന്നും പീഡനത്തിൽ നിന്നും പ്രകൃതിദുരന്തങ്ങളിൽ നിന്നും ഓടിപ്പോകുന്നവരാണ്. മറ്റുള്ളവർ നീതിപൂർവം "തങ്ങൾക്കും തങ്ങളുടെ കുടുംബങ്ങൾക്കും വേണ്ടി അവസരങ്ങൾ അന്വേഷിക്കുന്നവരാണ്. അവർ കൂടുതൽ നല്ല ഭാവി സ്വപ്നം കാണുകയും. അത് നേടാനുള്ള അവസ്ഥ സൃഷ്ടിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നവരാണ്."[36]

38. ദുഃഖകരമെന്നു പറയട്ടെ, ചിലർ "പാശ്ചാത്യ സംസ്കാരത്താൽ ആകർഷിക്കപ്പെടുന്നു. ചിലപ്പോൾ മിഥ്യയായ പ്രതീക്ഷകളോടെയാണത്. ആ പ്രതീക്ഷകൾ അവരെ ഗൗരവപൂർണമായ നിരാശയിലേക്കു നയിക്കുന്നു. മനസ്സാക്ഷിക്കടിയില്ലാത്ത കള്ളക്കടത്തുകാർ മിക്കപ്പോഴും മയക്കുമരുന്നു കടത്ത്, ആയുധക്കടത്ത് എന്നിവയുമായി അവരെ ബന്ധിപ്പിക്കുന്നു. അവർ കുടിയേറ്റക്കാരുടെ ദുർബലതയെ ചൂഷണം ചെയ്യുന്നു. ആ കുടിയേറ്റക്കാർ മിക്കപ്പോഴും അക്രമവും കള്ളക്കടത്തും, മാനസികവും ശാരീരികവുമായ ദുരുപയോഗവും പറഞ്ഞുകേട്ടിട്ടില്ലാത്ത വിധത്തിലുള്ള സഹനങ്ങളും യാത്രയിൽ അനുഭവിക്കുന്നു."[37] കുടിയേറുന്നവർ "അവരുടെ ജന്മസ്ഥലത്തു നിന്നുള്ള വേർപാട് അനുഭവിക്കുന്നു. അതുപോലെ മിക്കപ്പോഴും സാംസ്കാരികവും മതപരവുമായി വേരോടെ പിഴുതെറിയപ്പെടുന്നു. അവർ വിട്ടിട്ടുപോന്ന സമൂഹങ്ങൾ ശിഥിലീകരണം അനുഭവിക്കുന്നു. ഏറ്റവും കരുത്തുറ്റവരും സ്ഥിരോത്സാഹികളുമായ അംഗങ്ങളെ ആ സമൂഹങ്ങൾക്കും കുടുംബങ്ങൾക്കും നഷ്ടപ്പെടുന്നു. പ്രത്യേകിച്ച് കുട്ടികളെ, ജന്മസ്ഥലത്ത് വിട്ടിട്ട് മാതാപിതാക്കൾ - ഒരാളോ രണ്ടുപേരും കൂടിയോ - കുടിയേറുമ്പോൾ അങ്ങനെ സംഭവിക്കുന്നു."[38] ഇക്കാരണത്താൽ, സ്വന്തം നാടുവിട്ട് അന്യനാട്ടിലേക്ക് കുടിയേറാതിരിക്കാനുള്ള അവകാശം, അതായത്, സ്വന്തം മാതൃഭൂമിയിൽ നിലകൊള്ളാനുള്ള അവകാശം, പുനഃസ്ഥാപിക്കപ്പെടേണ്ടതാണ്."[39]

39. കൂടാതെ, ചില രാജ്യങ്ങളിൽ കുടിയേറ്റം ഭയവും ഞെട്ടലുമുണ്ടാക്കുന്നു. അത് പലപ്പോഴും രാഷ്ട്രീയ ലക്ഷ്യങ്ങൾക്കായി വിവാദമാക്കുകയും ദുരുപയോഗിക്കപ്പെടുകയും ചെയ്യുന്നു. ജനം തങ്ങളിൽത്തന്നെ അടഞ്ഞുകൂടുമ്പോൾ, അപരഭയത്തിന്റെ മാനസികാവസ്ഥയിലേക്ക് അവരെ നയിക്കാൻ ഇതിനു കഴിയും. ഇക്കാര്യം നിർണായകമായ വിധത്തിൽ പരിഗണിക്കേണ്ടിയിരിക്കുന്നു."[40] മറ്റുള്ളവരെപ്പോലെ സമൂഹജീവിതത്തിൽ പങ്കുകാരാകാൻ അവകാശമുള്ളവരായി കുടിയേറ്റക്കാർ പരിഗണിക്കപ്പെടുന്നില്ല. ഏതു വ്യക്തിയെയും പോലെ ആന്തരിക മഹത്ത്വമുള്ളവരാണ് അവർ എന്ന വസ്തുത വിസ്മരിക്കപ്പെടുന്നു. അതുകൊണ്ട് അവർ "സ്വന്തം വിമോചനത്തിനായി പ്രവർത്തിക്കുന്നവരായി"[41] ത്തീരേണ്ടിവരുന്നു. അവർ മനുഷ്യരാണെന്ന കാര്യം ആരും പരസ്യമായി നിഷേധിക്കുകയില്ല. എന്നാലും പ്രയോഗത്തിൽ, നമ്മുടെ തീരുമാനങ്ങൾ കൊണ്ടും നമ്മൾ അവരോടു പെരുമാറുന്ന രീതികൊണ്ടും, നമ്മൾ അവരെ യോഗ്യത കുറഞ്ഞവരും പ്രാധാന്യം കുറഞ്ഞവരും മനുഷ്യത്വം കുറഞ്ഞവരുമായി കരുതുന്നുവെന്ന് വ്യക്തമാക്കുന്നു, ക്രൈസ്തവർക്ക് ഇത്തരത്തിലുള്ള ചിന്തയും പ്രവൃത്തിയും അശാസ്യമല്ല. കാരണം, അത് നമ്മുടെ വിശ്വാസത്തിന്റെ അഗാധമായ ബോധ്യങ്ങൾക്കുമീതേ ചില രാഷ്ട്രീയ മുൻഗണനകളെ സ്ഥാപിക്കുന്നു. ഉദ്ഭവസ്ഥാനം, വംശം, മതം എന്നതൊന്നും പരിഗണിക്കാതെ, മനുഷ്യവ്യക്തിത്വത്തിന്റെ അന്യാധീനപ്പെടുത്താനാവാത്ത മഹത്ത്വവും സാഹോദര്യസ്നേഹത്തിന്റെ പരമോന്നത നിയമവുമാണ് ആ ബോധ്യങ്ങൾ.

40. "കുടിയേറ്റങ്ങൾ മുൻകാലത്തെക്കാൾ കൂടുതലായി ലോകത്തിന്റെ ഭാവിയിൽ മുഖ്യപങ്കു വഹിക്കും."[42] എന്നാൽ ഇന്ന് "തങ്ങളുടെ സഹോദരീസഹോദരന്മാരോട് ഒരു പൗരസമൂഹത്തിന് ആവശ്യം ഉണ്ടാകേണ്ട ഉത്തരവാദിത്വബോധം"[43] കുടിയേറ്റത്തെ ബാധിക്കുന്നുണ്ട്. ഉദാഹരണമായി, ഈ അപകടപാതയിലേക്കാണ് യുറോപ്പ് നീങ്ങുന്നത്. എന്നാലും "അതിന്റെ സാംസ്കാരികവും മതപരവുമായ വലിയ പാരമ്പര്യംകൊണ്ട് മനുഷ്യവ്യക്തിയുടെ കേന്ദ്രീയതയെ സംരക്ഷിക്കാനും അതിന്റെ ഇരട്ട ഉത്തരവാദിത്വങ്ങൾ തമ്മിലുള്ള ശരിയായ സന്തുലിതാവസ്ഥ കണ്ടെത്താനും അതിനു കഴിയും. ഇരട്ട ഉത്തരവാദിത്വമെന്നത്, അതിന്റെ പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കുകയെന്നതും കുടിയേറ്റക്കാർക്ക് സഹായവും സ്വീകരണവും ഉറപ്പുവരുത്തുകയെന്നതുമാണ്."[44]

41. കുടിയേറ്റക്കാരെ സംബന്ധിച്ച് ചിലർ സംശയമുള്ളവരും ഭയപൂർണരുമാണെന്ന് ഞാൻ തിരിച്ചറിയുന്നു. സ്വയംരക്ഷയ്ക്കുവേണ്ടിയുള്ള നമ്മുടെ സ്വാഭാവിക വാസനയുടെ ഭാഗമായി ഇതിനെ ഞാൻ കരുതുന്നു. എന്നാലും ഒരു വ്യക്തിയും ഒരുസമൂഹവും മറ്റുള്ളവരോടുള്ള സർഗാത്മക തുറവി വികസിപ്പിക്കാൻ കഴിവുള്ളവരാണെങ്കിൽ മാത്രമേ ഫലപൂർണ്ണതയും ഉത്പാദനക്ഷമതയും ഉള്ളവരായിത്തീരുകയുള്ളൂ എന്നതും സത്യമാണ്. പ്രാഥമിക പ്രതികരണങ്ങൾക്കു പരിയായി നീങ്ങാൻ ഓരോ വ്യക്തിയോടും ഞാൻ ആവശ്യപ്പെടുന്നു. കാരണം, "നമ്മുടെ ചിന്താരീതിയെയും പ്രവർത്തനത്തെയും സംശയങ്ങളും ഭയവും സ്വാധീനിക്കുമ്പോൾ ഒരു പ്രശ്നമുണ്ട് - അതു നമ്മെ അസഹിഷ്ണുക്കളും അടഞ്ഞവരും, ഒരു പക്ഷേ അറിയാതെ തന്നെ വംശവാദികൾപോലും, ആക്കിത്തീർക്കും. ഇങ്ങനെ ഭയം നമ്മെ അപരരെ കണ്ടുമുട്ടാനുള്ള ആഗ്രഹവും കഴിവും ഇല്ലാത്തവരാക്കും."[45]

## X. വാർത്താവിനിമയം എന്ന മായ

42. മറ്റുള്ളവരോട് ആവൃതവും സഹിഷ്ണുതാരഹിതവുമായ മനോഭാവങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ സ്വകാര്യതയ്ക്കുള്ള അവകാശം ചുരുങ്ങുന്നു, കഷ്ടിച്ച് നിലനില്ക്കുന്ന അവസ്ഥയിലേക്ക് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു, ഓരോ കാര്യവും പരീക്ഷിക്കപ്പെടുകയും പരിശോധിക്കപ്പെടുകയും ചെയ്യേണ്ട ഒരു കാഴ്ചയായി തീരുന്നു, സ്ഥിരം ജാഗ്രതയോടെയുള്ള ഒരു കാവലായിതീരുന്നു. എല്ലാ കാര്യങ്ങളും തുറന്നു കാണിക്കാൻ ഡിജിറ്റൽ ആശയസമ്പർക്കം ആവശ്യപ്പെടുന്നു. അങ്ങനെ ആളുകളുടെ ജീവിതം കൂലങ്കഷമായ പരിശോധനയ്ക്കു വിധേയമാക്കി, നഗ്നമാക്കി ചിതറിക്കുന്നു. മിക്കപ്പോഴും അജ്ഞാതരാണ് ഇതു ചെയ്യുന്നത്. മറ്റുള്ളവരോടുള്ള ബഹുമാനം ശിഥിലമാക്കിക്കൊണ്ട് നമ്മൾ മറ്റുള്ളവരെ തള്ളിക്കളയുകയോ അവഗണിക്കുകയോ അകലെ നിറുത്തുകയോ ചെയ്യുമ്പോഴും അവരുടെ ജീവിതത്തിന്റെ ഓരോ വിശദാംശങ്ങളിലേക്കും നാണമില്ലാതെ ഒളിഞ്ഞു നോക്കുവാൻ പ്രേരിതരാക്കുന്നു.

43. വിദ്വേഷത്തിന്റെയും വിനാശത്തിന്റെയും ഡിജിറ്റൽ കാംപെയ്നുകൾ - നമ്മൾ വിശ്വസിക്കണമെന്നു ചിലർ ആഗ്രഹിക്കുന്നതുപോലെ - പരസ്പര പിന്തുണയുടെ ഭാവാത്മകമായ രൂപമല്ല, പിന്നെയോ സൂക്ഷിച്ചു നോക്കി കാണപ്പെടുന്ന പൊതുശത്രുവിനെതിരേ ഒന്നിച്ചു

കൂടിയ കൂട്ടായ്മ മാത്രമാണ്. "ജനങ്ങളെ മദ്യാസക്തിയുടെയും ഒറ്റപ്പെടുത്തലിന്റെയും വസ്തുനിഷ്ഠമായ യാഥാർത്ഥ്യത്തോടുള്ള സമ്പർക്കം ക്രമേണ കുറയുന്നതിന്റെയും അപകട സാധ്യതയിലേക്കു തുറന്നുവിടാനും ഡിജിറ്റൽ മീഡിയായ്ക്കു കഴിയും. യഥാർത്ഥ വ്യക്ത്യന്തരബന്ധങ്ങളുടെ വികസനത്തെ തടഞ്ഞുകൊണ്ട് അങ്ങനെ ചെയ്യാൻ കഴിയും."[46] നമ്മോടു സംസാരിക്കുകയും മാനുഷിക സമ്പർക്കത്തിന്റെ ഭാഗമായിരിക്കുകയും ചെയ്യുന്ന ശാരീരിക ചലനങ്ങൾ, മുഖത്തിന്റെ പ്രകാശനങ്ങൾ, നിശബ്ദതയുടെ നിമിഷങ്ങൾ, ശാരീരികഭാഷ - കൈകളുടെ ചലനങ്ങൾ, നാണത്താലോ വിനയത്താലോ ഉണ്ടാകുന്ന മുഖ ചുവപ്പ്, വിയർപ്പ് - എന്നിവ അവയ്ക്ക് ഇല്ല. സുഹൃദ്ബന്ധങ്ങളുടെ സാവധാനത്തിലും ക്രമേണയുമുള്ള വളർത്തൽ സ്ഥിരമായ ഇടപെടലുകൾ, അല്ലെങ്കിൽ പൊതു സമ്മതത്തിന്റെ പടുത്തുയർത്തൽ എന്നിവ ആവശ്യപ്പെടാത്ത ഡിജിറ്റൽ ബന്ധങ്ങൾക്ക് സംസർഗശീലത്തിന്റെ ബാഹ്യപ്രകടനമുണ്ട്. എന്നാലും അവ യഥാർത്ഥത്തിൽ സമൂഹത്തെ പടുത്തുയർത്തുന്നില്ല. പകരം വ്യക്തിമാത്രം പ്രാധാന്യവാദത്തെ മറയ്ക്കുകയും വിപുലമാക്കുകയും ചെയ്യും. ആ വാദമാകട്ടെ അപരിചിതരോടുള്ള ഭയത്തിലും മുറിവേൽക്കപ്പെടാവുന്നവരോടുള്ള വെറുപ്പിലും പ്രകാശനം തേടുന്നതാണ്. പാലങ്ങൾ പണിയാൻ ഡിജിറ്റൽ കൊണ്ടുള്ള ബന്ധിപ്പിക്കൽ മതിയാവുകയില്ല. മനുഷ്യവംശത്തെ ഐക്യപ്പെടുത്താൻ അതിനു കഴിവില്ല

## XI. ലജ്ജാരഹിതമായ ആക്രമണം

44. വ്യക്തികൾ തങ്ങളുടെ സുഖദമായ ഉപഭോഗ ഏകാകിത്വം മുറുകെപ്പിടിക്കുമ്പോൾത്തന്നെ അപരരെ നശിപ്പിക്കുന്ന ശത്രുതയും വിദ്വേഷവും അധിക്ഷേപവും അപകീർത്തിപ്പെടുത്തലും വാചികാക്രമണവും പ്രോത്സാഹിപ്പിക്കുന്ന സ്ഥായിയും ഭ്രാന്തവുമായ ഒരുബന്ധം തിരഞ്ഞെടുക്കാൻ അവർക്കു കഴിയുന്നു. ശാരീരികമായ സാമീപ്യത്തിൽ ആയിരുന്നെങ്കിൽ നമ്മെയെല്ലാം വലിച്ചു കീറിക്കളയാൻ പോലും ഇത്തരത്തിലുള്ള കടിഞ്ഞാണില്ലായ്മ ഇടയാക്കുമായിരുന്നു. കംപ്യൂട്ടറുകളിലൂടെയും മൊബൈൽ ഫോണിലൂടെയും സാമൂഹികാക്രമണം സമാനതകളില്ലാത്തവിധം ഇടം കണ്ടെത്തിയിട്ടുണ്ട്.

45. ഇപ്പോൾ പ്രത്യയശാസ്ത്രങ്ങളെ കടിഞ്ഞാൺ ഏൽപിച്ചതുപോലെ ആയിട്ടുണ്ട്. കുറച്ചുവർഷങ്ങൾക്കു മുൻപുവരെ സാർവത്രിക

ബഹുമാനം നഷ്ടപ്പെടുകയെന്ന കുഴപ്പം കൂടാതെ ആർക്കും പറയാൻ പറ്റാതിരുന്ന കാര്യങ്ങൾ ഇപ്പോൾ ശിക്ഷാസാധ്യതയില്ലാതെ ഏറ്റവും പരുക്കൻ വാക്കുകൾ ഉപയോഗിച്ച് പറയാൻ ചില രാഷ്ട്രീയ നേതാക്കൾക്കുപോലും സാധിക്കും. ഒരു വസ്തുത നാം മറക്കരുത്: "മനസാക്ഷികളിലും ജനാധിപത്യപ്രക്രിയയിലും കൈകടത്താനായി ചില സംവിധാനങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് സൂക്ഷ്മവും പടർന്നുകയറുന്നതുമായ നിയന്ത്രണരീതികൾ നടപ്പിലാക്കാൻ പ്രാപ്തിയുള്ള സാമ്പത്തിക താൽപര്യങ്ങൾ ഡിജിറ്റൽ ലോകത്തിൽ പ്രവർത്തിക്കുന്നുണ്ട്. വ്യത്യസ്ത അഭിപ്രായങ്ങൾ ഒഴിവാക്കിക്കൊണ്ട്, സമാനചിന്താഗതിക്കാരുടെ സംഗമത്തെ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനരീതിയാണ് പല സാങ്കേതികവിദ്യാവേദികൾക്കുമുള്ളത്. ആവൃതമായ ഈ സർക്യൂട്ടുകൾ മുൻവിധിയും വിദ്വേഷവും വളർത്തിക്കൊണ്ട് വ്യാജവാർത്തയുടെയും തെറ്റായ വിവരം നല്കലിന്റെയും വ്യാപനത്തെ എളുപ്പമുള്ളതാക്കിത്തീർക്കുന്നു.[47]

46. ഒരു വസ്തുത കൂടി നാം തിരിച്ചറിയണം. അതായത്, ക്രൈസ്തവർ ഉൾപ്പെടെയുള്ള മതവിശ്വാസികളിൽ ചിലപ്പോൾ തീവ്രവാദത്തിന്റെ വിനാശകരമായ രൂപങ്ങൾ കാണപ്പെടുന്നുണ്ട്. "ഇന്റർനെറ്റിലൂടെയും ഡിജിറ്റൽ കമ്മ്യൂണിക്കേഷന്റെ വിവിധ മാർഗങ്ങളിലൂടെയും വാചികാക്രമണത്തിന്റെ നെറ്റുവർക്കുകളിൽ അവരും കുടുങ്ങിപ്പോകാം. കത്തോലിക്കാ മീഡിയയിൽ പോലും അതിരു കടക്കലുണ്ടാകാം, അപകീർത്തിപ്പെടുത്തലും അപവാദം പറയലും സാധാരണമായേക്കാം, എല്ലാ ധാർമ്മിക മാനദണ്ഡങ്ങളും മറ്റുള്ളവരുടെ സത്പേരിനോടുള്ള ആദരവും കാറ്റിൽ പറത്തപ്പെട്ടേക്കാം."[48] നമുക്ക് ഉണ്ടായിരിക്കണമെന്നു നമ്മുടെ പൊതുപിതാവ് ആവശ്യപ്പെടുന്ന സാഹോദര്യത്തിന് സംഭാവന ചെയ്യാൻ ഇതിന് എങ്ങനെ കഴിയും?

## XII. ജ്ഞാനരഹിതമായ വിവരദാനം

47. യാഥാർത്ഥ്യവുമായിട്ടുള്ള കണ്ടുമുട്ടലുണ്ടാകണമെന്ന് യഥാർത്ഥ ജ്ഞാനം ആവശ്യപ്പെടുന്നു. എന്നാൽ ഇന്ന് എല്ലാം കൃത്രിമമായി നിർമിക്കാനും വേഷപ്രച്ഛന്നവിധേയമാക്കാനും മാറ്റം വരുത്താനും കഴിയും. അങ്ങനെ യാഥാർത്ഥ്യത്തിന്റെ തൊങ്ങലിനോടുപോലും നേരിട്ടുനടത്തുന്ന കണ്ടുമുട്ടൽ അസഹനീയമായിത്തീരാം. അപ്പോൾ തിരഞ്ഞെടുപ്പിന് ഒരു യാന്ത്രികഭാവം കൈവരുന്നു. അതനുസരിച്ച് എനിക്ക് ഇഷ്ടപ്പെടുന്നവയെയും ഇഷ്ടപ്പെടാത്തവയെയും പെട്ടെന്നു

വേർതിരിക്കാം. ആകർഷകമെന്ന് ഞാൻ കരുതുന്നതിനെ അരോചക മെന്നു തോന്നുന്നതിൽ നിന്നു വേർതിരിക്കാം. അതുപോലെ തന്നെ അതേ രീതിയിൽ ആരുമായി നമ്മുടെ ലോകം പങ്കുവയ്ക്കാൻ നാം ആഗ്രഹിക്കുന്നുവോ അവരെ നമുക്ക് തിരഞ്ഞെടുക്കാം. നമുക്ക് ഇഷ്ടപ്പെടാത്തതെന്നോ, അംഗീകരിക്കാനാവാത്തതെന്നോ നമുക്കു തോന്നുന്ന വ്യക്തികളോ സാഹചര്യങ്ങളോ ഇന്നത്തെ കാല്പനിക നെറ്റുവർക്കുകളിൽ വെറുതെ ഡിലീറ്റ് ചെയ്യപ്പെടുന്നു. എന്നിട്ട് നാം ജീവിക്കുന്ന യഥാർത്ഥ ലോകത്തിൽനിന്ന് നമ്മെ മാറ്റി ഒറ്റപ്പെടു ത്തിക്കൊണ്ട് ഒരു കാല്പനിക വളയം സൃഷ്ടിക്കപ്പെടുന്നു.

48. വ്യക്തികൾ തമ്മിൽ കണ്ടുമുട്ടുന്നതിന്റെ സവിശേഷതയായ ഇരുന്നു ശ്രദ്ധിക്കുകയെന്നത് സ്വാഗതം ചെയ്യുന്ന മനോഭാവത്തിന്റെ വിശിഷ്ട മാതൃകയാണ് - സ്വദേഹപ്രേമത്തിന് അപ്പുറം കടന്ന് മറ്റു ള്ളവരെ സംരക്ഷിക്കുകയും തങ്ങളുടെ ജീവിതത്തിലേക്കു അവരെ സ്വീകരിക്കുകയും ചെയ്യുന്നവർ കാണിക്കുന്ന മാതൃക. എന്നാലും "ഇന്നത്തെ ലോകം വലിയ തോതിൽ ഒരു ബധിര ലോകമാണ്... ചിലപ്പോൾ മറ്റേ വ്യക്തി പറയുന്നത് എന്താണെന്ന് ശ്രദ്ധാപൂർവ്വം കേൾക്കുന്നതിൽനിന്ന് ആധുനിക ലോകത്തിന്റെ ഭ്രാന്തു പിടിച്ച ഗതിവേഗം നമ്മെ തടയുന്നു. പാതിവഴിയിൽവച്ച് അയാളെ തടഞ്ഞ്, മുഴുമിപ്പിക്കുന്നതിനു മുൻപുതന്നെ അയാൾ പറഞ്ഞുകൊണ്ടിരിക്കു ന്നതിനെ ഖണ്ഡിക്കാൻ നമ്മൾ ആഗ്രഹിക്കുന്നു. കേൾക്കാനുള്ള കഴിവ് നമ്മൾ നഷ്ടപ്പെടുത്തരുത്." ഫ്രാൻസിസ് അസ്സീസി "ദൈവ ത്തിന്റെ ശബ്ദം കേട്ടു. ദരിദ്രരുടെ ശബ്ദം കേട്ടു. രോഗികളുടെ ശബ്ദം കേട്ടു. പ്രകൃതിയുടെ ശബ്ദവും കേട്ടു. അദ്ദേഹം അവയെല്ലാം തന്റെ ജീവിതത്തിന്റെ ഒരു മാർഗമാക്കി. ഫ്രാൻസിസ് അസ്സീസി നട്ട വിത്ത് അനേകരുടെ ഹൃദയങ്ങളിൽ മുളച്ചുവളരണമെന്നാണ് എന്റെ ആഗ്രഹം."49

49. നിശ്ശബ്ദതയും ശ്രദ്ധാപൂർവകമായ ശ്രവണവും അപ്രത്യക്ഷ മാകുകയും പകരമായി ആവേശം പൂണ്ട ടെക്സ്റ്റിങ്ങുകൾ സ്ഥാനം പിടിക്കുകയും ചെയ്യുമ്പോൾ വിവേകമുള്ള മാനുഷിക ആശയവിനിമ യത്തിന്റെ അടിസ്ഥാനപരമായ ഘടന അപകടത്തിലാകുന്നു. നമുക്ക് ആവശ്യമുള്ളതു മാത്രം സൃഷ്ടിക്കുകയും, നിയന്ത്രിക്കാൻ കഴി യാത്തതോ പെട്ടെന്ന് ഉപരിപ്ലവമായി അറിയാൻ കഴിയാത്തതോ ആയത് ഉപേക്ഷിക്കപ്പെടുകയും ചെയ്യുന്ന പുതിയൊരു ജീവിത

ശൈലി സംജാതമായിക്കൊണ്ടിരിക്കുകയാണ്. ഈ പ്രക്രിയ അതിന്റെ ആന്തരിക യുക്തിയനുസരിച്ച്, നമ്മെ പൊതുവായ ജ്ഞാനത്തിലേക്കു നയിക്കുന്ന പ്രശാന്തമായ നിർമ്മലമായ വിചിന്തനത്തെ തടയുന്നു.

50. നമുക്ക് ഒരുമിച്ച് സംഭാഷണത്തിൽ - മൃദുഭാഷണത്തിലോ ആവേശപൂർണ്ണമായ സംവാദത്തിലോ - സത്യത്തെ തേടാനാകും. ഇതിന് സ്ഥിരോത്സാഹം ആവശ്യമാണ്. ഇതിൽ നിശ്ശബ്ദതയുടെയും സഹനത്തിന്റെയും നിമിഷങ്ങൾ ഉണ്ടാകണം. എന്നാലും വ്യക്തികളുടെയും ജനതകളുടെയും കൂടുതൽ വ്യാപകമായ അനുഭവത്തെ ക്ഷമാപൂർവ്വം ആശ്ലേഷിക്കാൻ അതിനു കഴിയും. നമ്മുടെ വിരൽ തുമ്പുകളിലുള്ള വിവരങ്ങളുടെ പ്രളയം കൂടുതൽ ജ്ഞാനത്തിനുവേണ്ടി തുനിഞ്ഞിറങ്ങുന്നില്ല. ഇന്റർനെറ്റിൽ നടത്തുന്ന വേഗത്തിലുള്ള അന്വേഷണങ്ങളിൽ നിന്നു ജ്ഞാനം ജനിക്കുന്നില്ല. പരിശോധിച്ചറിയാത്ത വിവരങ്ങളുടെ ശേഖരണവുമല്ല അത്. സത്യവുമായുള്ള കണ്ടുമുട്ടലിൽ പക്വത പ്രാപിക്കാനുള്ള വഴിയല്ല അത്. സംഭാഷണങ്ങൾ ഏറ്റവും പുതിയ വിവരങ്ങളെ മാത്രം വലയംവയ്ക്കുന്നു. അവ കേവലം വിതറിക്കൂട്ടലുകളാണ്. നമ്മുടെ ശ്രദ്ധയെ കേന്ദ്രീകരിക്കുന്നതിൽ, വിഷയങ്ങളുടെ ഉള്ളിലേക്കു തുളച്ചു കയറുന്നതിൽ, നമ്മുടെ ജീവിതത്തിന് അർത്ഥം നല്കാൻ ആവശ്യം വേണ്ടത് എന്താണെന്ന് തിരിച്ചറിയുന്നതിൽ നാം പരാജയപ്പെടുന്നു. അങ്ങനെ സ്വാതന്ത്ര്യമെന്നത് നമുക്കായി വിൽക്കപ്പെടുന്ന ഒരു മിഥ്യയായിത്തീരുന്നു; ഇന്റർനെറ്റിൽ തിരച്ചിൽ നടത്താനുള്ള സ്വാതന്ത്രമായി അത് തെറ്റിദ്ധരിക്കപ്പെടുകയും ചെയ്യുന്നു. സാഹോദര്യത്തെ പടുത്തുയർത്തുന്ന പ്രക്രിയ - അത് പ്രാദേശികമായാലും സാർവത്രികമായാലും - സ്വതന്ത്രരും യഥാർത്ഥ കണ്ടുമുട്ടലിലേക്ക് തുറവിയുള്ളവരുമായ ചൈതന്യങ്ങൾക്കേ സാധ്യമാകൂ.

## XIII. കീഴ്പ്പെടലിന്റെയും ആത്മനിന്ദയുടെയും രൂപങ്ങൾ

51. സാമ്പത്തികമായി അഭിവൃദ്ധിപ്പെട്ട ചില രാജ്യങ്ങളെ അഭിവൃദ്ധി കുറഞ്ഞ രാജ്യങ്ങൾക്ക് സാംസ്കാരിക മാതൃകകളായി നിർദ്ദേശിക്കാനുള്ള പ്രവണതയുണ്ട്. അതിനുപകരം ചെയ്യേണ്ടത്, ആ രാജ്യങ്ങളിൽ ഓരോന്നിനെയും അതതിന്റെ വ്യത്യസ്ത മാർഗത്തിൽ വളരാനും നവീകരിക്കാനുമുള്ള കഴിവ് വികസിപ്പിക്കാൻ സഹായിക്കുകയാണ്. ഓരോന്നിനും സ്വന്തമായിട്ടുള്ള സംസ്കാരത്തിന്റെ മൂല്യങ്ങളെ

ആദരിച്ചുകൊണ്ട് വേണം അങ്ങനെ ചെയ്യാൻ. മറ്റുള്ളവരെ അനുകരിക്കാനുള്ള ഉപരിപ്ലവവും ശോചനീയവുമായ ആഗ്രഹം സൃഷ്ടിപരതയ്ക്കു പകരം പകർപ്പുനിർമാണത്തിലേക്കും ഉപഭോഗത്തിലേക്കും മാത്രമേ നയിക്കുകയുള്ളൂ. ദേശീയമായ ആത്മാഭിമാനക്കുറവായിരിക്കും അതിന്റെ ഫലം. ചിന്തിക്കുന്നതിന്റെയും പ്രവർത്തിക്കുന്നതിന്റെയും തദ്ദേശീയ മാർഗങ്ങളെ എതിർക്കുകയും സ്വന്തം സാംസ്കാരിക തനിമയെ, എല്ലാ തിന്മയുടെയും ഏകകാരണമാണെന്നതുപോലെ, അവഗണിക്കുകയും ചെയ്യുന്ന പ്രവണത അനേകം ദരിദ്ര രാഷ്ട്രങ്ങളിലെ സമ്പന്ന വിഭാഗക്കാരിലും, ചിലപ്പോൾ ദാരിദ്ര്യത്തിൽ നിന്ന് അടുത്ത കാലത്ത് വെളിയിൽ വന്നവരിലും കാണപ്പെടുന്നുണ്ട്.

52. മറ്റുള്ളവരെ കീഴടക്കാനുള്ള ഒരു എളുപ്പമാർഗമാണ് അവരുടെ ആത്മാഭിമാനത്തെ നശിപ്പിക്കുകയെന്നത്. നമ്മുടെ ലോകത്തെ നിരപ്പുള്ളതാക്കാൻ ശ്രമിക്കുന്ന ഈ പ്രവണതകളുടെ മുമ്പിൽ അത്തരം താണ ആത്മാഭിമാനത്തിൽ നിന്നു ഗുണമെടുക്കുന്ന ശക്തിയുള്ള താത്പര്യങ്ങൾ പ്രാമാണിക വിഭാഗത്തിനു സേവനം ചെയ്യാനുള്ള പുതിയൊരു സംസ്കാരം സൃഷ്ടിക്കാൻ മീഡിയായിലൂടെയും നെറ്റുവർക്കുകളിലൂടെയും പരിശ്രമിച്ചുകൊണ്ട് തഴച്ചു വളരുന്നുണ്ട്. സാമ്പത്തിക ഊഹകച്ചവടക്കാരുടെയും കൊള്ളക്കാരുടെയും അവസരവാദത്തിന് ഇത് പ്രയോജനകരമായിത്തീരുമ്പോൾ എപ്പോഴും നഷ്ടം സംഭവിക്കുന്നത് ദരിദ്രർക്കാണ്. മാത്രമല്ല, സ്വതന്ത്രമായി സ്വീകരിക്കാവുന്നതും നീണ്ടകാലത്തേക്ക് നിലനിർത്താവുന്നതുമായ ഫലപ്രദമായ വികസന പദ്ധതികൾ രൂപീകരിക്കാൻ സ്വജനത്തിന്റെ സംസ്കാരം മറന്ന അനേകം രാഷ്ട്രീയ നേതാക്കൾക്ക് കഴിയാതെ പോയി.

53. നാം ഒരു വസ്തുത മറക്കുന്നു. അതായത് "വേരു പറിക്കപ്പെട്ട് ആരുടേതുമല്ലാതാക്കപ്പെട്ടുവെന്നു തോന്നുന്നതിനെക്കാൾ കൂടുതൽ മോശമായ രൂപം അന്യാധീനപ്പെടലിന് ഇല്ല. ഒരു രാജ്യത്തിന് അതിന്റെ അംഗങ്ങൾക്കിടയിൽ ബന്ധബോധം വളർത്താനും തലമുറകൾക്കിടയിലും വിവിധ സമൂഹങ്ങൾക്കിടയിലും സമന്വയബന്ധം സൃഷ്ടിക്കാനും അപരരോട് നിസ്സംഗത പുലർത്തി കൂടുതൽ അന്യവത്കൃതരാകാൻ ഇടയാക്കുന്നതെല്ലാം ഒഴിവാക്കാനും എത്രമാത്രം കഴിയുമോ, അത്രമാത്രമായിരിക്കും ആ രാജ്യത്തിന്റെയും അതിലെ ജനങ്ങളുടെയും ഫലദായകത്വവും ഭാവിയും."[50]

## XIV. പ്രത്യാശ

54. അവഗണിക്കപ്പെടാനാവാത്ത ഈ ഇരുണ്ട കാർമേഘങ്ങളുണ്ടെങ്കിലും പ്രത്യാശയുടെ അനേകം പുതിയ പാതകളെ സ്വീകരിക്കുവാനും അവയെപ്പറ്റി ചർച്ച ചെയ്യുവാനും താഴെ വരുന്ന പേജുകളിൽ ഞാൻ ആഗ്രഹിക്കുന്നു. എന്തെന്നാൽ ദൈവം നമ്മുടെ മനുഷ്യസമൂഹത്തിൽ നന്മയുടെ വിത്തുകൾ സമൃദ്ധമായ തോതിൽ വിതച്ചുകൊണ്ടേയിരിക്കുന്നു. അടുത്ത കാലത്തെ പകർച്ചവ്യാധി ഒരു ഗുണം ചെയ്തു. മഹാമാരിയെക്കുറിച്ചുള്ള ഭയത്തിന്റെ മധ്യേയും തങ്ങളുടെ ജീവൻ പണയംവച്ച് ചുറ്റുമുള്ളവരെ തിരിച്ചറിയാനും അംഗീകരിക്കാനും അത് നമുക്ക് അവസരം തന്നു. നമ്മുടെ ജീവിതം പൊതുവായ ചരിത്രത്തിലെ നിർണായക സംഭവങ്ങൾ കരുത്തോടെ രൂപപ്പെടുത്തുന്ന സാധാരണ ജനങ്ങളുടേതിനോട് ചുറ്റിപ്പിണഞ്ഞു കിടക്കുന്നതും അവരാൽ താങ്ങപ്പെടുന്നതുമാണെന്നു നാം തിരിച്ചറിഞ്ഞു: ഡോക്ടർമാർ, നേഴ്സുമാർ, ഫാർമസിസ്റ്റുകൾ, സ്റ്റോർ കീപ്പർമാർ, സൂപ്പർമാർക്കറ്റു ജോലിക്കാർ, ശുചീകരണപ്രക്രിയ നടത്തുന്ന വ്യക്തികൾ, ശുശ്രൂഷ ചെയ്യുന്നവർ, ട്രാൻസ്പോർട്ടു ജോലിക്കാർ, അടിസ്ഥാനപരമായ ആവശ്യങ്ങൾക്കായും പൊതുസുരക്ഷിതത്വം നല്കുന്നതിനായും അധ്വാനിക്കുന്ന സ്ത്രീപുരുഷൻമാർ,



വോളന്റീയർമാർ, വൈദികർ, സന്ന്യസ്തർ... ഒരു വ്യക്തിയും ഒറ്റയ്ക്കു രക്ഷപ്പെടുന്നില്ലെന്ന് നാം മനസിലാക്കി.[51]

55. എല്ലാ വ്യക്തികളെയും നവീകൃതമായ പ്രത്യാശയിലേക്ക് ഞാൻ ക്ഷണിക്കുന്നു. എന്തെന്നാൽ, പ്രത്യാശ "നമ്മുടെ സാഹചര്യങ്ങൾക്കും ചരിത്രപരമായ സ്വാധീനങ്ങൾക്കുമെല്ലാം ഉപരിയായി ഓരോ മനുഷ്യഹൃദയത്തിലും ആഴത്തിൽ വേരോടിയിരിക്കുന്ന ഒന്നിനെക്കുറിച്ച് നമ്മോടു പറയുന്നു. ഒരു ദാഹം, ഒരു ഔന്നത്യതൃഷ്ണ, ഫലപൂർണ്ണതയുടെ ഒരു ജീവിതം, വലിയ കാര്യങ്ങൾ നേടാനുള്ള ഒരാഗ്രഹം, നമ്മുടെ ഹൃദയത്തെ നിറയ്ക്കാനും സത്യം, സൗന്ദര്യം, നീതി, സ്നേഹം എന്നിങ്ങനെയുള്ള ഉന്നത യാഥാർത്ഥ്യത്തിലേക്കു നമ്മുടെ ചൈതന്യത്തെ ഉയർത്താനുമുള്ള ആഗ്രഹം എന്നിവയെപ്പറ്റി പ്രത്യാശ നമ്മോടു സംസാരിക്കുന്നു... പ്രത്യാശ ധീരതയുള്ളതാണ്. നമ്മുടെ ചക്രവാളത്തെ പരിമിതപ്പെടുത്തുന്ന വ്യക്തിപരമായ സൗകര്യം, കൊച്ചു സുരക്ഷിതത്വങ്ങൾ, പകരം വയ്ക്കലുകൾ എന്നിവയ്ക്കപ്പുറത്തേക്ക് നോക്കാൻ അതിനു കഴിയും. ജീവിതത്തെ കൂടുതൽ സുന്ദരവും യോഗ്യവുമാക്കിത്തീർക്കുന്ന മഹത്തായ ആദർശങ്ങളിലേക്കു നമ്മെ തുറവിയുള്ളവരാക്കാൻ അതിനു കഴിയും."[52] അതുകൊണ്ട് പ്രത്യാശയുടെ വഴിയിലൂടെയുള്ള മുന്നേറൽ നമുക്കു തുടരാം.

## അധ്യായം രണ്ട്

# വഴിയിൽ ഒരു അപരിചിതൻ

56. ഇന്നത്തെ പ്രശ്നങ്ങളെക്കുറിച്ചുള്ള തണുത്ത, നിർമമതയോടെയുള്ള വിവരണമായി മുൻ ആധ്യായം വായിക്കരുത്. എന്തെന്നാൽ "നമ്മുടെ കാലഘട്ടത്തിലെ ജനതയുടെ, പ്രത്യേകിച്ച്, ദരിദ്രരും പീഡിപ്പിക്കപ്പെട്ടവരുമായവരുടെ, സന്തോഷങ്ങളും പ്രത്യാശകളും ദുഃഖങ്ങളും കൊടുംവേദനയും ക്രിസ്തുവിന്റെ അനുയായികളുടെ സന്തോഷങ്ങളും പ്രത്യാശകളും ദുഃഖങ്ങളും കൊടുംവേദനകളുമാണ്. യഥാർത്ഥത്തിൽ മാനുഷികമായിട്ടുള്ളതൊന്നും അവരുടെ ഹൃദയങ്ങളിൽ പ്രതിധ്വനി ഉണ്ടാക്കാതിരിക്കുകയില്ല."[53] നമ്മൾ കടന്നുപോകുന്ന ഇരുളിന്റെ മധ്യത്തിൽ, ഒരു പ്രകാശരശ്മി അന്വേഷിക്കാനുള്ള പരിശ്രമത്തിന്റെ ഭാഗമായും ചില പ്രായോഗിക കാര്യങ്ങൾ നിർദ്ദേശിക്കുന്നതിനുമുമ്പായും ഒരധ്യായം യേശുക്രിസ്തു രണ്ടായിരം വർഷം മുമ്പു പറഞ്ഞ ഒരു ഉപമയ്ക്കായി മാറ്റിവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ എഴുത്ത് സന്മനസ്സുള്ള എല്ലാ ജനങ്ങൾക്കും വേണ്ടി - അവരുടെ മതപരമായ ബോധ്യങ്ങൾ പരിഗണിക്കാതെ - എഴുതുന്നതാണ്. ആ ഉപമ നമ്മിൽ ആർക്കും പ്രസക്തവും വെല്ലുവിളി ഉയർത്തുന്നതുമാണ്.

"അപ്പോൾ ഒരു നിയമജ്ഞൻ എഴുന്നേറ്റുനിന്ന് അവനെ പരീക്ഷിക്കുവാൻ ചോദിച്ചു: ഗുരോ, നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തുചെയ്യണം? അവൻ ചോദിച്ചു: നിയമത്തിൽ എങ്ങനെ എഴുതിയിരിക്കുന്നു? നീ എന്തു വായിക്കുന്നു? അവൻ ഉത്തരം പറഞ്ഞു. നീ നിന്റെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണാത്മാവിനോടും പൂർണശക്തിയോടും പൂർണമനസ്സോടും കൂടെ സ്നേഹിക്കണം; നിന്റെ അയൽക്കാരനെ നിന്നെപ്പോലെയും. അവൻ പ്രതിവചിച്ചു: നീ ശരിയായിത്തന്നെ ഉത്തരംപറഞ്ഞു. ഇതനുസരിച്ചു

പ്രവർത്തിക്കുക; നീ ജീവിക്കും. എന്നാൽ അവൻ തന്നെത്തന്നെ സാധൂകരിക്കാൻ ആഗ്രഹിച്ച് യേശുവിനോട് ചോദിച്ചു: ആരാണ് എന്റെ അയൽക്കാരൻ? യേശു പറഞ്ഞു: ഒരുവൻ ജറുസലെമിൽ നിന്ന് ജറീക്കോയിലേക്കു പോവുകയായിരുന്നു. അവൻ കവർച്ചക്കാരുടെ കൈയിൽപ്പെട്ടു. അവർ അവന്റെ വസ്ത്രങ്ങൾ ഉരിഞ്ഞെടുത്ത് അവനെ പ്രഹരിച്ച് അർദ്ധപ്രാണനാക്കിയിട്ട് പൊയ്ക്കളഞ്ഞു. ഒരു പുരോഹിതൻ ആ വഴിയേ വന്നു. അവനെക്കണ്ട് മറുവശത്തുകൂടെ കടന്നുപോയി. അതുപോലെ ഒരു ലേവായനും അവിടെ വന്നപ്പോൾ അവനെ കണ്ടെങ്കിലും കടന്നുപോയി. എന്നാൽ ഒരു സമറിയാക്കാരൻ യാത്രാമദ്ധ്യേ അവൻ കിടന്ന സ്ഥലത്തുവന്നു. അവനെക്കണ്ട് മനസ്സലിഞ്ഞ്, അടുത്തുചെന്ന് എണ്ണയും വീഞ്ഞുമൊഴിച്ച്, അവന്റെ മുറിവുകൾ വച്ചുകെട്ടി. തന്റെ കഴുതയുടെ പുറത്തു കയറ്റി ഒരു സത്രത്തിൽകൊണ്ടുചെന്നു പരിചരിച്ചു. അടുത്ത ദിവസം അവൻ സത്രം സൂക്ഷിപ്പുകാരന്റെ കൈയിൽ രണ്ടു ദനാറ കൊടുത്തിട്ടു പറഞ്ഞു: ഇവന്റെ കാര്യം നോക്കിക്കൊള്ളണം. കൂടുതലായി എന്തെങ്കിലും ചെലവാകുന്നെങ്കിൽ ഞാൻ തിരിച്ചുവരുമ്പോൾ തന്നുകൊള്ളാം. കവർച്ചക്കാരുടെ കൈയിൽപ്പെട്ട ആ മനുഷ്യന് ഈ മൂവരിൽ ആരാണ് അയൽക്കാരനായി വർത്തിച്ചത്? അവനോടു കരുണ കാണിച്ചവൻ എന്ന് ആ നിയമജ്ഞൻ പറഞ്ഞു. യേശു പറഞ്ഞു. നീയുംപോയി അതുപോലെ ചെയ്യുക.”



## I. പശ്ചാത്തലം

57. ഈ ഉപമയ്ക്ക് സഹസ്രാബ്ദങ്ങളുടെ പഴക്കമുള്ള പ്രശ്നമാണ് കൈകാര്യം ചെയ്യാനുള്ളത്. ലോകവും മനുഷ്യനും സൃഷ്ടിക്കപ്പെട്ട കാര്യം വിവരിച്ചിട്ട് ബൈബിൾ മാനുഷിക ബന്ധങ്ങളെക്കുറിച്ചുള്ള പ്രശ്നമാണ് കൈകാര്യം ചെയ്യുന്നത്. കായേൻ തന്റെ സഹോദ രനായ ആബേലിനെ കൊല്ലുന്നു. അപ്പോൾ ദൈവം ചോദിക്കുന്ന തായി കേൾക്കുന്നു: "നിന്റെ സഹോദരനായ ആബേൽ എവിടെ?" (ഉത്പ 4:9). കായേന്റെ ഉത്തരം നമ്മളും മിക്കപ്പോഴും കൊടുക്കുന്ന ഉത്തരമാണ്: "ഞാൻ എന്റെ സഹോദരന്റെ കാവൽക്കാരനാണോ?" നമ്മുടെ നിസ്സംഗതയെ മുൻനിശ്ചിതത്വംകൊണ്ടോ വിധിതത്ത്വം കൊണ്ടോ ന്യായീകരിക്കാൻ ഇടം തരാത്ത ചോദ്യമാണ് ദൈവം ഉന്ന യിക്കുന്നത്. മറിച്ച്, നമ്മുടെ സംഘർഷങ്ങൾ പരിഹരിക്കുകയും പരസ്പരം കരുതലുള്ളവരാകുകയും ചെയ്യുന്ന വ്യത്യസ്തമായ ഒരു സംസ്കാരം സൃഷ്ടിക്കാൻ അവിടന്ന് നമ്മെ പ്രോത്സാഹിപ്പിക്കുന്നു.

58. ഏക സ്രഷ്ടാവിൽ നിന്നുള്ള നമ്മുടെ ഉത്പത്തിയെ ചില പൊതു അവകാശങ്ങളുടെ അടിസ്ഥാനമായി ജോബിന്റെ പുസ്തകം കാണുന്നു: "അമ്മയുടെ ഉദരത്തിൽ എന്നെ ഉരുവാക്കിയവൻ തന്നെ യല്ലേ അവനെയും സൃഷ്ടിച്ചത്? അമ്മയുടെ ഉദരത്തിൽ ഞങ്ങൾക്കു രണ്ടുപേർക്കും രൂപം നല്കിയത് ഒരുവൻ തന്നെയല്ലേ?" (ജോബ് 31:15). അനേകം നൂറ്റാണ്ടുകൾക്കുശേഷം വിശുദ്ധ ഇറനേവൂസ് ഇതേ കാര്യം വ്യക്തമാക്കാൻ 'സംഗീതത്തിലെ ലയം' എന്ന രൂപകം ഉപ യോഗിച്ചു: സത്യം അന്വേഷിക്കുന്നവൻ ഓരോ ശ്രുതിയും മറ്റുള്ള വയിൽ നിന്ന് വേർതിരിച്ചു സൃഷ്ടിക്കപ്പെട്ടു എന്നു വിചാരിച്ച് ഒരു ശ്രുതിയും മറ്റൊരു ശ്രുതിയും തമ്മിലുള്ള വ്യത്യാസങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കരുത്. നേരേ മറിച്ച്, ഒരേ വ്യക്തിതന്നെയാണ് മുഴുവൻ ലയവും കലാപരമായി വിന്യസിച്ചതെന്ന് മനസ്സിലാക്കണം."[54]

59. ആദിമകാല യഹൂദപാരമ്പര്യങ്ങളിൽ, മറ്റുള്ളവരെ സ്നേഹി ക്കാനും ശുശ്രൂഷിക്കാനുമുള്ള കല്പന പരിമിതമായിരുന്നു. ഒരേ ജനതയുടെ അംഗങ്ങൾ തമ്മിലുള്ള ബന്ധത്തിൽ അത് പരിമിതമാക്ക പ്പെട്ടിരുന്നു. "നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക" (ലേവ്യ 19:18) എന്ന കല്പന സാധാരണയായി മനസ്സിലാക്കപ്പെട്ടിരു ന്നത് സഹപൗരന്മാരെ പരാമർശിക്കുന്നതായിട്ടാണ്. എന്നാലും അതി രുകൾ ക്രമേണ വിപുലീകരിക്കപ്പെട്ടു - പ്രത്യേകിച്ച്, ഇസ്രായേൽ

ദേശത്തിനു വെളിയിൽ വികസിച്ച യഹൂദ മതത്തിൽ. നിന്നോടു ചെയ്യപ്പെടരുത് എന്നു നീ കരുതുന്നത് നീ മറ്റുള്ളവരോട് ചെയ്യരുത് (cf. ജോബ് 4:15) എന്ന കല്പന നാം കാണുന്നു. ക്രിസ്തുവിനു മുമ്പുള്ള ഒന്നാം നൂറ്റാണ്ടിൽ റബ്ബി ഹില്ലേൽ ഇങ്ങനെ പ്രസ്താവിച്ചു: "ഇതാണ് മുഴുവൻ തോറയും. മറ്റുള്ളതെല്ലാം വ്യാഖ്യാനമാണ്."[55] ദൈവത്തിന്റെ തന്നെ പ്രവർത്തനശൈലി അനുകരിക്കാനുള്ള ആഗ്രഹം നമുക്ക് ഏറ്റവും അടുത്തുള്ളവരെപ്പറ്റി മാത്രം ചിന്തിക്കുകയെന്ന പ്രവണതയെ ക്രമേണ മാറ്റിവച്ചു: "മനുഷ്യന്റെ സഹതാപം അയൽക്കാരോടാണ്; എന്നാൽ, കർത്താവ് സകല ജീവജാലങ്ങളോടും ആർദ്രത കാണിക്കുന്നു" (പ്രഭാ 18:13).

60. പുതിയനിയമത്തിൽ റബ്ബി ഹില്ലേലിന്റെ കല്പന ഭാവാത്മകമായ വാക്കുകളിൽ പ്രകാശിപ്പിക്കപ്പെട്ടു: "മറ്റുള്ളവർ നിങ്ങൾക്കു ചെയ്തു തരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾ അവർക്കു ചെയ്യുവിൻ. എന്തെന്നാൽ ഇതാണ് നിയമവും പ്രവാചകരും" (മത്താ 7:12). ഈ കല്പന നമ്മുടെ മനുഷ്യത്വത്തിന്റെ അടിസ്ഥാനത്തിൽ എല്ലാവരെയും ആശ്ലേഷിക്കുന്നത്ര സാർവത്രിക ലക്ഷ്യമുള്ളതാണ്. കാരണം, സ്വർഗീയപിതാവ് "ശിഷ്ടരുടെയും ദുഷ്ടരുടെയും മേൽ സൂര്യനെ ഉദിപ്പിക്കുന്നു (മത്താ 5:45). അതിനാലാണ് "നിങ്ങളുടെ പിതാവ് കാരുണ്യവാനായിരിക്കുന്നതുപോലെ നിങ്ങളും കാരുണ്യമുള്ളവരായിരിക്കുവിൻ" (ലൂക്കാ 6:36) എന്ന ആഹ്വാനവുമുള്ളത്.

61. നമ്മുടെ ഹൃദയം വിദേശീയരെ ആശ്ലേഷിക്കാൻ വികസിക്കണമെന്നതിന്റെ കാരണം നാം ബൈബിളിന്റെ ഏറ്റവും പഴയ ഭാഗങ്ങളിൽ കാണുന്നുണ്ട്. യഹൂദജനത തന്നെ ഒരുകാലത്ത് ഈജിപ്തിൽ വിദേശീയരായി ജീവിച്ചിരുന്നു. അതിന്റെ സ്ഥിരസ്മരണയിൽനിന്നാണ് അതുണ്ടാകുന്നത്. "നിങ്ങൾ പരദേശിയെ ദ്രോഹിക്കുകയോ ഞെരുക്കുകയോ അരുത്. നിങ്ങൾ ഈജിപ്തിൽ പരദേശികളായിരുന്നല്ലോ" (പുറ 22:21).

"നിങ്ങൾ പരദേശികളെ പീഡിപ്പിക്കരുത്. ഈജിപ്തിൽ പരദേശികളായിരുന്ന നിങ്ങൾക്ക് പരദേശികളുടെ ഹൃദയവികാരങ്ങൾ അറിയാമല്ലോ" (പുറ 23:9).

"നിങ്ങളുടെ നാട്ടിൽ വന്ന് താമസിക്കുന്ന വിദേശിയെ ഉപദ്രവിക്കരുത്. നിങ്ങളുടെയിടയിൽ വസിക്കുന്ന വിദേശിയെ നിങ്ങൾ സ്വദേശി

യെപ്പോലെ കണക്കാക്കണം. നിങ്ങളെപ്പോലെ തന്നെ അവനെയും സ്നേഹിക്കണം. കാരണം, നിങ്ങൾ ഈജിപ്തുദേശത്ത് വിദേശികളായിരുന്നു" (ലേവ്യ 19:33-34).

"മുന്തിരിത്തോട്ടത്തിലെ ഫലം ശേഖരിക്കുമ്പോൾ കാലപെറുക്കരുത്. അത് പരദേശിക്കും അനാഥനും വിധവയ്ക്കും വേണ്ടിയുള്ളതാണ്" (നിയ 24:21-22).

സഹോദരസ്നേഹത്തിനുള്ള ആഹ്വാനം പുതിയ നിയമത്തിൽ മുഴുവനും മുഴങ്ങിക്കേൾക്കുന്നു: "എന്തെന്നാൽ നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്ന ഒരേയൊരു കല്പനയിൽ നിയമം മുഴുവനും അടങ്ങിയിരിക്കുന്നു" (ഗലാ 5:14).

"സഹോദരനെ അല്ലെങ്കിൽ സഹോദരിയെ സ്നേഹിക്കുന്നവൻ പ്രകാശത്തിൽ വസിക്കുന്നു. അവന് ഇടർച്ചയുണ്ടാകാൻ കാരണമില്ല. എന്നാൽ മറ്റൊരു വിശ്വാസിയെ വെറുക്കുന്നവൻ ഇരുട്ടിലാണ്" (1 യോഹ 2:10-11).

"സഹോദരനെ സ്നേഹിക്കുന്നതുകൊണ്ട് നമ്മൾ മരണത്തിൽനിന്ന് ജീവനിലേക്കു കടന്നിരിക്കുന്നുവെന്ന് നാം അറിയുന്നു. സ്നേഹിക്കാത്തവനാകട്ടെ മരണത്തിൽത്തന്നെ നിലകൊള്ളുന്നു" (1 യോഹ 3:14).

"ഞാൻ ദൈവത്തെ സ്നേഹിക്കുന്നുവെന്ന് ആരെങ്കിലും പറയുകയും സ്വന്തം സഹോദരനെ ദ്വേഷിക്കുകയും ചെയ്താൽ അവൻ കള്ളം പറയുന്നു. കാരണം, കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല" (1 യോഹ 4:20).

62. എന്നാൽ സ്നേഹത്തിലേക്കുള്ള ഈ ആഹ്വാനം തെറ്റിദ്ധരിക്കപ്പെടാം. ആദിമകാലക്രൈസ്തവ സമൂഹങ്ങൾക്ക് അടഞ്ഞതും ഒറ്റപ്പെട്ടതുമായ ഗ്രൂപ്പുകളെ രൂപപ്പെടുത്താൻ ഉണ്ടായിരുന്ന പ്രലോഭനത്തെ വിശുദ്ധ പൗലോസ് തിരിച്ചറിഞ്ഞു. അതുകൊണ്ട് "തമ്മിൽത്തമ്മിലും മറ്റെല്ലാവരോടുമുള്ള" (1 തെസ്സ 3:12) സ്നേഹംകൊണ്ടു നിറയാൻ ശിഷ്യന്മാരെ അദ്ദേഹം നിർബന്ധിച്ചു. യോഹന്നാന്റെ സമൂഹത്തിലാകട്ടെ, ക്രൈസ്തവർ, "അവർ നിങ്ങൾക്ക് അപരിചിതരാണെങ്കിൽപോലും" (3 യോഹ 5). സ്വാഗതം ചെയ്യപ്പെടണമായിരുന്നു. ഈ സാഹചര്യത്തിൽ നല്ല സമരിയാക്കാരനെ സംബന്ധിച്ച ഉപമയുടെ പ്രാധാന്യം കൂടുതൽ നന്നായി മനസ്സിലാക്കാൻ കഴിയും. ഒരു സഹോ

ദരനോ സഹോദരിയോ ഏതു സ്ഥലത്തുനിന്നു വരുന്നു എന്ന് സ്നേഹം നോക്കുന്നില്ല. എന്തെന്നാൽ, "നമ്മെ ഒറ്റപ്പെട്ടവരും വേർതിരിക്കപ്പെട്ടവരുമായി സൂക്ഷിക്കുന്ന ചങ്ങലകളെ തകർത്ത്. അവയുടെ സ്ഥാനത്ത് സ്നേഹം പാലങ്ങൾ പണിയുന്നു. എല്ലാവർക്കും സ്വന്തം വീട്ടിലെന്നപോലെ കഴിയാൻ സാധിക്കുന്ന... ഒരു മഹാകുടുംബത്തെ സൃഷ്ടിക്കാൻ സ്നേഹം നമ്മെ കഴിവുള്ളവരാക്കുന്നു. സ്നേഹം സഹതാപവും കുലീനതയും ഉളവാക്കുന്നു."[56]

## II. വഴിയരികിൽ ഉപേക്ഷിക്കപ്പെട്ടവൻ

63. കള്ളന്മാരാൽ ആക്രമിക്കപ്പെട്ട്, മുറിവേറ്റ് വഴിയരികിൽ കിടക്കുന്ന ഒരു മനുഷ്യന്റെ കഥ യേശു പറയുന്നു. പല വ്യക്തികളും അയാളുടെ അടുത്തുകൂടെ കടന്നുപോയി; പക്ഷേ, അവിടെ ഒന്നു നിൽക്കുന്നതിൽ അവർ പരാജയപ്പെട്ടു. അവർ സുപ്രധാന സാമൂഹിക പദവികളുള്ളവരായിരുന്നെങ്കിലും. പൊതുനന്മയോടുള്ള യഥാർത്ഥ താത്പര്യം ഇല്ലാത്തവരായിരുന്നു. മുറിവേറ്റുകിടക്കുന്ന മനുഷ്യനെ ശുശ്രൂഷിക്കാനോ സഹായത്തിന് ആളുകളെ വിളിക്കാൻപോലുമോ രണ്ടുമിനിറ്റ് അവർക്ക് പാഴാക്കാനില്ലത്രേ. ഒരാൾമാത്രം നില്ക്കുകയും ആ മനുഷ്യന്റെയടുത്തു ചെല്ലുകയും വ്യക്തിപരമായി ശുശ്രൂഷിക്കുകയും ചെയ്തു. അയാളുടെ ആവശ്യങ്ങൾ നിറവേറ്റാൻ സ്വന്തം പണം ചെലവഴിക്കുകപോലും ചെയ്തു. നമ്മുടെ തിരക്കിട്ട ലോകത്തിൽ നമുക്കു തീരെപറ്റാത്ത ഒരു കാര്യം കൂടി അയാൾ ചെയ്തു. അയാൾ സ്വന്തം സമയം ആ മനുഷ്യനുവേണ്ടി കൊടുത്തു. തീർച്ചയായും അയാൾക്ക് ആ ദിവസത്തേക്കുള്ള പദ്ധതികളും സ്വന്തം ആവശ്യങ്ങളും കടമകളും ആഗ്രഹങ്ങളും ഉണ്ടായിരുന്നു. എന്നാലും ആവശ്യത്തിൽപ്പെട്ട ഒരു വ്യക്തിയെ കണ്ടപ്പോൾ അതെല്ലാം മാറ്റിവയ്ക്കാൻ അയാൾക്കു കഴിഞ്ഞു. മുറിവേറ്റ മനുഷ്യൻ ആരാണെന്ന് ധാരണപോലും ഇല്ലാതിരിക്കേ, തന്റെ സമയവും ശ്രദ്ധയും ലഭിക്കാൻ അർഹതയുള്ളവനായി അയാളെ കണ്ടു.

64. ഈ വ്യക്തികളിൽ ആരോടാണ് നിനക്കു താദാത്മ്യമുള്ളത്? ഈ ചോദ്യം മൂർച്ചയില്ലാത്തതാണെങ്കിലും നേരിട്ടുള്ളതും കുത്തിക്കീറുന്നതുമാണ്. ഈ വ്യക്തികളിൽ ആരോടാണ് നിനക്കു സാമ്യമുള്ളത്? മറ്റുള്ളവരെ, പ്രത്യേകിച്ച്, ദുർബലരെ അവഗണിക്കാൻ നാം സ്ഥിരം പ്രലോഭിപ്പിക്കപ്പെടുന്നുണ്ടെന്ന് നാം അംഗീകരിക്കണം. ധാരാളം പുരോഗതി നാം നേടിയിട്ടുണ്ടെങ്കിലും നമ്മുടെ വിക

സിത സമൂഹങ്ങളിലെ ഏറ്റവും ദുർബലരും നിസ്സഹായമായ അംഗങ്ങളോടു കൂടെയായിരിക്കുകയും അവരെ സംരക്ഷിക്കുകയും പിന്തുണയ്ക്കുകയും ചെയ്യേണ്ടിവരുമ്പോൾ നമ്മൾ ഇന്നും "അന ഭ്യസ്തവിദ്യ"രാണ് എന്ന് നമ്മൾ അംഗീകരിക്കണം. കടന്നുപോക ലാണ് നമുക്കു പ്രിയങ്കരം! നമ്മെ നേരിട്ടുബാധിക്കുന്നതുവരെ അത്തരം സാഹചര്യങ്ങൾ ഒഴിവാക്കാനാണ് നമ്മൾ ശീലിച്ചിട്ടുള്ളത്.

65. നമ്മുടെ തെരുവിൽ ഒരാൾ ആക്രമിക്കപ്പെടുന്നു; അനേകംപേർ അതു കണ്ടില്ലെന്ന ഭാവത്തിൽ പാഞ്ഞുപോകുന്നു. ആളുകൾ കാറു കൊണ്ട് ആരെയെങ്കിലും ഇടിച്ചുവീഴ്ത്തുന്നു; എന്നിട്ട് ആ രംഗത്തു നിന്ന് പറന്നുപോകുന്നു. പ്രശ്നങ്ങളെ ഒഴിവാക്കുകയെന്നതു മാത്ര മാണ് അവരുടെ ആഗ്രഹം. അവരുടെ കുറ്റംകൊണ്ട് മറ്റൊരാൾ മരിച്ചാലും അവർക്കു പ്രശ്നമല്ല. ഇതെല്ലാം ജീവിതത്തോടുള്ള സമീപനത്തിന്റെ അടയാളങ്ങളാണ്. അത് വ്യത്യസ്തങ്ങളായ സൂക്ഷ്മ രീതികളിൽ വ്യാപിച്ചുകൊണ്ടിരിക്കുന്നു. നമ്മൾ നമ്മുടെ തന്നെ പ്രശ്നങ്ങളാൽ പിടികൂടപ്പെട്ടിരിക്കുന്നതിനാൽ. സഹിക്കുന്ന ഒരു വ്യക്തിയെ കാണുകയെന്നതുതന്നെ നമ്മെ ശല്യപ്പെടുത്തുന്ന കാര്യ മായിരിക്കുന്നു! മറ്റു ജനങ്ങളുടെ പ്രശ്നങ്ങളിൽ ഇടപെട്ട് നമുക്കു സമയം നഷ്ടപ്പെടുത്താനില്ല! അതുകൊണ്ട് നമുക്ക് അതു ശല്യമാ യിത്തീരുന്നു. ഇതെല്ലാം രോഗാതുരമായ സമൂഹത്തിന്റെ ലക്ഷണങ്ങ ളാണ്. സമ്പദ്സമൃദ്ധിയെ അന്വേഷിക്കുകയും അതേ സമയം സഹ നത്തെ ശ്രദ്ധിക്കാതിരിക്കുകയും ചെയ്യുന്ന ഒരു സമൂഹം!

66. നാം അത്രമാത്രം ആഴത്തിലേക്ക് മുങ്ങിപ്പോകാതിരിക്കട്ടെ! നമുക്ക് നല്ല സമറായന്റെ മാതൃകയിലേക്കു നോക്കാം. നമ്മുടെ രാഷ്ട്രങ്ങ ളുടെയും മുഴുവൻ ലോകത്തിന്റെയും പൗരന്മാരെന്ന നിലയിൽ പുതി യൊരു സാമൂഹിക ബന്ധത്തിന്റെ നിർമ്മാതാക്കളാകാൻ നമുക്കുള്ള വിളി വീണ്ടും കണ്ടെത്താൻ യേശുവിന്റെ ഉപമ നമ്മെ ക്ഷണിക്കുന്നു. ഈ വിളി എന്നും പുതിയതാണ്. എന്നാൽ ഇത് നമ്മുടെ അസ്തി ത്വത്തിന്റെ ഒരു മൗലിക നിയമത്തിലാണ് അടിയുറപ്പിച്ചിരിക്കുന്നത്. പൊതുനന്മയ്ക്കുവേണ്ടിയുള്ള പരിശ്രമത്തിൽ സമൂഹത്തെ നയി ക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. ഈ ലക്ഷ്യം മനസ്സിൽ സൂക്ഷി ച്ചുകൊണ്ട് സമൂഹത്തിന്റെ രാഷ്ട്രീയവും സാമൂഹികവുമായ ക്രമ ത്തെയും അതിന്റെ ബന്ധങ്ങളുടെ സംവിധാനത്തെയും മാനുഷിക ലക്ഷ്യങ്ങളെയും സ്ഥിരീകരിക്കുന്നതിന് സ്ഥിരപരിശ്രമത്തിൽ

ഏർപ്പെടാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. നല്ല സമറായാക്കാരൻ തന്റെ പ്രവൃത്തികൾ വഴി ഒരു വസ്തുത വ്യക്തമാക്കി. അതായത്, "ഓരോ വ്യക്തിയുടെയും അസ്തിത്വം മറ്റുള്ളവരുടെ അസ്തിത്വത്തോട് ആഴത്തിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. ജീവിതം എന്നത് കേവലം കടന്നുപോകുന്ന ഒരു സമയമല്ല. ജീവിതം പരസ്പര പ്രവർത്തനത്തിന്റെ ഒരു സമയമാണ്."[57]

67. മുറിവേറ്റ നമ്മുടെ ലോകത്തെ പുനർനിർമ്മിക്കാൻ നാം ചെയ്യേണ്ട അടിസ്ഥാന തീരുമാനത്തെ ഈ ഉപമ ശക്തിയുക്തം അവതരിപ്പിക്കുന്നു. ഇത്രമാത്രം വേദനയുടെയും സഹനത്തിന്റെയും മുമ്പിൽ നമ്മുടെ ഏക മാർഗം നല്ല സമറായനെ അനുകരിക്കുകയെന്നതു മാത്രമാണ്. മറ്റ് ഏതു തീരുമാനവും നമ്മെ ഒന്നുകിൽ ആ കൊള്ളക്കാരിൽ ഒരാളോ വഴിയരികിൽക്കിടന്ന മനുഷ്യന്റെ സഹനങ്ങളോട് സഹതാപം കാണിക്കാതെ നടന്നകന്ന ഒരു വ്യക്തിയോ ആക്കുന്നു. അപരരുടെ അരക്ഷിതാവസ്ഥയോട് താദാത്മ്യം പ്രാപിക്കുന്നവരും നിരാകരണപ്രധാനമായ ഒരു സമൂഹത്തിന്റെ നിർമിതി തള്ളിപ്പറയുന്നവരും മറിച്ച്, വീണവരെ ഉയർത്തുകയും പുനരധിവസിപ്പിക്കുകയും ചെയ്യുന്ന അയല്ക്കാരെപ്പോലെ പ്രവർത്തിക്കുന്നവരുമായ സ്ത്രീപുരുഷന്മാരാൽ ഒരു സമൂഹം എങ്ങനെ പുനർനിർമിക്കാനാകും എന്ന് ഈ ഉപമ കാണിച്ചുതരുന്നു. അതേസമയം, തങ്ങളെപ്പറ്റി മാത്രം ചിന്തിക്കുകയും ജീവിതത്തിന്റെ ഉപേക്ഷിക്കപ്പെടാനാവാത്ത ഉത്തരവാദിത്വങ്ങളെ വഹിക്കുന്നതിൽ പരാജയപ്പെടുകയും ചെയ്യുന്നവരെ സംബന്ധിച്ച് ഈ ഉപമ മുന്നറിയിപ്പു നല്കുകയും ചെയ്യുന്നു.

68. ഈ ഉപമ കേവലം താത്ത്വിക ധാർമികവത്കരണത്തിൽ മുഴുകുന്നില്ല എന്നു വ്യക്തമാണ്. സാമൂഹികവും ധർമ്മശാസ്ത്രപരവുമായ ഒരു സന്ദേശം മാത്രമല്ല അതിനുള്ളത്. നമ്മുടെ പൊതു മാനുഷികതയുടെ സാരംശപരവും മിക്കപ്പോഴും മറക്കപ്പെടുന്നതുമായ ഒരു വശത്തെപ്പറ്റി അതു നമ്മോടു പറയുന്നു: അതായത്, സ്നേഹത്തിൽ മാത്രം കണ്ടെത്താനാവുന്ന ഒരു പൂർത്തീകരണത്തിനുവേണ്ടിയാണ് നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. സഹനത്തോട് നിസ്സംഗത പുലർത്താൻ നമുക്കു സാധ്യമല്ല. ഒരു സമുദായഭ്രഷ്ടനെപ്പോലെ ജീവിതത്തിലൂടെ കടന്നുപോകാൻ ആരെയും അനുവദിക്കാൻ നമുക്കു സാധ്യമല്ല. നേരേ മറിച്ച്, നമ്മൾ അസ്വസ്ഥരാകണം. നമ്മുടെ സുഖദമായ ഒറ്റപ്പെടലിൽനിന്ന് ഉയരാനും മാനുഷിക സഹനത്തോടുള്ള

നമ്മുടെ ബന്ധപ്പെടൽകൊണ്ട് പരിവർത്തിതരാകാനും നാം വെല്ലുവിളിക്കപ്പെടുകയും വേണം. അതാണ് കുലീനതയുടെ അർത്ഥം.

## III. സ്ഥിരം ആവർത്തിക്കപ്പെടുന്ന ഒരു കഥ

69. ഈ ഉപമ വ്യക്തവും സരളവുമാണ്. എന്നാലും നമ്മുടെ സഹോദരീസഹോദരന്മാരോടുള്ള ബന്ധങ്ങളിലൂടെ നാം നമ്മെത്തന്നെ ക്രമേണ അറിയുമ്പോൾ നമ്മൾ ഓരോരുത്തരും അനുഭവിക്കുന്ന ആന്തരിക സംഘർഷത്തെ അത് ഉണർത്തുന്നുമുണ്ട്. ഉടനെയോ പിന്നീടോ നമ്മൾ എല്ലാവരും സഹിക്കുന്ന ഒരു വ്യക്തിയെ കണ്ടുമുട്ടും. അങ്ങനെയുള്ളവർ ഇന്ന് കൂടുതൽ കൂടുതലായി ഉണ്ടാകുന്നുണ്ട്. റോഡരികിൽ മുറിവേറ്റു കിടക്കുന്നവരെ ഉൾപ്പെടുത്തണമോ ഉപേക്ഷിക്കണമോ എന്ന തീരുമാനം സാമ്പത്തികവും രാഷ്ട്രീയവും മതപരവുമായ ഓരോ പദ്ധതിയെയും വിധിക്കാനുള്ള മാനദണ്ഡമായിത്തീരും. നല്ല സമരിയാക്കാരാകണമോ നിസ്സംഗരായ കാഴ്ചക്കാരാകണമോ എന്നത് ഓരോ ദിവസവും നമ്മൾ തീരുമാനിക്കണം. നമ്മുടെ തന്നെയും മുഴുവൻ ലോകത്തിന്റെയും ജീവിതത്തിലേക്ക് നമ്മൾ നോക്കുകയാണെങ്കിൽ നമ്മൾ എല്ലാവരും ആ ഉപമയിലെ കഥാപാത്രങ്ങളാണെന്നോ ആയിരുന്നുവെന്നോ കാണാം. മുറിവേറ്റവനെയും കൊള്ളക്കാരനെയും കണ്ടിട്ട് കടന്നുപോകുന്നവരുടെയും നല്ല സമറായന്റെയും എന്തെങ്കിലും ഒരംശം നമ്മിൽ തന്നെയുണ്ട്. റോഡരുകിൽ കിടക്കുന്ന ഒരു ദരിദ്രനെ വേദനയോടെ കണ്ടപ്പോൾ ആ കഥയിലെ കഥാപാത്രങ്ങൾക്ക് ഉണ്ടാകുന്ന മാറ്റം ശ്രദ്ധേയമാണ്. യൂദയാക്കാരനും സമറിയാക്കാരനും, പുരോഹിതനും കച്ചവടക്കാരനും തമ്മിലുള്ള വ്യത്യാസങ്ങൾ അപ്രധാനമായിത്തീരുന്നു. ഇപ്പോൾ രണ്ടുതരം മനുഷ്യരേ ഉള്ളൂ: വേദനിക്കുന്നവരെ ശുശ്രൂഷിക്കുന്നവരും കണ്ടിട്ടു കടന്നുപോകുന്നവരും. ഇവിടെ നമ്മുടെ എല്ലാ വ്യത്യാസങ്ങളും ലേബലുകളും മാസ്കുകളും വീണുപോകുന്നു. അത് സത്യത്തിന്റെ നിമിഷമാണ്. നമ്മൾ മറ്റുള്ളവരുടെ മുറിവുകൾ തൊടാൻ കുനിയുകയും അവരെ സുഖപ്പെടുത്തുകയും ചെയ്യുമോ? മറ്റൊരാൾ എഴുന്നേല്ക്കുന്നതിനുവേണ്ടി നമ്മൾ കുനിയുമോ? ഇതാണ് ഇന്നത്തെ വെല്ലുവിളി. ഇത് നേരിടാൻ നാം ഭയപ്പെടരുത്. സങ്കീർണ പ്രശ്നത്തിന്റെ നിമിഷങ്ങളിൽ തീരുമാനങ്ങൾക്ക് അടിയന്തരപ്രാധാന്യമുണ്ട്. ഇവിടെ ഇപ്പോൾ കൊള്ളക്കാരനോ കടന്നുപോകുന്നവനോ അല്ലാത്തവൻ ഒന്നുകിൽ മുറി

വേറ്റവനാണ്, അല്ലെങ്കിൽ മുറിവേറ്റ ഒരുവനെ തോളിൽ വഹിക്കുന്നവ നാണ് എന്നു പറയാവുന്നതാണ്.

71. നല്ല സമറായന്റെ കഥ സ്ഥിരം ആവർത്തിക്കപ്പെടുന്നതാണ്. നമ്മുടെ ലോകത്തിന്റെ അനേകം ഭാഗങ്ങളെ സാമൂഹികവും രാഷ്ട്രീ യവുമായ നിഷ്ക്രിയത്വം നിർജനമായ ഇടവഴിയാക്കുമ്പോൾ നമുക്ക് ഇതു വ്യക്തമായി കാണാം. ദേശീയവും അന്തർദേശീയവുമായ തർക്ക ങ്ങളും അവസരങ്ങളുടെ പിടിച്ചുപറിക്കലും ചേരികളിലാക്കപ്പെട്ട അനേകം ആളുകളെ നിരാലംബരാക്കി വഴിയരുകിൽ തള്ളിയിട്ടിരി ക്കുന്നു. ഈ ഉപമയിൽ യേശു പകരം തിരഞ്ഞെടുക്കലൊന്നും അനു വദിച്ചിട്ടില്ല. ദ്രോഹിക്കപ്പെട്ട മനുഷ്യനോ അയാളെ സഹായിച്ചവനോ കോപത്തിനു കീഴടങ്ങുകയോ പ്രതികാര ദാഹത്തിനു കീഴടങ്ങു കയോ ചെയ്തെങ്കിൽ എന്തു സംഭവിക്കുമായിരുന്നു എന്നു യേശു ചോദിക്കുന്നില്ല. മാനുഷിക ചൈതന്യത്തിന്റെ കഴമ്പിൽ അവിടുന്നു വിശ്വാസം അർപ്പിക്കുന്നു. ഈ അന്യാപദേശത്തിലൂടെ, സ്നേഹ ത്തിൽ നിലനില്ക്കാനും സഹിക്കുന്നവരുടെ ശ്രേഷ്ഠത യോഗ്യത പുനഃസ്ഥാപിക്കാനും സമൂഹമെന്ന പേരിനു യോഗ്യമായ ഒരു സമൂ ഹത്തെ പടുത്തുയർത്താനും അവിടുന്നു പ്രോത്സാഹിപ്പിക്കുന്നു.

## IV. ഉപമയിലെ കഥാപാത്രങ്ങൾ

72. കൊള്ളക്കാരപ്പറ്റി പറഞ്ഞുകൊണ്ട് കഥ തുടങ്ങുന്നു. കൊള്ള നടന്നതിനുശേഷമുള്ളത് പറഞ്ഞുതുടങ്ങാനാണ് യേശു തീരുമാനി ച്ചത്. കുറ്റകൃത്യത്തിലോ അതു ചെയ്ത കള്ളന്മാരിലോ നാം ശ്രദ്ധ കേന്ദ്രീകരിച്ചു നില്ക്കാതിരിക്കാനാണത്. എന്നാലും നമുക്ക് അവരെ നന്നായിട്ട് അറിയാം. അധികാരവും ലാഭവും വിഭജനവുമുണ്ടാകുക എന്ന നിസ്സാരലക്ഷ്യങ്ങൾക്കായി നമ്മുടെ ലോകത്തിനുമേൽ ഇറങ്ങി വരുന്ന അവഗണനയുടെയും അക്രമത്തിന്റെയും കരിനിഴലുകൾ നമ്മൾ കണ്ടു. യഥാർത്ഥ ചോദ്യം ഇതാണ്: അക്രമത്തിൽനിന്ന് അഭയം നേടാൻ വേണ്ടി മുറിവേറ്റ മനുഷ്യനെ ഉപേക്ഷിച്ചിട്ട് നാം ഓടിപ്പോകുമോ? അതോ, നമ്മൾ കള്ളന്മാരെ പിന്തുടരുമോ? നമ്മുടെ അനുരഞ്ജനമില്ലാത്ത വിഭജനങ്ങളുടെയും നമ്മുടെ ക്രൂരമായ നിസ്സം ഗതയുടെയും നമ്മുടെ ആന്തരികമായ സംഘട്ടനങ്ങളുടെയും ബലി യാടായി മുറിവേറ്റ മനുഷ്യൻ അവസാനിക്കണമോ?

73. കടന്നുപോയവരെ കൂടുതൽ അടുത്തു നോക്കിക്കാണാൻ ഉപമ നമ്മോട് ആവശ്യപ്പെടുന്നു. റോഡിന്റെ മറുവശത്തുകൂടെ കടന്നുപോകാൻ പുരോഹിതനെയും ലേവായനെയും പ്രേരിപ്പിക്കുന്ന ഭയം നിറഞ്ഞ നിസ്സംഗത - നിഷ്കപടമാണെങ്കിലും അല്ലെങ്കിലും, അവജ്ഞകൊണ്ടായാലും കേവലം അശ്രദ്ധകൊണ്ടായാലും - അവരെ നാമും നമുക്കു ചുറ്റുമുള്ള ലോകവും തമ്മിൽ വളർന്നുവരുന്ന വിടവിന്റെ സങ്കടകരമായ ഒരു പ്രതിഫലനമാക്കി മാറ്റുന്നു. സുരക്ഷിതത്വം തരുന്ന അകലത്തിൽ കടന്നുപോകാൻ പല വഴികളുണ്ട്: ഉള്ളിലേക്കു പിൻവലിയാം, മറ്റുള്ളവരെ അവഗണിക്കാം, അല്ലെങ്കിൽ മറ്റുള്ളവരുടെ കഷ്ടാവസ്ഥയെക്കുറിച്ചു നിസ്സംഗതയുള്ളവരാകാം, അല്ലെങ്കിൽ ചില രാജ്യങ്ങളിലും അല്ലെങ്കിൽ അവയുടെ ചില വിഭാഗങ്ങളിലും ഉള്ളതുപോലെ വേറെ എവിടേക്കെങ്കിലും നോക്കാം, അവിടെ ദരിദ്രരോടും അവരുടെ സംസ്കാരങ്ങളോടും അവജ്ഞ പുലർത്തി നോട്ടം മറ്റൊരു രീതിയിലാണ്: അന്യരാജ്യത്തുനിന്നു കൊണ്ടുവന്ന ഒരു വികസന പദ്ധതി ദരിദ്രരെ ഇല്ലാതാക്കുമത്രേ. ചിലർ തങ്ങളുടെ നിസ്സംഗതയെ നീതിവത്കരിക്കുന്നത് ഇങ്ങനെയാണ്: ഞങ്ങളുടെ ഹൃദയങ്ങളെ സ്പർശിക്കാവുന്ന യാചനകൾ നടത്തുന്ന ദരിദ്രർ ഇല്ല. ദരിദ്രർ അവരുടെ താത്പര്യത്തിന്റെ വ്യാപ്തിക്കു വെളിയിലാണ്!

74. കടന്നുപോകുന്നവരെപ്പറ്റിയുള്ള ഒരു വിശദാംശം ശ്രദ്ധേയമാണ്; ദൈവാരാധനയ്ക്ക് സ്വയം സമർപ്പിച്ച മതവിശ്വാസികളായിരുന്നു അവർ - ഒരു പുരോഹിതനും ഒരു ലേവായനും. ഈ വിശദാംശം അവഗണിക്കരുത്. നമ്മൾ യഥാർത്ഥത്തിൽ ദൈവത്തിന് സന്തോഷപ്രദമായ വിധത്തിൽ ജീവിക്കുന്നു എന്നത് ഉറപ്പുവരുത്താൻ ദൈവത്തിലുള്ള വിശ്വാസവും ദൈവരാധനയും മാത്രം പോരാ എന്ന് ഇത് കാണിക്കുന്നു. ഒരു വിശ്വാസി വിശ്വാസം ആവശ്യപ്പെടുന്ന എല്ലാറ്റിനോടും അവിശ്വസ്തനായിരിക്കുകയും അതേസമയം താൻ ദൈവത്തോട് അടുത്തു നില്ക്കുന്നവനാണെന്നും മറ്റുള്ളവരെക്കാൾ നല്ലവനാണെന്നും ചിന്തിക്കുകയും ചെയ്തേക്കാം. നേരേ മറിച്ച് ദൈവത്തോടുള്ള യാഥാർത്ഥ തുറവിയുടെ ഗ്യാരണ്ടി നമ്മുടെ സഹോദരീസഹോദരന്മാരുടെ നേരേ നമ്മുടെ ഹൃദയം തുറക്കാൻ നമ്മെ സഹായിക്കുന്ന വിശ്വാസാഭ്യസന മാർഗ്ഗമാണ്. വിശുദ്ധ ജോൺ ക്രിസോസ്തം തന്റെ ക്രൈസ്തവ ശ്രോതാക്കളെ വെല്ലുവിളിച്ചപ്പോൾ നിശിതമായി ഇക്കാര്യം പ്രകടിപ്പിച്ചു. അദ്ദേഹം പറഞ്ഞു: “നിങ്ങൾ രക്ഷകന്റെ ശരീരത്തെ ബഹുമാനിക്കാൻ ആഗ്രഹിക്കു

ന്നുണ്ടോ? അങ്ങനെയെങ്കിൽ അതു നഗ്നമായിരിക്കുമ്പോൾ അതിനോട് അവജ്ഞ കാണിക്കരുത്. അതു പള്ളിക്കു വെളിയിൽ നഗ്നമായി, തണുപ്പുകൊണ്ടു മരവിക്കുമ്പോൾ അതിനെ പള്ളിയിൽ വച്ച് സിൽക്കു വസ്ത്രങ്ങൾ നല്കി ബഹുമാനിക്കരുത്."[58] വിരോധാഭാസപരമായി, അവിശ്വാസികളെന്ന് അവകാശപ്പെടുന്നവർ ചിലപ്പോൾ വിശ്വാസികളെക്കാൾ നന്നായി ദൈവേഷ്ടം പ്രയോഗത്തിലാക്കുന്നുണ്ട്.

75. "കടന്നുപോവുകയും മറുവശത്തേക്ക് നോക്കുകയും ചെയ്യുന്നവർ" സാധാരണയായി "കൊള്ളക്കാരുടെ" രഹസ്യചങ്ങാതിമാരാണ്. സമൂഹത്തെ ചൂഷണം ചെയ്യുകയും ചതിക്കുകയും ചെയ്യുന്നവർക്കും നിർമ്മമതയുള്ളവരെന്നും നിഷ്പക്ഷവിമർശകരെന്നും സ്വയം വിശേഷിപ്പിക്കുമ്പോൾത്തന്നെ ആ സംവിധാനങ്ങളും അവയുടെ വിഭവങ്ങളുംകൊണ്ട് ഉപജീവനം കഴിയുന്നവർക്കും തമ്മിൽ ഒരുതരം പാരസ്പര്യമുണ്ട്. കുറ്റകൃത്യങ്ങൾക്ക് പരിരക്ഷ ലഭിക്കുന്ന അവസ്ഥ, വ്യക്തിപരമോ സമൂഹപരമോ ആയ ലാഭത്തിനുവേണ്ടി സ്ഥാപനങ്ങളെ ഉപയോഗിക്കൽ, വേരറുക്കാനാവാത്തതെന്നു തോന്നുന്ന മറ്റു തിന്മകൾ എന്നിവയുള്ളിടത്തുതന്നെ എല്ലാറ്റിനോടുമുള്ള നിരന്തര വിമർശനവും തദ്ഫലമായി പരസ്പര വിശ്വാസമില്ലായ്മയും ആശയക്കുഴപ്പവുമുണ്ടാകും വിധത്തിൽ സംശയം വിതയ്ക്കുന്നത് ദുഃഖകരമായ ഒരു കാപട്യമാണ്. "എല്ലാം തകർന്നു" എന്ന പരാതിക്കു കിട്ടുന്ന മറുപടി "അത് ശരിയാക്കാനാവില്ല" അല്ലെങ്കിൽ "എനിക്ക് എന്തു ചെയ്യാൻ പറ്റും?" എന്ന നിസ്സംഗതയാണ്. ഇത് മതിഭ്രമത്തെയും നിരാശയെയും തീറ്റിപ്പോറ്റുകയും. ഐക്യദാർഢ്യത്തിന്റെയും ഉദാരതയുടെയും അരൂപിയെ നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നു. ജനതയെ നിരാശയിലേക്കു മുക്കിത്താഴ്ത്തുന്ന പ്രക്രിയ യഥാർത്ഥത്തിൽ ഒരു വിഷമവൃത്തമാണ്. അത്തരത്തിലുള്ളതാണ് നിഗൂഢതാത്പര്യങ്ങളുടെ അദൃശ്യമായ അജണ്ട. അത് വിവാദങ്ങളുടെ മേലും ചിന്തിക്കാനും അഭിപ്രായങ്ങൾ പറയാനുമുള്ള സാധ്യതയുടെമേലും യജമാനത്വം നേടിയിരിക്കുന്നു.

76. നമുക്ക് അവസാനം മുറിവേറ്റ മനുഷ്യനിലേക്കു തിരിയാം. നമുക്ക് ഏറെ മുറിവേറ്റ് വഴിയരികിൽ ഉപേക്ഷിക്കപ്പെട്ട ആ മനുഷ്യനോട്, താദാത്മ്യം തോന്നുന്ന സമയമുണ്ട്. ചിലപ്പോൾ നിസ്സഹായതയും അനുഭവപ്പെടാം. നമ്മുടെ സ്ഥാപനങ്ങൾ ഉപേക്ഷിക്കപ്പെട്ടതുകൊണ്ടോ അവയ്ക്ക് വിഭവങ്ങൾ ഇല്ലാത്തതുകൊണ്ടോ

അല്ലെങ്കിൽ അവ അകത്തും പുറത്തും ചുരുക്കം ചിലരുടെ മാത്രം താത്പര്യങ്ങൾക്കു സേവനം ചെയ്യുന്നതുകൊണ്ടോ ആണ് അങ്ങനെ സംഭവിക്കുന്നത്. യഥാർത്ഥത്തിൽ, "ആഗോളവത്കൃതമായ സമൂഹത്തിന് സ്വന്തം ശ്രദ്ധതിരിച്ചുവിടുന്നതിന് പലപ്പോഴും 'മാന്യ'മായ മാർഗങ്ങളുണ്ട്. രാഷ്ട്രീയപരമായി കൃത്യവും പ്രത്യയശാസ്ത്രപരമായി പരിഷ്കൃതവും എന്ന വ്യാജേന, സഹിക്കുന്നവരെ ഒരുവിധത്തിലും സ്പർശിക്കാതെതന്നെ നാം നോക്കിനിൽക്കുന്നു. അവരെക്കുറിച്ച് മധുരംപുരട്ടിയ വാക്കുകളിൽ സംസാരിച്ചുകൊണ്ടും അവരോടു പ്രത്യക്ഷസഹിഷ്ണുത പ്രകടിപ്പിച്ചുകൊണ്ടും അവരുടെ തത്സമയചിത്രങ്ങൾ നാം ദൃശ്യമാധ്യമങ്ങളിൽ സംപ്രേഷണം ചെയ്യുന്നു."[59]

## V. പുത്തൻ തുടക്കം

77. ഓരോ ദിവസവും നമുക്ക് ഒരു പുതിയ അവസരം, പുതിയ സാധ്യത നൽകുന്നുണ്ട്. നമ്മെ ഭരിക്കുന്നവരിൽ നിന്ന് എല്ലാം നമ്മൾ പ്രതീക്ഷിക്കരുത്. കാരണം, അതു ബാലിശമാണ്. പുതിയ പ്രക്രിയകളും മാറ്റങ്ങളും സൃഷ്ടിക്കാനും നടപ്പാക്കാനുമുള്ള, സഹകരണാടിസ്ഥാനത്തിലുള്ള, ഉത്തരവാദിത്വത്തിന് ആവശ്യമായ ഇടം നമുക്കുണ്ട്. ദുരിതപ്പെടുന്ന നമ്മുടെ സമൂഹങ്ങളെ നവീകരിക്കുന്നതിലും പിന്താങ്ങുന്നതിലും സജീവമായി നമുക്ക് പങ്കുവഹിക്കാം. നമുക്കു ജന്മസിദ്ധമായിട്ടുള്ള സാഹോദര്യബോധം പ്രകാശിപ്പിക്കാൻ നമുക്ക് ഇന്ന് വലിയ അവസരമുണ്ട്. കൂടുതൽ വിദ്വേഷവും എതിർപ്പും വർദ്ധിപ്പിക്കുകയെന്നതിനെക്കാൾ മറ്റുള്ളവരുടെ വേദന വഹിക്കുന്ന നല്ല സമരിയാക്കാരന്മാരാകാൻ അവസരമുണ്ട്. ആ ഉപമയിൽ കാണുന്ന ആകസ്മിക യാത്രക്കാരനെപ്പോലെയാകണം നമ്മൾ. അതിന്, വീണുപോയവരെ ഉൾപ്പെടുത്താനും കൂട്ടിച്ചേർക്കാനും ഉയർത്താനുമുള്ള സ്ഥിരവും വിശ്രമരഹിതവുമായ പരിശ്രമത്തിൽ ഒരു ജനവും ഒരു സമൂഹവും ആകാൻ വിശുദ്ധവും ലളിതവുമായ ഒരു ആഗ്രഹമുണ്ടായാൽ മാത്രം മതി. പലപ്പോഴും നാം തന്നെയും അക്രമികളുടെ, അന്ധമായ സ്ഥാനമോഹികളുടെ, പരസ്പര വിശ്വാസമില്ലായ്മയും നുണകളും പ്രചരിപ്പിക്കുന്നവരുടെ മനോഭാവം പ്രകടിപ്പിക്കുന്നവരായി കാണപ്പെട്ടേക്കാമെങ്കിലും ആ ആഗ്രഹം നാം പുലർത്തണം. മറ്റുള്ളവർ രാഷ്ട്രീയത്തെയോ സമ്പത്തിനെയോ തങ്ങളുടെ അധികാരപ്രകടനത്തിനുള്ള മണ്ഡലമായി

കണ്ടേക്കാം. എന്നാൽ നമുക്ക് നന്മയായതിനെ വളർത്തുകയും നമ്മെ ത്തന്നെ അതിന്റെ സേവനത്തിനായി സമർപ്പിക്കുകയും ചെയ്യാം.

78. മുറിവേറ്റവന്റെ ഓരോ മുറിവിനോടും സമരിയാക്കാരനായ യാത്രികൻ കാണിച്ച കരുതൽപോലെ നമുക്കും താഴെനിന്ന്, പ്രശ്നം ഓരോന്നോരോന്നായി തുടങ്ങാം, മൂർത്തവും പ്രാദേശികവുമായ തിനായി നിലകൊള്ളാം, മാതൃരാജ്യത്തിന്റെയും ലോകത്തിന്റെയും അവസാനത്തെ മൂലവരെപോകാം. നമുക്കു മറ്റുള്ളവരെ അന്വേഷി ക്കുകയും നാം ആഭിമുഖീകരിക്കുന്ന യാഥാർത്ഥ്യത്തെ തോളിലേ റ്റുകയും ചെയ്യാം. വേദനയെയോ അശക്യതയെയോ ഭയപ്പെടാതെ അങ്ങനെ ചെയ്യാം. എന്തെന്നാൽ അവിടെയാണ് ദൈവം മനുഷ്യഹൃ ദയങ്ങളിൽ നിക്ഷേപിച്ചിട്ടുള്ള നന്മയെ നമുക്ക് കണ്ടുമുട്ടാനാകുന്നത്. നമ്മെ കീഴടക്കുമെന്നു തോന്നിക്കുന്ന പ്രയാസങ്ങൾ വളർച്ചയ്ക്കുള്ള അവസരങ്ങളാണ്, അടിയറവിലേക്കു നയിക്കുന്ന നിഷ്ക്രിയ ദുഃഖ ത്തിനുള്ള ഒഴികഴിവുകളല്ല. പക്ഷേ ഒറ്റയ്ക്ക്, വ്യക്തികൾ എന്ന നിലയിലല്ല നമ്മൾ ഇതു ചെയ്യേണ്ടത്. സമരിയാക്കാരൻ, മുറി വേറ്റ മനുഷ്യനെ ശുശ്രൂഷിക്കാനുള്ള ഒരു സത്രക്കാരനെ കണ്ടുപി ടിച്ചു. കൊച്ചുവ്യക്തിഗതത്വങ്ങളുടെ ആകെത്തുകയെക്കാൾ ശക്ത മായ ഒരു 'നമ്മൾ' ബോധത്തിലേക്ക് ഐക്യപ്പെടാൻ നമ്മളും വിളി ക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ "സമഗ്രമായത്, ഭാഗത്തെക്കാൾ വലുതാണ്. എന്നാൽ അത് അതിന്റെ ഭാഗങ്ങളുടെ ആകെത്തുകയെ ക്കാളും വലുതുമാണ്."[60] സങ്കുചിതത്വവും പ്രയോജനരഹിതമായ കിടമത്സരവും സ്ഥിരമായ ഏറ്റുമുട്ടലും നമുക്ക് ഉപേക്ഷിക്കാം. നമുക്ക് നഷ്ടബോധങ്ങൾ മറച്ചുവയ്ക്കാതിരിക്കാം, നമ്മുടെ കുറ്റങ്ങളും വെറുപ്പും നുണകളും ഏറ്റുപറയാം. പരിഹാരവും അനുരഞ്ജനവും നമുക്കു പുതു ജീവൻ നല്കും; നമ്മെ എല്ലാവരെയും ഭയത്തിൽ നിന്നു സ്വതന്ത്രരാക്കുകയും ചെയ്യും.

79. വഴിയാത്രയിൽ സഹായിക്കാൻനിന്ന സമരിയാക്കാരൻ അംഗീ കാരമോ കൃതജ്ഞതയോ ഒന്നും പ്രതീക്ഷിക്കാതെ പിരിഞ്ഞു പോയി. മറ്റൊരു വ്യക്തിയെ സഹായിക്കാനുള്ള അയാളുടെ പരി ശ്രമം ജീവിതത്തിലും ദൈവതിരുമുമ്പാകെയും ആയാൾക്ക് വലിയ സംതൃപ്തി ആയിരുന്നു; ആ പരിശ്രമം അങ്ങനെ ഒരു കടമയുമായി രുന്നു. മുറിവേറ്റവരെ സംബന്ധിച്ച് നമുക്ക് എല്ലാവർക്കും ഒരു കട മയുണ്ട് - മുറിവേറ്റവർ നമ്മുടെതന്നെ ജനമായാലും ലോകത്തിലെ

ഏതുജനതയുമായാലും. നല്ല സമറായന്റെ അടയാളമായിരുന്ന കരുതലിന്റെയും അടുപ്പത്തിന്റെയും സഹോദരപരമായ അതേ ചൈതന്യം കൊണ്ട് നമുക്ക് എല്ലാ സ്ത്രീപുരുഷന്മാരുടെയും - ചെറുപ്പക്കാരുടെയും മുതിർന്നവരുടെയും - ആവശ്യങ്ങളിൽ ശ്രദ്ധയുള്ളവരായിരിക്കാം.

## VI. അതിരുകളില്ലാത്ത അയൽക്കാർ

80. "ആരാണ് എന്റെ അയൽക്കാരൻ?" എന്ന ചോദ്യത്തിന് ഉത്തരമായിട്ടാണ് യേശു നല്ല സമരിയാക്കാരന്റെ ഉപമ പറഞ്ഞത്. യേശുവിന്റെ കാലഘട്ടത്തിലുള്ള സമൂഹത്തിൽ "അയൽക്കാരൻ" എന്ന വാക്കിന്റെ സാധാരണമായ അർത്ഥം 'നമുക്ക് ഏറ്റവും അടുത്തുള്ളവർ' എന്നായിരുന്നു. സഹായം പ്രധാനമായും സ്വന്തം ഗ്രൂപ്പിലും വംശത്തിലുമുള്ളവർക്കു നല്കണമെന്നു കരുതപ്പെട്ടിരുന്നു. അക്കാലത്തെ ചില യഹൂദർ സമരിയാക്കാരെ പുച്ഛരസത്തോടെ കാണുകയും അശുദ്ധരായി കരുതുകയും ചെയ്തിരുന്നു. അവർ സഹായിക്കപ്പെടേണ്ടവരിൽ ഉൾപ്പെട്ടിരുന്നില്ല. യഹൂദൻ തന്നെയായ യേശു ഈ സമീപനത്തെ പരിപൂർണമായി പരിവർത്തിപ്പിച്ചു. നമ്മുടെ അയൽക്കാരനായിരിക്കാൻ വേണ്ടത്ര അടുപ്പമുള്ളവനാരാണെന്നു തീരുമാനിക്കരുതെന്നും നമ്മൾ തന്നെ എല്ലാവർക്കും അയൽക്കാരനാകണമെന്നും അവിടന്ന് ആവശ്യപ്പെടുന്നു.

81. സഹായം ആവശ്യമുള്ളവർ നമ്മുടെ സാമൂഹികഗ്രൂപ്പിൽപെട്ടവരാണെങ്കിലും അല്ലെങ്കിലും നമ്മൾ അവരുടെയടുത്തായിരിക്കണമെന്ന് യേശു നമ്മോട് ആവശ്യപ്പെടുന്നു. ഈ സംഭവത്തിൽ സമരിയാക്കാരൻ മുറിവേറ്റ യൂദയാക്കാരന്റെ അയൽക്കാരനായിത്തീർന്നു. സമീപിച്ചുകൊണ്ടും സ്വയം സന്നിഹിതനാക്കിക്കൊണ്ടും സാംസ്കാരികവും ചരിത്രപരവുമായ എല്ലാ പ്രതിബന്ധങ്ങൾക്കും അപ്പുറത്തേക്കു അയാൾ കടന്നു. യേശു ആ ഉപമ ഇങ്ങനെ പറഞ്ഞുകൊണ്ട് അവസാനിപ്പിച്ചു: "നീയും പോയി അതുപോലെ ചെയ്യുക" (ലൂക്ക 10:37). മറ്റു വാക്കുകളിൽ പറഞ്ഞാൽ, എല്ലാ വ്യത്യാസങ്ങളും മാറ്റിവയ്ക്കാനും സഹനത്തിന്റെ മുമ്പിൽ, ഒരു ചോദ്യവും ചോദിക്കാതെ, മറ്റുള്ളവരിലേക്ക് അടുക്കാനും അവിടന്ന് നമ്മെ വെല്ലുവിളിക്കുന്നു. സഹായിക്കാൻ എനിക്ക് അയൽക്കാരുണ്ട് എന്ന് ഒരിക്കലും പറയരുത്. പിന്നെയോ, ഞാൻ തന്നെ മറ്റുള്ളവർക്ക് ഒരു അയൽക്കാരനായിരിക്കണം.

82. ഈ ഉപമ പ്രയാസമുണ്ടാക്കുന്നതാണ്. കാരണം, യേശു പറയുന്നു, മുറിവേറ്റ മനുഷ്യൻ ഒരു യൂദയാക്കാരനും നിന്നു സഹായിച്ചവൻ ഒരു സമരിയാക്കാരനുമാണെന്ന്. എല്ലാവരെയും ഉൾക്കൊള്ളുന്ന സ്നേഹത്തെക്കുറിച്ചുള്ള വിചിന്തനത്തിന് ഈ സൂക്ഷ്മാംശം ഏറെ സഹായകമാണ്. വിജാതീയരുടെ അനുഷ്ഠാനങ്ങൾ ആചരിച്ചിരുന്ന ഒരു പ്രദേശത്താണ് സമരിയാക്കാർ ജീവിച്ചിരുന്നത്. അത് അവരെ അശുദ്ധരും വെറുക്കപ്പെടുന്നവരും അപകടകാരികളുമായി കരുതാൻ യഹൂദരെ പ്രേരിപ്പിച്ചു. യഥാർത്ഥത്തിൽ, വെറുക്കപ്പെട്ട ദേശങ്ങളെ പരാമർശിക്കുന്ന യഹൂദരുടെ ഒരു പുരാതനലിഖിതം സമരിയായെപ്പറ്റി പറയുന്നത് "ഒരു ജനത പോലുമല്ല" (പ്രഭാ 50:25) എന്നാണ്. "ഷെക്കെമിലെ മൂഢ ജനത" (50:26) എന്നും അവരെ പരാമർശിക്കുന്നുണ്ട്.

83. യേശു കുടിക്കാൻ വെള്ളം ചോദിച്ചപ്പോൾ സമരിയാക്കാരിയായ ഒരു സ്ത്രീ ചുരുക്കത്തിൽ ഉത്തരം പറഞ്ഞു: "നീ ഒരു യഹൂദനായിരിക്കെ സമരിയാക്കാരിയായ എന്നോടു കുടിക്കാൻ ചോദിക്കുന്നതെന്ത്?" (യോഹ 4:9). ഈ ഉത്തരത്തിന്റെ വിശദീകരണം ഇതിലുണ്ട്. യേശുവിനെ അവമാനിക്കാൻ പരിശ്രമിച്ചവർ അവിടുത്തേക്കെതിരേ പറഞ്ഞ ഏറ്റവും ദ്രോഹകരമായ കുറ്റാരോപണം അവിടുന്ന് "പിശാചു ബാധിതനും" "സമരിയാക്കാരനും" (യോഹ 8:48) ആണ് എന്നതായിരുന്നു. അതുകൊണ്ട് സമരിയാക്കാരനും യഹൂദനും തമ്മിലുള്ള കാരുണ്യത്തിന്റെ ഈ കണ്ടുമുട്ടൽ ഏറെ ഉദ്വേഗജനകമാണ്. ഇത് പ്രത്യയശാസ്ത്രപരമായ കൈകടത്തലുകൾക്ക് ഇടം നല്കുന്നില്ല. നമ്മുടെ അതിരുകൾ വ്യാപിപ്പിക്കാൻ ഇത് നമ്മെ വെല്ലുവിളിക്കുന്നു. സ്നേഹിക്കാൻ നമുക്കു ലഭിച്ചിരിക്കുന്ന ആഹ്വാനത്തിന് ഇത് സാർവ്വത്രികമാനം നല്കുന്നു. എല്ലാ മുൻവിധികളെയും ചരിത്രപരവും സാംസ്കാരികവുമായ എല്ലാ തടസ്സങ്ങളെയും ബാലിശമായ എല്ലാ താത്പര്യങ്ങളെയും അതിശയിക്കുന്നതാണത്.

## VII. അപരിചിതന്റെ യാചന

84. അവസാനമായി, സുവിശേഷത്തിന്റെ മറ്റൊരു ഭാഗത്ത് യേശു പറയുന്നത് നമുക്കു ശ്രദ്ധിക്കാം: "ഞാൻ പരദേശിയായിരുന്നു, നിങ്ങൾ എന്നെ സ്വീകരിച്ചു." യേശുവിന് ഇത് പറയാൻ സാധിച്ചത് അവിടുത്തേക്ക് മറ്റുള്ളവരുടെ പ്രയാസങ്ങളെ അനുഭവിച്ചറിയാൻ

തുറന്ന ഹൃദയമുള്ളതുകൊണ്ടാണ്. വിശുദ്ധ പൗലോസ് ശ്ലീഹാ നമ്മോട് ഇങ്ങനെ ആഹ്വാനം ചെയ്യുന്നു: "സന്തോഷിക്കുന്നവരോടു കൂടെ സന്തോഷിക്കുവിൻ, വിലപിക്കുന്നവരോടു കൂടെ വിലപിക്കുവിൻ" (റോമാ 12:15). നമ്മുടെ ഹൃദയങ്ങൾ ഇപ്രകാരം ചെയ്യുമ്പോൾ മറ്റുള്ളവർ എവിടെ ജനിച്ചു എന്നോ എവിടെനിന്നു വരുന്നുവെന്നോ ഓർത്ത് ആകുലപ്പെടാതെ അവരോടു താദാത്മ്യപ്പെടാൻ അവയ്ക്കു കഴിയും. ആ പ്രക്രിയയിൽ മറ്റുള്ളവരെ "നമ്മുടെ സ്വന്തം" (ഏശ 58:7) എന്ന പോലെ കണക്കാക്കാൻ കഴിയും.



85. ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം, യേശുവിന്റെ വാക്കുകൾക്ക് കൂടുതൽ ആഴമുള്ള അർത്ഥമുണ്ട്. ഉപേക്ഷിക്കപ്പെടുകയോ പുറംതള്ളപ്പെടുകയോ ചെയ്യപ്പെട്ട ഓരോ സഹോദരനിലും സഹോദരിയിലും ക്രിസ്തുവിനെത്തന്നെ തിരിച്ചറിയാൻ അവ നമ്മെ നിർബന്ധിക്കുന്നു (cf. മത്താ 25:40-45). മറ്റുള്ളവരോട് നമുക്ക് ഉണ്ടായിരിക്കേണ്ട ആദരവിനെ പ്രചോദിപ്പിക്കാനും നിലനിറുത്താനുമുള്ള അവാച്യമായ ശക്തി വിശ്വാസത്തിനുണ്ട്. എന്തെന്നാൽ ദൈവം ഓരോ സ്ത്രീയെയും പുരുഷനെയും അനന്തമായ സ്നേഹംകൊണ്ട് സ്നേഹിക്കുന്നു എന്നും "ആ സ്നേഹം വഴി" മനുഷ്യവംശം മുഴുവന്റെയും മേൽ "അനന്തമായ മഹത്ത്വം നൽകുന്നു" എന്നും വിശ്വാ

സികൾ അറിയാൻ ഇടയാകുന്നു.[61] അതുപോലെ, ക്രിസ്തു നമ്മിൽ ഓരോരുത്തർക്കും വേണ്ടി രക്തം ചൊരിഞ്ഞുവെന്നും ആരും അവിടുത്തെ സാർവ്വത്രിക സ്നേഹത്തിന്റെ വ്യാപ്തിക്ക് അപ്പുറത്ത ല്ലെന്നും നമ്മൾ വിശ്വസിക്കുന്നു. ത്രിത്വാത്മക ദൈവത്തിന്റെ ജീവൻ തന്നെയായ ആ സ്നേഹത്തിന്റെ ആത്യന്തിക ഉറവിടത്തിലേക്ക് നാം പോകുകയാണെങ്കിൽ മൂന്നു ദൈവിക വ്യക്തികളുടെ കൂട്ടായ്മയിൽ പൊതുജീവിതത്തിലെ ഓരോ കാര്യത്തിന്റെയും ഉദ്ഭവവും മാതൃ കയും നാം കണ്ടെത്തും. മഹത്തായ ഈ സത്യത്തെപ്പറ്റിയുള്ള ചിന്ത കൊണ്ട് ദൈവശാസ്ത്രം സമ്പന്നമായിക്കൊണ്ടേയിരിക്കുന്നു.



86. അടിമത്തത്തെയും അക്രമത്തിന്റെ വിവിധരൂപങ്ങളെയും സംശ യരഹിതമായി അപലപിക്കാൻ സഭ ഇത്ര ദീർഘകാലം എടുത്തത് എന്തുകൊണ്ടാണെന്ന് ഇതിന്റെ വെളിച്ചത്തിൽ ഞാൻ ചിലപ്പോൾ വിസ്മയിച്ചിട്ടുണ്ട്. വികസിതമായ ആധ്യാത്മികതയും ദൈവശാ സ്ത്രവും ഇന്ന് ഉള്ളതുകൊണ്ട് നമുക്ക് ഒരു ഒഴിവുകഴിവുമില്ല. എന്നിട്ടും ഇടുങ്ങിയതും അക്രമപരവുമായ ദേശീയതാവാദത്തി ന്റെയും അപരിചിതരോടുള്ള വെറുപ്പിന്റെയും അവജ്ഞയുടെയും വിവിധരൂപങ്ങളെ പിന്താങ്ങാൻ ഉത്തേജിതരായി അല്ലെങ്കിൽ തങ്ങ ളുടെ വിശ്വാസത്താൽ അനുവദിക്കപ്പെടുകയെങ്കിലും ചെയ്തവരായി സ്വയം കരുതുന്ന ചിലരുണ്ട്. വിശ്വാസവും അത് ഉദ്ദീപിപ്പിക്കുന്ന

മാനവികതയും ഈ പ്രവണതകളുടെ മുമ്പിൽ വിമർശനാത്മക ബോധം പുലർത്തുകയും അവ എവിടെ തല ഉയർത്തിയാലും അവിടെ വേഗത്തിൽ പ്രതികരിക്കാൻ പ്രചോദിപ്പിക്കുകയും ചെയ്യണം. ഇക്കാരണത്താൽ താഴെപ്പറയുന്ന കാര്യം സുപ്രധാന മാണ്. മതബോധനവും മതപ്രഭാഷണവും, അസ്തിത്വത്തിന്റെ സാമൂഹികമായ അർത്ഥത്തെയും ആധ്യാത്മികതയുടെ സാഹോദര്യപര മായ മാനത്തെയും ഓരോ മനുഷ്യനുമുള്ള അന്യാധീനപ്പെടുത്താ നാവാത്ത മഹത്ത്വത്തെപ്പറ്റിയുള്ള നമ്മുടെ അവബോധത്തെയും നമ്മുടെ എല്ലാ സഹോദരീസഹോദരന്മാരെയും സ്നേഹിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നതിന്റെ കാരണങ്ങളെയും കുറിച്ച് നേരിട്ടും വ്യക്തമായും പറയണം.

## അധ്യായം മൂന്ന്

# തുറവുള്ള ഒരു ലോകത്തെ വിഭാവനം ചെയ്യലും സാക്ഷാത്കരിക്കലും

87. "തന്നെത്തന്നെ മറ്റുള്ളവർക്ക് ആത്മാർത്ഥതയോടെ സമ്മാനിക്കുക"[62] എന്നതിലൊഴികെ മറ്റൊന്നിലും മനുഷ്യജീവിക്ക് ജീവിക്കാനോ വികസിക്കാനോ പൂർണ്ണത കണ്ടെത്താനോ കഴിയുകയില്ല. അപ്രകാരമാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. മറ്റു വ്യക്തികളുമായുള്ള കണ്ടുമുട്ടൽ കൂടാതെ പൂർണമായി സ്വയം അറിയാനും മനുഷ്യനു കഴിയുകയില്ല. "മറ്റുള്ളവരുമായി സമ്പർക്കം പുലർത്തുന്നിടത്തോളം മാത്രമേ ഞാൻ കാര്യക്ഷമമായി എന്നോടു തന്നെ സമ്പർക്കം പുലർത്തുന്നുള്ളൂ."[63] മറ്റുള്ളവരോടു ബന്ധപ്പെടാതെ,



സ്നേഹിക്കാൻ യഥാർത്ഥ മുഖങ്ങളില്ലാതെ, ഒരുവനും ജീവിതത്തിന്റെ യഥാർത്ഥ സൗന്ദര്യം അനുഭവിക്കാൻ സാധിക്കുകയില്ല. യഥാർത്ഥ മാനുഷികാസ്തിത്വമെന്ന രഹസ്യത്തിന്റെ ഒരു ഭാഗമാണിത്. ബന്ധപ്പെടൽ, സംസർഗം, സാഹോദര്യം എന്നിവ ഉള്ളിടത്ത് ജീവൻ നിലനില്ക്കുന്നു. യഥാർത്ഥ ബന്ധങ്ങളിലും വിശ്വസ്തതയുടെ ബന്ധങ്ങളിലും പണിയപ്പെടുമ്പോൾ ജീവൻ മരണത്തെക്കാൾ ശക്തമാണ്. നേരേമറിച്ച്, നമ്മൾ സ്വയം പര്യാപ്തത ഉള്ളവരാണെന്ന് അവകാശപ്പെട്ടുകൊണ്ട് ദ്വീപുകളായി ജീവിച്ചാൽ ജീവനില്ല: ഇത്തരം മനോഭാവങ്ങളിൽ മരണം പ്രബലപ്പെടുന്നു."[64]

## I. നമ്മിൽനിന്നുതന്നെ പുറത്തുകടക്കൽ

88. ഓരോ ഹൃദയത്തിന്റെയും ആഴങ്ങളിൽ സ്നേഹം ബന്ധങ്ങളെ സൃഷ്ടിക്കുകയും അസ്തിത്വത്തെ വ്യാപിപ്പിക്കുകയും ചെയ്യുന്നു. കാരണം, അത് മനുഷ്യരെ അവരിൽ നിന്നു തന്നെ പുറത്തേക്കും മറ്റുള്ളവരുടെ നേർക്കും നീക്കുന്നു.[65] നാം സ്നേഹത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടവരാണ്. അതുകൊണ്ട് നമ്മിൽ ഓരോരുത്തരിലും ഒരു "സ്വാതിശായിത്വ നിയമം" [a law of ekstasis] പ്രവർത്തിക്കുന്നതു പോലെ തോന്നുന്നു. "സ്നേഹിക്കുന്നവൻ മറ്റൊരാളിൽ പൂർണ സ്നേഹം കണ്ടെത്താൻവേണ്ടി തന്റെ ആത്മവത്തയുടെ 'പുറത്തേക്കുപോകുന്നു".[66] ഇക്കാരണത്താൽ, "തന്റെതന്നെ അപ്പുറത്തേക്കു പോകാനുള്ള വെല്ലുവിളി മനുഷ്യൻ എപ്പോഴും സ്വീകരിക്കേണ്ടതുണ്ട്."[67]

89. ചെറിയൊരു ഗണത്തോടുള്ള ബന്ധങ്ങളിൽ, എന്റെതന്നെ കുടുംബത്തിൽപോലും, എന്റെ ജീവിതത്തെ ഞാൻ ചുരുക്കാനും പാടില്ല. കൂടുതൽ വിശാലമായ ബന്ധങ്ങളുടെ ശൃംഖല കൂടാതെ എന്നെത്തന്നെ അറിയാൻ കഴിയുകയില്ല. എന്റെ മുമ്പേപോയവരും എന്റെ മുഴുവൻ ജീവിതത്തെ രൂപപ്പെടുത്തിയവരും ആ ശൃംഖലയിൽ ഉൾപ്പെടുന്നു. ഞാൻ ബഹുമാനിക്കുന്നവരുമായിട്ടുള്ള എന്റെ ബന്ധം, അവർ എനിക്കുവേണ്ടി മാത്രമല്ല ജീവിക്കുന്നതെന്നും ഞാൻ അവർക്കുവേണ്ടി മാത്രമല്ല ജീവിക്കുന്നതെന്നുമുള്ള യാഥാർത്ഥ്യം പരിഗണിക്കണം. നമ്മുടെ ബന്ധങ്ങൾ ഗുണപ്രദവും ആരോഗ്യകരവുമാണെങ്കിൽ, നമ്മെ വികസിപ്പിക്കുകയും സമ്പന്നരാക്കുകയും ചെയ്യുന്നവരിലേക്ക് നമ്മെ തുറവിയുള്ളവരാക്കും. ഇക്കാലത്ത്

നമ്മുടെ ഏറ്റവും ശ്രേഷ്ഠമായ സാമൂഹിക വാസനകൾ ആഴമുള്ള ബന്ധങ്ങളുണ്ടെന്നു തോന്നിപ്പിക്കുന്ന സ്വയം കേന്ദ്രീകൃത സല്ലാപം കൊണ്ട് എളുപ്പത്തിൽ നിഷ്ഫലങ്ങളായിത്തീരും. നേരേമറിച്ച്, പക്വത യുള്ള യഥാർത്ഥ സ്നേഹവും യഥാർത്ഥ സൗഹൃദവും മറ്റുള്ളവരുമാ യുള്ള ബന്ധങ്ങളിലൂടെ വളരാൻ ഹൃദയങ്ങളിൽ മാത്രമേ വേരുപിടി ക്കുകയുള്ളൂ. വധൂവരന്മാർ എന്ന നിലയിലായാലും സുഹൃത്തുക്കൾ എന്ന നിലയിലായാലും, നാം നമ്മിൽ നിന്നു പുറത്തുപോകുകയും മറ്റുള്ളവരെ ആശ്ലേഷിക്കുകയും ചെയ്യുമ്പോൾ നമ്മുടെ ഹൃദയം വിക സിക്കുന്നതായി നാം കാണുന്നു. മറ്റുള്ളവരോടുള്ള എതിർപ്പ് സ്വന്തം തനിമയായി കരുതുന്ന ആവൃത ഗ്രൂപ്പുകളും തങ്ങളിൽതന്നെ മുഴു കിയിരിക്കുന്ന ദമ്പതികളും പൊതുവേ സ്വാർത്ഥതയുടെയും കേവലം സ്വയം സംരക്ഷണത്തിന്റെയും പ്രകാശനങ്ങളായിരിക്കും.



90. മരുഭൂമി പ്രദേശങ്ങളിൽ ജീവിക്കുന്ന അനേകം ചെറിയ സമൂ ഹങ്ങൾ വിശുദ്ധമായ അതിഥിസത്കാര കടമയുടെ അഭ്യസനമെന്ന നിലയിൽ തീർത്ഥാടകരെ സ്വാഗതം ചെയ്യുകയെന്ന നല്ല സമ്പ്രദായം വികസിപ്പിച്ചു എന്നത് ശ്രദ്ധേയമാണ്. മധ്യയുഗത്തിലെ സന്ന്യാസ സമൂഹങ്ങൾ ഇതുപോലെതന്നെ ചെയ്തു. വിശുദ്ധ ബനഡിക്ടിന്റെ നിയമാവലിയിൽ നാം അതു കാണുന്നുണ്ട്. സന്ന്യാസാശ്രമങ്ങളുടെ ശിക്ഷണം, നിശ്ശബ്ദത എന്നിവയിൽ നിന്ന് അത് ശ്രദ്ധ പതറിക്കും

എന്ന് അംഗീകരിച്ചുകൊണ്ടുതന്നെ വിശുദ്ധ ബനഡിക്ട് ഇങ്ങനെ ഊന്നിപ്പറഞ്ഞു: "ദരിദ്രരോടും തീർത്ഥാടകരോടും അങ്ങേയറ്റം കരുതലോടും ശ്രദ്ധയോടുംകൂടി പെരുമാറണം."[68] സ്വന്തം വലയത്തിനു പുറത്തുള്ളവരോടുള്ള കണ്ടുമുട്ടലിൽ അടങ്ങിയിരുന്ന വെല്ലുവിളിയും സമ്മാനവും സ്വാംശീകരിക്കാനുള്ള ഒരു സവിശേഷ മാർഗമായിരുന്നു ആതിഥ്യമര്യാദ. തങ്ങൾ വളർത്താൻ അന്വേഷിക്കുന്ന മൂല്യങ്ങൾ അപരനോടുള്ള തുറവിയിൽ, തങ്ങളിൽനിന്ന് അപ്പുറത്തേക്കു പോകാനുള്ള സന്നദ്ധതയോടുകൂടിയതായിരിക്കണമെന്ന് സന്ന്യാസിമാർ മനസ്സിലാക്കി.

## II. സ്നേഹം അതുല്യം

91. ധാർമ്മിക മൂല്യങ്ങളെന്നു തോന്നിക്കുന്ന ധീരത, മിതത്വം, കഠിനാധ്വാനം എന്നിവയും അവയോടു സമാനതയുള്ള മറ്റു ചിലശീലങ്ങളും. വികസിപ്പിക്കാൻ ആളുകൾക്കു കഴിയും എന്നാൽ, വിവിധ ധാർമ്മിക പുണ്യങ്ങളുടെ പ്രവൃത്തികൾ ശരിയായി നയിക്കപ്പെടണമെങ്കിൽ അവ മറ്റുള്ളവരോടുള്ള തുറവും ഐക്യവും എത്രമാത്രം വളർത്തുമെന്നുള്ളതു കൂടി പരിഗണിക്കണം. അതു സാധ്യമാകുന്നത് ദൈവം നിവേശിപ്പിക്കുന്ന പരസ്നേഹംകൊണ്ടാണ്. പരസ്നേഹം കൂടാതെ നമ്മൾ പൊതുജീവിതം പരിപോഷിപ്പിക്കാൻ കഴിവില്ലാത്ത അവാസ്തവമായ പുണ്യങ്ങൾ. കൈവശമുള്ളവരായിത്തീരാം. അങ്ങനെ, വിശുദ്ധ ആഗസ്തീനോസിനെ ഉദ്ധരിച്ചുകൊണ്ട് വിശുദ്ധ തോമസ് അക്വീനാസിന് ഇങ്ങനെ പറയാൻ കഴിഞ്ഞു: അത്യാഗ്രഹിയായ ഒരു വ്യക്തിയുടെ സംയമനം ഒരുവിധത്തിലും പുണ്യമുള്ളതല്ല.[69] വിശുദ്ധ ബെനവെഞ്ചർ ഇങ്ങനെ വിശദീകരിച്ചു: പരസ്നേഹം കൂടാത്ത മറ്റു പുണ്യങ്ങൾ കൃത്യമായി പറഞ്ഞാൽ കല്പനകളെ, "അവ നിറവേറ്റപ്പെടണമെന്ന് ദൈവം ആഗ്രഹിക്കുന്ന വിധത്തിൽ"[70] നിറവേറ്റുന്നില്ല.

92. ഒരു വ്യക്തിയുടെ ജീവിതത്തിന്റെ ആധ്യാത്മികാവസ്ഥ സ്നേഹംകൊണ്ട് അളക്കപ്പെടുന്നു. "സ്നേഹം അവസാനം ഒരു മാനുഷിക ജീവന്റെ യോഗ്യതയെയോ യോഗ്യതയില്ലായ്മയെയോ സുനിശ്ചിതമായി തീരുമാനിക്കാനുള്ള മാനദണ്ഡമായിത്തീരുന്നു."[71] എന്നാൽ ചില വിശ്വാസികൾ വിചാരിക്കുന്നത്, എല്ലാവരെയും തങ്ങളുടെ തന്നെ പ്രത്യയശാസ്ത്രങ്ങൾ അടിച്ചേല്പിക്കുന്നതിലോ സത്യത്തെ അക്രമാസക്തമാംവിധം സംരക്ഷിക്കുന്നതിലോ, മസ്സിൽ മായാത്ത മുദ്ര പതിപ്പിക്കത്തക്കവിധത്തിലുള്ള ശക്തി പ്രകടനത്തിലോ അത്

അടങ്ങിയിരിക്കുന്നു എന്നാണ്. വിശ്വാസികളെന്ന നിലയിൽ. സ്നേഹമാണ് ഒന്നാംസ്ഥാനത്തുള്ളതെന്ന് നമ്മൾ എല്ലാവരും തിരിച്ചറിയണം. സ്നേഹത്തെ ഒരിക്കലും അപകട നിലയിലാക്കാൻ പാടില്ല... ഏറ്റവും വലിയ അപകടം സ്നേഹിക്കുന്നതിൽ പരാജയപ്പെടുന്നതാണ് (cf. 1 കോറി 13:1–13).

93. ദൈവകൃപകൊണ്ട് സാധ്യമാകുന്ന സ്നേഹത്തെ വേറൊരാളുടെ അടുത്തേക്കുള്ള ഒരു ചലനമായി വിവരിക്കാൻ വിശുദ്ധ തോമസ് അക്വീനാസ് ശ്രമിച്ചു. ആ ചലനം വഴി "സ്നേഹിക്കപ്പെടുന്ന വ്യക്തി ഒരു വിധത്തിൽ നമ്മോട് ഐക്യപ്പെട്ടിരിക്കുന്നതായി"[74] നമ്മൾ കരുതുന്നു. മറ്റുള്ളവരോടുള്ള നമ്മുടെ വാത്സല്യം അവരുടെ നന്മ സ്വതന്ത്രമായി അന്വേഷിക്കാനുള്ള ആഗ്രഹത്തിലേക്കു നയിക്കും. "പരസ്നേഹം" (charity) എന്ന വാക്കിന്റെ പിന്നിലുള്ള ആത്യന്തികമായ ആശയം ഇതാണ്: സ്നേഹിക്കപ്പെട്ടവർ എനിക്ക് "പ്രിയപ്പെട്ടവരാണ്"; "അവർ വലിയ മൂല്യമുള്ളവരാണ്."[73] ഒരുവൻ മറ്റൊരുവന് അഭിമതൻ (ഗ്രാത്താ) ആയിത്തീരുന്നത് എന്തു മൂലമാണോ ആ സ്നേഹമാണ് അവന് എന്തെങ്കിലും സൗജന്യമായി കൊടുക്കാൻ (ഗ്രാത്തിസ്) പ്രേരിപ്പിക്കുന്നത്."[74]

94. അപ്പോൾ സ്നേഹമെന്നത് സന്മനസ്സോടെ ചെയ്യുന്ന പ്രവൃത്തികളുടെ വെറും പരമ്പരയല്ല. മറ്റുള്ളവരിലേക്ക് വർദ്ധമാനമായ തോതിൽ



തുറന്നിട്ടിരിക്കുന്ന ഒരു ഐക്യമാണ് ആ പ്രവൃത്തികളുടെ ഉറവിടം. അത് മറ്റുള്ളവരെ അവരുടെ ശാരീരികമോ ധാർമ്മികമോ ആയ ബാഹ്യ ശോഭയ്ക്കുപരി മൂല്യമുള്ളവരായി, യോഗ്യതയുള്ളവരായി, സന്തോഷിപ്പിക്കുന്നവരായി, സൗന്ദര്യമുള്ളവരായി, പരിഗണിക്കുന്നു. മറ്റുള്ളവരോടുള്ള, അവർ ആയിരിക്കുന്ന അവസ്ഥയിലുള്ള നമ്മുടെ സ്നേഹം അവരുടെ ജീവിതത്തിന് ഏറ്റവും നല്ലത് അന്വേഷിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. ആരെയും ഒഴിവാക്കാത്ത സാമൂഹിക സൗഹൃദവും സകലരോടും തുറവുള്ള സാഹോദര്യവും നാം സാധ്യമാക്കുന്നത് പരസ്പരം ബന്ധപ്പെടുന്ന ഈ രീതി വളർത്തുന്നതുവഴി മാത്രമാണ്.

## III. ശാശ്വത തുറവിയുള്ള സ്നേഹം

95. സ്നേഹം നമ്മെ സാർവത്രിക കൂട്ടായ്മയിലേക്കും ചായ്വുള്ളരാക്കുന്നു. മറ്റുള്ളവരിൽ നിന്ന് പിന്മാറിക്കൊണ്ട് ഒരുവനും പക്വത പ്രാപിക്കാനോ പൂർണത കണ്ടെത്താനോ കഴിയുകയില്ല. സ്നേഹം പ്രകൃത്യാതന്നെ വർധമാനമായ തുറവിയിലേക്കും മറ്റുള്ളവരെ സ്വീകരിക്കാനുള്ള കൂടുതൽ പ്രാപ്തിയിലേക്കും നമ്മെ ആഹ്വാനം ചെയ്യുന്നു. ഈ തുറവും സ്വാഗതവും എല്ലാ അരികുകളെയും (periphery) പരസ്പരബന്ധത്തിന്റെ നിറബോധ്യത്തിലേക്ക് കേന്ദ്രീകരിക്കുന്ന നിലയ്ക്കാത്ത ഒരു സാഹസത്തിന്റെ ഭാഗമാണ്. യേശു നമ്മോടു പറഞ്ഞിട്ടുള്ളതുപോലെ, "നിങ്ങൾ എല്ലാവരും സഹോദരങ്ങളാണ്" (മത്താ 23:8).

96. സ്വന്തം പരിധികളെ അതിശയിക്കുക എന്ന വസ്തുതയ്ക്ക് വ്യത്യസ്ത പ്രദേശങ്ങളെയും രാജ്യങ്ങളെയും അതിശയിക്കുക എന്നും അർത്ഥമുണ്ട്. യഥാർത്ഥത്തിൽ, "ഇന്നത്തെ ലോകത്തിലുണ്ടാകുന്ന പരസ്പരബന്ധങ്ങളുടെയും ആശയവിനിമയങ്ങളുടെയും എണ്ണത്തിലുള്ള വർധന രാഷ്ട്രങ്ങളുടെ ഐക്യത്തെയും പൊതുഭാഗധേയത്തെയും കുറിച്ച് നമ്മെ കൂടുതൽ ശക്തിയുക്തം ബോധവാന്മാരാക്കുന്നു. വംശീയഗ്രൂപ്പുകളുടെയും സമൂഹങ്ങളുടെയും സംസ്കാരങ്ങളുടെയും വൈവിധ്യമുണ്ടെങ്കിലും ചരിത്രത്തിന്റെ ഗതിവിഗതികളിൽ, പരസ്പരം സ്വീകരിക്കുകയും ശ്രദ്ധിക്കുകയും ചെയ്യുന്ന സഹോദരീസഹോദരന്മാരുടെ ഒരു സമൂഹത്തെ രൂപപ്പെടുത്താനുള്ള ഒരു വിളിയുടെ വിത്തുകൾ നാം കാണുന്നു."[75]

## IV. ഓരോരുത്തരേയും ഉൾക്കൊള്ളുന്ന തുറവുള്ള സമൂഹങ്ങൾ

97. ചില പ്രാന്തപ്രദേശങ്ങൾ (peripheries) നമ്മുടെ തൊട്ടടുത്തുണ്ട് – നഗര കേന്ദ്രങ്ങളിലായാലും നമ്മുടെ കുടുംബങ്ങളിലായാലും അതു കൊണ്ട് സ്നേഹത്തിലുള്ള സാർവത്രിക തുറവിക്ക് ഭൂമിശാസ്ത്രപരം എന്നതിനെക്കാൾ അസ്തിത്വപരമായ ഒരു വശം കൂടിയുണ്ട്. നമ്മുടെ സുഹൃത്തുക്കളുടെ വലയത്തെ, അടുത്തുള്ളവരാണെങ്കിലും എന്റെ താത്പര്യങ്ങളുടെ വലയത്തിന്റെ ഭാഗമായി ഞാൻ സ്വാഭാവികമായി കരുതാത്ത ആളുകളിലേക്ക് വ്യാപിപ്പിക്കാനുള്ള നമ്മുടെ അനുദിനപ രിശ്രമങ്ങളുമായി അതു ബന്ധപ്പെട്ടിരിക്കുന്നു. ഒരേ രാജ്യത്ത് ജനിച്ച വരാണെങ്കിലും ആവശ്യത്തിൽപ്പെട്ടിരിക്കുന്ന ഓരോ സഹോദരനും സഹോദരിയും ഞാൻ ജീവിക്കുന്ന സമൂഹത്തിൽ ഉപേക്ഷിക്കപ്പെടു കയോ അവഗണിക്കപ്പെടുകയോ ചെയ്യുമ്പോൾ അസ്തിത്വപരമായി ഒരു വിദേശിയായിത്തീരുന്നു. പൂർണ അവകാശങ്ങളോടുകൂടിയ പൗരന്മാരാണെങ്കിലും സ്വന്തം രാജ്യത്ത് അവർ വിദേശീയരെന്ന പോലെ കരുതപ്പെടുന്നു. വംശീയവാദം വേഗത്തിൽ രൂപം മാറുന്ന ഒരു രോഗാണു ആണ്. അത് അപ്രത്യക്ഷമാകുന്നതിനു പകരം ഒളിച്ച് കാത്തിരിക്കുന്നു.



98. സമൂഹത്തിൽ അന്യഘടകങ്ങളെപ്പോലെ പരിഗണിക്കപ്പെടുന്ന "ഗുപ്തവിപ്രവാസി"കളിൽ ഏതാനും ചിലരെപ്പറ്റി പരാമർശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.[76] തങ്ങൾ "ആരുടേതുമല്ലാതെയും ഭാഗഭാഗിത്വമില്ലാതെയും ജീവിക്കുന്നതായാണ് അവശതയനുഭവിക്കുന്നവർക്ക് തോന്നുന്നത്. പൂർണ പൗരാവകാശം അനുഭവിക്കുന്നതിൽ നിന്ന് അവരെ തടയുന്ന ഘടകങ്ങൾ പലതുണ്ട്. അവരെ സംരക്ഷിക്കുകയെന്നതു മാത്രമായിരിക്കരുത് നമ്മുടെ താത്പര്യം. പിന്നെയോ, "സിവിൽ സമൂഹത്തിലും സഭാസമൂഹത്തിലും അവർക്ക് സജീവ ഭാഗഭാഗിത്വം" ഉറപ്പുവരുത്തണം. "ഇത് ക്ലേശകരവും ക്ഷീണിപ്പിക്കുന്നതുപോലും ആയ ഒരു പ്രക്രിയയാണെങ്കിലും ഓരോ വ്യക്തിയും അതുല്യരും പകരം വയ്ക്കാനാവാത്തതുമായ വ്യക്തിയാണെന്ന് അംഗീകരിക്കാൻ കഴിവുള്ള മനഃസാക്ഷികളെ പരിശീലിപ്പിച്ചെടുക്കുന്നതിന് ക്രമേണ അതു സഹായിക്കും. "അവശതമൂലവും വാർധക്യം മൂലവും ചിലപ്പോൾ ഭാരമായി പരിഗണിക്കപ്പെടുന്നവരെക്കൂടി ഞാൻ ഇവിടെ ഓർമ്മിക്കുന്നു. എന്നാലും "തങ്ങളുടെ ശ്രദ്ധേമായ ജീവിത കഥകൾകൊണ്ട് പൊതുനന്മയ്ക്ക് അനന്യസഹായം ചെയ്യാൻ" അവരിൽ ഓരോരുത്തർക്കും സാധിക്കും. ഞാൻ ആവർത്തിച്ചു പറയട്ടെ: "ശാരീരിക-മാനസിക വൈകല്യങ്ങൾമൂലം വിവേചനത്തിന് വിധേയരാക്കപ്പെട്ടവർക്ക് ശബ്ദം കൊടുക്കാൻ വേണ്ട ധൈര്യം നമുക്ക് ഉണ്ടായിരിക്കണം. എന്തെന്നാൽ ദുഃഖകരമെന്നു പറയട്ടെ, ഇന്നും ചില രാജ്യങ്ങളിൽ അവരെ തുല്യമഹത്ത്വമുള്ള വ്യക്തികളായി അംഗീകരിക്കുകയെന്നത് പ്രയാസമുള്ള കാര്യമായി ആളുകൾ കരുതുന്നുണ്ട്."[77]

## V. സാർവത്രിക സ്നേഹത്തെക്കുറിച്ചുള്ള അപര്യാപ്ത ധാരണകൾ

99. അതിരുകൾക്ക് അപ്പുറം കടക്കാൻ കഴിവുള്ള ഒരു സ്നേഹമാണ് ഓരോ നഗരത്തിലും രാജ്യത്തിലും "സാമൂഹികസൗഹൃദം" എന്ന് വിളിക്കപ്പെടാവുന്നതിന്റെ അടിസ്ഥാനം. ഒരു സമൂഹത്തിനുള്ളിലുള്ള ശുദ്ധമായ സാമൂഹിക സൗഹൃദമാണ് യഥാർത്ഥമായ സാർവത്രിക തുറവ് സാധ്യമാക്കുന്നത്. തങ്ങളുടെ ജനങ്ങളെ സഹിക്കാനോ സ്നേഹിക്കാനോ കഴിവില്ലാത്തതുമൂലം കൂടെക്കൂടെ വിദേശങ്ങളിലേക്ക് യാത്ര ചെയ്യുന്നവരുടെ വ്യാജസാർവത്രികതയല്ല ഇവിടെ പരാമർശിക്കുന്നത്. സ്വന്തം ജനതത്തെ അവജ്ഞയോടെ കാണുന്നവർ സമൂഹത്തിനുള്ളിൽ ഒന്നാംതരമെന്നും രണ്ടാം തരമെന്നും,

ശ്രേഷ്ഠതയിൽ കൂടിയവരെന്നും കുറഞ്ഞവരെന്നും, അവകാശങ്ങളിൽ കൂടിയവരെന്നും കുറഞ്ഞവരെന്നുമൊക്കെയുള്ള ഗണങ്ങൾ സൃഷ്ടിക്കാൻ ശ്രമിക്കുന്നവരാണ്. ഇങ്ങനെ അവർ ഓരോ വ്യക്തിക്കും സ്ഥാനമുണ്ടെന്നതു നിഷേധിക്കുന്നു.

100. തീർച്ചയായും ഞാൻ സർവാധിപത്യപരമോ കേവലമോ ആയ സാർവത്രികതാവാദം നിർദ്ദേശിക്കുകയല്ല. അത് ചെറിയ ഒരു ഗ്രൂപ്പ് ആളുകൾ സങ്കല്പിച്ചതും ആസൂത്രണം ചെയ്തതും ഒരു പ്രത്യയ ശാസ്ത്രമെന്ന നിലയിൽ അവതരിപ്പിച്ചതുമാണ്. നിരപ്പുവരുത്താനും ആധിപത്യം പുലർത്താനും കൊള്ളചെയ്യാനും വേണ്ടിയുള്ളതാണത്. ആഗോളവത്കരണത്തിന്റെ ഒരു മാതൃക യഥാർത്ഥത്തിൽ "മനഃപൂർവം ഏകമാനമുള്ള ഏകരൂപത്തെ ലക്ഷ്യം വയ്ക്കുകയും ഐക്യത്തിനുവേണ്ടിയുള്ള ഉപരിപ്ലവമായ അന്വേഷണത്തിൽ എല്ലാ വ്യത്യാസങ്ങളെയും പാരമ്പര്യങ്ങളെയും ഇല്ലായ്മ ചെയ്യാൻ പരിശ്രമിക്കുകയും ചെയ്യുന്നു... ഏതെങ്കിലും ഒരുതരം ആഗോളവത്കരണം എല്ലാവരെയും ഏകരൂപമാക്കാമെന്ന്, എല്ലാവരെയും നിരപ്പാക്കാമെന്ന്, അവകാശപ്പെടുന്നുവെങ്കിൽ ആ ആഗോളവത്കരണം ഓരോ വ്യക്തിക്കും ഓരോ ജനതയ്ക്കുമുള്ള സമ്പന്നദാനങ്ങളെയും അനന്യതയെയും നശിപ്പിക്കുന്നു."[78] മിഥ്യയായ ഈ സാർവത്രികതാവാദം ലോകത്തെ അതിന്റെ വ്യത്യസ്ത നിറങ്ങളെയും സൗന്ദര്യത്തെയും ആത്യന്തികമായി അതിന്റെ മനുഷ്യത്വത്തെയും ഇല്ലാതാക്കിക്കളയുന്നു. എന്തെന്നാൽ, "ഭാവി ഏകവർണ ചിത്രമല്ല. നമ്മൾ ധീരതയുള്ളവരാണെങ്കിൽ ഓരോ വ്യക്തിക്കും നല്കാൻ കഴിയുന്ന ഓരോ ഇനത്തെയും വൈവിധ്യത്തെയും പറ്റി നമുക്കു ചിന്തിക്കാനാകും. നമ്മൾ എല്ലാവരും ഒറ്റയാളായിത്തീരാതെ സമന്വയത്തിലും സമാധാനത്തിലും ഒന്നിച്ചു ജീവിക്കാൻ നമ്മുടെ മാനുഷിക കുടുംബം ഇനിയും എത്രമാത്രം പഠിക്കേണ്ടിയിരിക്കുന്നു."[79]

## VI. "സഹകാരികളുടെ" ലോകത്തിനുമപ്പുറത്തേക്ക്

101. നമുക്ക് ഇപ്പോൾ നല്ല സമറായന്റെ ഉപമയിലേക്കു തിരിച്ചു പോകാം. കാരണം, അതിന് ഇനിയും നമ്മോടു പലതും പറയാനുണ്ട്. മുറിവേറ്റ മനുഷ്യൻ റോഡരുകിൽ കിടക്കുന്നു. അയാളുടെ അടുത്തുകൂടി നടന്നു പോകുന്നവർ അയല്ക്കാരായി പെരുമാറണമെന്ന തങ്ങളുടെ ആന്തരിക വിളിയെ ശ്രദ്ധിക്കുന്നില്ല. തങ്ങളുടെ കടമകളിലും പദവികളിലും സമൂഹത്തിലുള്ള പ്രൊഫഷണൽ സ്ഥാനങ്ങളിലും

അവർ മുഴുകിയിരിക്കുന്നു. അവർ തങ്ങളെത്തന്നെ അക്കാലത്തെ സമൂഹത്തിന് പ്രാധാന്യമുള്ളവരായി പരിഗണിച്ച് തങ്ങളുടെ സ്വന്തം ഭാഗം നിർവഹിക്കാൻ ഉത്കണ്ഠയുള്ളവരായി. വഴിയരികിൽ, മുറി വേറ്റ്, ഉപേക്ഷിക്കപ്പെട്ടു കിടക്കുന്ന മനുഷ്യൻ അവയ്ക്കെല്ലാം ഒരു ശ്രദ്ധാശൈഥില്യമാകുകയും അവയുടെയെല്ലാം തുടർച്ചയ്ക്ക് തടസ്സമാ യിത്തീരുകയും ചെയ്തു. എങ്ങനെയായാലും അയാൾ പ്രാധാന്യമുള്ള വ്യക്തിയായി തോന്നിയില്ല. ഭാവിയെപ്പറ്റിയുള്ള അവരുടെ പദ്ധതികളെ സംബന്ധിച്ചിടത്തോളം അയാൾ "ആരും" അല്ലാതായി, തിരിച്ചറിയാ ത്തവനായി. നല്ല സമരിയാക്കാരനാകട്ടെ, ഇടുങ്ങിയ ഈ വേർതിരിവു കൾക്ക് അതീതനായി. അയാൾ മുൻപറഞ്ഞ ഗണങ്ങളിലൊന്നിലും തന്നെത്തന്നെ പെടുത്തിയില്ല. അയാൾ കേവലം ഒരു വിദേശീയൻ, സമൂഹത്തിൽ ഒരു സ്ഥാനവുമില്ലാത്തവൻ... എല്ലാ ലേബലുകളിൽ നിന്നും പദവികളിൽ നിന്നും സ്വതന്ത്രനായ അയാൾക്ക് തന്റെ യാത്ര ഇടയ്ക്കു നിർത്താൻകഴിഞ്ഞു, പദ്ധതികൾ മാറ്റാൻ കഴിഞ്ഞു, അയാ ളുടെ സഹായം ആവശ്യമായിരുന്ന മുറിവേറ്റ വ്യക്തിയെ അപ്രതീ ക്ഷിതമായി സഹായിക്കാനും കഴിഞ്ഞു.

102. ഇക്കാലത്ത് ആ കഥയോടുള്ള പ്രതികരണം എന്തായിരിക്കും? തങ്ങളെ മറ്റുള്ളവരിൽനിന്ന് വേർതിരിക്കുന്ന ഒരു തനിമയോട് ഒട്ടി ച്ചേർന്നിരിക്കുന്ന സാമൂഹിക ഗ്രൂപ്പുകളുടെ ഉദ്ഭവത്തിനും വള ർച്ചയ്ക്കും സ്ഥിരം സാക്ഷ്യം വഹിക്കുന്ന ഇക്കാലത്ത് തങ്ങളുടെ തനി മയ്ക്കും അടഞ്ഞതും സ്വകേന്ദ്രീകൃതവുമായ വ്യവസ്ഥിതികൾക്കും ഭീഷണിയായേക്കാവുന്നതും വിദേശീയവുമായ ഏതു സാന്നിധ്യ ത്തെയും തടയത്തക്കവിധം കാര്യങ്ങൾ ക്രമീകരിക്കുന്നവരെ ഇത് എങ്ങനെ ബാധിക്കും? ആ വ്യവസ്ഥിതിയിൽ ഒരു അയല്ക്കാരനെ ന്നപോലെ പ്രവർത്തിക്കാനുള്ള സാധ്യതപോലും ഒഴിവാക്കപ്പെട്ടിരി ക്കുന്നല്ലോ. അവരുടെ ലക്ഷ്യത്തിന് ഉപകരിക്കുന്നവൻ മാത്രമാണ് അവരുടെ അയല്ക്കാരൻ. "അയല്ക്കാരൻ" എന്ന വാക്കിന്റെ അർത്ഥ മെല്ലാം നഷ്ടപ്പെടുന്നു. പ്രത്യേക താത്പര്യങ്ങൾക്കായുള്ള പരിശ്രമ ത്തിൽ പങ്കുകാർ, സഹപ്രവർത്തകർ ("associates") മാത്രമേ ഉണ്ടാ വുകയുള്ളൂ.

## VII. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം

103. സാഹോദര്യം വ്യക്തിപരമായ സ്വാതന്ത്ര്യങ്ങളോടുള്ള ബഹു മാനത്തിന്റെ അന്തരീക്ഷത്തിൽനിന്നോ ഭരണപരമായി ഗ്യാരന്റി

നല്കപ്പെട്ട സമത്വത്തിൽനിന്നുപോലുമോ ജനിക്കുന്നതല്ല. സാഹോദര്യം ബോധപൂർവം വളർത്താതിരിക്കുമ്പോൾ, സാഹോദര്യത്തെപ്പറ്റിയുള്ള വിദ്യാഭ്യാസത്തിലൂടെയും സംവാദത്തിലൂടെയും പാരസ്പര്യത്തിന്റെയും പരസ്പരം സമ്പന്നമാക്കലിന്റെയും മൂല്യങ്ങളുടെ തിരിച്ചറിവിലൂടെയും അതിനെ വളർത്താനുള്ള രാഷ്ട്രീയ ഇഛാശക്തി ഇല്ലാതിരിക്കുമ്പോൾ എന്താണ് സംഭവിക്കുന്നത്? അപ്പോൾ സ്വാതന്ത്ര്യം എന്നത് നമ്മൾ ഇഷ്ടപ്പെടുന്നതുപോലെ ജീവിക്കാനുള്ള ഒരു വ്യവസ്ഥയല്ലാതെ മറ്റൊന്നുമാകുന്നില്ല. അതാകട്ടെ നമ്മൾ ആരുടേത് അല്ലെങ്കിൽ എന്തിന്റേത് ആയിരിക്കണമെന്ന് നിശ്ചയിക്കാനുള്ള തികഞ്ഞ സ്വാതന്ത്ര്യം, അല്ലെങ്കിൽ പിടിച്ചുവയ്ക്കാനോ ചൂഷണം ചെയ്യാനോ വേണ്ട സ്വാതന്ത്ര്യം നല്കുന്നു. സർവോപരി സ്നേഹത്തിലേക്കു നയിക്കപ്പെടുന്ന സ്വാതന്ത്ര്യത്തിന്റെ സമ്പന്നതയുമായി ഉപരിപ്ലവമായ ഈ ധാരണയ്ക്ക് ഒരു ബന്ധവുമില്ല.

104. "എല്ലാ പുരുഷന്മാരും സ്ത്രീകളും തുല്യരാണ്" എന്ന അമൂർത്ത പ്രഖ്യാപനംകൊണ്ടും സമത്വം നേടാനാവുകയില്ല. മറിച്ച്, അത് സാഹോദര്യത്തിന്റെ ബോധപൂർവ്വവും ശ്രദ്ധാപൂർവ്വവുമായ വളർത്തലിന്റെ ഫലമാണ്. "സഹപ്രവർത്തകർ" മാത്രമായിരിക്കാൻ കഴിയുന്നവർ അടയ്ക്കപ്പെട്ട, ആവൃതമായ, ലോകങ്ങളെ സൃഷ്ടിക്കുന്നു. സഹപ്രവർത്തകരുടെ ഗ്രൂപ്പിന്റെ ഭാഗമല്ലാതിരിക്കുകയും എന്നാലും തങ്ങൾക്കും തങ്ങളുടെ കുടുംബങ്ങൾക്കും കൂടുതൽ നല്ല ജീവിതം ഉണ്ടാകണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നവർക്ക് ആ ചട്ടക്കൂട്ടിനുള്ളിൽ എന്തു സ്ഥാനമാണുള്ളത്?

105. വ്യക്തിവാദം നമ്മെ കൂടുതൽ സ്വതന്ത്രരും കൂടുതൽ സമത്വമുള്ളവരും കൂടുതൽ സാഹോദര്യമുള്ളവരുമാക്കുന്നില്ല. മുഴുവൻ മനുഷ്യകുടുംബത്തിനുംവേണ്ടി കൂടുതൽ നല്ല ലോകം സൃഷ്ടിക്കാൻ വ്യക്തിപരമായ താത്പര്യങ്ങളുടെ ആകെത്തുകയ്ക്കുമാത്രം സാധിക്കുകയില്ല. ഇപ്പോൾ വർദ്ധമാനമായ തോതിൽ ആഗോളവത്കൃതമായിക്കൊണ്ടിരിക്കുന്ന അനേകം രോഗങ്ങളിൽനിന്ന് നമ്മെ രക്ഷിക്കാനും അതിനു കഴിയുകയില്ല. മൗലിക വ്യക്തിവാദം ഒരു രോഗാണുആണ്. അതിനെ ഇല്ലായ്മ ചെയ്യാൻ അങ്ങേയറ്റം പ്രയാസമുണ്ട്. കാരണം, അത് സൂത്രശാലിയാണ്. നമ്മുടെ അധികാരതൃഷ്ണകൾക്ക് സ്വതന്ത്രഭരണം അനുവദിക്കുന്നതിലാണ് എല്ലാം അടങ്ങിയിരിക്കുന്നതെന്ന് അതു നമ്മെ വിശ്വസിപ്പിക്കുന്നു. വർധമാനമാകുന്ന

അഭിനിവേശങ്ങളെ പിന്തുടരുകയും സുരക്ഷിതത്വത്തിന്റെ വലകൾ നിർമ്മിക്കുകയും ചെയ്തുകൊണ്ട് നാം ഒരു വിധത്തിൽ പൊതു നന്മയെ സേവിക്കുന്നവരാകും എന്നു നമ്മെ വിശ്വസിപ്പിക്കുന്നു.

## VIII. വ്യക്തികളെ വളർത്തുന്ന സാർവത്രിക സ്നേഹം

106. സാർവത്രികസ്നേഹവും സാമൂഹിക സൗഹൃദവും എപ്പോഴും എല്ലായിടത്തും ഓരോ മനുഷ്യവ്യക്തിയുടെയും മഹത്ത്വം അംഗീകരിക്കാൻ എല്ലാവരെയും നിർബന്ധപൂർവം ആഹ്വാനം ചെയ്യുന്നു. ഓരോ വ്യക്തിയും അത്ര വലിയ മഹത്ത്വമുള്ളവനാണെങ്കിൽ വ്യക്തമായും ദൃഢമായും ഇങ്ങനെ പ്രസ്താവിക്കണം: "ചില മനുഷ്യർ കുറച്ചു വിഭവങ്ങൾ മാത്രമുള്ള അല്ലെങ്കിൽ കുറച്ചു വികസനം മാത്രമുള്ള സ്ഥലങ്ങളിൽ ജനിച്ചവരാണ് എന്ന വസ്തുത അവർ കുറഞ്ഞ മഹത്ത്വത്തോടെ ജീവിക്കുന്നു എന്ന യാഥാർത്ഥ്യത്തെ നീതിമത്കരിക്കുന്നില്ല."[81] ഇത് സാമൂഹികജീവിതത്തിന്റെ ഒരു മൗലിക തത്ത്വമാണ്. ഇത് തങ്ങളുടെ ലോകവീക്ഷണത്തിനു ചേർന്നതല്ലെന്നോ തങ്ങളുടെ ലക്ഷ്യങ്ങളെ സഹായിക്കുന്നില്ലെന്നോ മനസ്സിലാക്കുന്നവർ വിവിധ രീതികളിൽ അവഗണിക്കാൻ പ്രവണത കാണിക്കുന്ന ഒരു തത്ത്വമാണത്.

107. ഓരോ വ്യക്തിക്കും മഹത്ത്വത്തോടെ ജീവിക്കാനും സമഗ്രതയോടെ വികസിക്കാനും അവകാശമുണ്ട്. ഈ മൗലികാവകാശത്തെ നിഷേധിക്കാൻ ഒരു രാജ്യത്തിനും കഴിയുകയില്ല. ആളുകൾ ഉത്പാദനക്ഷമത ഇല്ലാത്തവരാണെങ്കിൽപോലും അവർക്ക് ഈ അവകാശമുണ്ട്. അവർ പരിമിതികളോടെ ജനിച്ചവരായാലും പരിമിതികൾ പിന്നീട് ഉണ്ടായതായാലും ഈ അവകാശമുണ്ട്. അത് മനുഷ്യവ്യക്തികളെന്ന നിലയിലുള്ള വലിയ മഹത്ത്വം കുറച്ചുകളയുന്നില്ല. കാരണം, ആ മഹത്ത്വം സാഹചര്യങ്ങളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതല്ല; പിന്നെയോ, അവരുടെ അസ്തിത്വത്തിന്റെ ആന്തരിക മഹത്ത്വത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണ്. ഈ മൗലികതത്ത്വത്തെ ഉയർത്തിപ്പിടിച്ചില്ലെങ്കിൽ സാഹോദര്യത്തിനോ മനുഷ്യത്വത്തിന്റെ അതിജീവനത്തിനോ ഭാവിയുണ്ടായിരിക്കുകയില്ല.

108. ചില സമൂഹങ്ങൾ ഈ തത്ത്വത്തെ ഭാഗികമായി സ്വീകരിക്കുന്നു. ഓരോ വ്യക്തിക്കും അവസരങ്ങൾ ലഭ്യമായിരിക്കണമെന്നത് അവർ സമ്മതിക്കുന്നു. എന്നാൽ എല്ലാം വ്യക്തിയെ ആശ്രയിച്ചിരിക്കുന്നുവെന്ന് പിന്നീട് പറയുകയും ചെയ്യുന്നു. "ജീവിതത്തിൽ അവസരങ്ങൾ

കണ്ടെത്താൻ മന്ദഗതിക്കാരെയോ ദുർബലരെയോ വാസന കുറഞ്ഞവരെയോ സഹായിക്കാനുള്ള പരിശ്രമങ്ങൾക്കായി മുതൽമുടക്കുന്നതിനെ അനുകൂലിക്കുക"[82] എന്നതിന് കുടിലമായ ഈ വീക്ഷണത്തിൽ സ്ഥാനമില്ലാതാകും. ദുർബലർക്കുവേണ്ടിയുള്ള നിക്ഷേപങ്ങൾ ലാഭകരമല്ലാത്തതായിത്തീരുമെന്നും അവർ കാര്യക്ഷമതയില്ലായ്മയ്ക്കു കാരണക്കാരാകുമെന്നുള്ള മനോഭാവം പാടില്ല. സന്നിഹിതവും പ്രവർത്തനനിരതവും സാമ്പത്തികമോ രാഷ്ട്രീയപരമോ പ്രത്യയശാസ്ത്രപരമോ ആയ ചില സംവിധാനങ്ങളുടെ സ്വതന്ത്രവും കാര്യക്ഷമവുമായ നടത്തിപ്പിനുമപ്പുറത്തേക്കു നോക്കാൻ കഴിയുന്നതും വ്യക്തികളെയും പൊതുനന്മയെയും ഒന്നാമതായി പരിഗണിക്കുന്നതുമായ രാഷ്ട്രങ്ങളും പൗരസ്ഥാപനങ്ങളുമാണ് യഥാർത്ഥത്തിൽ നമുക്ക് ആവശ്യമായിരിക്കുന്നത്.

109. ചിലർ സാമ്പത്തിക ഭദ്രതയുള്ള കുടുംബങ്ങളിൽ ജനിക്കുന്നു. നല്ല വിദ്യാഭ്യാസം അവർക്കു ലഭിക്കുന്നു. നന്നായി പോഷിപ്പിക്കപ്പെട്ട് വളർത്തപ്പെടുന്നു; അല്ലെങ്കിൽ സ്വാഭാവികമായി നല്ല വാസനയുള്ളവരായിരിക്കുന്നു. അവർക്ക് തീർച്ചയായും പ്രവർത്തനനിരതമായ ഒരു സ്റ്റേറ്റ് ആവശ്യമില്ല. അവർക്ക് തങ്ങളുടെ സ്വാതന്ത്ര്യത്തിനുള്ള അവകാശം മാത്രം മതി. എന്നാൽ ഇതേ നിയമം അവശതയുള്ള വ്യക്തികൾ, പരമദാരിദ്ര്യത്തിൽ ജനിച്ചവർ, നല്ല വിദ്യാഭ്യാസം ലഭിക്കാത്തവർ, പര്യാപ്തമായ ആരോഗ്യ പരിചരണത്തിന്റെ സാമീപ്യമില്ലാത്തവർ എന്നിവരെ സംബന്ധിച്ച് പ്രായോഗികമല്ല. ഒരു സമൂഹം പ്രധാനമായി വിപണി സ്വാതന്ത്ര്യത്തിന്റെയോ കാര്യക്ഷമതയുടെയോ മാനംകൊണ്ട് ഭരിക്കപ്പെട്ടാൽ അത്തരം വ്യക്തികൾക്ക് അവിടെ ഒരു സ്ഥാനവും ഉണ്ടാകില്ല. സാഹോദര്യമെന്നത് കേവലം ഒരു കാല്പനിക പ്രയോഗമായിത്തീരും.

110. "യഥാർത്ഥ അവസ്ഥകൾ അനേകർക്ക് സാമ്പത്തിക സ്വാതന്ത്ര്യത്തിലേക്കുള്ള പ്രവേശനം നിഷേധിക്കുമ്പോഴും, തൊഴിൽ സാധ്യതകൾ വല്ലാതെ ചുരുങ്ങിക്കൊണ്ടിരിക്കുമ്പോഴും, സാമ്പത്തിക സ്വാതന്ത്ര്യത്തെക്കുറിച്ച് അവകാശവാദങ്ങൾ മുഴക്കുന്നത് തീർച്ചയായും ഒരു ഇരട്ടത്താപ്പാണ്".[83] അപ്പോൾ സ്വാതന്ത്ര്യം, ജനാധിപത്യം, സാഹോദര്യം എന്നീ വാക്കുകൾ അർത്ഥരഹിതമാണെന്നു തെളിയും. കാരണം, "നമ്മുടെ സാമ്പത്തികവും സാമൂഹികവുമായ വ്യവസ്ഥിതി ഒരു ഇരയെയും സൃഷ്ടിക്കാതിരിക്കുമ്പോൾ, ഒരു വ്യക്തി

പോലും ഭ്രഷ്ടനാക്കപ്പെടാതിരിക്കുമ്പോൾ മാത്രമേ നമുക്ക് സാർവത്രിക സാഹോദര്യത്തിന്റെ ഉത്സവം ആഘോഷിക്കാൻ സാധിക്കുകയുള്ളൂ."[84] അംഗങ്ങളുടെ ഓരോ അവസ്ഥയിലും ഫലപ്രദമായും, സുസ്ഥിരമായും സഹഗമിക്കപ്പെടുന്നുവെന്നത് ഉറപ്പുവരുത്താൻ യഥാർത്ഥത്തിൽ മാനുഷികവും സഹോദരപരവുമായ ഒരു സമൂഹത്തിനു സാധിക്കും. അവരുടെ അടിസ്ഥാനപരമായ ആവശ്യങ്ങൾക്ക് വേണ്ടവ കൊടുത്തുകൊണ്ടു മാത്രമല്ല അതു സാധ്യമാകുന്നത്; പിന്നെയോ, അവരുടെ പ്രകടനം മഹത്തമമല്ലെങ്കിലും, അവരുടെ ഗതിവേഗം പതുക്കെയാണെങ്കിലും, അവരുടെ കാര്യക്ഷമത പരിമിതിയുള്ളതാണെങ്കിലും തങ്ങൾക്കുള്ളവയിൽ ഏറ്റവും നല്ലത് നല്കാൻ വ്യക്തികളെ പ്രാപ്തരാക്കിക്കൊണ്ട് അങ്ങനെ ചെയ്യാം.

111. അന്യാധീനപ്പെടുത്താനാവാത്ത അവകാശങ്ങളോടുകൂടിയ ഒരു മനുഷ്യവ്യക്തി ബന്ധപ്പെടലിലേക്ക് പ്രകൃത്യാ തുറവിയുള്ളവനാണ്. മറ്റുള്ളവരുമായുള്ള ബന്ധപ്പെടലിലൂടെ നമ്മുടെ അപ്പുറത്തേക്കു കടക്കുവാനുള്ള വിളി നമ്മിൽത്തന്നെ ആഴത്തിൽ നടപ്പെട്ടിരിക്കുന്നു. ഇക്കാരണത്താൽ "മാനുഷികാവകാശങ്ങളുടെ സങ്കല്പത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണയിൽ നിന്നുണ്ടാകാവുന്ന ചില തെറ്റുകളിലേക്കു വീഴാതിരിക്കാനും ആ സങ്കല്പത്തെ ദുരുപയോഗിക്കാതിരിക്കാനും നാം ശ്രദ്ധിക്കണം. കൂടുതൽ കൂടുതലായി വ്യക്തിപരമായ അവകാശങ്ങൾക്കുവേണ്ടി മുറവിളികൂട്ടാനുള്ള ഒരു പ്രവണത ഇന്നുണ്ട്. അതിനെ വ്യക്തിവാദപരമായ പ്രവണതയെന്നു വിളിക്കാൻ എനിക്കു തോന്നുന്നു. മാനുഷിക വ്യക്തികളെപ്പറ്റിയുള്ള ഒരു പ്രത്യേക സങ്കൽപമാണ് അതിന്റെ അടിസ്ഥാനം. അപരബോധം കുറഞ്ഞുവരുന്ന ഒരു 'പ്രാഥമിക ഏകകം' (monas) എന്നപോലെ സാമൂഹികവും നരവംശശാസ്ത്രപരവുമായ എല്ലാ സാഹചര്യങ്ങളിൽനിന്നും വേർപെട്ടു നില്ക്കുന്ന ഒന്നാണ് മനുഷ്യവ്യക്തിയെന്നാണ് ആ സങ്കൽപം. ഓരോ വ്യക്തിയുടെയും അവകാശങ്ങൾ കൂടുതൽ വലിയ നന്മയിലേക്ക് സമഞ്ജസമായി ക്രമപ്പെടുത്തണം. അല്ലെങ്കിൽ ആ അവകാശങ്ങൾ അവസാനം അതിരില്ലാത്തവയായി കരുതപ്പെടും. തത്ഫലമായി അവ സംഘർഷത്തിന്റെയും അക്രമത്തിന്റെയും ഒരു ഉറവിടമായി ത്തീരും."[85]

## IX. ധാർമ്മിക നന്മ വളർത്തൽ

112. ഒരു കാര്യം സൂചിപ്പിക്കുന്നതിൽ നാം പരാജയപ്പെടാനും പാടില്ല. മറ്റുള്ളവരുടെയും മുഴുവൻ മനുഷ്യകുടുംബത്തിന്റെയും നന്മയെ

അന്വേഷിക്കുകയും പിന്തുടരുകയും ചെയ്യുകയെന്നതിൽ, സമ്പൂർണ മാനുഷിക വികസനത്തെ പോഷിപ്പിക്കുന്ന ധാർമ്മിക മൂല്യങ്ങളിൽ പക്വത പ്രാപിക്കാൻ വ്യക്തികളെയും സമൂഹങ്ങളെയും സഹായിക്കുകയെന്നതും ഉൾപ്പെടുന്നുണ്ട് എന്ന കാര്യമാണത്. പുതിയ നിയമം പരിശുദ്ധാത്മാവിന്റെ ഒരു ദാനത്തെ 'അഗാത്തോസൂനെ' [വിശ്വസ്തത] എന്നു വിളിക്കുന്നു (cf ഗലാ 5:22). ആ ഗ്രീക്കുവാക്ക് നന്മയോടുള്ള ചേർന്നുനിൽക്കലും നന്മയെ പിന്തുടരലുമാണ് പ്രകാശിപ്പിക്കുന്നത്. കൂടാതെ, ശ്രേഷ്ഠതയ്ക്കും മറ്റുള്ളവർക്ക് ഉത്തമമായിട്ടുള്ളതിനും പക്വതയിലും ആരോഗ്യത്തിലും അവർക്കുള്ള വളർച്ചയ്ക്കും മൂല്യങ്ങളുടെ വളർത്തലിനും വേണ്ടിയുള്ള കഠിന ശ്രമത്തെക്കൂടി ആ വാക്കു സൂചിപ്പിക്കുന്നുണ്ട്. കേവലം ഭൗതിക ക്ഷേമത്തെയല്ല സൂചിപ്പിക്കുന്നത്. ഇതുപോലുള്ള ഒരു വാക്ക് ലത്തീൻ ഭാഷയിലുമുണ്ട്. 'ബേനെവൊളേൻസിയ' എന്ന പ്രയോഗമാണത്. മറ്റുള്ളവരുടെ നന്മ ആഗ്രഹിക്കുന്ന മനോഭാവമാണ് അതു സൂചിപ്പിക്കുന്നത്. നന്മയ്ക്കായുള്ള തീവ്രാഭിലാഷത്തെയും നല്ലതും ശ്രേഷ്ഠവുമായതിനോടെല്ലാമുള്ള ചായ്‌വിനെയും സുന്ദരവും ശ്രേഷ്ഠവും മാതൃകാപരവുമായതുകൊണ്ട് മറ്റുള്ളവരുടെ ജീവിതങ്ങളെ നിറയ്ക്കാനുള്ള ആഗ്രഹത്തെയും അത് സൂചിപ്പിക്കുന്നു.

113. ഇവിടെ ദുഃഖത്തോടെ ഒരു കാര്യം ആവർത്തിക്കാൻ എനിക്കു കടമയുണ്ടന്നും തോന്നുന്നു. അതായത്, "ഏറെനാളുകളായി ധർമ്മശാസ്ത്രം, നന്മ, വിശ്വാസം, സത്യസന്ധത എന്നിവയെ പരിഹസിച്ചു പരിഹസിച്ച് ധാർമിക അപചയത്തിലേക്ക് നമ്മൾ കൂപ്പുകുത്തിയിരിക്കുകയാണ്. വിവേകശൂന്യമായ ഈ ഉപരിപ്ലവത്വം നമുക്ക് യാതൊരു നന്മയും ചെയ്തില്ലെന്ന് അംഗീകരിക്കേണ്ട സമയമായി. സാമൂഹിക ജീവിതത്തിന്റെ അടിത്തറകൾ തുരുമ്പുപിടിച്ചു കഴിയുമ്പോൾ, തുടർന്നുവരുന്നത് നിക്ഷിപ്ത താത്പര്യങ്ങൾ സംരക്ഷിക്കാനുള്ള യുദ്ധങ്ങളാണ്."[86] നമുക്കുവേണ്ടിയും മുഴുവൻ മനുഷ്യവംശത്തിനുവേണ്ടിയും നന്മ വളർത്തുന്നതിലേക്കു നമുക്കു തിരിച്ചു പോകാം. അങ്ങനെ യഥാർത്ഥവും സമഗ്രവുമായ വളർച്ചയിലേക്ക് നമുക്ക് ഒന്നിച്ച് മുന്നേറാം. മൂല്യങ്ങളെ കൈമാറികൊടുക്കുന്നുണ്ടെന്ന് ഓരോ സമൂഹവും ഉറപ്പുവരുത്തണം. അല്ലെങ്കിൽ കൈമാറപ്പെടുന്നത് സ്വാർത്ഥതയും അക്രമവും വിവിധ രൂപങ്ങളോടുകൂടിയ അഴിമതിയും

നിസ്സംഗതയുമാകും; ആത്യന്തികമായി, ജീവിതം അതിശയകരമല്ലാത്തതും വ്യക്തിപരമായ താത്പര്യങ്ങളിൽ കുടുങ്ങിക്കിടക്കുന്നതുമാകും.

## X. ഐക്യദാർഢ്യത്തിന്റെ മൂല്യം

114. ഐക്യദാർഢ്യത്തെ സവിശേഷമായി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. "അത് വ്യക്തിപരമായ മാനസാന്തരത്തിൽനിന്നു ജനിച്ച ധാർമ്മിക സദ്ഗുണവും സാമൂഹിക മനോഭാവവുമാണ്. ആ നിലയിൽ അത് വിദ്യാഭ്യാസം, പരിശീലനം എന്നിവയുടെ സംബന്ധിച്ച ഉത്തരവാദിത്വം പേറുന്നവരിൽനിന്ന് പ്രതിജ്ഞാബദ്ധത ആവശ്യപ്പെടുന്നു. ആദ്യം ഞാൻ കുടുംബങ്ങളെപ്പറ്റിയാണ് ചിന്തിക്കുന്നത്. അവ വിദ്യാഭ്യാസത്തിന്റെ പ്രാഥമികവും സജീവവുമായ ദൗത്യത്തിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു. സ്നേഹം, സാഹോദര്യം, ഒന്നിച്ചായിരിക്കൽ, പങ്കുവയ്ക്കൽ, മറ്റുള്ളവരോടുള്ള താത്പര്യം, ശ്രദ്ധ എന്നീ മൂല്യങ്ങളനുസരിച്ചു ജീവിക്കുകയും അവയെ കൈമാറിക്കൊടുക്കുകയും ചെയ്യുന്ന ഒന്നാമത്തെ സ്ഥലം കുടുംബങ്ങളാണ്. വിശ്വാസം കൈമാറുന്നതിനുള്ള സവിശേഷ വേദിയുമാണവ. അമ്മമാർ തങ്ങളുടെ കുട്ടികളെ പഠിപ്പിക്കുന്ന ഭക്തിയുടെ ആദ്യത്തെ ആംഗ്യങ്ങൾകൊണ്ട് അവിടെ അതു തുടങ്ങുന്നു. കുട്ടികളെയും യുവജനങ്ങളെയും സ്കൂളുകളിലും മറ്റുസ്ഥാപനങ്ങളിലും പരിശീലിപ്പിക്കുകയെന്ന വെല്ലുവിളിയാർന്ന കടമ ഉള്ളവരാണ് അധ്യാപകർ. അവർ ഒരു കാര്യത്തെപ്പറ്റി ബോധമുള്ളവരായിരിക്കണം. ജീവിതത്തിന്റെ ധാർമ്മികവും ആധ്യാത്മികവും സാമൂഹികവുമായ വശങ്ങളിലേക്കുകൂടിയാണ് അവരുടെ ഉത്തരവാദിത്വം വ്യാപിക്കുന്നത് എന്ന കാര്യമാണത്. സ്വാതന്ത്ര്യം, പരസ്പര ബഹുമാനം, ഐക്യദാർഢ്യം എന്നീ മൂല്യങ്ങൾ ചെറുപ്രായത്തിൽ കൈമാറിക്കൊടുക്കാനാവും... വിവരദാനത്തിന്റെയും ആശയവിനിമയത്തിന്റെയും മാർഗങ്ങൾ ഏറെ വ്യാപകമായിരിക്കുന്ന ഇക്കാലത്ത് സാംസ്കാരികനായകർക്കും മാധ്യമപ്രവർത്തകർക്കും വിദ്യാഭ്യാസത്തെയും പരിശീലിപ്പിക്കലിനെയും സംബന്ധിച്ച ഉത്തരവാദിത്വം പ്രത്യേകമാം വിധത്തിൽ ഉണ്ട്."[87]

115. എല്ലാം ശിഥിലമാവുകയും സ്ഥിരതയില്ലാതാവുകയും ചെയ്യുന്നതായി തോന്നുന്ന ഇക്കാലത്ത് "ഐക്യദാർഢ്യത്തെ" [88] (solidity) ആശ്രയിക്കുന്നത് നമുക്കു നല്ലതാണ്. നമ്മൾ പൊതുവായ

ഭാവിക്കായി പരിശ്രമിക്കുമ്പോൾ മറ്റുള്ളവരുടെ ബലഹീനതയ്ക്ക് നമ്മളും ഉത്തരവാദികളാണ് എന്ന ബോധത്തിൽ നിന്നാണ് അതുണ്ടാകുന്നത്. ഐക്യദാർഢ്യം സേവനത്തിൽ വസ്തുനിഷ്ഠമായ പ്രകാശനം കണ്ടെത്തുന്നു. മറ്റുള്ളവരെ സംരക്ഷിക്കാനുള്ള പരിശ്രമത്തിൽ അതിനു വ്യത്യസ്ത രൂപങ്ങളുണ്ടാകും. സേവനം മുഖ്യമായി അർത്ഥമാക്കുന്നത് ഇതാണ്: "നമ്മുടെ കുടുംബങ്ങളിലെയും നമ്മുടെ സമൂഹത്തിലെയും നമ്മുടെ ജനതയിലെയും ദുർബലരായ അംഗങ്ങൾക്കുണ്ടാകാവുന്ന അരക്ഷിതാവസ്ഥയിൽനിന്ന് അവരെ രക്ഷിക്കുക." അത്തരം സേവനം ചെയ്യുന്നതുവഴി വ്യക്തികൾ "ഏറ്റവും അരക്ഷിതരായവരെ യഥാർത്ഥത്തിൽ കാണുമ്പോൾ സ്വന്തം ഇഷ്ടങ്ങളും ആഗ്രഹങ്ങളും അധികാരത്തിനുവേണ്ടിയുള്ള പരിശ്രമവും മാറ്റിവയ്ക്കാൻ പഠിക്കുന്നു... സേവനം എപ്പോഴും അവരുടെ മുഖങ്ങളിലേക്കു നോക്കുന്നു; അവരുടെ ശരീരത്തെ സ്പർശിക്കുന്നു; അവരുടെ അടുപ്പം അനുഭവിച്ചറിയുന്നു; ചില കാര്യങ്ങളിൽ, ആ അടുപ്പത്തെ 'സഹിക്കുന്നു.' അവരെ സഹായിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നു. സേവനം ഒരിക്കലും ആശയവാദപരമല്ല. എന്തെന്നാൽ നാം ആശയങ്ങൾക്കല്ല ജനങ്ങൾക്കാണ് സേവനം ചെയ്യുന്നത്."[89]

116. അഗതികൾ പൊതുവേ "സവിശേഷമായ ഐക്യദാർഢ്യം അഭ്യസിക്കുന്നു. ദരിദ്രരുടെയും സഹിച്ചുകൊണ്ടിരിക്കുന്നവരുടെയും ഇടയിൽ നിലനില്ക്കുന്ന ഒന്നാണത്. നമ്മുടെ സംസ്കാരം മറന്നുകളഞ്ഞതായി തോന്നുന്നതോ യഥാർത്ഥത്തിൽ മറക്കാൻ ആഗ്രഹിക്കുന്നതോ ആയ ഒന്നാണത്. എപ്പോഴും പ്രിയങ്കരമായ ഒരു വാക്കല്ല ഐക്യദാർഢ്യം എന്നത്. ചില സാഹചര്യങ്ങളിൽ അത് വൃത്തികെട്ട വാക്കായി, പറയാൻ ധൈര്യപ്പെടാത്ത വാക്കായി, കരുതപ്പെടും. വല്ലപ്പോഴും ഔദാര്യ പ്രവൃത്തികൾ ചെയ്യുക എന്നതിനെക്കാൾ കൂടിയ അർത്ഥം അതിനുണ്ട്. സമൂഹത്തെപ്പറ്റി ചിന്തിക്കുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ് അതിന്റെ അർത്ഥം. കുറച്ചുപേർ വസ്തുക്കൾ സ്വന്തമാക്കുകയെന്നതിനെക്കാൾ പ്രധാനപ്പെട്ടത് എല്ലാവരുടെയും ജീവിതമാണ് എന്നാണ് ഇതിന്റെ അർത്ഥം. ദാരിദ്ര്യം, അസമത്വം, തൊഴിലില്ലായ്മ, ഭൂമിയും താമസസ്ഥലവും ഇല്ലായ്മ, സാമൂഹികവും തൊഴിൽപരവുമായ അവകാശങ്ങളുടെ നിഷേധം എന്നിവയുടെ വ്യവസ്ഥിതിപരമായ കാരണങ്ങൾക്കെതിരേ പടപൊരുതുക എന്നുകൂടി ഇതിന് അർത്ഥമുണ്ട്. പണത്തിന്റെ സാമ്രാജ്യം വിതയ്ക്കുന്ന നാശകരമായ അനന്തരഫലങ്ങൾക്കെതിരേ

പടപൊരുതുകയെന്ന് ഇതിന് അർത്ഥമുണ്ട്...ഐക്യദാർഢ്യം എന്നത്, അതിന്റെ ഏറ്റവും ആഴത്തിലുള്ള അർത്ഥത്തിൽ മനസ്സിലാക്കുമ്പോൾ ചരിത്രത്തെ സൃഷ്ടിക്കുന്ന ഒരു വഴിയാണ്. ഇതാണ് ജനകീയ പ്രസ്ഥാനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്."[90]

117. നമ്മുടെ പൊതുഭവനത്തെ, നമ്മുടെ ഗ്രഹത്തെ, സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി നാം പറയുമ്പോൾ ഇനിയും മനുഷ്യഹൃദയങ്ങളിൽ സന്നിഹിതമായിരിക്കുന്ന സാർവത്രിക ബോധത്തിന്റെയും പരസ്പര താത്പര്യത്തിന്റെയും തീപ്പൊരിയെയാണ് നാം വിളിച്ചുണർത്തുന്നത്. ജലം ധാരാളമായി ഉണ്ടായിരിക്കുകയും എന്നാൽ കൂടുതൽ വലിയ മാനുഷിക കുടുംബത്തിനുവേണ്ടി അതു സൂക്ഷിക്കുകയും ചെയ്യുന്നവരുണ്ട്. അവർ തങ്ങളുടെയും തങ്ങളുടെ ഗ്രൂപ്പിന്റെയും അപ്പുറത്തേക്ക് നോക്കാൻ പ്രേരിപ്പിക്കുന്ന ഒരു ധാർമ്മികാവസ്ഥയെ പ്രാപിച്ചിരിക്കുന്നു. അത് എത്രയോ വിസ്മയനീയമായ മാനുഷികതയാണ്! എല്ലാ മനുഷ്യരുടെയും, നമ്മുടെ അതിരുകൾക്ക് അപ്പുറത്തു ജനിച്ചവരുടേതുപോലും, അവകാശങ്ങളെ നമ്മൾ തിരിച്ചറിയണമെങ്കിൽ അതേ മനോഭാവം ആവശ്യമാണ്.

## XI. സ്വത്തിന്റെ സാമൂഹിക ധർമ്മം പുനർവിഭാവനം ചെയ്യുമ്പോൾ

118. ലോകം എല്ലാവർക്കുംവേണ്ടി നിലകൊള്ളുന്നു. എന്തെന്നാൽ നമ്മൾ എല്ലാവരും ഒരേ യോഗ്യതയോടെ ജനിച്ചവരാണ്. നിറം, മതം, വാസന, ജന്മസ്ഥലം അല്ലെങ്കിൽ വാസസ്ഥലം അതുപോലുള്ള മറ്റ് അനേകം വസ്തുക്കളുടെ വ്യത്യാസങ്ങളുണ്ട്. എല്ലാവരുടെയും അവകാശങ്ങളുടെ മേൽ ചിലർക്കു മാത്രമുള്ള പ്രത്യേകാനുകൂല്യങ്ങളെ നീതിമത്കരിക്കാൻ അവയെ ഉപയോഗിക്കാൻ പാടില്ല. ഒരു സമൂഹം എന്ന നിലയിൽ നമുക്ക്, ഓരോ വ്യക്തിയും മഹത്ത്വത്തോടെ ജീവിക്കുന്നുവെന്നും അവന്റെ അല്ലെങ്കിൽ അവളുടെ സമഗ്രവികസനത്തിന് പര്യാപ്തമായ അവസരങ്ങൾ ഉണ്ടെന്നും ഉറപ്പുവരുത്താനുള്ള ഒരു കടമയുണ്ട്.

119. ആദിമ നൂറ്റാണ്ടുകളിൽ അനേകം ക്രൈസ്തവ ചിന്തകർ സൃഷ്ടവസ്തുക്കളുടെ പൊതുലക്ഷ്യത്തെക്കുറിച്ചുള്ള ധ്യാനങ്ങളിൽ ഒരു സാർവത്രിക ദർശനം വികസിപ്പിച്ചു.[91] ഒരു വ്യക്തിക്ക് മഹത്ത്വത്തോടെ ജീവിക്കാൻ ആവശ്യമായത് ഇല്ലാതിരിക്കുന്നെങ്കിൽ മറ്റൊരു വ്യക്തി അത് പിടിച്ചുവച്ചതുകൊണ്ടാണ് എന്ന ബോധ്യത്തിലേക്ക്

അത് അവരെ നയിച്ചു. വിശുദ്ധ ജോൺ ക്രിസോസ്തോം അത് ഇങ്ങനെ സംഗ്രഹിച്ചു പറയുന്നു: "നമ്മുടെ സമ്പത്ത് ദരിദ്രരുമായി പങ്കുവയ്ക്കാതിരിക്കുന്നത് അവരിൽനിന്ന് അതു പിടിച്ചുപറിക്കലും അവരുടെ ജീവസന്ധാരണത്തിനുള്ളത് തട്ടിയെടുക്കലുമാണ്. നമ്മൾ കൈവശം വച്ചുകൊണ്ടിരിക്കുന്ന സമ്പത്ത് നമ്മുടെ സ്വന്തമല്ല, മറ്റു ള്ളവരുടേതാണ്."[92] മഹാനായ വിശുദ്ധ ഗ്രിഗറിയുടെ വാക്കുകളിൽ "അത്യാവശ്യക്കാർക്ക് അവരുടെ അടിസ്ഥാനപരമായ ആവശ്യങ്ങൾ ക്കുവേണ്ടവ നാം നല്കുമ്പോൾ, അവർക്ക് അവരുടേതാണ് നാം നല്കുന്നത്, നമ്മുടേതല്ല."[93]

120. വിശുദ്ധ ജോൺ പോൾ രണ്ടാമന്റെ ഒരു പ്രസ്താവന ഒരി ക്കൽക്കൂടി പ്രതിധ്വനിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ആ പ്രസ്താ വനയുടെ ശക്തി ഒരുപക്ഷേ അപര്യാപ്തമാം വിധത്തിലേ മനസ്സിലാ ക്കപ്പെട്ടിട്ടുള്ളൂ: "ദൈവം മുഴുവൻ മനുഷ്യവംശത്തിനും വേണ്ടി ഭൂമി നല്കി. അത് എല്ലാ അംഗങ്ങളുടെയും നിലനില്പിനുവേണ്ടി നല്കി. ഒരുത്തനെയും ഒഴിവാക്കാതെയും, ഒരുത്തനോടും പ്രത്യേകമായ ആനുകൂല്യം കാണിക്കാതെയും നല്കി."[94] എന്റെ ഭാഗത്തുനിന്ന്, ഞാൻ ഇങ്ങനെ നിരീക്ഷിക്കുന്നു: "ക്രൈസ്തവ പാരമ്പര്യം സ്വകാ ര്യസ്വത്തിനുള്ള അവകാശത്തെ കേവലമോ അലംഘനീയമോ ആയ അവകാശമായി ഒരിക്കലും അംഗീകരിച്ചിട്ടില്ല. സ്വകാര്യസ്വത്തിന്റെ എല്ലാ രൂപങ്ങളുടെയും സാമൂഹിക ലക്ഷ്യത്തെപ്പറ്റി ഊന്നിപ്പറഞ്ഞി ട്ടുമുണ്ട്."[95] സൃഷ്ടവസ്തുക്കളുടെ പൊതുവായ ഉപയോഗം എന്ന തത്ത്വം "ധാർമ്മികവും സാമൂഹികവുമായ മുഴുവൻ ക്രമത്തിന്റെയും പ്രഥമ തത്ത്വം"[96] ആകുന്നു. അത് മറ്റുള്ളവയെക്കാൾ മുൻഗണന അർഹിക്കുന്ന സ്വാഭാവികവും സഹജവുമായ തത്ത്വമാണ്.[97] വ്യക്തികളുടെ മുഴുവൻ തികവിനും അത്യാവശ്യമായിട്ടുള്ള വസ്തു ക്കളെ സംബന്ധിച്ച മറ്റുള്ള എല്ലാ അവകാശങ്ങളും - സ്വകാര്യസ്വ ത്തിനെയോ മറ്റ് ഏതെങ്കിലും തരത്തിലുള്ള സ്വത്തിനെയോ സംബ ന്ധിച്ച അവകാശങ്ങളും - വിശുദ്ധ പോൾ ആറാമന്റെ വാക്കുകളിൽ പറഞ്ഞാൽ, [ഈ അവകാശത്തെ] "ഒരു വിധത്തിലും തടയുന്നില്ല; പിന്നെയോ, അതിന്റെ നടപ്പിലാക്കൽ പ്രക്രിയയെ സജീവമായി സുഗമമാക്കണം."[98] സ്വകാര്യസ്വത്തിനുള്ള അവകാശം രണ്ടാംതര ത്തിൽപ്പെട്ട സ്വാഭാവികാവകാശമായി മാത്രമേ പരിഗണിക്കപ്പെടാ നാവുകയുള്ളൂ. ആ അവകാശം സൃഷ്ടവസതുക്കളെ സംബന്ധിച്ച സാർവത്രിക ദൈവനിശ്ചയമെന്ന തത്ത്വത്തിൽ നിന്നുണ്ടാകുന്നതാണ്.

ഇതിന് വസ്തുനിഷ്ഠമായ അനന്തരഫലങ്ങളുണ്ട്. സമൂഹത്തിന്റെ പ്രവർത്തനങ്ങളിൽ അവ പ്രതിഫലിക്കണം. എന്നാലും പലപ്പോഴും സംഭവിക്കുന്നത് ഇങ്ങനെയാണ്: രണ്ടാംതരം അവകാശങ്ങൾ പ്രാഥമികവും സർവപ്രധാനവുമായ അവകാശങ്ങളെ പ്രയോഗത്തിൽ അപ്രസക്തങ്ങളാക്കുംവിധം അസ്ഥാനത്താക്കുന്നു.

## XII. സീമാതീതങ്ങളായ അവകാശങ്ങൾ

121. അപ്പോൾ ഒരു വ്യക്തിയും അവന്റെ അല്ലെങ്കിൽ അവളുടെ ജന്മസ്ഥലത്തിന്റെ പേരിൽ മൂലം ഒഴിവാക്കപ്പെടാൻ പാടില്ല. കൂടുതൽ അവസരങ്ങളുള്ള പ്രദേശങ്ങളിൽ ജനിച്ച മറ്റുള്ളവർ ആസ്വദിക്കുന്ന അവകാശങ്ങൾ അങ്ങനെയാകാൻ അത്രപോലും പാടില്ല; ഒരു രാഷ്ട്രത്തിന്റെയും പരിധികളും അതിരുകളും ഇതിന്റെ വഴിയിൽ തടസ്സമായി നില്ക്കാൻ പാടില്ല. സ്ത്രീകളായിരിക്കുന്നു എന്നതുകൊണ്ട് കുറച്ച് അവകാശങ്ങളേ ഉള്ളൂ എന്നത് അംഗീകരിക്കാനാവാത്തതുപോലെതന്നെ, ഒരു വ്യക്തിയുടെ ജനനസ്ഥലമോ വാസസ്ഥലമോ മൂലം വികസിതവും മഹത്ത്വപൂർണവുമായ ജീവിതം നയിക്കാൻ കുറച്ച് അവസരങ്ങളേ ലഭിക്കുന്നുള്ളൂ എന്നതും അംഗീകരിക്കാനാവുകയില്ല.

122. വികസനം എന്നത് കുറച്ചുപേർ സമ്പത്തു വാരിക്കൂട്ടുന്ന ഏർപ്പാടാകരുത്. പിന്നെയോ അത് "രാഷ്ട്രങ്ങളുടെയും ജനതകളുടെയും അവകാശങ്ങൾ ഉൾപ്പെടെയുള്ളവ്യക്തിപരവും സാമൂഹികവും, സാമ്പത്തികവും രാഷ്ട്രീയവുമായ മനുഷ്യാവകാശങ്ങളെ"[99] ഉറപ്പുവരുത്തണം. സ്വതന്ത്ര സംരംഭത്തിനോ വിപണി സ്വാതന്ത്ര്യത്തിനോ കുറച്ചുപേർക്കുള്ള അവകാശം ജനതകളുടെ അവകാശങ്ങളെയും ദരിദ്രരുടെ മഹത്ത്വത്തെയും പ്രസ്തുത മേഖലയിൽ പുലർത്തേണ്ട സ്വാഭാവിക പരിസ്ഥിതിയോടുള്ള ബഹുമാനത്തെയും അവഗണിക്കാൻ പാടില്ല. എന്തെന്നാൽ "നാം നമ്മുടേതായി എന്തെങ്കിലും നിർമ്മിക്കുകയാണെങ്കിൽ, അത് എല്ലാവരുടെയും നന്മയ്ക്കുവേണ്ട ശുശ്രൂഷചെയ്യാൻ മാത്രമാണ്."[100]

123. ബിസിനസ് പ്രവർത്തനം സത്താപരമായി സമ്പത്ത് ഉത്പാദിപ്പിക്കാനും നമ്മുടെ ലോകത്തെ അഭിവൃദ്ധിപ്പെടുത്താനും വേണ്ടിയുള്ള "ശ്രേഷ്ഠമായ ഒരു വിളിയാണ്."[101] ദൈവം നമുക്കുതന്ന വാസനകളെ വികസിപ്പിക്കാൻ അവിടന്നു നമ്മെ പ്രോത്സാഹിപ്പിക്കുന്നു. അവിടന്നു നമ്മുടെ പ്രപഞ്ചത്തെ അളവറ്റ കഴിവുള്ളതായി



നിർമ്മിച്ചു. ദൈവത്തിന്റെ പദ്ധതിയിൽ ഓരോ വ്യക്തിയും അവന്റെ തന്നെ അല്ലെങ്കിൽ അവളുടെ തന്നെ വികസനത്തെ വർധിപ്പിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു.[102] വസ്തുക്കളെ പെരുക്കുന്നതും സമ്പത്തു വർധിപ്പിക്കുന്നതും സാമ്പത്തികവും സാങ്കേതിക വിദ്യാപരവുമായിട്ടുള്ള ഏറ്റവും നല്ല മാർഗങ്ങൾ കണ്ടെത്തുന്നതും ഇതിൽ ഉൾപ്പെടുന്നു. ദൈവത്തിൽ നിന്നുള്ള ഒരു ദാനമായ ബിസിനസ് കഴിവുകൾ എപ്പോഴും മറ്റുള്ളരുടെ വികസനത്തിനും ദാരിദ്ര്യം ഇല്ലായ്മ ചെയ്യുന്നതിനുമായിട്ടുള്ളതായിരിക്കണം. പ്രത്യേകിച്ച്, വ്യത്യസ്ത തൊഴിൽ സാധ്യതകൾ സൃഷ്ടിച്ചുകൊണ്ട് അങ്ങനെ ചെയ്യണം. സ്വകാര്യ സ്വത്തിനുള്ള അവകാശത്തോടൊപ്പം പ്രഥമവും പ്രധാനവുമായ ഒരു തത്ത്വമുണ്ടായിരിക്കണം. സ്വകാര്യസ്വത്തുക്കളെല്ലാം ഭൂമിയിലെ വസ്തുക്കളുടെ സാർവത്രിക ലക്ഷ്യത്തിനു കീഴ്പ്പെടണമെന്നതും അങ്ങനെ അവയെ ഉപയോഗിക്കാൻ എല്ലാവർക്കും അവകാശമുണ്ടായിരിക്കണമെന്നതുമാണ് ആ തത്ത്വം.

## XIII. ജനങ്ങളുടെ അവകാശങ്ങൾ

124. ഇക്കാലത്ത്, ഭൂമിയുടെ വസ്തുക്കളെ സംബന്ധിച്ച പൊതു ലക്ഷ്യത്തിലുള്ള ഉറച്ചവിശ്വാസം ഒരു കാര്യം ആവശ്യപ്പെടുന്നു. അതായത്, ഈ തത്ത്വം രാഷ്ട്രങ്ങളെയും അവയുടെ അതിർത്തികളെയും വിഭവങ്ങളെയും സംബന്ധിച്ച് പ്രയോഗിക്കണമെന്നതാണ് ആ

കാര്യം. സ്വകാര്യസ്വത്തിന്റെ നിയമാനുസൃത പൗരന്മാരുടെ അവകാശങ്ങളെമാത്രം നോക്കാതെ വസ്തുക്കളുടെ പൊതുലക്ഷ്യത്തിന്റെ തത്ത്വം കൂടി പരിഗണിക്കുമ്പോൾ നമുക്ക് ഇങ്ങനെ പറയാനാവും: ഓരോ രാജ്യവും വിദേശീയന്റേതു കൂടിയാണ്. മറ്റൊരിടത്തു നിന്നുവരുന്ന അത്യാവശ്യമുള്ള ഒരു വ്യക്തിക്ക് ഒരു പ്രദേശത്തിന്റെ വസ്തുക്കൾ കൊടുക്കാതിരിക്കരുത്. അമേരിക്കയിലെ മെത്രാന്മാർ പഠിപ്പിച്ചതുപോലെ, "മൗലികാവകാശങ്ങൾ ഏതു സമൂഹത്തിനും മുമ്പേ പോകുന്നു. കാരണം, ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവനെന്ന നിലയിൽ ഓരോ മനുഷ്യനും നല്കപ്പെട്ട മഹത്ത്വത്തിൽ നിന്നാണ് അവ പ്രവഹിക്കുന്നത്."[104]

125. രാജ്യങ്ങൾ തമ്മിലുള്ള ബന്ധങ്ങളെയും കൈമാറ്റങ്ങളെയും സംബന്ധിച്ച് ഇത് ഒരു വ്യത്യസ്തരീതി മുൻകൂട്ടി നിശ്ചയിക്കുന്നു. ഓരോ മനുഷ്യജീവിയും അന്യാധീനപ്പെടുത്താനാവാത്ത മഹത്ത്വമുള്ളവനാണെങ്കിൽ, എല്ലാ മനുഷ്യരും എന്റെ സഹോദരീസഹോദരന്മാരാണെങ്കിൽ, ലോകം യഥാർത്ഥത്തിൽ ഓരോ വ്യക്തിയുടേതുമാണെങ്കിൽ, എന്റെ അയൽക്കാരൻ എന്റെ രാജ്യത്തു തന്നെയാണോ മറ്റെവിടെയെങ്കിലുമാണോ ജനിച്ചതെന്ന കാര്യം പ്രധാനപ്പെട്ടതല്ല. അവന്റെ അല്ലെങ്കിൽ അവളുടെ വികസനത്തിനുള്ള ഉത്തരവാദിത്വം എന്റെ രാജ്യത്തിന്റേതുകൂടിയാണ്. ആ ഉത്തരവാദിത്വം വ്യത്യസ്തരീതികളിൽ നിർവഹിക്കാനാകും: അത്യാവശ്യഘട്ടത്തിൽ അഭയാർത്ഥികളെ ഉദാരതയോടെ സ്വാഗതം ചെയ്തുകൊണ്ട് അവരുടെ ജന്മനാട്ടിൽ ജീവിതസാഹചര്യങ്ങളെ വികസിപ്പിക്കാൻ സഹായിച്ചുകൊണ്ട്, ആ രാജ്യങ്ങളെ ചൂഷണം ചെയ്യാൻ സമ്മതിക്കാതിരുന്നുകൊണ്ട്, അല്ലെങ്കിൽ അവയുടെ സ്വാഭാവിക വിഭവങ്ങൾ വറ്റിച്ചുകളയാൻ അനുവദിക്കാതിരുന്നുകൊണ്ട്, അവയുടെ ജനതയുടെ മഹത്ത്വത്തിന്റെ പൂർണമായ വികസനത്തെ തടയുന്ന അഴിമതി നിറഞ്ഞ സംവിധാനങ്ങളെ പിന്താങ്ങാതിരുന്നുകൊണ്ട് രാഷ്ട്രങ്ങളെ സംബന്ധിച്ച് പ്രയോഗിക്കാവുന്നത് ഓരോ രാജ്യത്തുമുള്ള വ്യത്യസ്ത പ്രദേശങ്ങളെ സംബന്ധിച്ചും പ്രയോഗിക്കാം. കാരണം, അവിടങ്ങളിലും മിക്കപ്പോഴും അസമത്വങ്ങളും. സമമായ മാനുഷിക മഹത്ത്വം തിരിച്ചറിയാനുള്ള കഴിവില്ലായ്മയും നിലനില്ക്കുന്നു. അതു ചിലപ്പോൾ, ചില രാജ്യങ്ങളിൽ, കൂടുതൽ വികസിച്ച പ്രദേശങ്ങളെ ഒരു ചിന്തയിലേക്കു നയിക്കുന്നു. കൂടുതൽ ദരിദ്രമായ പ്രദേശങ്ങളാകുന്ന

"മൃതഭാരത്തെ" കടലിലേക്ക് എറിഞ്ഞുകളയാമെന്നും അങ്ങനെ അവരുടെ ഉപഭോഗത്തിന്റെ ലെവൽ വർധിപ്പിക്കാമെന്നുമാണ് ആ ചിന്ത!

126. അന്താരാഷ്ട്ര ബന്ധങ്ങളുടെ പുതിയ ഒരു നെറ്റുവർക്കിനെപ്പറ്റിയാണ് നാം യഥാർത്ഥത്തിൽ പറയുന്നത്. എന്തെന്നാൽ വ്യക്തികളും അല്ലെങ്കിൽ ചെറിയ ഗ്രൂപ്പുകളും പരസ്പരം സഹായിക്കുന്നതിനെപ്പറ്റി മാത്രം ചിന്തിച്ചാൽ നമ്മുടെ ലോകത്തിന്റെ ഗൗരവാവഹമായ പ്രശ്നങ്ങളെ പരിഹരിക്കാൻ ഒരു മാർഗവുമില്ല. ഒരു കാര്യം നാം മറക്കാതിരിക്കുകയുംവേണം. അതായത്, "അസമത്വം വ്യക്തികളെ മാത്രമല്ല മുഴുവൻ രാജ്യങ്ങളെയും ബാധിക്കും. അന്താരാഷ്ട്ര ബന്ധങ്ങളുടെ ധർമ്മശാസ്ത്രത്തെ പരിഗണിക്കാൻ അതു നമ്മെ നിർബന്ധിക്കുന്നു."[105] യഥാർത്ഥത്തിൽ, വ്യക്തികളുടെ അവകാശങ്ങളെ മാത്രമല്ല, പിന്നെയോ, സാമൂഹികാവകാശങ്ങളെയും ജനതകളുടെ അവകാശങ്ങളെയും മനസ്സിലാക്കുകയും ആദരിക്കുകയും ചെയ്യണമെന്ന് നീതി ആവശ്യപ്പെടുന്നു.[106] "നിലനില്പിനും പുരോഗതിക്കുമുള്ള ജനങ്ങളുടെ മൗലികാവകാശത്തെ"[109] ഉറപ്പുവരുത്താൻ ഒരു വഴി കണ്ടുപിടിക്കുക എന്നതാണ് ഇതിന്റെ അർത്ഥം. ആ അവകാശം വിദേശക്കടം സൃഷ്ടിക്കുന്ന സമ്മർദ്ദത്താൽ ചിലപ്പോൾ കർക്കശമായി നിയന്ത്രിക്കപ്പെടും. പല സംഭവങ്ങളിലും കടംവീട്ടൽ വികസനത്തെ വർധിപ്പിക്കുന്നതിൽ പരാജയപ്പെടുകമാത്രമല്ല ചെയ്യുന്നത്; പിന്നെയോ, വികസനത്തെ ഗൗരവാവഹമായ രീതിയിൽ പരിമിതപ്പെടുത്തുകയും വ്യവസ്ഥകൾക്ക് അധീനമാക്കുകയും കൂടി ചെയ്യുന്നു. നിയമപ്രകാരം വാങ്ങിച്ച കടങ്ങളെല്ലാം വീട്ടണം എന്ന തത്ത്വത്തെ മാനിക്കണം. അതേസമയം, സമ്പന്നരാഷ്ട്രങ്ങളോട് അനേകം ദരിദ്ര രാഷ്ട്രങ്ങൾക്കുള്ള ഈ ബാധ്യത നിറവേറ്റുന്ന മാർഗം, അവരുടെ അസ്തിത്വത്തെയും വളർച്ചയെയും മുരടിപ്പിക്കാൻ പാടില്ല.

127. തീർച്ചയായും വ്യത്യസ്തമായ ഒരു ചിന്താരീതിയാണിവിടെ ആവശ്യം. ആ ചിന്താരീതിയിലേക്കു പ്രവേശിക്കാൻ പരിശ്രമിക്കാതിരുന്നാൽ ഞാൻ ഇവിടെ പറയുന്നത് അനിയന്ത്രിതമായ മിഥ്യയായി തോന്നും. നേരേ മറിച്ച്, നമ്മുടെ അന്യാധീനപ്പെടുത്താനാവാത്ത മാനുഷിക മഹത്ത്വത്തിൽ നിന്ന് ഉദ്ഭൂതമാകുന്ന അവകാശങ്ങൾ ഉണ്ടെന്ന മഹത്തായ തത്ത്വം നാം സ്വീകരിച്ചാൽ പുതിയൊരു മാനുഷികതയെ പരിഗണിക്കുകയെന്ന വെല്ലുവിളിയെ നമുക്ക് നേരിടാൻ കഴിയും. എല്ലാവർക്കും ഭൂമിയും വാസസ്ഥലവും തൊഴിലും

നല്കുന്ന ഒരു ലോകത്തെ അഭിലഷിക്കാനാകും. ഇതാണ് സമാധാനത്തിലേക്കുള്ള യഥാർത്ഥ വഴി, ബാഹ്യഭീഷണികളുടെ മുമ്പിൽ ഭയവും വിശ്വാസമില്ലായ്മയും വിതയ്ക്കുന്ന അർത്ഥശൂന്യവും കാഴ്ച കുറഞ്ഞതുമായ സമരതന്ത്രമല്ല. "മാനവകുടുംബം മുഴുവനിലും പരസ്പരാശ്രയത്താലും കൂട്ടുത്തരവാദിത്വത്താലും രൂപീകൃതമാകുന്ന ഒരു ഭാവിക്കുവേണ്ടിയുള്ള ശുശ്രൂഷയോടുള്ള ഐക്യദാർഢ്യത്തിന്റെയും സഹകരണത്തിന്റെയും ആഗോളപരമായ ധർമ്മശാസ്ത്രത്തിന്റെയും അടിസ്ഥാനത്തിൽ"[108] മാത്രമേ യഥാർത്ഥവും ശാശ്വതവുമായ സമാധാനം സാധ്യമാകുകയുള്ളൂ.

## അധ്യായം നാല്

# മുഴുവൻ ലോകത്തിലേക്കും തുറന്നിരിക്കുന്ന ഒരു ഹൃദയം

128. എല്ലാ മനുഷ്യരും സഹോദരീസഹോദരന്മാരാണെന്ന അവബോധം കേവലം ഒരു ആശയമായി മാത്രം നിലനില്ക്കരുത്. പിന്നെയോ, അതു മാംസം ധരിച്ചു മൂർത്തമാകണം. അങ്ങനെ ചെയ്യുമ്പോൾ അനേകം വെല്ലുവിളികൾ ഉണ്ടാകും. കാര്യങ്ങളെ പുതിയ പ്രകാശത്തിൽ കാണാനും പുതിയ പ്രത്യുത്തരങ്ങൾ വികസിപ്പിക്കാനും അവ നമ്മെ നിർബന്ധിക്കുന്നു.

## 1. അതിർത്തികളും അവയുടെ പരിധികളും

129. നമ്മുടെ അയൽക്കാരൻ ഒരു കുടിയേറ്റക്കാരനാണെങ്കിൽ സങ്കീർണമായ വെല്ലുവിളികളാണ് ഉയരുന്നത്.[109] അത്യാവശ്യമില്ലാത്ത കുടിയേറ്റം ഉപേക്ഷിക്കപ്പെടണം എന്നതാണ് മാതൃകാപരം. ജനിച്ച രാജ്യങ്ങളിൽ മഹത്ത്വീകൃത ജീവിതത്തിനും സമഗ്രവികസനത്തിനും ആവശ്യമായ അവസ്ഥകൾ സൃഷ്ടിക്കപ്പെടുക എന്നത് ഇതിന് ആവശ്യമാണ്. എന്നാൽ ഈ ലക്ഷ്യം പ്രാപിക്കുന്നതിൽ കാര്യമായ പുരോഗതി സൃഷ്ടിക്കപ്പെടുന്നതുവരെ എല്ലാ വ്യക്തികൾക്കും അവരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും അടിസ്ഥാനപരമായ ആവശ്യങ്ങൾ നടത്തിക്കിട്ടാനും വ്യക്തിപരമായ നിറവേറൽ കണ്ടെത്താനും ഒരു സ്ഥലം കണ്ടെത്താനുള്ള അവകാശത്തെ മാനിക്കുവാൻ നമ്മൾ കടപ്പെട്ടിരിക്കുന്നു. കുടിയേറുന്ന വ്യക്തികളുടെ വരവിനെ സംബന്ധിച്ച നമ്മുടെ പ്രത്യുത്തരം നാലു വാക്കുകളിൽ സംഗ്രഹിക്കാം: സ്വീകരിക്കുക, സംരക്ഷിക്കുക, വളർത്തുക, ഉൾക്കൊള്ളുക. എന്തെന്നാൽ, "അത് മുകൾ മുതൽ താഴെ വരെ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്ന കാര്യമല്ല. പിന്നെയോ, ഇപ്പറഞ്ഞ

നാലു പ്രവൃത്തികളിലൂടെ ഒന്നിച്ചുള്ള യാത്ര നടത്തലാണ്. സാംസ്കാരികവും മതപരവുമായ സ്വകീയ താദാത്മ്യം സംരക്ഷിച്ചുകൊണ്ടു തന്നെ, വ്യത്യാസങ്ങളോടു തുറവിയുള്ളവരായിരിക്കുകയും മാനുഷികസാഹോദര്യത്തിന്റെ ചൈതന്യത്തിൽ അവരെ എങ്ങനെ വളർത്തണമെന്ന് അറിഞ്ഞുകൊണ്ട് നഗരങ്ങളെയും രാജ്യങ്ങളെയും പടുത്തുയർത്തുകയും ചെയ്യുന്ന യാത്രയാണത്".[110]

130. അനുപേക്ഷണീയമായ ചില നടപടികൾ ഇവിടെ സ്വീകരിക്കേണ്ടതുണ്ട്, പ്രത്യേകിച്ച്, ഗുരുതരമായ മാനുഷിക പ്രതിസന്ധികൾ മൂലം പലായനം ചെയ്യുന്നവരെ സഹായിക്കാൻ. ഉദാഹരണങ്ങളായി ചില കാര്യങ്ങൾ പറയാം: വിസകൾ നല്കുന്നത് വർദ്ധിപ്പിക്കുകയും ലളിതമാക്കുകയും ചെയ്യുക, വ്യക്തികളെയും സമൂഹങ്ങളെയും ദത്തെടുക്കുന്ന പദ്ധതികൾ സ്വീകരിക്കുക, ഏറ്റവും കൂടുതൽ ദുർബലരായ അഭയാർത്ഥികൾക്ക് മാനുഷികമായ ഇടനാഴികൾ തുറന്നുകൊടുക്കുക, സമുചിതവും മഹത്ത്വീകൃതവുമായ താമസസൗകര്യം നല്കുക, വ്യക്തിപരമായ സുരക്ഷിതത്വത്തിനും അടിസ്ഥാനപരമായ സേവനങ്ങൾ ലഭിക്കുന്നതിനും ഗ്യാരന്റി നല്കുക. പര്യാപ്തമായ കോൺസുലർ സഹായവും സ്വന്തം ഐഡന്റിറ്റി രേഖകൾ സൂക്ഷിക്കാനുള്ള അവകാശവും ഉറപ്പുവരുത്തുക, നീതിന്യായ സമ്പ്രദായത്തിൽ തുല്യപ്രവേശനം ഉറപ്പുവരുത്തുക, ബാങ്ക് അക്കൗണ്ടുകൾ തുടങ്ങാനും അതിജീവനത്തിനുള്ള ഏറ്റവും ചെറിയ കാര്യങ്ങൾക്കും ഗ്യാരന്റി ഉറപ്പു വരുത്തുക, സഞ്ചാര സ്വാതന്ത്ര്യവും തൊഴിൽ കിട്ടാനുള്ള സാധ്യതയും ഉറപ്പു വരുത്തുക, പ്രായപൂർത്തിയാകാത്തവർക്ക് സംരക്ഷണവും വിദ്യാഭ്യാസത്തിലേക്കുള്ള പൂർണമായ പ്രവേശവും ഉറപ്പു വരുത്തുക താത്കാലിക രക്ഷാകർത്തൃത്വത്തിന്റെയോ താമസസൗകര്യത്തിന്റെയോ പദ്ധതികൾക്ക് സഹായം നല്കുക, മതസ്വാതന്ത്ര്യം അനുവദിക്കുക, സമൂഹത്തിലേക്കുള്ള കൂട്ടിച്ചേർക്കൽ വളർത്തുക, കുടുംബങ്ങളുടെ പുനരേകീകരണത്തെ പിന്താങ്ങുക, ഉദ്ഗ്രഥനത്തിന്റെ പ്രക്രിയയ്ക്കായി പ്രാദേശിക സമൂഹങ്ങളെ സജ്ജീകരിക്കുക."[111]

131. നേരത്തെ വന്നുചേർന്നിട്ടുള്ളവരും സമൂഹത്തിന്റെ ഘടനയിൽ പണ്ടേ പങ്കുപറ്റിത്തുടങ്ങിയവരുമായ ആളുകൾക്കായി "പൗരത്വം" എന്ന സങ്കല്പം പ്രായോഗികമാക്കുകയെന്നത് സുപ്രധാനകാര്യമാണ്. "അവകാശങ്ങളുടെയും കടമകളുടെയും തുല്യതയിൽ

അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണത്. അതിന്റെ കീഴിൽ എല്ലാവരും തുല്യനീതി ആസ്വദിക്കുന്നു. അതുകൊണ്ട് നമ്മുടെ സമൂഹങ്ങളിൽ പൂർണപൗരത്വം എന്ന സങ്കല്പം സ്ഥാപിക്കുകയെന്നതും "ന്യൂന പക്ഷങ്ങൾ" എന്ന വാക്കിന്റെ വിവേചനപരമായ പ്രയോഗം ഉപേക്ഷി ക്കുകയെന്നതും നിർണായകമാണ്. ന്യൂനപക്ഷങ്ങൾ എന്ന പദത്തിന്റെ വിവേചനപരമായ പ്രയോഗം ഒറ്റപ്പെടലിന്റെയും അധഃസ്ഥിതിയു ടെയും വികാരങ്ങൾ സൃഷ്ടിക്കുമെന്ന അപകടമുണ്ട്. അതിന്റെ ദുരു പയോഗം ശത്രുതയിലേക്കും ഭിന്നിപ്പിലേക്കുമുള്ള വഴി തുറക്കും. അത് എല്ലാ നേട്ടങ്ങളെയും വിഫലമാക്കും. വിവേചനത്തിനു വിധേയ രാക്കപ്പെട്ട കുറേ പൗരന്മാരുടെ മതപരവും പൗരപരവുമായ അവ കാശങ്ങൾ അങ്ങനെ എടുത്തുകളയപ്പെടുന്നു.[112]

132. അടിസ്ഥാനപരമായ അത്തരം നടപടികൾ സ്വീകരിക്കുമ്പോഴും തക്കപരിഹാരങ്ങൾ നടപ്പാക്കാൻ രാഷ്ട്രങ്ങൾക്കുതന്നെ സാധിക്കു ന്നില്ല. "കാരണം, ഓരോ രാഷ്ട്രവും എടുക്കുന്ന തീരുമാനങ്ങളുടെ അനന്തരഫലങ്ങൾ മുഴുവൻ അന്താരാഷ്ട്ര സമൂഹത്തിലും വിഗണി ക്കാനാവാത്ത പ്രതിഫലനങ്ങൾ സൃഷ്ടിക്കും." അതിന്റെ ഫലമായി കുടിയേറ്റനീക്കങ്ങളെ സംബന്ധിച്ചിടത്തോളം ആഗോള ഭരണത്തിന്റെ ഒരു രൂപം വികസിപ്പിക്കാനുള്ള "പൊതു പരിശ്രമത്തിന്റെ ഫലമായി രിക്കാനേ നമ്മുടെ പ്രത്യുത്തരത്തിനു പറ്റുകയുള്ളൂ."[113] അങ്ങനെ, "അത്യാഹിതങ്ങളോടുള്ള പ്രത്യുത്തരങ്ങളിൽ മാത്രമായി പരിമി തപ്പെടുത്താത്ത ഇടക്കാല പദ്ധതിയിടലും ദീർഘകാല പദ്ധതിയിടലും ഉണ്ടായിരിക്കുകയെന്നത് ആവശ്യമാണ്. അത്തരം പ്ലാനിങ്ങിൽ കുടി യേറ്റക്കാരെ സ്വീകരിക്കുന്ന രാജ്യങ്ങളിൽ അവരെ ഉയർത്താനുള്ള ഫലപ്രദമായ സഹായം ഉൾപ്പെട്ടിരിക്കണം. അതേസമയം അവരുടെ ജന്മനാട്ടുകാരുടെ വികസനത്തെ വർദ്ധിപ്പിക്കുകയും വേണം. ഐക്യ ദാർഢ്യത്താൽ പ്രചോദിപ്പിക്കപ്പെട്ട നയങ്ങളിലൂടെയാണ് അങ്ങനെ ചെയ്യേണ്ടത്. എന്നാൽ പ്രത്യയശാസ്ത്രപരമായ സമരതന്ത്രങ്ങളോടും അവരെ സഹായിക്കുന്ന ജനങ്ങളുടെ സംസ്കാരങ്ങളോടും ആചാ രരീതികളോടും ആ സഹായത്തെ ബന്ധിപ്പിക്കാതെ അപ്രകാരം ചെയ്യണം."[114]

## II. പരസ്പരദാനങ്ങൾ

133. വ്യത്യസ്തരായ മനുഷ്യരുടെ വരവ്, വ്യത്യസ്ത ജീവിത മാർഗ്ഗ ങ്ങളിൽ നിന്നും സംസ്കാരങ്ങളിൽ നിന്നും വരുന്നവരുടെ ആഗമനം

ഒരു സമ്മാനമായി നമുക്കു കരുതാനാകും. എന്തെന്നാൽ "കുടിയേറ്റക്കാരുടെ കഥകൾ എപ്പോഴും വ്യക്തികൾ തമ്മിലും സംസ്കാരങ്ങൾ തമ്മിലും ഉള്ള കഥകളാണ്. എന്തെന്നാൽ കുടിയേറ്റക്കാർ ഏതു സമൂഹങ്ങളിലേക്കും സമുദായങ്ങളിലേക്കും കുടിയേറുന്നുവോ അവർക്കായി എല്ലാവരുടെയും സമൃദ്ധിക്കും സമഗ്രമാനുഷിക വികസനത്തിനും അവസരം കൊണ്ടുവരുന്നു."[115] ഇക്കാരണത്താൽ, യുവജനങ്ങളോട് ഞാൻ ആഹ്വാനം ചെയ്യുന്നു: തങ്ങളുടെ രാജ്യങ്ങളിൽ പുതുതായി വന്നു ചേർന്ന യുവജനങ്ങൾക്കെതിരേ പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നവരുടെ കൈയിൽപ്പെടരുത്. കുടിയേറ്റക്കാരെ ഒരു ഭീഷണിയായിട്ടാണ് അക്കൂട്ടർ കരുതുന്നത്. മറ്റുള്ള ഏതു മനുഷ്യർക്കുമുള്ള അന്യാധീനപ്പെടുത്താനാവാത്ത മഹത്ത്വമുള്ളവരല്ല കുടിയേറ്റക്കാരെന്നാണ് അവരുടെ വിചാരം".[116]

134. യഥാർത്ഥത്തിൽ വ്യത്യസ്തരായവരിലേക്ക് നമ്മുടെ ഹൃദയം തുറക്കുമ്പോൾ, അവർ അവരായിത്തന്നെ തുടർന്നുകൊണ്ട് പുതിയ രീതികൾ വികസിപ്പിക്കാൻ അത് അവർക്ക് ശക്തി നല്കും. നമ്മുടെ ലോകം ദരിദ്രമാക്കപ്പെടാതിരിക്കാൻ നൂറ്റാണ്ടുകൾക്കപ്പുറം പുഷ്ടി പ്രാപിച്ച വിവിധ സംസ്കാരങ്ങൾ സംരക്ഷിക്കപ്പെടണം. അതേ സമയം മറ്റു യാഥാർത്ഥ്യങ്ങളുമായുള്ള കണ്ടുമുട്ടലിലൂടെ പുതിയ അനുഭവങ്ങളിലേക്ക് തുറവിയുള്ളവരാകാൻ ആ സംസ്കാരങ്ങളെ പ്രോത്സാഹിപ്പിക്കുകയും വേണം. എന്തെന്നാൽ സാംസ്കാരിക മരവിപ്പിന് കീഴടങ്ങുകയെന്ന അപകട സാധ്യത എപ്പോഴുമുണ്ട്.



അതുകൊണ്ടാണ്, "പരസ്പരം ആശയവിനിമയം ചെയ്യുകയെന്നത് ആവശ്യമായിരിക്കുന്നതും. ഓരോ മനുഷ്യന്റെയും ദാനങ്ങളെ കണ്ടെത്തുന്നതിന്, നമ്മെ ഐക്യപ്പെടുത്തുന്നതിനെ വളർത്തുന്നതിനും നമ്മുടെ വ്യത്യാസങ്ങളെ പരസ്പര ബഹുമാനത്തിൽ വളരാനുള്ള സന്ദർഭമായി കരുതുന്നതിനും അത് ആവശ്യമാണ്. അത്തരം സംവാദത്തിൽ ക്ഷമയും വിശ്വാസവും ആവശ്യമാണ്. അവ വ്യക്തികളെയും കുടുംബങ്ങളെയും സമൂഹങ്ങളെയും സ്വന്തം സംസ്കാരത്തിലെ മൂല്യങ്ങളെ കൈമാറാനും മറ്റുള്ളവരുടെ അനുഭവങ്ങളിൽ നിന്നു വരുന്ന നന്മയെ സ്വാഗതം ചെയ്യാനും അനുവദിക്കും."[117]

135. കഴിഞ്ഞ കാലത്ത് ഞാൻ ഉപയോഗിച്ചിട്ടുള്ള ചില ഉദാഹരണങ്ങൾ ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. ലത്തീനോ സംസ്കാരം "അമേരിക്കയെ വലിയ തോതിൽ സമ്പന്നമാക്കാൻ കഴിയുന്ന മൂല്യങ്ങളുടെയും സാധ്യതകളുടെയും പുളിപ്പാണ്". എന്തെന്നാൽ "തീവ്രമായ കുടിയേറിപ്പാർക്കൽ എപ്പോഴും ഒരു സ്ഥലത്തിന്റെ സംസ്കാരത്തെ സ്വാധീനിക്കുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു. അർജന്റീനയിൽ, ഇറ്റലിയിൽ നിന്നുള്ള തീവ്രമായ കുടിയേറ്റം സമൂഹത്തിന്റെ സംസ്കാരത്തിൽ മുദ്ര പതിപ്പിച്ചിട്ടുണ്ട്. രണ്ടുലക്ഷത്തോളം യഹൂദരുടെ സാന്നിധ്യത്തിന് ബ്യൂനോസ് അയേഴ്സിന്റെ സാംസ്കാരിക 'ശൈലിയിൽ' വലിയ സ്വാധീനമുണ്ട്. കുടിയേറ്റക്കാർ ഉദ്ഗ്രഥനത്തിനു സഹായിക്കപ്പെട്ടാൽ അത് ഒരു അനുഗ്രഹമാണ്; സമ്പന്നമാക്കലിന്റെ ഒരു ഉറവിടമാണ്; സമൂഹം വളരാൻ പ്രോത്സാഹിപ്പിക്കുന്ന നവീന ദാനമാണ്."[118]

136. കൂടുതൽ വിശാലമായ അളവിൽത്തന്നെ ഗ്രാന്റ് ഇമാം അഹമ്മദ് അൽ തയ്യേബും ഞാനും ഇങ്ങനെ നിരീക്ഷിച്ചിട്ടുണ്ട്: "പൗരസ്ത്യരും, പാശ്ചാത്യരും തമ്മിലുള്ള നല്ല ബന്ധങ്ങൾ രണ്ടു കൂട്ടർക്കും തർക്കരഹിതമാംവിധം അത്യാവശ്യമാണ്. ആ ബന്ധങ്ങൾ അവഗണിക്കപ്പെടരുത്. ഫലപൂർണമായ കൊടുക്കൽ-വാങ്ങലിലൂടെയും സംവാദങ്ങളിലൂടെയും ഓരോ സംസ്കാരവും മറ്റുള്ളവരുടെ സംസ്കാരത്താൽ സമ്പന്നമാക്കപ്പെടും. പ്രബലപ്പെട്ടുകൊണ്ടിരിക്കുന്ന ഭൗതികവാദം മൂലമുണ്ടായ ആധ്യാത്മികവും മതപരവുമായ വികലാവസ്ഥകൾക്കുള്ള പരിഹാരമാർഗങ്ങൾ പൗരസ്ത്യരിൽ കണ്ടെത്താൻ പാശ്ചാത്യർക്കു സാധിക്കും. ദൗർബല്യം, ഭിന്നത, സംഘർഷം, ശാസ്ത്രപരവും സാങ്കേതികതാപരവും സാംസ്കാരികവുമായ അധ:പതനം

എന്നിവയിൽ നിന്ന് പൗരസ്ത്യരെ സ്വതന്ത്രരാക്കാൻ സഹായിക്കുന്ന അനേകം ഘടകങ്ങൾ പാശ്ചാത്യരിൽ കണ്ടെത്താൻ പൗരസ്ത്യർക്ക് സാധിക്കും. പൗരസ്ത്യരുടെ സ്വഭാവം, സംസ്കാരം, നാഗരികത എന്നിവയെ രൂപപ്പെടുത്തുന്നതിന്റെ ഒരു സജീവഘടകമായിരിക്കുന്ന മതപരവും സാംസ്കാരികവും ചരിത്രപരവുമായ വ്യത്യാസങ്ങളെ ശ്രദ്ധിക്കുകയെന്നത് സുപ്രധാനമാണ്. അതുപോലെ പ്രധാനപ്പെട്ട ഒരു കാര്യമുണ്ട്. മൗലികമാനുഷികവശങ്ങളെ വീണ്ടും ശക്തിപ്പെടുത്തുകയെന്ന കാര്യമാണത്. ഇരട്ട മാനദണ്ഡങ്ങളുടെ രാഷ്ട്രീയം ഉപേക്ഷിച്ച് പൗരസ്ത്യരും പാശ്ചാത്യരുമായ എല്ലാ സ്ത്രീപുരുഷന്മാർക്കും മഹത്ത്വീകൃതമായ ജീവിതം ഉറപ്പു വരുത്താൻ സഹായിക്കുന്നതിനാണത്."[119]

## III. ഫലപൂർണമായ കൈമാറ്റം

137. രാജ്യങ്ങൾ തമ്മിലുള്ള പരസ്പരസഹായം ഓരോ രാജ്യത്തെയും സമ്പന്നമാക്കുന്നുണ്ടെന്നതു വ്യക്തമാണ്. ആദിമ സാംസ്കാരിക അസ്തിവാരത്തിൽ ദൃഢമായി നിലയുറപ്പിച്ചുകൊണ്ടു തന്നെ മുന്നോട്ടു ചലിക്കുന്ന ഒരു രാജ്യം മുഴുവൻ മനുഷ്യവംശത്തിനും ഒരു നിധിയാണ്. ഒന്നുകിൽ നമ്മൾ എല്ലാവരും ഒന്നിച്ച് രക്ഷിക്കപ്പെടുന്നു, അല്ലെങ്കിൽ ഒരുവനും രക്ഷപ്പെടുകയില്ല എന്ന ബോധം ഇക്കാലഘട്ടത്തിൽ നമ്മൾ വികസിപ്പിക്കണം. ഭൂമിയുടെ ഒരു ഭാഗത്തുള്ള ദാരിദ്ര്യം, അധഃപതനം, സഹനം എന്നിവ പ്രശ്നങ്ങളുടെ നിശ്ശബ്ദമായ ഈറ്റില്ലമായിത്തീരുകയും അത് ഭൂമി മുഴുവനും ബാധിക്കുന്നതിൽ ചെന്നെത്തുകയും ചെയ്യും. ചില സ്പീഷിസുകളുടെ വംശനാശത്തെപ്പറ്റി നമ്മൾ ആകുലതയുള്ളവരാണ്. അങ്ങനെയെങ്കിൽ, നമ്മുടെ ലോകത്തിലെ ചില ഭാഗങ്ങളിൽ വ്യക്തികളോ ജനങ്ങളോ ദാരിദ്ര്യം കൊണ്ടോ മറ്റ് ഏതെങ്കിലും ഘടനാപരമായ പരിമിതികൾകൊണ്ടോ അവരുടെ നിഗൂഢശേഷിയും സൗന്ദര്യവും വികസിപ്പിക്കുകയെന്നത് തടയപ്പെട്ടിരിക്കുന്നു എന്നതിൽ നാം കൂടുതൽ ആകുലചിത്തരാകണം. അവസാനം ഇത് നമ്മെ എല്ലാവരെയും ദരിദ്രരാക്കും.

138. ഇത് എന്നും സത്യമായിരുന്നെങ്കിലും ആഗോളവത്കരണം കൊണ്ട് പരസ്പരം ബന്ധിക്കപ്പെട്ട നമ്മുടെ കാലഘട്ടത്തിലെപ്പോലെ ഇത് ഒരിക്കലും കൂടുതൽ വ്യക്തമായിരുന്നില്ല. ആഗോള വ്യാപകമായ നീതിന്യായവും രാഷ്ട്രീയവും സാമ്പത്തികവുമായ ഒരു

ക്രമവും നമുക്ക് ആവശ്യമാണ്. "അത് ഐക്യദാർഢ്യത്തിൽ എല്ലാ ജനതകളുടെയും വികസനത്തിനുള്ള അന്താരാഷ്ട്ര സഹകരണത്തെ വർദ്ധിപ്പിക്കുകയും നയിക്കുകയും ചെയ്യാൻ കഴിയുന്നതായിരിക്കണം."[120] ആത്യന്തികമായി ഇത് മുഴുവൻ ലോകത്തിനും ഉപകാരപ്രദമാകും. കാരണം, "ദരിദ്രരാഷ്ട്രങ്ങൾക്കായി നല്കുന്ന വികസനത്തിനുള്ള സഹായം എല്ലാവർക്കും സമ്പത്തു സൃഷ്ടിക്കുക"[121] എന്നത് ഉൾക്കൊള്ളുന്നുണ്ട്. സമഗ്രമായ വികസനമെന്ന നിലയിൽ നിന്ന് ഇത് ഒരു കാര്യം മുൻകൂട്ടി സങ്കല്പിക്കുന്നുണ്ട്. അതായത്, "കൂടുതൽ ദരിദ്രമായ രാഷ്ട്രങ്ങൾക്ക് പൊതുവായ തീരുമാനമെടുക്കലിൽ കാര്യക്ഷമമായ ശബ്ദം"[122] ഉണ്ടായിരിക്കണം എന്നതും "ദാരിദ്ര്യവും അവികസിതത്വവും സഹിക്കുന്ന രാജ്യങ്ങൾക്ക് അന്താരാഷ്ട്ര വിപണിയിലേക്കുള്ള പ്രവേശനം എളുപ്പമുള്ളതാക്കുവാൻ വേണ്ട കഴിവുണ്ടായിരിക്കണം"[123] എന്നതുമാണ് ആ കാര്യം.

## IV. മറ്റുള്ളവരോട് ഉദാരതയുള്ള തുറവി

139. എന്നാലും, ഈ വിഷയത്തെ ഒരു തരം ഉപഭോഗവാദപരമായ സമീപനമായി പരിമിതപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. "ഉദാരത"യുടെ ഒരു ഭാഗം എപ്പോഴും ഉണ്ടായിരിക്കും: ചില കാര്യങ്ങൾ, അവ അവയിൽത്തന്നെ നല്ലതായതുകൊണ്ട്, വ്യക്തിപരമായ ലാഭമോ പ്രതിഫലമോ നോക്കാതെ ചെയ്യാനുള്ള കഴിവാണത്. അപരിചിതനെ സ്വാഗതം ചെയ്യുന്നത് നമുക്ക് പെട്ടെന്ന് സ്പർശനീയമായ ഉപകാരം ചെയ്യുന്നില്ലെങ്കിലും, ഉദാരത അതിന് നമ്മെ പ്രാപ്തരാക്കും. എന്നിട്ടും ചില രാജ്യങ്ങൾക്ക് ശാസ്ത്രജ്ഞരെയും നിക്ഷേപകരെയും മാത്രമേ സ്വീകരിക്കൂ എന്ന നിലപാടുള്ളതായി തോന്നുന്നു.

140. നമ്മൾ എന്തു കൊടുക്കുന്നുവെന്നും പകരമായി നമുക്കു എന്തു കിട്ടുമെന്നും നാം സ്ഥിരം തൂക്കി നോക്കുന്ന ഒരുതരം ഭ്രാന്തമായ വ്യാപാരമായി സഹോദരപരമായ ഉദാരതയില്ലാത്ത ജീവിതം മാറുന്നു. നേരേമറിച്ച്, ദൈവം സൗജന്യമായി നല്കുന്നു, വിശ്വസ്തതയില്ലാത്തവരെപ്പോലും സഹായിക്കുന്നു. "ദുഷ്ടരുടെയും ശിഷ്ടരുടെയും മേൽ സൂര്യനെ ഉദിപ്പിക്കുന്നു" (മത്താ 5:45). "നീ ധർമ്മദാനം ചെയ്യുമ്പോൾ അതു രഹസ്യമായിരിക്കേണ്ടതിന് നിന്റെ വലത്തുകൈ ചെയ്യുന്നത് ഇടത്തുകൈ അറിയാതിരിക്കട്ടെ" (മത്താ 6:3-4) എന്ന് യേശു പറഞ്ഞതിന് ഒരു കാരണമുണ്ട്. നാം സൗജന്യമായി ജീവൻ സ്വീകരിച്ചു. നാം അതിന് ഒരു വിലയും കൊടുത്തില്ല.

തന്മൂലം പകരമായി ഒന്നും പ്രതീക്ഷിക്കാതെ കൊടുക്കുവാൻ നമുക്കു കഴിയും. നമ്മോടു പകരമായി നന്നായി പെരുമാറണമെന്ന് ആവശ്യപ്പെടാതെ മറ്റുള്ളവർക്ക് നന്മചെയ്യാൻ നമുക്കു കഴിയും. യേശു തന്റെ ശിഷ്യരോടു പറഞ്ഞതുപോലെ, "ദാനമായി നിങ്ങൾക്കു കിട്ടി, ദാനമായിത്തന്നെ കൊടുക്കുവിൻ" (മത്താ 10:8).

141. ഒരു രാജ്യം എന്നു മാത്രം ചിന്തിക്കാതെ കൂടുതൽ വലിയ മനുഷ്യകുടുംബത്തിന്റെ ഒരു ഭാഗം കൂടിയാണ് എന്നു ചിന്തിക്കാനുള്ള കഴിവുകൊണ്ടാണ് നമ്മുടെ ലോകത്തിലെ വ്യത്യസ്ത രാജ്യങ്ങളുടെ ശരിയായ യോഗ്യത അളക്കപ്പെടുന്നത്. പ്രതിസന്ധിഘട്ടങ്ങളിലാണ് ഇത് പ്രത്യേകമായി കാണപ്പെടുന്നത്. ഈ ഉദാരതയുടെ അർത്ഥം ഗ്രഹിക്കാൻ വേണ്ടത്ര കഴിവില്ലായ്മയുടെ അങ്ങേയറ്റത്തെ പ്രകടനമാണ് ദേശീയതാവാദത്തിന്റെ ഇടുങ്ങിയ രൂപങ്ങൾ. മറ്റുള്ളവരുടെ നാശത്തെ ശ്രദ്ധിക്കാതെ തങ്ങൾക്കുള്ളതുകൊണ്ട് ജീവിക്കാമെന്നും മറ്റുള്ളവർക്കെതിരേ വാതിലുകൾ അടച്ചുകൊണ്ട് തങ്ങൾ കൂടുതൽ നന്നായി സുരക്ഷിതരായിരിക്കുമെന്നും ചിന്തിക്കുന്ന തെറ്റാണ് അവർക്കു പറ്റിയിരിക്കുന്നത്. നല്കാൻ ഒന്നുമില്ലാത്ത എന്നാൽ അപഹരിക്കുന്നവരായാണ് കുടിയേറ്റക്കാരെ അവർ കാണുന്നത്. ദരിദ്രർ അപകടകാരികളും ഉപകാരമില്ലാത്തവരുമാണെന്നും ശക്തന്മാർ ഉദാരതയുള്ള ഉപകാരികളാണെന്നുമുള്ള മൂഢവിശ്വാസത്തിലേക്ക് ഇതു നയിക്കുന്നു. മറ്റുള്ളവരെ സന്നദ്ധതയോടെയും "ഉദാരതയോടെയും" സ്വാഗതം ചെയ്യുന്ന ഒരു സാമൂഹിക-രാഷ്ട്രീയ സംസ്കാരത്തിനു മാത്രമേ ഭാവിയുണ്ടായിരിക്കുകയുള്ളൂ.

## V. പ്രാദേശികവും സാർവത്രികവും

142. ഒരു കാര്യം ഓർമ്മിച്ചിരിക്കണം, അതായത്, "ആഗോളവത്കരണവും പ്രാദേശികവത്കരണവും തമ്മിൽ ഒരു സംഘർഷാവസ്ഥയുണ്ട്. സങ്കുചിതത്വവും നിസ്സാരതയും ഒഴിവാക്കാൻ നാം ആഗോളാവസ്ഥയിലേക്കു നോക്കണം. എന്നാലും പ്രാദേശികതയിലേക്കു നോക്കുകയെന്നതും ആവശ്യമാണ്. അത് നമ്മുടെ കാൽപാദങ്ങളെ ഭൂമിയിൽ ഉറപ്പിച്ചു നിറുത്തുന്നു. രണ്ടും ചേർന്ന് ഏതെങ്കിലും ഒരു ത്രീവ്രനിലപാടിലേക്ക് വീഴുന്നതിൽനിന്ന് നമ്മെ തടയുന്നു. ഒന്നാമത്തേതിൽ ആളുകൾ അമൂർത്തമായ, ആഗോളവത്കൃതമായ പ്രപഞ്ചത്തിൽ തങ്ങിപ്പോകുന്നു. മറ്റേതിൽ, അവർ പ്രാദേശിക നാടോടിക്കഥകളുടെ കാഴ്ചബംഗ്ലവായി മാറുന്നു. അന്യമായ ഒരു ലോകമാണത്.

ആവർത്തനവിരസതയുടെ ആ ലോകത്ത് നവീനതയാൽ വെല്ലു വിളിക്കപ്പെടാൻ കഴിയാതെ, അല്ലെങ്കിൽ, ദൈവം തങ്ങളുടെ അതിർ ത്തികൾക്കപ്പുറത്ത് നല്കുന്ന സൗന്ദര്യം ആസ്വദിക്കാൻ കഴിയാതെ ആയിപ്പോകുന്നു അവർ."[124] ചെറിയ പ്രാദേശികതാവാദ മനോഭാവ ത്തിൽനിന്ന് നമ്മെത്തന്നെ രക്ഷിക്കാൻ നമുക്ക് ഒരു ആഗോള കാഴ്ച പ്പാട് ആവശ്യമാണ്. നമ്മുടെ മേൽപ്പുര ഒരു വീടായിത്തീരുകയും ഒരു ആവൃതി, ഒരു സെൽ ആകാൻ തുടങ്ങുകയും ചെയ്യുമ്പോൾ, ആഗോ ളമായത് നമ്മെ രക്ഷിക്കാൻ വരും ആത്മസാക്ഷാത്കാരത്തിലേക്കു നമ്മെ വലിച്ചടുപ്പിക്കുന്ന ഒരു "അന്തിമകാരണം പോലെ. അതേ സമയം പ്രാദേശികമായതിനെ അത്യുത്സാഹത്തോടെ ആശ്ലേഷി ക്കണം. കാരണം, ആഗോളപരമായതിന് ഇല്ലാത്ത ചിലത് പ്രാദേ ശികമായതിന് ഉണ്ട്. അതിന് പുളിമാവായിരിക്കാൻ കഴിയും. സമ്പ ന്നതയെ കൊണ്ടുവരാനും താഴ്ത്തട്ടുസ്വത്വത്തിന്റെ (Subsidiarity) സംവിധാനങ്ങൾക്കു തിരിതെളിക്കാനും കഴിയും. അങ്ങനെ സാർവ ത്രിക സാഹോദര്യവും സാമൂഹിക സൗഹൃദവും ഓരോ സമൂഹ ത്തിലും വേർതിരിക്കാനാവാത്തതും തുല്യസജീവത്വമുള്ളതുമായ ധ്രുവങ്ങളാണ്. അവയെ വേർതിരിക്കുകയെന്നതും അവയിൽ ഓരോ ന്നിനെയും വികൃതമാക്കുകയെന്നതും അപകടകരമായ ധ്രുവീകരണ മായിരിക്കും.

## VI. പ്രാദേശിക അഭിരുചി

143. സ്വന്തം സമ്പന്നതയെ നിരാകരിക്കുന്ന തുറവിയല്ല പരിഹാര മാർഗം. നമ്മുടെ തന്നെ തനിമയെപ്പറ്റിയുള്ള ബോധമില്ലായ്മ "മറ്റു ള്ളവരു"മായുള്ള സംവാദം സാധ്യമല്ല. അതുപോലെ, സ്വന്തം പ്രദേശത്തോടും ജനതയോടും സാംസ്കാരിക വേരുകളോടുമുള്ള സ്നേഹത്തിന്റെ അടിസ്ഥാനത്തിലല്ലാതെ ജനതകൾ തമ്മിൽ തുറ വിയുണ്ടാകാൻ സാധ്യമല്ല. ഞാൻ ഉറപ്പുള്ള അടിത്തറകളിൽ നില്ക്കു ന്നില്ലെങ്കിൽ യഥാർത്ഥത്തിൽ മറ്റൊരാളെ കണ്ടുമുട്ടാൻ എനിക്കു സാധ്യമല്ല. എന്തെന്നാൽ, അവയുടെ അടിസ്ഥാനത്തിലാണ് മറ്റൊ രാൾ കൊണ്ടുവരുന്ന ദാനം എനിക്കു സ്വീകരിക്കാൻ സാധിക്കുന്നതും പകരമായി എന്റെ യഥാർത്ഥദാനം നല്കാൻ കഴിയുന്നതും. ഞാൻ എന്റെ ജനതയിലും സംസ്കാരത്തിലും ദൃഢമായി വേരുറപ്പിച്ചവനാ ണെങ്കിൽ മാത്രമേ വ്യത്യസ്തരായ മറ്റുള്ളവരെ സ്വാഗതം ചെയ്യാനും അവർക്കു നല്കാൻ കഴിയുന്ന അനന്യ സംഭാവനയെ വിലമതിക്കാനും എനിക്കു കഴിയുകയുള്ളൂ. സ്വന്തം ഭവനത്തെ സ്നേഹിക്കുകയും

സംരക്ഷിക്കുകയും അതിന്റെ സംരക്ഷണത്തിന് വ്യക്തിപരമായി ഉത്തരവാദിത്വം വഹിക്കുകയും ചെയ്യുന്നതുപോലെ തന്നെ ഓരോ വ്യക്തിയും അവന്റെ അല്ലെങ്കിൽ അവളുടെ ജന്മസ്ഥലത്തെയും നഗരത്തെയും സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു. അതുപോലെ, നമ്മുടെ ജന്മനാടിനെ സംരക്ഷിക്കുകയും സ്നേഹിക്കുകയും വേണമെന്ന് പൊതുനന്മ ആവശ്യപ്പെടുന്നു. അങ്ങനെ ചെയ്തില്ലെങ്കിൽ ഒരു രാജ്യത്ത് ഉണ്ടാകുന്ന അപകടത്തിന്റെ അനന്തരഫലങ്ങൾ മുഴുവൻ ഗ്രഹത്തെയും ബാധിക്കും. ഇതെല്ലാം സ്വത്തവകാശത്തിന്റെ ഭാവാത്മക അർത്ഥത്തെ വ്യക്തമാക്കുന്നു: എന്റെ കൈവശമുള്ള ഒന്നിനെ കഴിയത്തക്കവിധം എല്ലാവരുടെയും നന്മയ്ക്ക് സംഭാവന ചെയ്യൻ ഞാൻ സംരക്ഷിക്കുകയും വളർത്തുകയും ചെയ്യുന്നു.

144. ഇത് ആരോഗ്യകരവും സമ്പന്നമാക്കുന്നതുമായ കൈമാറ്റങ്ങൾക്കു കാരണമായിത്തീരുന്നു. ഒരു പ്രത്യേകസ്ഥലത്ത് വളർത്തപ്പെടുകയും ഒരു പ്രത്യേക സംസ്കാരത്തിൽ പങ്കുപറ്റുകയും ചെയ്യുകയെന്നത്, മറ്റുള്ളവർക്ക് അത്ര എളുപ്പത്തിൽ ഗ്രഹിക്കാനാവാത്ത വസ്തുതയുടെ ചില വശങ്ങളിലേക്ക് നമുക്ക് ഉൾക്കാഴ്ച നല്കുന്നു. സാർവത്രികം എന്നതിന് പ്രബലമായ ഒരു ഏക സാംസ്കാരികമാതൃകയെ അടിസ്ഥാനമാക്കിയുള്ള മൃദുലവും ഐകരൂപ്യവും സംരൂപീകൃതവുമായത് എന്ന അർത്ഥമില്ല. അങ്ങനെയായാൽ, ഇത് ആത്യന്തികമായി നിഴലുകളുടെയും നിറങ്ങളുടെയും സമൃദ്ധമായ വർണത്തട്ട് കൈമോശം വരുത്തുകയും തികഞ്ഞ വിരസത ഉളവാക്കുകയും ചെയ്യും. ബാബേൽ ഗോപുരത്തിന്റെ പൗരാണിക വിവരണത്തിൽ പരാമർശിക്കുന്ന പ്രലോഭനം അത്തരത്തിലുള്ളതായിരുന്നു. തങ്ങളുടെ വ്യത്യസ്തതകളിൽ നിന്ന് പരസ്പരം സംസാരിക്കുന്ന വിവിധ ജനതകൾ തമ്മിലുള്ള ഐക്യത്തിന്റെ പ്രകാശനമായിരുന്നില്ല സ്വർഗത്തിലേക്ക് എത്തിച്ചേരുന്ന ഗോപുരം പണിയാനുള്ള പരിശ്രമം. മറിച്ച്, അത് അഹന്തയിൽ നിന്നും അമിതമോഹത്തിൽ നിന്നും ജനിച്ച വഴിതെറ്റിക്കപ്പെട്ട ഒരു പരിശ്രമമായിരുന്നു. ദൈവം തന്റെ പരിപാലനാപരമായ പദ്ധതിയിൽ ജനതകൾക്കുവേണ്ടി നിശ്ചയിച്ചതല്ലാത്ത മറ്റൊരു ഐക്യം സൃഷ്ടിക്കാനുള്ള പരിശ്രമമായിരുന്നു അത് (ഉത്പ 11:1–9).

145. സാർവത്രികമായതിനോട് തെറ്റായ ഒരു തുറവ് ഉണ്ടാകാവുന്നതാണ്. സ്വന്തം ജന്മദേശത്തിന്റെ പ്രതിഭയിലേക്ക് ഉൾക്കാഴ്ചയില്ലാ

ത്തവരുടെ, അല്ലെങ്കിൽ സ്വന്തം ജനതയോട് പരിഹരിക്കപ്പെടാത്ത വിദ്വേഷം പുലർത്തുന്നവരുടെ, അല്പ ജ്ഞാനത്തിൽനിന്നു ജനിക്കുന്നതാണിത്. എങ്ങനെയായാലും "നമ്മൾ നമ്മുടെ ചക്രവാളങ്ങളെ നിരന്തരം വിപുലപ്പെടുത്തുകയും നമുക്ക് എല്ലാവർക്കും ഉപകാരപ്രദമായ കൂടുതൽ ഉയർന്ന നന്മ കാണുകയും വേണം. എന്നാൽ ഇത് തന്ത്രപൂർവം ഒഴിഞ്ഞുമാറലും വേരുപറിക്കലും കൂടാതെ നടത്തണം. നമ്മുടെ വേരുകളെ ദൈവദാനമായ നമ്മുടെ ജന്മനാടിന്റെ ഫലപുഷ്ടിയുള്ള മണ്ണിലേക്കും ചരിത്രത്തിലേക്കും കൂടുതൽ ആഴത്തിൽ പായിക്കണം. നമ്മുടെ സമീപപ്രദേശങ്ങളിൽ വലിയ തോതിൽ അധ്വാനിക്കാൻ നമുക്കു കഴിയും. എന്നാൽ കൂടുതൽ വലിയ വീക്ഷണത്തോടു കൂടിയായിരിക്കണം അധ്വാനിക്കുന്നത്... ആഗോളപരമായിട്ടുള്ളത് ശ്വാസംമുട്ടണമെന്നില്ല; പ്രാദേശികമായിട്ടുള്ളത് വന്ധ്യമാണെന്നു തെളിയിക്കണമെന്നുമില്ല."[125] നമ്മുടെ മാതൃക ഒരു ബഹുഫലകക്കണ്ണാടിയുടേതായിരിക്കണം (Polyhedron). അതിൽ ഓരോ വ്യക്തിയുടെയും മൂല്യം ആദരിക്കപ്പെടുന്നു. അവിടെ, ഭാഗത്തെക്കാൾ വലുതാണ് സമഗ്രത, എന്നാൽ അത് അതിന്റെ ഭാഗങ്ങളുടെ ആകെത്തുകയെക്കാൾ വലുതുമാണ്."[126]

## VII. ഒരു സാർവത്രിക ചക്രവാളം

146. ഒരുതരം "പ്രാദേശിക" സ്വാത്മപ്രേമമുണ്ട്. സ്വന്തം ജനതയോടും സംസ്കാരത്തോടുമുള്ള ആരോഗ്യകരമായ സ്നേഹവുമായി ഒരു ബന്ധമില്ലാത്തതാണത്. ഒരു തരം അരക്ഷിതത്വത്തിൽ നിന്നും മറ്റുള്ളവരോടുള്ള ഭയത്തിൽ നിന്നും ഉണ്ടാകുന്നതാണത്. തള്ളിക്കളയലിലേക്കും സ്വയം സംരക്ഷണത്തിനുവേണ്ടിയുള്ള മതിലുകൾ പണിയാനുള്ള ആഗ്രഹത്തിലേക്കും അതു നയിക്കുന്നു. എന്നാൽ സാർവത്രികമായതിനോട് ആത്മാർത്ഥമായ തുറവ് ഇല്ലാതെ, മറ്റു സ്ഥലങ്ങളിൽ ഉണ്ടാകുന്ന സംഭവത്താൽ വെല്ലുവിളിക്കപ്പെടുന്നതായി തോന്നാതെ, മറ്റു സംസ്കാരങ്ങളിൽ നിന്നുള്ള സമ്പന്നമാക്കലിനോട് തുറവില്ലാതെ, മറ്റു ജനതകളെ ബാധിക്കുന്ന ദുരന്തങ്ങളെ സംബന്ധിച്ച് ഐക്യദാർഢ്യവും പരിഗണനയുമില്ലാതെ, ആരോഗ്യകരമായ വിധത്തിൽ "പ്രാദേശികം" ആയിരിക്കാൻ സാധിക്കുകയില്ല. പകരം "പ്രാദേശിക സ്വാത്മപ്രേമം" ആശയങ്ങളുടെയും ആചാര മര്യാദകളുടെയും സുരക്ഷിതത്വ സമ്പ്രദായങ്ങളുടെയും പരിമിത സംഖ്യയെക്കുറിച്ച് വ്യഥയനുഭവിക്കുന്നു; കൂടുതൽ വലിയ ലോകം

നല്കുന്ന വിപുലമായ കഴിവുകളെയും സൗന്ദര്യത്തെയും പ്രശം സിക്കാതെ അത് ഐക്യദാർഢ്യത്തിന്റെ യഥാർത്ഥവും ഉദാരതാ പൂർണവുമായ ചൈതന്യമില്ലാത്തതായിരിക്കുന്നു. അങ്ങനെ പ്രാദേ ശികതലത്തിലുള്ള ജീവിതത്തിന് ക്രമേണ ഹൃദ്യത കുറഞ്ഞു വരുന്നു; ജനത്തിന് അനുപൂരകത്വത്തോട് ആഭിമുഖ്യം കുറഞ്ഞുവ രുന്നു. വികസിക്കാനുള്ള അതിന്റെ സാധ്യത ഇടുങ്ങിയതായിത്തീരും. അത് കൂടുതൽ കൂടുതൽ ക്ഷീണിതവും രോഗാതുരവുമായിത്തീരുന്നു. നേരേ മറിച്ച്, ആരോഗ്യകരമായ ഒരു സംസ്കാരം പ്രകൃത്യാതന്നെ തുറവുള്ളതും സ്വാഗതമോതുന്നതുമാണ്. "സാർവത്രിക മൂല്യങ്ങളി ല്ലാത്ത ഒരു സംസ്കാരം യഥാർത്ഥത്തിൽ ഒരു സംസ്കാരമല്ല."[127]

147. അതായത്, നമ്മുടെ മനസ്സുകളും ഹൃദയങ്ങളും ഇടുങ്ങിയതാകു മ്പോൾ നമുക്കു ചുറ്റുമുള്ള ലോകത്തെ മനസ്സിലാക്കാൻ നമ്മൾ കഴിവു കുറഞ്ഞവരായിത്തീരുന്നു എന്നു നാം തിരിച്ചറിയണം. വ്യത്യാസ ങ്ങളെ കണ്ടുമുട്ടുകയും അവയോടു ബന്ധപ്പെടുകയും ചെയ്യാതെ നമ്മുടെ ജന്മനാടിനെയും നമ്മെപ്പോലും വ്യക്തമായും പൂർണമായും മനസ്സിലാക്കാൻ സാധിക്കുകയില്ല. മറ്റു സംസ്കാരങ്ങൾ "ശത്രുക്കൾ" അല്ല. അവയിൽനിന്ന് സ്വരക്ഷ നേടേണ്ട ആവശ്യമില്ല. മനുഷ്യ ജീവന്റെ അക്ഷയ സമ്പന്നതയുടെ വ്യത്യസ്ത പ്രകാശനങ്ങളാണവ. മറ്റൊരാളുടെ, നമ്മിൽനിന്നു വ്യത്യസ്തനായ മറ്റൊരാളുടെ, വീക്ഷണ ത്തിൽനിന്ന് നാം നമ്മെത്തന്നെ കാണുമ്പോൾ നമ്മുടെതന്നെ അനന്യ മായ പ്രത്യേകതകളെയും നമ്മുടെ സംസ്കാരത്തിന്റെ പ്രത്യേകതക ളെയും നമുക്കു കൂടുതൽ നന്നായി മനസ്സിലാക്കാൻ കഴിയും: അതിന്റെ സമ്പന്നത, സാധ്യതകൾ, പരിമിതികൾ എന്നിവയെ. നമ്മുടെ പ്രാദേ ശികാനുഭവം, വ്യത്യസ്ത സാംസ്കാരിക സാഹചര്യങ്ങളിൽ ജീവി ക്കുന്ന മറ്റുള്ളവരുടെ അനുഭവങ്ങളുമായി "തട്ടിച്ചുനോക്കിക്കൊണ്ടും" അവയോടു "സമന്വയപ്പെടുത്തിക്കൊണ്ടും" വികസിക്കണം.[128]

148. യഥാർത്ഥത്തിൽ ആരോഗ്യകരമായ തുറവ് ഒരുവന്റെയും സ്വത്വത്തിന് ഭീഷണിയില്ല. മറ്റുസ്ഥലങ്ങളിൽ നിന്നുള്ള ഘടകങ്ങ ളാൽ സമ്പന്നമാക്കപ്പെട്ട സജീവമായ ഒരു സംസ്കാരം ആ പുതിയ ഘടകങ്ങളുടെ കേവലം കാർബൺ കോപ്പി ഇറക്കുമതി ചെയ്യുന്നില്ല. പിന്നെയോ, അനന്യമായ സ്വന്തം രീതിയിൽ അവയെ ഉദ്ഗ്രഥിക്കുന്നു. അതിന്റെ ഫലം ആത്യന്തികമായി എല്ലാവർക്കും ഉപകാരപ്രദമായ ഒരു പുതിയ സംശ്ലേഷണമാണ്. കാരണം, ആദിമ സംസ്കാരം തന്നെ

പോഷിപ്പിക്കപ്പെടുന്നു. തദ്ദേശജനതകൾ തങ്ങളുടെ വേരുകളെയും പൂർവികരുടെ സംസ്കാരങ്ങളെയും സൂക്ഷിക്കാൻ ഞാൻ നിർബന്ധിച്ചത് അതുകൊണ്ടാണ്. അതേസമയം "ഏതുതരത്തിലുള്ള കൂടിക്കലരലും (mestizaje) ഉപേക്ഷിക്കുന്ന, പൂർണമായി ആവൃതമായ, ചരിത്രപരമല്ലാത്ത, നിശ്ചലമായ 'സ്വദേശവാദം' നിർദ്ദേശിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ലെന്ന വസ്തുത ഊന്നിപ്പറയാൻ ഞാൻ ആഗ്രഹിക്കുകയും ചെയ്തു. എന്തെന്നാൽ "നമ്മെപ്പോലെയല്ലാത്തവരുമായുള്ള സംവാദത്തിന്റെ ഫലമായി നമ്മുടെതന്നെ സാംസ്കാരിക തനിമ ശക്തമാക്കപ്പെടുകയും സമ്പന്നമാക്കപ്പെടുകയും ചെയ്യും. ദരിദ്രമാക്കപ്പെട്ട ഏകാന്തതയിൽ നമ്മുടെ യഥാർത്ഥ തനിമ സംരക്ഷിക്കപ്പെടുന്നുമില്ല."[129] തുറവുള്ളതും സാംസ്കാരികാധിപത്യത്തിന്റെ എല്ലാ രൂപങ്ങളിൽനിന്നും സ്വതന്ത്രവുമായ സംസ്കാരങ്ങൾ തമ്മിലുള്ള തുടർച്ചയായ സമന്വയം വഴി ലോകം വളരുകയും പുതിയ സൗന്ദര്യം കൊണ്ട് നിറയ്ക്കപ്പെടുകയും ചെയ്യുന്നു.

149. ഒരുവന്റെ ജന്മനാടിനോടുള്ള സ്നേഹവും താൻ നമ്മുടെ കൂടുതൽ വലിയ മനുഷ്യകുടുംബത്തിന്റേതായിരിക്കുന്നുവെന്ന ബോധവും തമ്മിലുള്ള ആരോഗ്യകരമായ ബന്ധമുണ്ടാകുന്നതിന് ഒരു കാര്യം മനസ്സിൽ സൂക്ഷിക്കുക ആവശ്യമാണ്. അതായത്, ആഗോള സമൂഹം വ്യത്യസ്ത രാജ്യങ്ങളുടെ ആകെത്തുകയല്ല. പിന്നെയോ അവ തമ്മിൽ നിലകൊള്ളുന്ന ഐക്യമാണ്. ബന്ധപ്പെട്ടിരിക്കുന്നതിന്റെ ബോധം ഗ്രൂപ്പുകളുടെ ഉദ്ഭവത്തിനു മുമ്പുള്ളതാണ്. ഓരോ പ്രത്യേക ഗ്രൂപ്പും സാർവത്രിക ബന്ധപ്പെടലിന്റെ ഇഴയുടെ ഭാഗമാണ്. അവിടെ അത് അതിന്റെ സൗന്ദര്യം കണ്ടെത്തുന്നു. എല്ലാ വ്യക്തികളും, അവരുടെ ഉത്പത്തി എന്തായാലും, തങ്ങൾ കൂടുതൽ വലിയ മനുഷ്യസമൂഹത്തിന്റെ ഭാഗമാണെന്ന് അറിയുന്നു. അതിനെ കൂടാതിരുന്നാൽ തങ്ങളെത്തന്നെ പൂർണമായി മനസ്സിലാക്കാൻ അവർക്കു കഴിയുകയില്ല.

150. ഈ വിധത്തിൽ കാര്യങ്ങൾ കാണുന്നത് സന്തോഷപ്രദമായ ഒരു തിരിച്ചറിവുകൊണ്ടുവരുന്നു. ഒരു ജനത്തിനും സംസ്കാരത്തിനും വ്യക്തിക്കും സ്വന്തമായിട്ട് എല്ലാം നേടാൻ കഴിയുകയില്ലെന്നതാണ് ആ തിരിച്ചറിവ്: ജീവിതത്തിൽ പലതും നിറവേറ്റാൻ നമുക്കു മറ്റുള്ളവരെ ആവശ്യമുണ്ട്. നമ്മുടെ തന്നെ പരിമിതികളെക്കുറിച്ചും അപൂർണതയെക്കുറിച്ചും ഉള്ള ബോധം ഒരു ഭീഷണിയേ അല്ല;

പിന്നെയോ, പൊതുവായ ഒരു പദ്ധതിയെ പരിഗണിക്കുന്നതിന്റെയും അതിനായി പരിശ്രമിക്കുന്നതിന്റെയും താക്കോലാണ്. എന്തെന്നാൽ "തന്നിൽത്തന്നെ പരിധിയില്ലാത്ത മനുഷ്യൻ പരിധിയുള്ള ജീവിയാണ്."[130]

## VIII. സ്വദേശത്ത് തുടക്കം

151. കൂടുതൽ ദാരിദ്ര്യമുള്ള രാജ്യങ്ങൾ കൂടുതൽ വിശാലമായ ലോകത്തിലേക്ക് തുറവുള്ളതായിത്തീരാനിടയാക്കുന്ന പ്രാദേശിക കൈമാറ്റങ്ങൾകൊണ്ട് ആ ദരിദ്രരാജ്യങ്ങളുടെ വ്യതിരിക്ത രൂപങ്ങളെ സാർവത്രികത നിർജീവമാക്കണമെന്നു നിർബന്ധമില്ലാതായിത്തീരുന്നു. ലോകത്തോടുള്ള സമുചിതവും യഥാർത്ഥവുമായ തുറവി ഉണ്ടാകുന്നതിന് രാഷ്ട്രങ്ങളാകുന്ന കുടുംബത്തിൽ ഒരുവന് തന്റെ അയൽക്കാരനോട് തുറവുള്ളവനായിരിക്കാൻ കഴിയണം. അതുകൊണ്ട് അയൽക്കാരായ ജനതകളുമായുള്ള സാംസ്കാരികവും സാമ്പത്തികവും രാഷ്ട്രീയവുമായ ഉദ്ഗ്രഥനത്തോടൊപ്പം വിദ്യാഭ്യാസ പ്രക്രിയയും ഉണ്ടായിരിക്കണം. ആ പ്രക്രിയ അയൽക്കാരനോടുള്ള സ്നേഹത്തിന്റെ മൂല്യം വളർത്തണം. ആരോഗ്യകരമായ സാർവത്രിക ഉദ്ഗ്രഥനത്തിലേക്കുള്ള ഒഴിവാക്കാനാവാത്ത പ്രഥമ പടിയാണത്.

152. നമ്മുടെ നഗരങ്ങളുടെ ചിലഭാഗങ്ങളിൽ ഇന്നും സജീവമായ അയൽ പക്കബോധമുണ്ട്. ഓരോ വ്യക്തിയും അവന്റെ അല്ലെങ്കിൽ അവളുടെ അയൽക്കാരനോട് സഹഗമിക്കാനുള്ള ഒരു കടമ തികച്ചും സ്വാഭാവികമായി കാണുന്നുണ്ട്. ഈ സാമൂഹിക മൂല്യങ്ങളെ സംരക്ഷിക്കുന്ന പ്രദേശങ്ങളിൽ കൃതജ്ഞത, ഐക്യദാർഢ്യം, പരസ്പര പൂരകാവസ്ഥ എന്നിവയാൽ മുദ്രിതമായ അടുപ്പം അനുഭവിച്ചറിയുന്നു. അയൽപക്കാവസ്ഥ പൊതുവായ ഒരു സ്വത്വബോധം അവർക്കു നല്കുന്നു.[131] ഇതുപോലുള്ള ഒരു അയൽപക്ക ചൈതന്യം ഒരു ചൈതന്യത്തെ തങ്ങളുടെ ജനങ്ങൾ തമ്മിൽ ഉണ്ടാകാൻ പ്രോത്സാഹിപ്പിക്കുന്നതിന് അയൽപക്ക രാജ്യങ്ങൾക്ക് കഴിഞ്ഞിരുന്നെങ്കിൽ! എന്നാൽ വ്യക്തിവാദത്തിന്റെ ചൈതന്യവും രാജ്യങ്ങൾ തമ്മിലുള്ള ബന്ധങ്ങളെ ബാധിക്കുന്നുണ്ട്. നാം മറ്റുള്ളവരിൽ നിന്ന് സ്വയം സംരക്ഷിക്കണമെന്ന വിചാരത്തിന്റെയും മറ്റുള്ളവരെ മത്സരക്കാരോ അപകടകാരികളായ ശത്രുക്കളോ ആയി കാണുന്നതിന്റെയും

അപകടവും ഒരേ പ്രദേശത്തുള്ള ജനങ്ങളുടെ ബന്ധങ്ങളെ ബാധിക്കുന്നു. ഒരുപക്ഷേ, നമ്മൾ, ഇത്തരം ഭയത്തിലും, പരസ്പര വിശ്വാസമില്ലായ്മയിലും പരിശീലിപ്പിക്കപ്പെട്ടവരാകാം.

153. ഈ ഒറ്റപ്പെടലിൽ നിന്ന് ലാഭം നേടുന്ന സുശക്ത രാജ്യങ്ങളും വലിയ ബിസിനസ്സുകളുമുണ്ട്. അവർ ഓരോ രാജ്യവുമായി വേറെ വേറെ കൂടിയാലോചന നടത്താൻ കൂടുതൽ ഇഷ്ടപ്പെടുന്നു. നേരേ മറിച്ച്, ചെറിയ രാഷ്ട്രങ്ങൾക്ക് അല്ലെങ്കിൽ ദരിദ്രരാഷ്ട്രങ്ങൾക്ക് തങ്ങളെ ഒരു കൂട്ടമായി ചർച്ചചെയ്യാൻ അനുവദിക്കുന്ന അവരുടെ പ്രദേശത്തുള്ള അയൽക്കാരുമായി ഉടമ്പടികളിൽ ഏർപ്പെടാൻ കഴിയും. അങ്ങനെ അവർക്ക് വൻശക്തികളിൽ ആശ്രയിക്കാതെയും വിച്ഛേദിക്കപ്പെട്ട് ഒറ്റപ്പെട്ടുപോകാതെയുമിരിക്കാനാകും. ഇന്ന്, ഒറ്റപ്പെട്ടു കഴിഞ്ഞുകൂടിയാൽ ഒരു രാഷ്ട്രത്തിനും അതിന്റെ ജനത്തിന്റെ പൊതുനന്മ ഉറപ്പാക്കാൻ സാധിക്കുകയില്ല.

## അധ്യായം അഞ്ച്

# മെച്ചപ്പെട്ട ഒരു രാഷ്ട്രീയം

154. ജനങ്ങളുടെയും രാഷ്ട്രങ്ങളുടെയും ഭാഗത്തുള്ള സാമൂഹിക സൗഹൃദ അഭ്യസനത്തിന്റെ അടിസ്ഥാനത്തിൽ സാഹോദര്യത്തിന്റേതായ ആഗോള വികസനത്തിന് കൂടുതൽ നല്ലയിനം രാഷ്ട്രീയം ആവശ്യമാണ്. അത് യഥാർത്ഥത്തിൽ പൊതുനന്മയ്ക്കു സേവനം ചെയ്യുന്നതായിരിക്കണം. ദുഃഖകരമെന്നു പറയട്ടെ, ഇന്നു രാഷ്ട്രീയം വ്യത്യസ്തമായ ഒരു ലോകത്തിലേക്കുള്ള പുരോഗതിയെ തടയുന്ന രൂപങ്ങളാണ് മിക്കപ്പോഴും സ്വീകരിക്കുന്നത്.

## I. പോപ്പുലിസത്തിന്റെയും ലിബറലിസത്തിന്റെയും രൂപങ്ങൾ

155. സ്വന്തം താൽപര്യങ്ങൾക്കായി ജനവികാരമിളക്കിവിട്ട് അവരെ ചൂഷണം ചെയ്യുന്ന ഒരുതരം ജനപ്രീതി വാദത്തിനോ (Populism) ശക്തരുടെ സാമ്പത്തിക താൽപര്യങ്ങൾക്കു കുടപിടിക്കുന്ന സ്വതന്ത്രതാവാദത്തിനോ (Liberalism) പിന്നിൽ മറഞ്ഞിരിക്കുന്നത് ദുർബലരോടുള്ള കരുതലില്ലായ്മയാണ്. അങ്ങേയറ്റം ദുർബലരായവരുൾപ്പെടെയുള്ള ഓരോ വ്യക്തിക്കും ഇടം അനുവദിക്കുകയും വ്യത്യസ്ത സംസ്കാരങ്ങളോട് ആദരം കാണിക്കുകയും ചെയ്യുന്ന ഒരു തുറന്ന ലോകത്തെ വിഭാവനം ചെയ്യാൻ ഇപ്പറഞ്ഞ രണ്ടു കാര്യങ്ങളിലും പ്രയാസമുണ്ടാകുന്നു.

## II. പോപ്പുലിസ്റ്റിന് എതിരേ പോപ്പുലർ

156. അടുത്തകാലത്ത് “പോപ്പുലിസം” [ജനപ്രീതിവാദം] “പോപ്പുലിസ്റ്റ്” [ജനപ്രീതിവാദി] എന്നീ വാക്കുകൾ വാർത്താമാധ്യമങ്ങളെയും അനുദിന സംഭാഷണത്തെയും കീഴടക്കിയിട്ടുണ്ട്. അതുകൊണ്ട് അവയ്ക്ക് എന്തെങ്കിലും മൂല്യമുണ്ടായിരുന്നെങ്കിൽത്തന്നെ അതു

നഷ്ടപ്പെട്ടു. വിഭജിക്കപ്പെട്ടുകഴിഞ്ഞ ഒരു സമൂഹത്തിൽ ധ്രുവീകരണത്തിന്റെ മറ്റൊരു ഉറവിടമായി അവ മാറി.. മുഴുവൻ ജനങ്ങളെയും ഗ്രൂപ്പുകൾ, സമൂഹങ്ങൾ, ഗവൺമെന്റുകൾ എന്നിവയെ "പോപ്പുലിസ്റ്റ്" ആണോ അല്ലയോ എന്നതിന്റെ അടിസ്ഥാനത്തിൽ ഗണം തിരിക്കാൻ പരിശ്രമങ്ങൾ നടന്നു. ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ വർഗീകരിക്കപ്പെടാതെ, അന്യായമാംവിധം അപകീർത്തിക്കിരയാകുകയോ ആകാശത്തോളം പ്രശംസിക്കപ്പെടുകയോ ചെയ്യാതെ, ഒരാൾക്ക് ഒരു വിഷയത്തെപ്പറ്റിയും സ്വന്തം വീക്ഷണം വ്യക്തമാക്കുകയെന്നത് ഇന്ന് അസാധ്യമായിത്തീർന്നിരിക്കുന്നു.

157. സാമൂഹിക യാഥാർത്ഥ്യത്തെ വ്യാഖ്യാനിക്കുന്നതിനുള്ള താക്കോൽ എന്ന നിലയിൽ പോപ്പുലിസത്തെ കാണാനുള്ള പരിശ്രമം മറ്റൊരുവിധത്തിൽ പ്രശ്നസങ്കീർണമായിട്ടുണ്ട്. അത് "ജനങ്ങൾ" (people) എന്ന വാക്കിന്റെ നിയമാനുസൃതമായ അർത്ഥത്തെ അവഗണിക്കുന്നു. സാധാരണ സംഭാഷണത്തിൽ നിന്ന് ഈ സങ്കല്പത്തെ ഒഴിവാക്കാനുള്ള ഏത് പരിശ്രമവും, "ജനങ്ങളാലുള്ള ഗവൺമെന്റ്" എന്ന ജനാധിപത്യത്തിന്റെ ആശയത്തെത്തന്നെ എടുത്തുകളയുന്നതിലേക്കു നയിക്കും. സമൂഹമെന്നത് വ്യക്തികളുടെ കൂട്ടം എന്നതിനെക്കാൾ കൂടിയതാണെന്ന് സ്ഥാപിക്കാൻ നാം ആഗ്രഹിക്കുന്നെങ്കിൽ "ജനങ്ങൾ" എന്ന പദം അത്യാവശ്യമാണെന്ന് തെളിയുന്നു. ഭൂരിപക്ഷത്തെ സൃഷ്ടിക്കുന്ന അതുപോലെതന്നെ മഹാപ്രവണതകളെയും സാമൂഹിക അഭിലാഷങ്ങളെയും സൃഷ്ടിക്കുന്ന സാമൂഹിക പ്രതിഭാസങ്ങളുമുണ്ട്. തങ്ങളുടെ വ്യത്യാസങ്ങളെ മറി കടക്കുന്നതും അങ്ങനെ പൊതുപരിശ്രമത്തിൽ ഏർപ്പെടാൻ കഴിവു നല്കുന്നതുമായ പൊതുലക്ഷ്യങ്ങളോടെ മുന്നോട്ടുവരാൻ സ്ത്രീപുരുഷന്മാർക്കു കഴിവുണ്ട്. അതുപോലെ, ദീർഘകാലാടിസ്ഥാനത്തിലുള്ള ഒരു പദ്ധതി നിർവഹിക്കുകയെന്നത് സംഘാതാത്മകമായ അഭിലാഷമായിത്തീരുന്നില്ലെങ്കിൽ അങ്ങേയറ്റം പ്രയാസമുള്ള കാര്യമായിത്തീരുകയും ചെയ്യും. "പീപ്പിൾ" (ജനം) "പോപ്പുലർ" (ജനകീയം) എന്നീ വാക്കുകളെ നമ്മൾ പ്രയോഗിക്കുന്നതിന്റെ പിന്നിൽ ഈ വസ്തുതകളെല്ലാം ഉണ്ട്. ജനവികാരം ഇളക്കിവിടുന്ന വാചകക്കസർത്തുകളെ കൂലംകഷമായി വിമർശിക്കുന്നതോടൊപ്പംതന്നെ അവയെയും പരിഗണിക്കാതിരുന്നാൽ സാമൂഹിക യാഥാർത്ഥ്യത്തിന്റെ ഒരു അടിസ്ഥാനതലം അവഗണിക്കപ്പെടും.

158. ഇവിടെ ഒരു തെറ്റിധാരണയുണ്ടാകാം. 'ജനം' (People) എന്നത് യുക്തി വിചാരപരമായ ഒരു ഇനമല്ല, ഒരു മിസ്റ്റിക്കൽ ഇനവുമല്ല. അങ്ങനെയായാൽ ജനം ചെയ്യുന്നതെല്ലാം നല്ലതാണെന്ന്, ജനം 'മാലാഖയെപ്പോലുള്ള' ഒരു യാഥാർത്ഥ്യമാണെന്ന് പറയേണ്ടിവരും. എന്നാൽ, അത് ഒരു ഇതിഹാസപരമായ ഇനമാണ്...ജനം എന്നതു കൊണ്ട് എന്താണ് നിങ്ങൾ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കേണ്ടി വരുമ്പോൾ വിശദീകരണത്തിനുവേണ്ടി തർക്കശാസ്ത്രപരമായ ഇനങ്ങളെ നിങ്ങൾ ഉപയോഗിക്കുന്നു. അല്ലാതെ നിവൃത്തിയില്ല. എന്നാലും, ഒരു ജനതയുടെ ഭാഗമായിരിക്കുകയെന്നതിന്റെ അർത്ഥം എന്താണെന്ന് ആ വിധത്തിൽ വിശദീകരിക്കാൻ നിങ്ങൾക്കു സാധിക്കുകയില്ല. 'ജനം' എന്ന വാക്കിന് കൂടുതൽ ആഴമുള്ള ഒരു അർത്ഥമുണ്ട്. കേവലം തർക്കശാസ്ത്രപരമായ പദങ്ങളിൽ അതിനെ സ്ഥാപിക്കാൻ സാധ്യമല്ല. ജനതയുടെ ഭാഗമായിരിക്കുകയെന്നത്, സാമൂഹികവും സാംസ്കാരികവുമായ ബന്ധങ്ങളിൽ നിന്നുണ്ടാകുന്ന ഒരു പൊതുസ്വത്വത്തിന്റെ ഭാഗമായിരിക്കുകയെന്നതാണ്. അത് സ്വയം സംഭവിക്കുന്ന ഒന്നല്ല; പിന്നെയോ, പൊതുവായ ഒരു പദ്ധതിയിലേക്ക് മുന്നേറുന്നതിന്റെ സാവധാനത്തിലുള്ള, പ്രയാസമുള്ള, ഒരു പ്രക്രിയയാണ്..."[132]

159. ജനങ്ങളുടെ വികാരങ്ങളെയും ജനതയുടെ സാംസ്കാരികവും സ്വയംചാലകവുമായ പ്രവർത്തനങ്ങളെയും സമൂഹത്തിലെ ശ്രദ്ധേയമായ പ്രവണതകളെയും വ്യാഖ്യാനിക്കാൻ കഴിവുള്ളവരായ "പോപ്പുലർ" (ജനകീയ) നേതാക്കന്മാരുണ്ട്. ഐക്യപ്പെടുത്താനും നയിക്കാനുമുള്ള അവരുടെ സേവനം പരിവർത്തനത്തിന്റെയും വളർച്ചയുടെയും ഒരു ശാശ്വത അടിസ്ഥാനമായിത്തീരാം. പൊതുനന്മയ്ക്കായുള്ള പരിശ്രമത്തിൽ മറ്റുള്ളവരെക്കൂടി ഉൾപ്പെടുത്താൻ അതിനു കഴിയും. എന്നാൽ വ്യക്തിപരമായ നേട്ടത്തിനുവേണ്ടിയോ അധികാരത്തിൽ നിലനില്ക്കുന്നതിനുവേണ്ടിയോ ഒരു ജനതയുടെ സംസ്കാരത്തെ പ്രത്യയശാസ്ത്രപരമായ എന്തെങ്കിലും കൊടിക്കീഴിൽ രാഷ്ട്രീയമായി ചൂഷണം ചെയ്യാൻ വ്യക്തികൾക്കു സാധിക്കുമ്പോൾ അനാരോഗ്യകരമായ "പോപ്പുലിസ"ത്തിലേക്കു അധഃപതിക്കാൻ അത് ഇടയാക്കും. അഥവാ, ചിലപ്പോൾ ജനതയിലെ ചില സെക്റ്റുകളുടെ ഏറ്റവും നികൃഷ്ടവും ഏറ്റവും സ്വാർത്ഥതാപൂർണവുമായ ചായ്‌വുകളെ ആശ്രയിച്ചുകൊണ്ട് ജനസമ്മതി തേടുമ്പോൾ ഇങ്ങനെ സംഭവിക്കും. കൂടുതൽ സ്ഥൂലമോ കൂടുതൽ സൂക്ഷ്മമോ

ആയ രൂപങ്ങളിൽ അത് സ്ഥാപനങ്ങളെയും നിയമങ്ങളെയും അപഹരിക്കുന്ന പ്രവൃത്തിയിലേക്കു നയിക്കുമ്പോൾ ഇത് കൂടുതൽ ഗൗരവമുള്ള പ്രശ്നമാണ്.

160. "ജനം" എന്ന വാക്കിനെ സങ്കുചിതമായ ജനപ്രീതിവാദികൾ ദുർവ്യാഖ്യാനിക്കും. കാരണം, അവർ ശരിയായ ജനത്തെപ്പറ്റിയല്ല സംസാരിക്കുന്നത്. "ജനം" എന്ന സങ്കല്പം യഥാർത്ഥത്തിൽ വിവൃതമാണ്. സജീവത്വമുള്ള, സ്വയം ചാലകത്വമുള്ള ഒരു ജനം, ഭാവിയുള്ള ഒരു ജനം, വ്യത്യാസങ്ങളെ സ്വാഗതം ചെയ്യാനുള്ള കഴിവിലൂടെ ഒരു പുതിയ സമന്വയത്തിലേക്ക് സ്ഥിരം തുറവിയുള്ള ഒന്നായിരിക്കും. ഇങ്ങനെ അത് സ്വന്തം സ്വത്വത്തെ നിഷേധിക്കുന്നില്ല. പിന്നെയോ ചലിപ്പിക്കപ്പെടാനും വെല്ലുവിളിക്കപ്പെടാനും തുറവിയുള്ളതായിരിക്കും; മറ്റുള്ളവരാൽ വിശാലമാക്കപ്പെട്ടതും സമ്പന്നമാക്കപ്പെട്ടതുമായിരിക്കും; അങ്ങനെ കൂടുതൽ വളർച്ചയിലേക്കും വികസനത്തിലേക്കും തുറവുള്ളതായിരിക്കും.

161. പോപ്പുലർ നേതൃത്വത്തിന്റെ അധഃപതനത്തിന്റെ മറ്റൊരു അടയാളം ഹ്രസ്വകാല നേട്ടത്തിനുവേണ്ടിയുള്ള താത്പര്യമാണ്. പോപ്പുലർ ആവശ്യങ്ങളെ വോട്ടുനേടാൻവേണ്ടിയോ പിന്തുണ കിട്ടാൻ വേണ്ടിയോ കണ്ടുമുട്ടുന്നു. ജനങ്ങൾക്ക് വികസിക്കാനും സ്വന്തം പരിശ്രമങ്ങൾകൊണ്ടും സർഗാത്മകതകൊണ്ടും ജീവസന്ധാരണം നടത്താനും ആവശ്യമായ വിഭവങ്ങൾ ഉത്പാദിപ്പിക്കാനുള്ള കഠിനവും സ്ഥിരവുമായ പരിശ്രമങ്ങളിൽ മുന്നേറാതെയുമാണ് അവർ അങ്ങനെ ചെയ്യുന്നത്. ഇതിനെ സംബന്ധിച്ചിടത്തോളം ഞാൻ ഇങ്ങനെ വ്യക്തമാക്കിയിട്ടുണ്ട്: "ഉത്തരവാദിത്വമില്ലാത്ത പോപ്പുലിസത്തെ (ജനപ്രീതിവാദത്തെ) നിർദ്ദേശിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല."[133] അസമത്വത്തെ ഇല്ലായ്മ ചെയ്യലിന് സാമ്പത്തിക വളർച്ച ആവശ്യമുണ്ട്. ഓരോ പ്രദേശത്തിന്റെയും കഴിവു ശേഖരിക്കാനും അങ്ങനെ സ്ഥിരതയുള്ള സമത്വത്തിനു ഗ്യാരന്റി നല്കാനും സാമ്പത്തിക വളർച്ചയ്ക്കു സാധിക്കും.[134] അതേ സമയം ഒരു കാര്യം വ്യക്തമാണ്. അതായത് "ചില അടിയന്തിരാവശ്യങ്ങളെ നേരിടുന്ന ക്ഷേമപദ്ധതികളെ താത്കാലിക പ്രത്യുത്തരങ്ങളായി മാത്രമേ പരിഗണിക്കാവൂ."[135]

162. ഏറ്റവും വലിയ വിഷയം തൊഴിൽ ആണ്. യഥാർത്ഥത്തിൽ "പോപ്പുലർ" ആയിട്ടുള്ള കാര്യം - അത് ജനങ്ങളുടെ നന്മ വളർത്തുന്നതുകൊണ്ട് - നമ്മിൽ ഓരോരുത്തരിലും ദൈവം നട്ടിട്ടുള്ള നമ്മുടെ

സവിശേഷ വാസനകൾ, നമ്മുടെ നൈസർഗിക കഴിവുകൾ, നമ്മുടെ ജന്മസിദ്ധമായ വിഭവങ്ങൾ എന്നീ വിത്തുകളെ മുളപ്പിച്ചു വളർത്താനുള്ള അവസരം ഓരോ വ്യക്തിക്കും നല്കുകയെന്നതാണ് ദരിദ്രർക്കു കൊടുക്കാൻ നമുക്കു കഴിയുന്ന ഏറ്റവും നല്ല സഹായം – മഹത്ത്വപൂർണമായ ജീവിതത്തിലേക്കുള്ള ഏറ്റവും നല്ല വഴി. അതുകൊണ്ടാണ് ഞാൻ ഇങ്ങനെ ഊന്നിപ്പറയുന്നത്: "ദരിദ്രരെ സാമ്പത്തികമായി സഹായിക്കുക എന്നത് ഞെരുക്കുന്ന ആവശ്യങ്ങളുടെ മുമ്പിൽ എപ്പോഴും താത്കാലിക പരിഹാരമായിരിക്കണം. കൂടുതൽ വ്യാപകമായ ലക്ഷ്യം എപ്പോഴും തൊഴിലിലൂടെ മഹത്ത്വപൂർണമായി ജീവിക്കാൻ അവരെ അനുവദിക്കുക എന്നതായിരിക്കണം."[136] ഉത്പാദന സമ്പ്രദായങ്ങൾക്കു മാറ്റം വരാം. അതുകൊണ്ട്, ഓരോ വ്യക്തിക്കും തന്റെ വാസനകളും പരിശ്രമങ്ങളും സമർപ്പിക്കാനുള്ള അവസരം ലഭിക്കത്തക്കവിധം സമൂഹത്തെ സംഘടിപ്പിക്കുന്നതിന് രാഷ്ട്രീയ സമ്പ്രദായങ്ങൾ അധ്വാനിച്ചുകൊണ്ടിരിക്കണം. എന്തെന്നാൽ "തൊഴിലിനെയും തൊഴിലിന്റെ മഹത്ത്വത്തെയും എടുത്തുകളയുന്നതിനെക്കാൾ വലിയ ദാരിദ്ര്യമില്ല."[137] യഥാർത്ഥത്തിൽ വികസിച്ച ഒരു സമൂഹത്തിൽ, തൊഴിൽ സാമൂഹികജീവിതത്തിന്റെ സത്താപരമായ ഒരു മാനമാണ്. എന്തെന്നാൽ തൊഴിൽ അന്നന്നുള്ള അപ്പം സമ്പാദിക്കാനുള്ള മാർഗം മാത്രമല്ല, വ്യക്തിപരമായ വളർച്ചയുടെയും ആരോഗ്യകരമായ ബന്ധങ്ങളുടെ പടുത്തുയർത്തലിന്റെയും ആത്മപ്രകാശനത്തിന്റെയും ദാനങ്ങളുടെ കൈമാറ്റത്തിന്റെയും മാർഗം കൂടിയാണ്. ലോകത്തിന്റെ വികസനത്തിനും ആത്യന്തികമായി ജനം എന്ന നിലയിലുള്ള നമ്മുടെ ജീവിതത്തിനും വേണ്ടിയുള്ള ഒരു പൊതുബോധം തൊഴിൽ നമുക്കു നല്കുന്നു.

## III. ലിബറൽ സമീപനങ്ങളുടെ ഗുണങ്ങളും പരിമിതികളും

163. സമൂഹത്തെയും സാംസ്കാരിക ബന്ധങ്ങളെയും സംബന്ധിച്ച ഭാവാത്മകമായ വീക്ഷണം സ്വാഭാവികമായി ഉൾക്കൊള്ളുന്ന "ജനം" എന്ന സങ്കല്പത്തെ വ്യക്തിവാദപരമായ ലിബറൽ സമീപനങ്ങൾ സാധാരണമായി തള്ളിക്കളയുന്നു. ആ സമീപനങ്ങൾ സമൂഹത്തെ കേവലം സഹവർത്തിത്വമുള്ള താത്പര്യങ്ങളുടെ ആകെത്തുകയായി കരുതുന്നു. ഒരുവൻ സ്വാതന്ത്ര്യത്തോടുള്ള ബഹുമാനത്തെപ്പറ്റി പറയുന്നു പക്ഷേ, പങ്കാളിത്ത വിവരണത്തിൽ വേരുകളൂന്നിയിട്ടില്ലാ

ത്തതാണത്. ചില സന്ദർഭങ്ങളിൽ, സമൂഹത്തിലെ ഏറ്റവും അരക്ഷിതരായ അംഗങ്ങളുടെ അവകാശങ്ങളെ വാദിച്ചുറപ്പിക്കുന്നവർ പോപ്പുലിസ്റ്റുകൾ (ജനപ്രിയവാദികൾ) ആണെന്ന് വിമർശിക്കപ്പെടാറുണ്ട്. ജനം എന്ന സങ്കല്പം അമൂർത്തമായ, യഥാർത്ഥത്തിൽ അസ്തിത്വമില്ലാത്ത ഒന്നായി, അത്തരക്കാർ പരിഗണിക്കുന്നു. എന്നാൽ ഇത് അനാവശ്യമായ ദ്വൈതാവസ്ഥയാണ്. "ജനം" എന്ന സങ്കല്പമോ "അയൽക്കാരൻ" എന്ന സങ്കല്പമോ കേവലം സൂക്ഷ്മ സങ്കല്പമോ റൊമാന്റിക് സങ്കല്പമോ ആയി കരുതാൻ പാടില്ല. അങ്ങനെ വന്നാൽ, സാമൂഹിക സംഘാടകത്വം, ശാസ്ത്രം, സിവിൽ സ്ഥാപനങ്ങൾ എന്നിവ അവഗണിക്കപ്പെടാനോ അവജ്ഞയോടെ അവയോട് പെരുമാറപ്പെടാനോ ഇടയാകും.[138]

164. നേരേമറിച്ച്, പരസ്നേഹം രണ്ടു മാനങ്ങളെയും - അമൂർത്തമാനത്തെയും സ്ഥാപനപരമായ മാനത്തെയും - ഒന്നിപ്പിക്കുന്നു. എന്തെന്നാൽ സ്ഥാപനങ്ങൾ, നിയമം, സാങ്കേതികവിദ്യ, അനുഭവം, പ്രൊഫഷണൽ വൈദഗ്ധ്യം, ശാസ്ത്രീയമായ അപഗ്രഥനം, ഭരണപരമായ നടപടികൾ തുടങ്ങി എല്ലാറ്റിനെയും ആശ്ലേഷിക്കുന്ന ചരിത്രപരമായ ഒരു മാറ്റത്തിന്റെ ഫലപ്രദമായ പ്രക്രിയ അതിന് ആവശ്യമുണ്ട്. അവ "പൊതുവായ ക്രമത്താൽ സംരക്ഷിക്കപ്പെട്ടില്ലെങ്കിൽ സ്വകാര്യ ജീവിതത്തിനു നിലനില്ക്കാനാവുകയില്ല. നിയമത്താലും നിയമാധിഷ്ഠിതമായ പ്രശാന്തതയുടെ അവസ്ഥയാലും സംരക്ഷിക്കപ്പെടുകയും തൊഴിൽ വിഭജനം, വ്യാപാരസംബന്ധമായ പരസ്പര കൈമാറ്റം, സാമൂഹിക നീതി, രാഷ്ട്രീയ പൗരത്വം എന്നിവയാൽ ഉറപ്പുവരുത്തപ്പെടുകയും ചെയ്ത ക്ഷേമത്തിന്റെ ഏറ്റവും ചെറിയ അളവ് ആസ്വദിക്കുകയും ചെയ്യുന്നില്ലെങ്കിൽ ഗാർഹികനെരിപ്പോടിന് ശരിയായ ചൂടുണ്ടായിരിക്കുകയില്ല."[139]

165. മറ്റുള്ളവരോടുള്ള താത്പര്യത്തിൽ ഈ ഘടകങ്ങളെയെല്ലാം ഉൾപ്പെടുത്തുവാൻ യഥാർത്ഥപരസ്നേഹത്തിനു കഴിവുണ്ട്. അകലെയുള്ളതോ വിസ്മരിക്കപ്പെട്ടതോ ആയ സഹോദരനെയോ സഹോദരിയെയോ ഉൾപ്പെടുത്തിക്കൊണ്ടുള്ള വ്യക്തിപരമായ കണ്ടുമുട്ടലുകളെ സംബന്ധിച്ചിടത്തോളം, സംഘടിതവും സ്വതന്ത്രവും സർഗാത്മകവുമായ ഒരു സമൂഹത്തിന്റെ സ്ഥാപനങ്ങൾക്ക് സൃഷ്ടിക്കാൻ കഴിയുന്ന എല്ലാ വിഭവങ്ങളും ഉപയോഗിച്ചുകൊണ്ട്, അതിന് ഇങ്ങനെ ചെയ്യാൻ സാധിക്കും. ഉദാഹരണമായി, വ്യക്തിപരമായ

നിലയിൽ സഹായം കൊടുക്കാൻ കഴിയാത്തതുകൊണ്ട് അടുത്തുള്ള ഒരു സത്രം നല്ല സമറായനുപോലും ആവശ്യമായി വന്നു. അയൽക്കാരനോടുള്ള സ്നേഹം വസ്തുനിഷ്ഠമായ ഒന്നാണ്. ദരിദ്രർക്കും പ്രതികൂലാവസ്ഥയിലുള്ളവർക്കും ഉപകാരപ്രദമാകാവുന്ന, ചരിത്രപരമായ മാറ്റത്തിന് ആവശ്യമായ വിഭവങ്ങളിൽ ഒന്നും അതു ധൂർത്തടിക്കുന്നില്ല. എന്നാൽ ചിലപ്പോൾ, വ്യക്തിവാദപരമായ പ്രവർത്തനത്തിന്റെയും കാര്യക്ഷമതയില്ലാത്ത നടപടികളുടെയും മാർഗങ്ങളോടു ബന്ധപ്പെട്ട ഇടതുപക്ഷ ആദർശങ്ങളോ സാമൂഹിക സിദ്ധാന്തങ്ങളോ ചുരുക്കം ചിലരെ മാത്രമേ ബാധിക്കുന്നുള്ളൂ; അതേ സമയം, പിറകിലേക്കു തള്ളപ്പെട്ട ഭൂരിപക്ഷം പേർ മറ്റുള്ളവരുടെ സന്മനസ്സിനെ ആശ്രയിച്ചു നിലകൊള്ളുന്നു. അത് സാഹോദര്യത്തിന്റെ കൂടുതൽ വലിയ ചൈതന്യം ആവശ്യമാണെന്ന് തെളിയിക്കുന്നതോടൊപ്പം ദരിദ്ര രാഷ്ട്രങ്ങളിൽ സഹിക്കുകയും മരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ഉപേക്ഷിക്കപ്പെട്ടവരെ ബാധിക്കുന്ന പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ കൂടുതൽ കാര്യക്ഷമവും ലോകവ്യാപകവുമായ സംഘടന ആവശ്യമാണെന്നും തെളിയിക്കുന്നുണ്ട്. വിവേചനമില്ലാതെ എല്ലാവരെയും സംബന്ധിച്ച് ഉപയോഗിക്കാവുന്ന ഒറ്റ പരിഹാരമാർഗമോ അംഗീകരിക്കത്തക്ക ഒറ്റ പ്രവർത്തനരീതിയോ ഒറ്റ സാമ്പത്തിക കുറിപ്പടിയോ ഇല്ലെന്നും ഇത് തെളിയിക്കുന്നു. ഏറ്റവും കർക്കശമായ ശാസ്ത്രീയ പഠനങ്ങൾക്കുപോലും പ്രവർത്തനത്തിന്റെ വ്യത്യസ്ത പദ്ധതികളെ നിർദ്ദേശിക്കാൻ കഴിയുന്നില്ല.

166. അപ്പോൾ, ഹൃദയത്തിന്റെയും മനോഭാവങ്ങളുടെയും ജീവിതശൈലികളുടെയും മാറ്റത്തിനുള്ള ആവശ്യം കാണാനുള്ള കഴിവിനെയാണ് എല്ലാം ആശ്രയിച്ചിരിക്കുന്നത്. അങ്ങനെ ചെയ്തില്ലെങ്കിൽ പൊതുജനാഭിപ്രായത്തെ രൂപപ്പെടുത്തുന്ന രാഷ്ട്രീയ പ്രചാരണങ്ങളും മീഡിയയും വ്യക്തിവാദപരവും യുക്തിരഹിതവുമായ സംസ്കാരത്തിന്റെ പ്രോത്സാഹനം തുടർന്നുകൊണ്ടേയിരിക്കും. ആ സംസ്കാരം ഇപ്പോൾത്തന്നെ ആവശ്യത്തിലധികം അധികാരം ആസ്വദിക്കുന്നവർക്ക് സേവനം ചെയ്തുകൊണ്ടിരിക്കുന്ന അനിയന്ത്രിതമായ സാമ്പത്തിക താത്പര്യങ്ങൾക്കും സാമുദായിക സ്ഥാപനങ്ങൾക്കും കീഴ്പ്പെട്ടിരിക്കുന്നതാണ്. സാങ്കേതിക വിദ്യാവിദഗ്ധരുടെ ഭരണമാതൃകയെക്കുറിച്ചുള്ള എന്റെ വിമർശനത്തിൽ ആ ഭരണത്തിന്റെ അമിതത്വത്തെ നമ്മൾ നിയന്ത്രിച്ചാൽ എല്ലാം നന്നാവും എന്ന ലളിത

ചിന്തയെക്കാൾ കൂടുതൽ കാര്യങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. സവിശേഷമായ വസ്തുക്കളിൽ നിന്നോ ഭൗതിക യാഥാർത്ഥ്യങ്ങളിൽനിന്നോ സ്ഥാപനങ്ങളിൽ നിന്നോ അല്ല പിന്നെയോ, അവ ഉപയോഗിക്കുന്ന രീതിയിൽ നിന്നാണ് കൂടുതൽ വലിയ അപകടസാധ്യത ഉണ്ടാകുന്നത്. അത് മാനുഷിക ദൗർബല്യത്തെ സംബന്ധിച്ചതാണ്. സ്വാർത്ഥതയോടുള്ള ചായ്‌വാണത്. ക്രൈസ്തവ പാരമ്പര്യം "അമിതഭോഗേഛ" (concupiscence) എന്നു പരാമർശിക്കുന്നതെന്തോ അതിന്റെ ഭാഗമാണ്: എന്നെപ്പറ്റി, എന്റെ ഗ്രൂപ്പിനെപ്പറ്റി, എന്റെ നിസ്സാര താത്പര്യങ്ങളെപ്പറ്റി മാത്രം ഞാൻ ബന്ധപ്പെട്ടിരിക്കുന്നു എന്ന മാനുഷിക ചായ്‌വാണത്. അമിതഭോഗേഛ എന്നത് നമ്മുടെ കാലത്തേക്കു മാത്രം പരിമിതപ്പെടുത്തിയിട്ടുള്ള വൈകല്യമല്ല. അത് മനുഷ്യവംശത്തിന്റെ ആരംഭംമുതൽ സന്നിഹിതമായിരുന്നു. ഏതെല്ലാം മാർഗങ്ങൾ ചരിത്രത്തിന്റെ ഓരോ നിമിഷത്തിനും നല്കാൻ കഴിഞ്ഞുവോ അവയെല്ലാം ഉപയോഗിച്ച് യുഗങ്ങളിലൂടെ അത് പരിവർത്തന വിധേയമാകുകയും വ്യത്യസ്തരൂപങ്ങൾ സ്വീകരിക്കുകയും ചെയ്തു എന്നേ ഉള്ളൂ. എന്നിരുന്നാലും ദൈവസഹായത്തോടെ അമിതഭോഗേഛയെ കീഴടക്കാൻ സാധിക്കും.

167. വിദ്യാഭ്യാസവും വളർത്തലും, അന്യരോടുള്ള കരുതൽ, നന്നായി ഉദ്ഗ്രഥിച്ച ജീവിതവീക്ഷണം, ആധ്യാത്മിക - വളർച്ച: ഇവയെല്ലാം മേന്മയുള്ള മാനുഷിക ബന്ധങ്ങളെ സംബന്ധിച്ചിടത്തോളം സത്താപരമാണ്. അനീതികൾക്കും സാമ്പത്തികവും സാങ്കേതികവിദ്യാപരവും രാഷ്ട്രീയവും മീഡിയാപരവുമായ ശക്തി എന്നിവയിലുള്ള മാർഗഭ്രംശങ്ങൾക്കും ദുരുപയോഗങ്ങൾക്കും എതിരേ പ്രതികരിക്കാൻ സമൂഹത്തെത്തന്നെ ശക്തമാക്കുന്നതിനും ഇവ പര്യാപ്തമാണ്. ലിബറലായിട്ടുള്ള ചില സമീപനങ്ങൾ മനുഷ്യന്റെ ദൗർബല്യമെന്ന ഈ ഘടകത്തെ അവഗണിക്കുന്നു. സുനിശ്ചിതമായ ഒരു ക്രമം പാലിക്കുന്നതും, ശോഭനഭാവി തനിയേ ഉറപ്പുവരുത്തുന്നതും ഓരോ പ്രശ്നത്തിനും പരിഹാരം നല്കുന്നതുമായ ഒരു ലോകത്തെ അവർ സങ്കല്പിക്കുന്നു.

168. നവീന ലിബറൽ വിശ്വാസം മുന്നോട്ടുവയ്ക്കുന്ന കമ്പോളക്കരുത്തിന്റെ വിശ്വാസസത്യത്തിൽ വിശ്വസിക്കാൻ നാം എത്ര നിർബന്ധിതരായാലും എല്ലാ പ്രശ്നങ്ങളും തനിയേ പരിഹരിക്കാൻ കമ്പോളത്തിനു കഴിയുകയില്ല. വെല്ലുവിളി എന്തായാലും, പാപ്പരായതും

ആവർത്തനവിരസതയുള്ളതുമായ ഈ ചിന്താപദ്ധതി എപ്പോഴും ഒരേ മറുപടിയാണ് നല്കുന്നത്. നവീന ലിബറലിസം "തൂവുക" ("സ്പിൽ ഓവർ") അഥവാ "ഇറ്റിറ്റു വീഴുക"("ട്രിക്കിൾ") എന്നീ മാന്ത്രിക സിദ്ധാന്തങ്ങളെ – ആ പേര് ഉപയോഗിക്കാതെ തന്നെ സാമൂഹിക പ്രശ്നങ്ങൾക്കുള്ള ഏക പരിഹാരമാർഗമായി ആവർത്തിച്ചു കൊണ്ടിരിക്കുന്നു. സമൂഹത്തിന്റെ ഘടനയെ ഭീഷണിപ്പെടുത്തുന്ന അക്രമത്തിന്റെ പുതിയ രൂപങ്ങളെ സൃഷ്ടിക്കുന്ന അസമത്വത്തെ ഇപ്പറയുന്ന "സ്പിൽ ഓവർ" പരിഹരിക്കുന്നില്ല എന്ന വസ്തുതയെ വിലയിരുത്തുന്നുമില്ല. പ്രവർത്തനക്ഷമമായ ഒരു സാമ്പത്തിക നയം ഉണ്ടായിരിക്കുകയെന്നത് അത്യന്താപേക്ഷിതമാണ്. അത് "ഉത്പാദനപരമായ വൈവിധ്യത്തെയും ക്രയവിക്രയ സർഗാത്മകതയെയും അനുകൂലിക്കുന്ന ഒരു സാമ്പത്തികതയെ വളർത്തുന്നതിന്"[140] വേണ്ടിയുള്ളതായിരിക്കണം. തൊഴിലവസരങ്ങളെ ഇല്ലാതാക്കാതെ, സാധ്യമാക്കുന്നതായിരിക്കണം ആ സാമ്പത്തികത. അടിസ്ഥാനപരമായി പെട്ടെന്ന് ലാഭം കിട്ടണമെന്ന ലക്ഷ്യത്തോടെയുള്ള ധനാഗമപരമായ ഊഹക്കച്ചവടം അതിന്റെ സംഹാരതാണ്ഡവം തുടർന്നുകൊണ്ടിരിക്കുന്നു. യഥാർത്ഥത്തിൽ "ഐക്യദാർഢ്യത്തിന്റെയും പരസ്പര വിശ്വാസത്തിന്റെയും ആന്തരികരൂപങ്ങളില്ലാതെ വിപണിക്ക് അതിന്റെ ശരിയായ ധർമ്മം പൂർണമായി നിർവഹിക്കാൻ സാധിക്കുകയില്ല. ഇന്ന് ഈ വിശ്വാസം ഇല്ലാതായിരിക്കുന്നു."[141] കഥ ഉദ്ദേശിച്ചിടത്ത് അവസാനിച്ചില്ല. പ്രബലമായിരിക്കുന്ന സാമ്പത്തിക സിദ്ധാന്തത്തിന്റെ സൈദ്ധാന്തിക ഫോർമുലകൾക്ക് അപ്രമാദിത്വമില്ലെന്നു തെളിഞ്ഞു. വിപണി സ്വാതന്ത്ര്യംകൊണ്ട് എല്ലാ പ്രശ്നവും പരിഹരിക്കാൻ സാധ്യമല്ലെന്ന് സാംക്രമികരോഗത്തിന്റെ മുമ്പിലെ ലോകവ്യവസ്ഥിതികളുടെ തകർച്ച തെളിയിച്ചു. അത് സാമ്പത്തികതയുടെ കലപനകൾക്കു വിധേയമല്ലാത്ത ഗുണകരമായ ഒരു രാഷ്ട്രീയ ജീവിതം നാം വീണ്ടും കണ്ടെത്തണം എന്ന വസ്തുതയ്ക്കു പുറമേ, "മനുഷ്യമഹത്വത്തെ നാം വീണ്ടും കേന്ദ്രത്തിൽ സ്ഥാപിക്കണമെന്നും ആ സ്തംഭത്തിനു മുകളിൽ നമുക്ക് ആവശ്യമുള്ള ബദൽ സാമൂഹികവ്യവസ്ഥിതികൾ പടുത്തുയർത്തണമെന്നും കാണിച്ചുതന്നു.."[142]

169. ഉദാഹരണമായി, അടച്ചുവയ്ക്കപ്പെട്ടതും ഏകാധിപത്യപരവുമായ ചില സാമ്പത്തിക സമീപനങ്ങളിൽ, തൊഴിൽരഹിതരെയും താത്കാലിക തൊഴിലാളികളെയും അനൗപചാരിക തൊഴിലാളികളെയും നിലവിലുള്ള വ്യവസ്ഥകളിൽ എളുപ്പത്തിൽ ഇടം

കണ്ടെത്താത്ത മറ്റുപലരെയും ഐക്യപ്പെടുത്തുന്ന ജനകീയ പ്രസ്ഥാനങ്ങൾക്ക് സ്ഥാനമില്ലെന്നു തോന്നുന്നു. എന്നാലും ആ പ്രസ്ഥാനങ്ങൾ വിവിധരൂപങ്ങളിലുള്ള ജനകീയ സാമ്പത്തികതയെയും സാമൂഹിക ഉത്പദനത്തെയും കൈകാര്യം ചെയ്യുന്നുണ്ട്. സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ ഭാഗഭാഗിത്വത്തിന്റെ ഒരു മാതൃക ആണ് ആവശ്യമായിരിക്കുന്നത്. ആ ഭാഗഭാഗിത്വം ജനകീയ പ്രസ്ഥാനങ്ങളെ ഉൾപ്പെടുത്താൻ കഴിയുന്നതും ഒഴിവാക്കപ്പെട്ടവരെ പൊതുഭാഗധേയത്തെ പടുത്തുയർത്തുന്നതിൽ ഉൾപ്പെടുത്തുന്നതിൽ നിന്നുണ്ടാകുന്ന ധാർമ്മിക ഊർജ്ജത്തിന്റെ കുത്തൊഴുക്കുകൊണ്ട് പ്രാദേശികം, ദേശീയം, അന്തർദേശിയം എന്നീ ഭരണവ്യവസ്ഥിതികളെ ഊർജിതപ്പെടുത്തുതുമായിരിക്കണം. അതേസമയം അത് "താഴെനിന്ന്, ഗ്രഹത്തിന്റെ അടിമണ്ണിൽ നിന്ന്, വളർന്നുവരുന്ന ഐക്യദാർഢ്യത്തിന്റെ ഈ അനുഭവങ്ങൾക്ക് ഒന്നിച്ചുവരാനും, കൂടുതൽ സംഘടിതമായിരിക്കാനും പരസ്പരം കണ്ടുമുട്ടൽ തുടർന്നുകൊണ്ടിരിക്കാനും കഴിയും"[143] എന്ന് ഉറപ്പുവരുത്തുകയും വേണം. എന്നിരുന്നാലും ഇതു സംഭവിക്കുന്നത് അവരുടെ പ്രവർത്തനത്തിന്റെ വ്യതിരിക്തമായ മാർഗത്തെ ഒറ്റിക്കൊടുക്കാത്ത വിധത്തിലായിരിക്കണം. അവർ "മാറ്റം വിതയ്ക്കുന്നവരും വലുതും ചെറുതുമായ, ഒരു കവിതയിലെ വാക്കുകൾപോലെ സർഗാത്മകമായി ഇഴുകിപ്പിരിഞ്ഞിരിക്കുന്ന, ദശലക്ഷക്കണക്കിനു പ്രവർത്തനങ്ങളെ ഉൾക്കൊള്ളുന്ന പ്രക്രിയയെ വളർത്തുന്നവർ"[144] ആയിരിക്കണം. അർത്ഥത്തിൽ അത്തരം പ്രസ്ഥാനങ്ങൾ "സാമൂഹിക കവികൾ" ആണ്. അവ സ്വകീയമായ രീതിയിൽ അധ്വാനിക്കുകയും നിർദ്ദേശിക്കുകയും വളർത്തുകയും സ്വതന്ത്രമാക്കുകയും ചെയ്യും. സമഗ്രമായ മാനുഷിക വികസനം സാധ്യമാകാൻ അവർ സഹായിക്കും. ആ വികസനമാകട്ടെ ഒരു ആശയത്തിന് അപ്പുറത്തുപോകുന്നു. ആ ആശയം ഇതാണ്: "സാമൂഹിക നയങ്ങൾ ദരിദ്രർക്ക് വേണ്ടിയുള്ളതാണ്, എന്നാൽ അവ ഒരിക്കലും ദരിദ്രരോടൊപ്പമോ ദരിദ്രരുടേതോ അല്ല. ജനതകളെ പുനരേകീകരിക്കുന്ന ഒരു പദ്ധതിയുടെ ഭാഗം ഒട്ടുമേയല്ല"[145]. അവർ പ്രശ്നക്കാരായിരിക്കാം. അവരെ വർഗീകരിക്കാൻ ചില "സിദ്ധാന്തവാദി"കൾക്ക് പ്രയാസമുണ്ടാകും. എന്നാൽ അവരെ അംഗീകരിക്കാനുള്ള ധീരത നാം കണ്ടെത്തണം. അവരെ കൂടാതിരുന്നാൽ "ജനാധിപത്യം ക്ഷയിക്കും; അത് വെറുമൊരു വാക്ക് അഥവാ ഔപചാരിക നിഷ്ഠയായിത്തീരും. അതിന് അതിന്റെ പ്രാതിനിധ്യ സ്വഭാവം നഷ്ട

പ്പെടും. അത് കഴമ്പില്ലാത്തതായിത്തീരും. കാരണം, സ്വന്തം മഹത്ത്വത്തിനുവേണ്ടി അനുദിനം കഠിനാധ്വാനം ചെയ്തുകൊണ്ടിരിക്കുന്ന, സ്വന്തം ഭാവി പടുത്തുയർത്തിക്കൊണ്ടിരിക്കുന്ന, ജനങ്ങളെ അത് ഉപേക്ഷിച്ചു കളയുന്നു."[146]

## IV. അന്താരാഷ്ട്ര അധികാരം

170. ഒരിക്കൽക്കൂടി ഒരു കാര്യം നിരീക്ഷിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതായത്, "2007-08-ലെ സാമ്പത്തിക പ്രതിസന്ധി പുതിയൊരു സാമ്പത്തികതയെ വികസിപ്പിക്കാനുള്ള അവസരം നല്കി. അത് ധാർമ്മിക തത്ത്വങ്ങളോടും ഊഹാധിഷ്ഠിത സാമ്പത്തിക രീതികളെയും കാല്പനിക സമ്പത്തിനെയും നിയന്ത്രിക്കാനുള്ള പുതിയ മാർഗങ്ങളോടും കൂടുതൽ ശ്രദ്ധ കാണിച്ചു. എന്നാൽ ഈ വിഷമസന്ധിക്കുള്ള പ്രത്യുത്തരം ലോകത്തെ തുടർന്നും ഭരിച്ചുകൊണ്ടിരിക്കുന്ന കാലഹരണപ്പെട്ട മാനദണ്ഡങ്ങളെക്കുറിച്ചുള്ള പുനർവിചാരത്തെ ഉൾക്കൊണ്ടില്ല."[147] യഥാർത്ഥത്തിൽ, വിഷമസന്ധിയുടെ ആരംഭത്തിൽ ലോകവ്യാപകമായി വികസിച്ച യഥാർത്ഥ സമരതന്ത്രങ്ങൾ വ്യക്തിവാദത്തെ കൂടുതൽ സംരക്ഷിച്ചുവെന്നും ഉദ്ഗ്രഥനത്തെ കുറച്ചുമാത്രം സംരക്ഷിച്ചുവെന്നും ദ്രോഹിക്കപ്പെടാതിരിക്കാൻ എപ്പോഴും വഴി കണ്ടുപിടിക്കുന്ന യഥാർത്ഥ ശക്തന്മാർക്ക് സ്വാതന്ത്ര്യം വർധിപ്പിച്ചുവെന്നും തോന്നുന്നു.

171. "നീതിയുടെ ക്ലാസ്സിക്കൽ നിർവചനമായ 'ഓരോ വ്യക്തിയും അവനവന്റേത് കൊടുക്കുക' എന്നതിന്റെ അർത്ഥം, മറ്റു വ്യക്തികളുടെയോ അവരുടെ സാമൂഹിക കൂട്ടങ്ങളുടെയോ മഹത്ത്വത്തെയും അവകാശങ്ങളെയും അതിലംഘിക്കാൻ അവകാശമുള്ളവിധം ഒരു മാനുഷിക വ്യക്തിയോ ഗ്രൂപ്പോ സ്വയം നിരപേക്ഷതയുള്ളതായി കരുതാൻ പാടില്ല എന്നാണ്" എന്നുകൂടി ഞാൻ ഊന്നിപ്പറഞ്ഞുകൊള്ളട്ടെ. "അധികാരത്തിന്റെ (പ്രത്യേകിച്ച് രാഷ്ട്രപരവും സാമ്പത്തികവും സുരക്ഷാസംബന്ധവും സാങ്കേതിക വിദ്യാപരവുമായ അധികാരത്തിന്റെ) കാര്യക്ഷമമായ വിതരണം പൗരന്മാരുടെ ബഹുത്വത്തിൽ നടത്തുകയെന്നതും അവകാശവാദങ്ങളെയും താത്പര്യങ്ങളെയും നിയന്ത്രിക്കാനുള്ള നീതി ന്യായാധിഷ്ഠിത സമ്പ്രദായത്തെ സൃഷ്ടിക്കുകയെന്നതും, അധികാരം പരിമിതപ്പെടുത്തുന്നതിനുള്ള വസ്തുനിഷ്ഠമായ ഒരു മാർഗമാണ്. എന്നാലും ഇന്നത്തെ ലോകം നമ്മുടെ മുന്നിൽ അനേകം കപട അവകാശവാദങ്ങൾ അവതരിപ്പി

ക്കുകയും അതേ സമയം അധികാരദുർവിനിയോഗത്തിന്റെ ഇരക ളായ വലിയൊരു ദുർബലവിഭാഗത്തെ കാണിച്ചുതരുകയും ചെയ്യു ന്നുണ്ട്."[148]

172. ഇരുപത്തിയൊന്നാം നൂറ്റാണ്ട് രാഷ്ട്രങ്ങളായ സ്റ്റേറ്റുകളുടെ അധികാര ദുർബലതയ്ക്ക് സാക്ഷ്യം വഹിക്കുകയാണ്. അതിന്റെ പ്രധാനകാരണം സാമ്പത്തിക സെക്റ്ററുകൾ അന്താരാഷ്ട്ര തലത്തി ലുള്ളവയാകയാൽ രാഷ്ട്രീയ മണ്ഡലത്തെ കീഴടക്കാൻ പരിശ്രമി ക്കുന്നു എന്നതാണ്. ഈ സാഹചര്യത്തിൽ ഒരു കാര്യം സത്താപര മാണ്. അതായത്, കൂടുതൽ ശക്തിയുള്ളതും കൂടുതൽ കാര്യക്ഷമ മായി സംഘടിപ്പിക്കപ്പെട്ടതുമായ അന്താരാഷ്ട്ര സ്ഥാപനങ്ങൾ ഉണ്ടാ കണം. ദേശീയ ഗവൺമെന്റുകൾ തമ്മിലുള്ള ന്യായപൂർണമായ സമ്മതം വഴി നിയമിക്കപ്പെട്ട പ്രവർത്തകർ അതിനുണ്ടായിരിക്കണം. ശിക്ഷകൾ നല്കാൻ വേണ്ട അധികാരം നല്കപ്പെട്ടവരായിരിക്കണം അവർ."[149] നിയമത്താൽ നിയന്ത്രിക്കപ്പെടുന്ന ലോകാധികാരത്തിന്റെ ഒരു രൂപത്തിനുള്ള സാധ്യതയെപ്പറ്റി നാം സംസാരിക്കുമ്പോൾ[150] വ്യക്തിപരമായ അധികാരത്തെപ്പറ്റി ചിന്തിക്കുകയെന്നത് അത്യാവ ശ്യമല്ല. എന്നാലും അത്തരം ഒരു അധികാരം കൂടുതൽ കാര്യക്ഷമമായ ലോകസംഘടനകളെ വളർത്തുകയെങ്കിലും ചെയ്യണം. ആ സംഘട നകൾക്ക് ആഗോള പൊതുനന്മകളെ സഹായിക്കാനുള്ള അധികാര മുണ്ടായിരിക്കണം. വിശപ്പും ദാരിദ്ര്യവും ഇല്ലായ്മ ചെയ്യാനും മൗലിക മാനുഷികാവകാശങ്ങളെ നിശ്ചയമായി സംരക്ഷിക്കാനും അധികാര മുണ്ടായിരിക്കണം.

173. ഇക്കാര്യത്തിൽ ഒരു നവീകരണത്തിന്റെ ആവശ്യകത എനിക്കു മുന്നോട്ടുവയ്ക്കാനുണ്ട്. അത് "ഐക്യരാഷ്ട്ര സംഘടനയുടെയും സാമ്പത്തിക സ്ഥാപനങ്ങളുടെയും അന്താരാഷ്ട്ര ധനകാര്യത്തി ന്റെയും നവീകരണമാണ്. രാഷ്ട്രങ്ങളുടെ കുടുംബം എന്ന സങ്കല്പ ത്തിനു യഥാർത്ഥശക്തി നേടാൻ കഴിയുന്ന ഒരു നവീകരണം ആയി രിക്കണം അത്.[151] കുറച്ചു രാഷ്ട്രങ്ങൾ മാത്രം അധികാരം ഒന്നിച്ചു തിരഞ്ഞെടുക്കുന്ന സമ്പ്രദായം ഒഴിവാക്കാൻ വേണ്ടി വ്യക്തമായ നൈയാമിക പരിധികൾ ഇതിന് ആവശ്യമുണ്ടെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. സാംസ്കാരിക അടിച്ചേല്പ്പിക്കലുകൾ തടയാനും പ്രത്യയശാസ്ത്രപരമായ വ്യത്യാസങ്ങളുടെ അടിസ്ഥാനത്തിൽ കൂടു തൽ ദുർബലങ്ങളായ സംസ്കാരങ്ങളുടെ മൗലിക സ്വാതന്ത്ര്യത്തെ

നിയന്ത്രിക്കുന്നതു തടയാനും വേണ്ടിയാണ് ഈ പരിധികൾ. എന്തെന്നാൽ, "അംഗരാഷ്ട്രങ്ങളുടെ സ്വാതന്ത്ര്യത്തെ നിഷേധിക്കുകയോ പരിമിതപ്പെടുത്തുകയോ ചെയ്യുന്ന കീഴ്പ്പെടുത്തൽ ബന്ധനമില്ലാതെ, ഓരോ അംഗരാഷ്ട്രത്തിന്റെയും പരമാധികാരത്തിൽ സ്ഥാപിതമാകുന്ന ഒരു നൈയാമിക കൂട്ടായ്മയാണ് അന്തർദേശീയ കൂട്ടായ്മ." അതേസമയം, "ഐക്യരാഷ്ട്രസംഘടനയുടെ ജോലി, അതിന്റെ സ്ഥാപകരേഖയുടെ മുഖവുരയിലും ആദ്യത്തെ ഖണ്ഡികകളിലും വ്യക്തമാക്കിയിട്ടുള്ള തത്ത്വങ്ങളനുസരിച്ച് നിയമവ്യവസ്ഥയുടെ വികസനവും പ്രോത്സാഹനവുമായി കാണാവുന്നതാണ്. സാർവത്രിക സഹോദര്യമെന്ന ആദർശംപ്രാപിക്കാനുള്ള മൗലിക വ്യവസ്ഥ നീതിയാണെന്ന ബോധ്യത്തിൽ സ്ഥാപിക്കപ്പെട്ടതാണ് ആ നിയമഭരണം ഐക്യരാഷ്ട്ര സംഘടനയുടെ പ്രമാണരേഖയിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതുപോലെ അവിതർക്കിതമായ നിയമഭരണം ഉറപ്പു വരുത്തുക ആവശ്യമാണ്. കൂടിയാലോചന, മാധ്യസ്ഥത, ഒത്തുതീർപ്പ് എന്നിവയോട് നിരന്തരം ബന്ധപ്പെട്ടിരിക്കുകയെന്നതും ആവശ്യമാണ്. തികച്ചും മൗലികമായ ഒരു നീതിന്യായ പെരുമാറ്റച്ചട്ടമാണ് ആ പ്രമാണരേഖ."[153] ഈ സംഘടനയുടെ പ്രശ്നങ്ങളെയും കുറവുകളെയും ഒന്നിച്ച് നേരിടുകയും പരിഹരിക്കുകയും ചെയ്യാൻ കഴിയും എന്നതിനാൽ, നിയമസാധുതയില്ലാത്ത ഒന്നാക്കി ഇതിനെ മാറ്റുന്ന പ്രവണതകളെ തടയേണ്ടതുണ്ട്.

174. പങ്കാളിത്തലക്ഷ്യങ്ങൾ സ്വതന്ത്രമായി സ്ഥാപിക്കാനും അടിസ്ഥാനപരമായ ചില നിയമങ്ങളെ ലോകവ്യാപകമായി അനുസരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താനും ധീരതയും ഉദാരതയും ആവശ്യമുണ്ട്. ഇത് യഥാർത്ഥത്തിൽ ഉപകാരപ്രദമാകണമെങ്കിൽ, "ഏറ്റെടുത്തിട്ടുള്ള ഉടമ്പടികളോടു വിശ്വസ്തത പുലർത്തേണ്ടതിന്റെ ആവശ്യകത (പാക്ത്താ സൂന്ത് സെർവാൻദാ)"[154] അംഗീകരിക്കുകയും "നിയമത്തിന്റെ ശക്തിയെ എന്നതിനെക്കാൾ ശക്തിയുടെ നിയമത്തെ ആശ്രയിക്കാനുള്ള പ്രലോഭനം"[155] ഉപേക്ഷിക്കുകയും ചെയ്യുകയെന്നത് അത്യന്താപേക്ഷിതമായ ഒരു വസ്തുതയാണ്. ഇതിന്റെ അർത്ഥം ഇതാണ്: "തർക്കങ്ങൾ സമാധാനപൂർണമായി പരിഹരിക്കുന്നതിന് നിയമപരമായ ഉപാധികളെ - അവയുടെ വ്യാപ്തിയും കടപ്പെടുത്താനുള്ള ശക്തി ബലപ്പെടുത്തുന്നതിനും വേണ്ടി - വീണ്ടും ശക്തിപ്പെടുത്തുക".[156] നിയമപരമായ ഈ ഉപാധികളിൽ മുൻഗണന നല്കേണ്ടത് രാഷ്ട്രങ്ങൾ തമ്മിലുള്ള ബഹുപക്ഷ ഉടമ്പടികൾക്കായിരിക്കണം. എന്തെന്നാൽ, യഥാർത്ഥ സാർവത്രിക നന്മയെ വളർത്തുന്ന

തിനും കൂടുതൽ ദുർബലതയുള്ള രാഷ്ട്രങ്ങളെ സംരക്ഷിക്കുന്നതിനും അവ ദ്വിപക്ഷീയ ഉടമ്പടികളെക്കാൾ ഗ്യാരന്റി നൽകുന്നു.

175. ദൈവപരിപാലന എന്നുപറയട്ടെ, അന്താരാഷ്ട്ര സമൂഹത്തിന്റെ കർമ്മവിലോപങ്ങളും സങ്കീർണ സാഹചര്യങ്ങളിലുള്ള അതിന്റെ ഏകോപനമില്ലായ്മയും മൗലിക മാനുഷികാവകാശങ്ങളോടും ചില ഗ്രൂപ്പുകളുടെ നിർണായകാവശ്യങ്ങളോടുമുള്ള അതിന്റെ ശ്രദ്ധക്കുറവും പരിഹരിക്കാൻ സിവിൽ സൊസൈറ്റിയിലുള്ള അനേകം ഗ്രൂപ്പുകളും സംഘടനകളും സഹായിക്കുന്നുണ്ട്. ഇവിടെ നമുക്ക് സബ്സിഡിയാരിറ്റി എന്ന തത്ത്വത്തിന്റെ വസ്തുനിഷ്ഠമായ പ്രയോഗം കാണാം. രാജ്യത്തിന്റെ പ്രവർത്തനത്തെ ഉദ്ഗ്രഥിക്കാനും പൂർണമാക്കാനുമുള്ള ഒരു മാർഗമെന്ന നിലയിൽ താഴ്ന്ന തലങ്ങളിലുള്ള സമൂഹങ്ങളുടെയും സംഘടനകളുടെയും പലപ്പോഴും പങ്കെടുക്കലിനെയും പ്രവർത്തനങ്ങളെയും ഇത് ന്യായീകരിക്കുന്നു. ഈ ഗ്രൂപ്പുകളും സംഘടനകളും പലപ്പോഴും പൊതുനന്മയ്ക്കായി പ്രശംസനീയമായ പ്രവർത്തനങ്ങൾ നടത്തുന്നു. അവയുടെ അംഗങ്ങൾ ചിലപ്പോൾ നമ്മുടെ മനുഷ്യവംശത്തിന് ഇന്നും സാധ്യമായിരിക്കുന്ന മഹത്ത്വത്തിന്റെ ഒരംശം വെളിപ്പെടുത്തിക്കൊണ്ട് യഥാർത്ഥമായ വീരോചിത ധീരത കാണിക്കാറുണ്ട്.

## V. സാമൂഹികവും രാഷ്ട്രീയവുമായ ഉപവി

176. രാഷ്ട്രീയം എന്നത് ഇന്ന് അനേകം ആളുകൾക്ക് രുചിയില്ലാത്ത വാക്കാണ്. അതു മിക്കപ്പോഴും ചില രാഷ്ട്രീയക്കാരുടെ തെറ്റുകളും ദോഷങ്ങളും കാര്യപ്രാപ്തിയില്ലായ്മയും മൂലമാണ് ഉണ്ടാകുന്നത്. രാഷ്ട്രീയത്തെ അപമാനിക്കാനും അതിനുപകരം സാമ്പത്തികശാസ്ത്രത്തെ പ്രതിഷ്ഠിക്കാനും അല്ലെങ്കിൽ അതിനെ ഏതെങ്കിലും ഒരു പ്രത്യയശാസ്ത്രത്തിലേക്ക് തിരിച്ചുവിടാനുമുള്ള പരിശ്രമങ്ങൾ നടക്കുന്നുണ്ട്. എന്നാലും രാഷ്ട്രീയം കൂടാതെ പ്രവർത്തിക്കാൻ നമ്മുടെ ലോകത്തിനു സാധിക്കുമോ? ഗുണപ്രദമായ രാഷ്ട്രീയ ജീവിതമില്ലാതെ സാർവ്വത്രിക സാഹോദര്യത്തിലേക്കും സാമൂഹിക സമാധാനത്തിലേക്കുമുള്ള വളർച്ചയുടെ ഫലപ്രദമായ പ്രക്രിയ ഉണ്ടാക്കാൻ സാധിക്കുമോ?[157]

## VI. നമുക്ക് ആവശ്യമായിരിക്കുന്ന രാഷ്ട്രീയം

177. ഇവിടെ ഒരിക്കൽകൂടി ഇങ്ങനെ നിരീക്ഷിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. “രാഷ്ട്രീയം സാമ്പത്തികതയ്ക്കു വിധേയമായിരിക്കരുത്.

സാങ്കേതിക വിദഗ്ധരുടെ കാര്യക്ഷമതാപ്രേരിതമായ കല്പനകൾക്ക് സാമ്പത്തികത വിധേയമാകുകയും ചെയ്യരുത്."[158] അധികാര ദുരുപയോഗം, അഴിമതി, നിയമത്തോടുള്ള അവഗണന, കാര്യക്ഷമതയില്ലായ്മ എന്നിവയെ വ്യക്തമായി പരിത്യജിക്കണം. എന്നാലും "രാഷ്ട്രതന്ത്രം കൂടാതെ ധനതത്ത്വശാസ്ത്രത്തെ നീതിമത്കരിക്കാനാവുകയില്ല. എന്തെന്നാൽ ഇന്നത്തെ വിഷമസ്ഥിതിയുടെ വിവിധ വശങ്ങളെ കൈകാര്യം ചെയ്യുന്നതിനുള്ള മറ്റു മാർഗ്ഗങ്ങളെ അനുകൂലിക്കുകയെന്നതിനെ അത് അസാധ്യമാക്കും."[159] പകരം "ആവശ്യമായിരിക്കുന്നത് ദീർഘവീക്ഷണമുള്ള രാഷ്ട്രീയമാണ്; അത് വിഷമസന്ധിയുടെ വ്യത്യസ്തവശങ്ങളെ കൈകാര്യം ചെയ്യാൻ നവീനവും സമഗ്രവും വിവിധ പഠന ശാഖകളെ ഉൾപ്പെടുത്തുന്നതുമായ സമീപനത്തിന് കഴിവുള്ളതുമായിരിക്കും".[160] മറ്റു വാക്കുകളിൽ പറഞ്ഞാൽ, "സ്ഥാപനങ്ങളെ പരിഷ്കരിക്കാനും ഏകോപിപ്പിക്കാനും കഴിവുള്ള ഏറ്റവും നല്ല അഭ്യസനങ്ങളെ വളർത്തുന്ന, അനാവശ്യമായ സമ്മർദ്ദത്തെയും ബ്യൂറോക്രാറ്റിക്കായിട്ടുള്ള നിഷ്ക്രിയത്വത്തെയും കീഴടക്കുന്ന ആരോഗ്യകരമായ രാഷ്ട്രീയമായിരിക്കണം."[161] ധനതത്ത്വശാസ്ത്രം ഇതു ചെയ്യുമെന്ന് നമുക്കു പ്രതീക്ഷിക്കാൻ സാധ്യമല്ല. ഈ അവസ്ഥയുടെ മേൽ യഥാർത്ഥ അധികാരം പിടിച്ചെടുക്കാൻ ധനതത്ത്വശാസ്ത്രത്തെ അനുവദിക്കാനും പാടില്ല.

178. താല്ക്കാലിക താത്പര്യങ്ങളിൽ കേന്ദ്രീകരിച്ചിട്ടുള്ള രാഷ്ട്രീയത്തിന്റെ അനേകം ചെറിയ രൂപങ്ങളുണ്ട്. അവയുടെ മുമ്പിൽ ഇങ്ങനെ ആവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നു: "നാം ഉന്നതതത്ത്വങ്ങളെ ഉയർത്തിപ്പിടിക്കുകയും ദീർഘകാലാടിസ്ഥാനത്തിലുള്ള പൊതുനന്മയെക്കുറിച്ചു ചിന്തിക്കുകയും ചെയ്യുമ്പോൾ യഥാർത്ഥ രാഷ്ട്രതന്ത്രം വ്യക്തമായിരിക്കും. രാഷ്ട്രനിർമ്മാണ പ്രവർത്തനത്തിൽ രാഷ്ട്രീയ ശക്തികൾക്ക് ഈ കടമ ഏറ്റെടുക്കാൻ എളുപ്പമല്ലെന്നു കാണുന്നു."[162] മാനുഷിക കുടുംബത്തിനുവേണ്ടി ഇപ്പോഴും ഭാവിയിലും ഉണ്ടായിരിക്കേണ്ട ഒരു പൊതു പദ്ധതിയെ സഹിക്കുന്ന കാര്യത്തിൽ അതിനെക്കാൾ കുറഞ്ഞ കഴിവേ അവർ കാണിക്കുന്നുള്ളൂ. നമുക്കുശേഷം വരുന്നവരെപ്പറ്റിയുള്ള ചിന്ത തിരഞ്ഞെടുപ്പു ലക്ഷ്യങ്ങൾക്ക് സഹായകരമല്ലെങ്കിലും, അതാണ് യഥാർത്ഥ നീതി ആവശ്യപ്പെടുന്നത്. പോർത്തുഗലിലെ മെത്രാന്മാർ പഠിപ്പിച്ചതുപോലെ, ഭൂമി "ഓരോ തലമുറയ്ക്കും വാടകയ്ക്കു കൊടുക്കപ്പെട്ടിരിക്കുന്നു, തുടർന്നു വരുന്ന തലമുറയ്ക്ക് കൈമാറാൻ വേണ്ടി."[163]

179. ഖണ്ഡശ്ശായുള്ള പരിഹാരമാർഗങ്ങളോ പെട്ടെന്നുള്ള ഏർപ്പാടുകളോ കൊണ്ട് പരിഹരിക്കാനാവാത്ത ഗുരുതരമായ ഘടനാപരമായ അപര്യാപ്തതകളാണ് ആഗോള സമൂഹം അനുഭവിക്കുന്നത്. അടിസ്ഥാനപരമായ പരിഷ്കരണത്തിലൂടെയും വലിയതോതിലുള്ള നവീകരണത്തിലൂടെയും അവ മാറ്റുകയെന്നത് ഏറെ ആവശ്യമുള്ള കാര്യമാണ്. ഏറ്റവും വ്യതിരിക്തങ്ങളായ സമിതികളും വൈദഗ്ധ്യവുമുള്ള ആരോഗ്യകരമായ ഒരു രാഷ്ട്രീയത്തിനു മാത്രമേ ഈ പ്രക്രിയയുടെ മേൽനോട്ടം നടത്താൻ കഴിയുകയുള്ളൂ. പൊതുനന്മയ്ക്കുവേണ്ടിയുള്ള രാഷ്ട്രീയവും സാമൂഹികവും സാംസ്കാരികവും ജനകീയവുമായ പദ്ധതിയുടെ അവിഭാജ്യഘടകമായ ഒരു ധനകാര്യമുണ്ടായിരിക്കണം. അതിനു “വ്യത്യസ്ത സാധ്യതകളിലേക്ക്” വഴി തുറക്കാൻ കഴിയും. “അവ മാനുഷിക സർഗാത്മകതയെയും പുരോഗതിക്കായുള്ള അതിന്റെ ആശയങ്ങളെയും ശ്വാസം മുട്ടിക്കുന്നില്ല. പിന്നെയോ പുതിയ ചാനലുകളിലൂടെ പുതിയ ഊർജ്ജത്തെ നയിക്കും.”[164]

## VII. രാഷ്ട്രീയ ഉപവി

180. എല്ലാ ജനങ്ങളും നമ്മുടെ സഹോദരീസഹോദരന്മാരാണെന്ന് തിരിച്ചറിയുകയും എല്ലാവരെയും ഉൾക്കൊള്ളിക്കുന്ന സാമൂഹിക സൗഹൃദബന്ധത്തിന്റെ രൂപങ്ങൾ അന്വേഷിക്കുകയും ചെയ്യുക എന്നത് സാങ്കല്പിക ലോകസംബന്ധമായ ഒന്നല്ല. ഈ ലക്ഷ്യം പ്രാപിക്കാനുള്ള കാര്യക്ഷമമായ മാർഗങ്ങൾ ആസൂത്രണം ചെയ്യാനുള്ള നിർണായക സമർപ്പണ ബുദ്ധി അത് ആവശ്യപ്പെടുന്നുണ്ട്. ഈ വിധത്തിലുള്ള ഏതു പരിശ്രമവും പരസ്നേഹത്തിന്റെ ശ്രേഷ്ഠമായ അഭ്യസനമായിത്തീരുന്നു. എന്തെന്നാൽ മറ്റുള്ളവരെ സഹായിക്കാൻ വ്യക്തികൾക്കു കഴിയും. അതേസമയം അവർ എല്ലാവർക്കും വേണ്ടിയുള്ള പരസ്നേഹത്തിന്റെയും നീതിയുടെയും സാമൂഹിക പ്രക്രിയകൾ തുടങ്ങാൻ ഒന്നിച്ചു ചേരുമ്പോൾ “ഏറ്റവും വ്യാപകമായ പരസ്നേഹത്തിന്റെ മണ്ഡലത്തിലേക്ക്, അതായത്, രാഷ്ട്രീയമായ പരസ്നേഹത്തിലേക്ക്”[165] പ്രവേശിക്കുന്നു. ഇതിന് പരസ്നേഹം ആത്മാവായിട്ടുള്ള ഒരു സാമൂഹിക-രാഷ്ട്രീയ ക്രമത്തിനുവേണ്ടിയുള്ള അധ്വാനം ആവശ്യമാണ്.”[166] “പൊതുനന്മയെ അന്വേഷിക്കുന്നിടത്തോളം, ഉന്നതമായ വിളിയും പരസ്നേഹത്തിന്റെ അത്യുന്നത രൂപങ്ങളിൽ ഒന്നുമായിരിക്കുന്ന”[167] രാഷ്ട്രീയത്തെ സംബന്ധിച്ച് നവീകൃത വിലമതിക്കൽ ഉണ്ടാകണമെന്ന് ഒരിക്കൽകൂടി ഞാൻ അഭ്യർത്ഥിക്കുന്നു.

181. സഭയുടെ സാമൂഹിക സിദ്ധാന്തത്താൽ പ്രചോദിപ്പിക്കപ്പെട്ട ഓരോ സമർപ്പണവും "പരസ്നേഹത്തിൽ നിന്നുണ്ടായതാണ്. അതാകട്ടെ യേശുവിന്റെ പ്രബോധനമനുസരിച്ച് സർവ്വനിയമങ്ങളുടെയും സമാഹാരമാണ് (cf. മത്താ 22:36-40)."[168] ഇതിന്റെ അർത്ഥം താഴെപ്പറയുന്ന ഒരു വസ്തുത അംഗീകരിക്കുകയെന്നതാണ്: "പരസ്പര ഔത്സുക്യത്തിന്റെ ചെറിയ അടയാളങ്ങളോടെ കവിഞ്ഞൊഴുകുന്ന സ്നേഹം പൗരപരവും രാഷ്ട്രീയവും കൂടിയാണ്. കൂടുതൽ നല്ല ഒരു ലോകം പടുത്തുയർത്താൻ പരിശ്രമിക്കുന്ന ഒരോ പ്രവൃത്തിയിലും അത് അനുഭവവേദ്യമാകുന്നു."[169] ഇക്കാരണത്താൽ, അടുത്തതും നിബിഡവുമായ ബന്ധങ്ങളിൽ മാത്രല്ല പരസ്നേഹം പ്രകാശനം കാണുന്നത്. പിന്നെയോ, "മഹാബന്ധങ്ങളിലും - സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ മഹാബന്ധങ്ങളിലും - അത് പ്രകാശനം കാണുന്നു."[170]

182. ഈ രാഷ്ട്രീയ പരസ്നേഹം വ്യക്തിവാദപരമായ ഓരോ മനോഭാവത്തെയും അതിശയിക്കുന്ന സാമൂഹികാവബോധത്തിൽ നിന്നാണ് ജനിക്കുന്നത്: "സാമൂഹിക പരസ്നേഹം പൊതുനന്മയെ സ്നേഹിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു." അത് എല്ലാ ജനങ്ങളുടെയും നന്മയെ കാര്യക്ഷമമായി തേടാൻ നമ്മെ പ്രചോദിപ്പിക്കുന്നു. അവരെ വ്യക്തികളായി പരിഗണിച്ചുകൊണ്ടുമാത്രമല്ല, പിന്നെയോ അവരെ ഐക്യപ്പെടുത്തുന്ന സാമൂഹിക മാനത്തെക്കൂടി പരിഗണിച്ചുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്."[171] നമ്മൾ ഓരോരുത്തരും ഒരു ജനതയുടെ ഭാഗമാകുമ്പോൾ പൂർണമായും ഒരു വ്യക്തിയായിത്തീരുന്നു. അതേ സമയം ഓരോ വ്യക്തിയുടെയും വ്യക്തിത്വത്തെ മാനിക്കാത്ത ജനങ്ങളില്ല. "ജനത", "വ്യക്തി" എന്നിവ പരസ്പരബന്ധമുള്ള വാക്കുകളാണ്. എന്നിരുന്നാലും വ്യക്തികളെ ഒറ്റപ്പെടുത്തപ്പെട്ട വ്യക്തികളാക്കി ചുരുക്കാനുള്ള പരിശ്രമങ്ങൾ ഇന്നു നടക്കുന്നുണ്ട്. കൃത്രിമ താത്പര്യങ്ങൾക്കായി പരിശ്രമിക്കുന്ന ശക്തികൾ എളുപ്പത്തിൽ തങ്ങൾക്ക് അനുകൂലമായ വിധത്തിൽ കാര്യങ്ങളെ വ്യതിചലിപ്പിക്കുന്നതാണത്. സാമൂഹിക ജീവിതത്തിന്റെ ഓരോ തലത്തിലും സമൂഹങ്ങളെ പടുത്തുയർത്താനുള്ള മാർഗങ്ങളെ നല്ല രാഷ്ട്രീയം അന്വേഷിക്കും. ആഗോളവത്കരണത്തിനു ശേഷികൊടുക്കാനും വീണ്ടും അതിനെ ലക്ഷ്യത്തിലേക്കു നയിക്കാനും അങ്ങനെ അതിന്റെ ശിഥിലീകരണ ഫലങ്ങളെ ഒഴിവാക്കാനും വേണ്ടിയാണത്.

# VIII. കാര്യക്ഷമമായ സ്നേഹം

183. നാമെല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നതായി നമുക്കനുഭവപ്പെടുന്ന സ്നേഹത്തിന്റെ സംസ്കാരത്തിലേക്കു നീങ്ങാൻ "സാമൂഹിക സ്നേഹം"[172] നമുക്കു ശക്തി നല്കുന്നു. പരസ്നേഹത്തിനു സാർവത്രിക സ്നേഹത്തിലേക്കുള്ള പ്രചോദനമുണ്ട്. പുതിയൊരു ലോകം സൃഷ്ടിക്കാൻ അതിനു സാധിക്കും.[173] അതു കേവലം വികാരമല്ല. ഓരോ വ്യക്തിക്കും വേണ്ട വികസനത്തിന്റെ കാര്യക്ഷമമായ മാർഗങ്ങൾ കണ്ടെത്താനുള്ള ഏറ്റവും നല്ല മാർഗമാണത്. സാമൂഹിക സ്നേഹം "ഇന്നത്തെ ലോകത്തിന്റെ പ്രശ്നങ്ങളെ സമീപിക്കാനുള്ള പുതിയ മാർഗങ്ങളെ പ്രചോദിപ്പിക്കാൻ, സാമൂഹിക സംഘടനകളുടെയും നിയമവ്യവസ്ഥിതികളുടെയും ആന്തരികമായ ആഴത്തിലുള്ള നവീകരണത്തിന്റെ മാർഗങ്ങളെ പ്രചോദിപ്പിക്കാൻ കഴിവുള്ള ശക്തിയാണ്."[174]

184. ആരോഗ്യമുള്ളതും തുറവിയുള്ളതുമായ ഓരോ സമൂഹത്തിന്റെയും ഹൃദയത്തിൽ പരസ്നേഹമുണ്ട്. എന്നാലും ഇന്ന് "ധാർമ്മികോത്തരവാദിത്വത്തെ നയിക്കുന്നതിലും വ്യാഖ്യാനിക്കുന്നതിലും പ്രസക്തിയില്ലാത്തതായി അത് എളുപ്പത്തിൽ തള്ളിക്കളയപ്പെടുന്നു."[175] പരസ്നേഹം സത്യത്തോടുള്ള സമർപ്പണത്തോടു കൂടിയതായിരിക്കുമ്പോൾ വ്യക്തിപരമായ വികാരത്തെക്കാൾ വളരെ കൂടിയതാണ്. തന്മൂലം സന്ദിഗ്ധവും ആത്മനിഷ്ഠവുമായ വികാരങ്ങളുടെയും അഭിപ്രായങ്ങളുടെയും ഇരയായി"[176]ത്തീരേണ്ടതില്ല. യഥാർത്ഥത്തിൽ സത്യത്തോടുള്ള അതിന്റെ ഉറ്റബന്ധം അതിന്റെ സാർവത്രികതയെ വളർത്തുന്നു. "ബന്ധങ്ങളില്ലാത്ത ഇടുങ്ങിയ മണ്ഡലത്തിൽ ചുരുങ്ങിക്കഴിയുന്നതിൽ നിന്ന്"[177] അതിനെ സംരക്ഷിക്കുകയും ചെയ്യുന്നു. അങ്ങനെയല്ലെങ്കിൽ, "അറിവും പ്രയോഗവും തമ്മിലുള്ള സംവാദത്തിൽ സാർവത്രിക മണ്ഡലത്തിൽ മാനുഷിക വികസനത്തെ ഉയർത്തുവാനുള്ള പദ്ധതികളിൽ നിന്നും പ്രക്രിയകളിൽ നിന്നും അത് ഒഴിവാക്കപ്പെടും."[178] സത്യത്തെ കൂടാതെ വികാരത്തിന് ബന്ധപരമോ സാമൂഹികമോ ആയ ഉള്ളടക്കം ഇല്ല. സത്യത്തോടുള്ള പരസ്നേഹത്തിന്റെ തുറവി അങ്ങനെ "അതിന്റെ മാനുഷികവും സാർവത്രികവുമായ മനോവിശാലതയെ ഇല്ലാതാക്കുന്ന"[179] അബദ്ധവിശ്വാസത്തിൽ നിന്ന് അതിനെ രക്ഷിക്കുന്നു.

185. നാം സ്ഥിരം അന്വേഷിച്ചുകൊണ്ടിരിക്കുന്ന സത്യത്തിന്റെ പ്രകാശം പരസ്നേഹത്തിന് ആവശ്യമുണ്ട്. "ആ പ്രകാശം യുക്തിയുടെ

പ്രകാശവും വിശ്വാസത്തിന്റെ പ്രകാശവുമാണ്"[180] അത് ആപേക്ഷികതാവാദത്തിന്റെ ഒരു രൂപത്തെയും അംഗീകരിക്കുന്നില്ല. എന്നാലും ആഗ്രഹിക്കപ്പെട്ട ഫല ങ്ങളെ നേടുന്നതിനുള്ള സുനിശ്ചിതവും ഏറ്റവും പ്രായോഗികവുമായ മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനുവേണ്ടിയുള്ള ശാസ്ത്രങ്ങളുടെ വികസനത്തെയും അവയുടെ സത്താപരമായ സംഭാവനയെയും ബഹുമാനിക്കുന്നുണ്ട്. എന്തെന്നാൽ മറ്റുള്ളവരുടെ നന്മ അപകടത്തിലായിരിക്കുമ്പോൾ നല്ല ഉദ്ദേശ്യങ്ങൾ മാത്രം മതിയാവുകയില്ല. അവർക്കും അവരുടെ രാഷ്ട്രങ്ങൾക്കും വികസനത്തിന് ആവശ്യമായിരിക്കുന്നത് എന്തൊക്കെയായാലും അവ ലഭിക്കാൻ വസ്തുനിഷ്ഠമായി പരിശ്രമിക്കുകയും ചെയ്യണം.

## IX. രാഷ്ട്രീയ ഉപവിയുടെ പ്രയോഗം

186. "വെളിവാക്കപ്പെടുന്ന" ("elicited") ഒരു തരം സ്നേഹമുണ്ട്. അതിന്റെ പ്രവൃത്തികൾ പരസ്നേഹമെന്ന പുണ്യത്തിൽ നിന്ന് നേരിട്ട് പുറപ്പെട്ട് വ്യക്തികളിലേക്കും ജനതകളിലേക്കും എത്തുന്നു. "കല്പിക്കപ്പെട്ട" സ്നേഹവുമുണ്ട്. അത് കൂടുതൽ നല്ല സ്ഥാപനങ്ങളും കൂടുതൽ നീതിപൂർവകമായ നിയമങ്ങളും കൂടുതൽ പിന്തുണ നല്കുന്ന വ്യവസ്ഥിതികളും സൃഷ്ടിക്കാൻ ജനങ്ങളെ പ്രചോദിപ്പിക്കുന്ന പരസ്നേഹപ്രവൃത്തികളിൽ പ്രകടമാകുന്നതാണ്.[181] അതിന്റെ നിഗമനം ഇതാണ്:"അയൽക്കാരൻ ദാരിദ്ര്യത്തിൽ കിടക്കുന്നവനായി സ്വയം കാണാതിരിക്കാൻ സമൂഹത്തെ സംഘടിപ്പിക്കുകയും വ്യവസ്ഥപ്പെടുത്തുകയും ചെയ്യുന്നതിനുവേണ്ടി പരിശ്രമിക്കുന്ന സ്നേഹത്തിന്റെ തുല്യതോതിലുള്ള അനുപേക്ഷണീയ പ്രവൃത്തിയാണത്."[182] സഹിക്കുന്ന ഒരുവനെ സഹായിക്കുന്നത് പരസ്നേഹത്തിന്റെ പ്രവൃത്തിയാണ്. നമ്മൾ ആ വ്യക്തിയെ അറിയുകയില്ലെങ്കിലും അവന്റെ അല്ലെങ്കിൽ അവളുടെ സഹനത്തിനു കാരണമായ സാമൂഹിക വ്യവസ്ഥിതികളെ മാറ്റാൻ അധ്വാനിക്കുകയെന്നതും പരസ്നേഹത്തിന്റെ പ്രവൃത്തിയാണ്. വാർധക്യത്തിലെത്തിയ ഒരു വ്യക്തിയെ നദി കടക്കാൻ ഒരുവൻ സഹായിക്കുന്നെങ്കിൽ അത് നല്ല പരസ്നേഹപ്രവൃത്തിയാണ്. നേരേമറിച്ച്, രാഷ്ട്രീയ പ്രവർത്തകൻ ഒരു പാലം നിർമ്മിക്കുന്നു. അതും പരസ്നേഹപ്രവൃത്തിയാണ്. ഒരു വ്യക്തി മറ്റൊരു വ്യക്തിയെ ഭക്ഷണം കൊടുത്തു സഹായിക്കുമ്പോൾ രാഷ്ട്രീയപ്രവർത്തകൻ ആ വ്യക്തിക്ക് ജോലി സംഘടിപ്പിച്ചു കൊടുക്കുന്നു. അങ്ങനെ പരസ്നേഹത്തിന്റെ ഉയർന്ന

രൂപം പ്രയോഗത്തിലാക്കുന്നു. അത് അവന്റെ അല്ലെങ്കിൽ അവളുടെ രാഷ്ട്രീയ പ്രവർത്തനത്തെ ശ്രേഷ്ഠമാക്കുന്നതാണ്.

## X. സ്നേഹത്തിൽ നിന്നു ജനിച്ച പരിത്യാഗങ്ങൾ

187. രാഷ്ട്രീയത്തിന്റെ ആധ്യാത്മിക ഹൃദയമാകുന്ന ഈ സ്നേഹം ഏറ്റവും കൂടുതൽ ആവശ്യത്തിൽപ്പെട്ടവരോടു കാണിക്കുന്നത് എപ്പോഴും മുൻഗണനാപരമായ സ്നേഹമാണ്. അവർക്കു വേണ്ടി ചെയ്യുന്ന ഏതു കാര്യത്തിനും അത് പിന്തുണനല്കുന്നു.[183] ഉപവി യിൽ രൂപാന്തരപ്പെട്ട ഒരുനോട്ടം കൊണ്ടുമാത്രമേ ഒരാൾക്ക് അപരന്റെ ശ്രേഷ്ഠത അംഗീകരിക്കാൻ ഇടയാകൂ. അങ്ങനെയേ അയാൾക്ക് ദരിദ്രരെ അവരുടെ ശ്രേഷ്ഠതയിൽ അംഗീകരിക്കാനും വിലമതി ക്കാനുമാകൂ; അവരുടെ തനിമയിലും സംസ്കാരത്തിലും അവരെ ആദരിക്കാനും അങ്ങനെ സമൂഹത്തിലേക്ക് അവരെ യഥാർത്ഥ ത്തിൽ ഉൾച്ചേർക്കാനും സാധിക്കൂ. രാഷ്ട്രീയത്തിന്റെ ശുദ്ധ ചൈത ന്യത്തിന്റെ കേന്ദ്രം ആ നോട്ടമാണ്. ആത്മാവില്ലാത്ത പ്രായോഗിക വാദത്തിന്റെ പാതകളിൽ നിന്ന് വ്യത്യസ്തമായ പാതകൾ തുറന്നു വരുന്നത് കാണാൻ ആ നോട്ടത്തിനു കഴിയും. ഒരു വസ്തുത മനസി ലാക്കാൻ ഇത് നമ്മെ സഹായിക്കുന്നു. അതായത്, “ദാരിദ്ര്യമെന്ന ഉത പ്പിനെ വെറും നിയന്ത്രണതന്ത്രങ്ങൾ കൊണ്ട് നേരിടാനാവുകയില്ല. ആ തന്ത്രങ്ങൾ ദരിദ്രരെ ശാന്തരാക്കുമെന്നേ ഉള്ളൂ, അവരെ മെരുക്കമുള്ള വരും നിരുപദ്രവകാരികളും ആക്കുമെന്നേ ഉള്ളൂ. പരക്ഷേമകരമെന്ന് തെറ്റിദ്ധരിക്കപ്പെടുന്ന പ്രവൃത്തികളുടെ പിന്നിൽ മറ്റുള്ളവർ നിഷ്ക്രി യരാക്കപ്പെടുന്നു എന്നു കാണുന്നത് എത്രയോ ദു:ഖകരമാണ്!”[184] ആത്മപ്രകാശനം നടത്താനും സമൂഹത്തിൽ പങ്കെടുക്കാനുമുള്ള പുതിയ പാതകളാണ് ആവശ്യമായിരിക്കുന്നത്. വിദ്യാഭ്യാസം ഓരോ മനുഷ്യജീവിക്കും, അവന്റെ അല്ലെങ്കിൽ അവളുടെ ഭാവി രൂപപ്പെടു ത്താൻ സാധ്യത ഒരുക്കിക്കൊണ്ട് ഇക്കാര്യങ്ങൾക്കായി സഹായം ചെയ്യുന്നുണ്ട്. ഇവിടെയും നമ്മൾ ബഹുതലപ്രാപ്തി തത്ത്വത്തി നുള്ള (principle of subsidiarity) പ്രാധാന്യം കാണുന്നുണ്ട്. ആ തത്ത്വം ഐക്യദാർഢ്യത്തിന്റെ തത്ത്വത്തിൽ (principle of solidarity)നിന്ന് വേർതിരിക്കാനാവാത്തതാണ്.

188. മൗലിക മനുഷ്യാവകാശങ്ങളെ ഭിഷണിപ്പെടുത്തുകയോ ലംഘി ക്കുകയോ ചെയ്യുന്ന എല്ലാറ്റിനും എതിരേ പടപൊരുതുകയെന്ന അടിയന്തിരാവശ്യം തിരിച്ചറിയാൻ ഈ പരിഗണനകൾ നമ്മെ

സഹായിക്കുന്നു. "വ്യക്തികളുടെയും ജനതകളുടെയും ആവശ്യങ്ങളിലേക്ക് ചായുവാൻ" രാഷ്ട്രീയക്കാർ വിളിക്കപ്പെട്ടിരിക്കുന്നു. ഒരു വലിച്ചെറിയൽ സംസ്കാരത്തിലേക്ക് കൂസലില്ലാതെ നയിക്കുന്ന കാര്യമാത്രവാദപരവും (functionalistic) സ്വകാര്യവത്കൃതവുമായ മനഃസ്ഥിതിയുടെയിടയിൽ ആവശ്യത്തിൽപ്പെട്ടവരിലേക്കു ചായുന്നതിന് ശക്തിയും മൃദുലതയും പരിശ്രമവും ഉദാരതയും ആവശ്യമാണ്. കടുത്ത പാർശ്വവത്കരണത്തിന്റെയും മനോവേദനയുടെയും സാഹചര്യങ്ങളോടുകൂടിയ ഇക്കാലഘട്ടത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത് അതിനുമേൽ ശ്രേഷ്ഠത പകരാൻ (രാഷ്ട്രീയക്കാർ) പ്രാപ്തരാകേണ്ടതുണ്ട്."[185] "മനുഷ്യവ്യക്തിയുടെ പദവിയെയും മഹത്ത്വത്തെയും സംരക്ഷിക്കാൻ എല്ലാം ചെയ്യുന്നുണ്ട്"[186] എന്ന് ഉറപ്പു വരുത്താൻ കഠിനപരിശ്രമങ്ങൾ ചെയ്യുന്നതിന് അതു പ്രേരണ നല്കുകയും ചെയ്യും. രാഷ്ട്രീയക്കാർ പ്രവർത്തകരാണ്, ലക്ഷ്യങ്ങളെ അത്യധികം ആഗ്രഹിക്കുന്ന നിർമ്മാതാക്കളാണ്, കാര്യങ്ങളെ യഥാതഥമായി കാണുന്നവരാണ്, പ്രായോഗിക വീക്ഷണമുള്ളവരാണ്. അവരുടെ വീക്ഷണം സ്വന്തം അതിർത്തികൾക്ക് അപ്പുറത്തേക്ക് പോകുന്നതാണ്. അവരുടെ ഏറ്റവും വലിയ താത്പര്യം വോട്ട് ആയിരിക്കരുത്. പിന്നെയോ, "നാശകരമായ അനന്തരഫലങ്ങളുള്ള സാമൂഹികവും സാമ്പത്തികവുമായ ഒഴിവാക്കലിന്" കാര്യക്ഷമമായ പരിഹാരം കണ്ടെത്തുകയെന്നതായിരിക്കണം: ആ ഒഴിവാക്കലിന്റെ അനന്തരഫലങ്ങളാണ് മനുഷ്യക്കടത്ത്, മാനുഷികാവയവങ്ങളുടെയും ടിഷ്യുകളുടെയും വ്യാപാരം, ആൺകുട്ടികളെയും പെൺകുട്ടികളെയും ലൈംഗികമായി ചൂഷണം ചെയ്യൽ, വ്യഭിചാരം ഉൾപ്പെടെയുള്ള അടിമപ്പണി, മയക്കുമരുന്നിന്റെയും ആയുധങ്ങളുടെയും വ്യാപാരം, ഭീകരപ്രവർത്തനങ്ങൾ, അന്താരാഷ്ട്ര സംഘടിത കുറ്റങ്ങൾ മുതലായ പ്രശ്നങ്ങൾ. സാഹചര്യങ്ങളുടെ വലിപ്പവും നിരപരാധികളുടെ ജീവിതത്തിൽ അവ ഏല്പിക്കുന്ന ഭാരവും അത്തരത്തിലുള്ളതാണ്. അതുകൊണ്ട് നമ്മുടെ മനസ്സാക്ഷികളെ സാന്ത്വനപ്പെടുത്തുന്ന പ്രഖ്യാപനപ്രളയതന്ത്രങ്ങളിൽ വീഴാനുള്ള ഏതു പ്രലോഭനത്തെയും നമ്മൾ ഒഴിവാക്കണം. ഈ മഹാദ്രോഹങ്ങൾക്കെല്ലാം എതിരായിട്ടുള്ള സമരത്തിൽ നമ്മുടെ സ്ഥാപനങ്ങൾ കാര്യക്ഷമമാണെന്ന് നമ്മൾ ഉറപ്പുവരുത്തുക ആവശ്യമാണ്."[187] സാങ്കേതികവിദ്യാപരമായ വികസനം നല്കുന്ന അളവറ്റ വിഭവങ്ങളുടെ ബുദ്ധിപൂർവകമായ ഗുണമെടുക്കലും ഇതിൽ ഉൾപ്പെടുന്നു.

189. മനുഷ്യാവകാശങ്ങളുടെ ഏറ്റവും അടിസ്ഥാനപരമായ കാര്യങ്ങളുടെ ആഗോളവത്കരണത്തിൽനിന്ന് നാം ഇപ്പോഴും അകലെയാണ്. അതുകൊണ്ടാണ് വിശപ്പിന്റെ പ്രശ്നത്തെ കാര്യക്ഷമമായി ഉന്മൂലനം ചെയ്യുകയെന്നത് ലോകരാഷ്ട്രീയത്തിന്റെ പ്രഥമവും അവശ്യാവശ്യകവുമായ ലക്ഷ്യങ്ങളിൽ ഒന്നായിരിക്കുന്നത്. യഥാർത്ഥത്തിൽ "ധനപരമായ ഊഹക്കച്ചവടം ഭക്ഷണസാധനങ്ങളെ മറ്റു സാധനങ്ങൾ എന്നപോലെ കൈകാര്യം ചെയ്ത് വിലയിൽ കൃത്രിമം കാണിക്കുമ്പോൾ ദശലക്ഷക്ക ണക്കിന് ആളുകൾ വിശപ്പുകൊണ്ടു മരിക്കുന്നു. അതേസമയം ടൺ കണക്കിന് ഭക്ഷ്യണസാധനങ്ങൾ എറിഞ്ഞു കളയുകയും ചെയ്യുന്നു. ഇത് യഥാർത്ഥ ഉതപ്പായിത്തീരുന്നു. വിശപ്പ് കുറ്റകരമാണ്. ഭക്ഷണമുണ്ടായിരിക്കുകയെന്നത് അന്യാധീനപ്പെടുത്താനാവാത്ത അവകാശമാണ്."[188] നമ്മൾ അർത്ഥവിജ്ഞാനപരമോ, ആശയവാദപരമോ ആയ തർക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുമ്പോൾ, നമ്മുടെ സഹോദരീസഹോദരന്മാരെ വിശപ്പും ദാഹവും കൊണ്ട് മരിക്കാനും പാർപ്പിടമില്ലാതെ, ആരോഗ്യ ശുശ്രൂഷ ലഭിക്കാതെ കഴിയാനും വിട്ടുകൊടുക്കുകയാണ്. പരിഹരിക്കപ്പെടാത്ത ഈ ആവശ്യങ്ങളോടൊപ്പം മനുഷ്യക്കച്ചവടവുമുണ്ട്. അത് മനുഷ്യവംശത്തിനു ലജ്ജിക്കാനുള്ള മറ്റൊരു കാരണമാണ്. നല്ല പ്രസംഗങ്ങൾക്കും നല്ല ലക്ഷ്യങ്ങൾക്കും അപ്പുറം കടന്നുചെന്ന് അതു നിറുത്തലാക്കാൻ അന്തർദേശീയ രാഷ്ട്രീയത്തിനു കഴിയണം.. ഇവയെല്ലാം അത്യാവശ്യ കാര്യങ്ങളാണ്. ഇവയ്ക്ക് കാലതാമസംവരുത്താൻ പാടില്ല.

## XI. ഉദ്ഗ്രഥിക്കുന്നതും ഐക്യപ്പെടുത്തുന്നതുമായ സ്നേഹം

190. എല്ലാവരോടുമുള്ള തുറവിന്റെ ചൈതന്യത്തിലും പരസ്നേഹം പ്രകാശിപ്പിക്കപ്പെടുന്നു. കണ്ടുമുട്ടൽ വളർത്തുന്ന ത്യാഗം സഹിക്കാനും ചില പ്രശ്നങ്ങളിലെങ്കിലും അഭിപ്രായ ഐക്യം അന്വേഷിക്കാനും ഭരണനേതാക്കളായിരിക്കണം ആദ്യം ശ്രമിക്കുന്നത്. മറ്റുള്ളവരുടെ വീക്ഷണങ്ങളെ ശ്രവിക്കാനും എല്ലാവർക്കും അവസരം അനുവദിക്കാനും അവർ തയ്യാറായിരിക്കണം. ഓരോ വ്യക്തിക്കും സ്ഥാനമുള്ള ബഹുഫലകമായ സുന്ദര യാഥാർത്ഥ്യത്തെ സൃഷ്ടിക്കാൻ സഹായിക്കുന്നതിന് ത്യാഗത്തിലൂടെയും ക്ഷമയിലൂടെയും അവർക്കു സാധിക്കും. ഇവിടെ സാമ്പത്തിക ഏർപ്പാടുകൾക്ക് ഒന്നും

ചെയ്യാനാവില്ല. മറ്റൊന്നാണ് ആവശ്യമായിരിക്കുന്നത്. പൊതുനന്മ യ്ക്കുവേണ്ടിയുള്ള ദാനങ്ങളുടെ കൈമാറ്റമാണത്. അതു ബാലി ശവും സാങ്കല്പികവുമായി തോന്നാം. എന്നാലും ഉന്നതമായ ഈ ലക്ഷ്യത്തെ നമുക്ക് തള്ളിക്കളയാനാവുകയില്ല.

191. മൗലികവാദികളുടെ അസഹിഷ്ണുത വ്യക്തികളും ഗ്രൂപ്പുകളും ജനതകളും തമ്മിലുള്ള ബന്ധങ്ങളെ നശിപ്പിക്കുന്ന കാലമാണിത്. അതുകൊണ്ട് നാം ഇങ്ങനെ ചെയ്യാൻ പ്രതിജ്ഞാബദ്ധരാകണം: അന്യരോടുള്ള ബഹുമാനത്തിന്റെ മൂല്യമനുസരിച്ച് ജീവിക്കുകയും പഠിപ്പിക്കുകയും ചെയ്യുക. ഓരോ വ്യക്തിക്കും അവന്റെ അല്ലെങ്കിൽ അവളുടെ ആശയങ്ങൾ, അഭിപ്രായങ്ങൾ, പതിവുകൾ - പാപങ്ങൾ പോലും - എന്നിവയ്ക്കപ്പുറത്ത് ഉള്ള മഹത്ത്വത്തിന്റെ പ്രാധാന്യത്തെ മാനിച്ചുകൊണ്ട് വ്യത്യാസങ്ങളെ സ്വാഗതം ചെയ്യാൻ കഴിവുള്ള സ്നേ ഹമുണ്ടായിരിക്കണം. മതമൗലികവാദത്തിന്റെ രൂപങ്ങളും മനസ്സ് അട ച്ചുവയ്ക്കലും സാമൂഹികവും സാംസ്കാരികവുമായി ഛിന്നഭിന്നമാ ക്കലും ഇന്നത്തെ സമൂഹത്തെ വിഭജിച്ചുകൊണ്ടിരിക്കുമ്പോഴും ഒരു നല്ല രാഷ്ട്രീയക്കാരൻ മുൻകൈയെടുത്ത് വ്യത്യസ്തങ്ങളായ അഭി പ്രായങ്ങൾ കേൾക്കപ്പെടണമെന്ന് ഊന്നിപ്പറയും. അഭിപ്രായഭിന്ന തകൾ സംഘട്ടനങ്ങൾക്കു കാരണമാകാം. എന്നാൽ ഐകരൂപ്യം ശ്വാസംമുട്ടിക്കുന്നതും സാംസ്കാരികാധഃപതനത്തിലേക്കു നയിക്കു ന്നതുമാണെന്നു വ്യക്തമാണ്. നമുക്ക് യാഥാർത്ഥ്യത്തിന്റെ ഒരു ശക ലത്തിൽപെട്ടിരിക്കുന്നതിൽ മാത്രം സംതൃപ്തരാകാതിരിക്കാം.

192. ഇതിനെ സംബന്ധിച്ച് ഗ്രാന്റ് ഇമാം അഹമ്മദ് അൽ തയ്യെബും ഞാനും സഹിഷ്ണുതയുടെയും സമാധാന സഹവർത്തിത്വത്തി ന്റെയും സംസ്കാരം വ്യാപിപ്പിക്കാനും, നിരപരാധികളുടെ രക്തച്ചൊ രിച്ചിൽ നിർത്താൻ സത്വരമായി ഇടപെടാനും "അന്താരാഷ്ട്ര നയത്തി ന്റെയും ലോകസാമ്പത്തികതയുടെയും ശില്പികളെ"[189] ആഹ്വാനം ചെയ്തു. സ്വന്തം രാഷ്ട്രത്തിന്റെ ക്ഷേമത്തിനുവേണ്ടിയുള്ള സവിശേ ഷമായ ഒരു നയം മറ്റു രാഷ്ട്രങ്ങളുടെ നേർക്ക് വിദ്വേഷവും ഭീതിയും വിതയ്ക്കുമ്പോൾ അതു നിരീക്ഷിച്ച് തക്ക സമയത്ത് പ്രതികരിച്ച് അതു തിരുത്തേണ്ട ആവശ്യമുണ്ട്.

## XII. ഫലദായകത്വം ഫലങ്ങൾക്കപ്പുറത്ത്

193. രാഷ്ട്രീയക്കാർ അവിശ്രമം പ്രവർത്തിക്കുന്നുണ്ടെങ്കിലും അവരും മനുഷ്യരാണ്. അനുദിന വ്യക്ത്യന്തര ബന്ധങ്ങളിൽ സ്നേഹം അഭ്യ

സിക്കാൻ അവർ വിളിക്കപ്പെട്ടിരിക്കുന്നു. വ്യക്തികൾ എന്ന നിലയിൽ അവർ ഒരുകാര്യം പരിഗണിക്കണം. അതായത്, "സാങ്കേതിക മുന്നേറ്റങ്ങളോടുകൂടിയ ആധുനികലോകം മാനുഷികാഗ്രഹങ്ങളുടെ തൃപ്തിയെ വർദ്ധമാനമായ തോതിൽ യാന്ത്രികമാക്കാനുള്ള പ്രവണത കാണിക്കുന്നുണ്ട്. ആ ആഗ്രഹങ്ങളെ ഇപ്പോൾ വ്യത്യസ്തസേവനങ്ങളായി വർഗീകരിക്കുകയും ഉപവിഭാഗങ്ങളായി തിരിക്കുകയും ചെയ്തിരിക്കുന്നു. ആളുകളെ പേരുചൊല്ലി വിളിക്കൽ കുറഞ്ഞുകൊണ്ടേയിരിക്കും; ഈ അതുല്യരായ സൃഷ്ടികൾ സ്വന്തം വികാരങ്ങളും സഹനങ്ങളും പ്രശ്നങ്ങളും സന്തോഷങ്ങളും കുടുംബവുമുള്ള വ്യക്തികളായി പരിഗണിക്കപ്പെടുന്നത് കുറഞ്ഞുകൊണ്ടേയിരിക്കും. സുഖപ്പെടുത്താൻ വേണ്ടി മാത്രം അവരുടെ രോഗങ്ങൾ അറിയപ്പെടും. നല്കാൻ വേണ്ടി മാത്രം അവരുടെ ധനകാര്യപരമായ ആവശ്യങ്ങൾ അറിയപ്പെടും. ലോഡ്ജിങ്ങ് സൗകര്യം കൊടുക്കാൻ വേണ്ടി മാത്രം അവരുടെ ഭവനമില്ലെന്ന കാര്യം അറിയപ്പെടും. ഉല്ലാസത്തിനും വിനോദത്തിനുമുള്ള അവരുടെ ആഗ്രഹങ്ങൾ അവരെ തൃപ്തിപ്പെടുത്താൻ വേണ്ടി മാത്രം അറിയപ്പെടും." എന്നാൽ ഒരു കാര്യം ഒരിക്കലും മറക്കരുത്. അതായത്, മനുഷ്യജീവികളിൽ ഏറ്റവും നിസ്സാരനായവനെ ഒരു സഹോദരൻ എന്ന നിലയിൽ, അവനല്ലാതെ മറ്റാരും ഈ ലോകത്തിൽ ഇല്ലാതിരിക്കുന്നതുപോലെ, സ്നേഹിക്കുകയെന്നത് സമയം പാഴാക്കലായി കരുതുവാൻ പാടുള്ളതല്ല."[190]

194. മറ്റുള്ളവരോടുള്ള മൃദുലസ്നേഹത്തിനും രാഷ്ട്രീയത്തിൽ ഇടമുണ്ടാകണം. "എന്താണു മൃദുലത? അടുത്തേക്കുവരുകയും മൂർത്തമായിത്തീരുകയും ചെയ്യുന്ന സ്നേഹമാണത്. നമ്മുടെ ഹൃദയത്തിൽ നിന്നു തുടങ്ങുകയും കണ്ണുകളിലും ചെവികളിലും കൈകളിലും എത്തിച്ചേരുകയും ചെയ്യുന്ന ഒരു ചലനമാണത് ഏറ്റവും ശക്തരും ഏറ്റവും ധീരതയുള്ളവരുമായ സ്ത്രീപുരുഷന്മാർ തിരഞ്ഞെടുക്കുന്ന വഴിയാണത്."[191] രാഷ്ട്രീയ ജീവിതത്തിന്റെ അനുദിന കാര്യവ്യഗ്രതകൾക്കിടയിൽ "ഏറ്റവും ചെറിയവരും ഏറ്റവും ദുർബലരും പരമദരിദ്രരും നമ്മുടെ ഹൃദയങ്ങളെ സ്പർശിക്കണം: യഥാർത്ഥത്തിൽ നമ്മുടെ ഹൃദയത്തെയും ആത്മാവിനെയും ആശ്രയിക്കാൻ അവർക്ക് അവകാശമുണ്ട്. അവർ നമ്മുടെ സഹോദരന്മാരും സഹോദരിമാരുമാണ്. അങ്ങനെ തന്നെ നാം അവരെ സ്നേഹിക്കുകയും സംരക്ഷിക്കുകയും വേണം."[192]

195. വലിയ ഫലങ്ങൾ സ്ഥിരം നേടുന്നതല്ല പ്രധാനപ്പെട്ട കാര്യ മെന്ന് മനസ്സിലാക്കാൻ ഇതെല്ലാം നമ്മെ സഹായിക്കും. കാരണം, ആ ഫലങ്ങൾ എപ്പോഴും സാധ്യമല്ല. ഒരുകാര്യം നാം ഓർമ്മിക്കണം. അതായത്, "ഓരോ വ്യക്തിയും, എങ്ങനെ കാണപ്പെടുന്നു എന്ന തിനപ്പുറത്ത്, അളവറ്റ വിശുദ്ധിയുള്ളവനും നമ്മുടെ സ്നേഹം അർഹിക്കുന്നവനുമാണ്. തത്ഫലമായി, കൂടുതൽ നല്ല ജീവിതം നയിക്കാൻ ഒരു വ്യക്തിയെയെങ്കിലും എനിക്കു സഹായിക്കാൻ കഴിഞ്ഞാൽ അത് എന്റെ ജീവിത സമർപ്പണത്തെ നീതിമത്കരിച്ചു കഴിഞ്ഞു. ദൈവത്തിന്റെ വിശ്വസ്ത ജനമായിരിക്കുകയെന്നത് വിസ്മ യനീയമായ കാര്യമാണ്. നാം മതിലുകളെ തകർക്കുകയും നമ്മുടെ ഹൃദയങ്ങൾ മുഖങ്ങൾകൊണ്ടും പേരുകൾകൊണ്ടും നിറഞ്ഞിരിക്കു കയും ചെയ്യുമ്പോൾ നാം പൂർണത നേടുന്നു."[193] നമ്മുടെ സ്വപ്ന ങ്ങളുടെയും പദ്ധതികളുടെയും വലിയ ലക്ഷ്യങ്ങൾ ഭാഗികമായിട്ടു മാത്രമേ പ്രാപിക്കാൻ കഴിയുകയുള്ളൂ. എന്നാൽ ഇതിനപ്പുറത്ത്, സ്നേ ഹിക്കുന്നവരെയും രാഷ്ട്രീയത്തെ അധികാരത്തിനുവേണ്ടിയുള്ള അന്വേഷണം മാത്രമായി കാണാത്തവരെയും സംബന്ധിച്ച ഒരു കാര്യമുണ്ട്. അതായത്, "നമ്മുടെ സ്നേഹപ്രവൃത്തികളിൽ ഒന്നു പോലും നഷ്ടപ്പെടുകയില്ലെന്നും മറ്റുള്ളവരോടു നാം ചെയ്യുന്ന ആത്മാർത്ഥമായ കരുതലിന്റെ പ്രവൃത്തികളിലൊന്നും നഷ്ടപ്പെടു കയില്ലെന്നും അവർക്ക് ഉറപ്പുണ്ടായിരിക്കണം. ദൈവസ്നേഹത്തെ പ്രതിയുള്ള ഒരു പ്രവൃത്തിയും നഷ്ടപ്പെടുകയില്ല. ഔദാര്യത്തോടെ യുള്ള ഒരു പരിശ്രമവും അർത്ഥശൂന്യമല്ല. വേദനാജനകമായ ഒരു സ്ഥിരപരിശ്രമവും പാഴാവുകയില്ല. അവയെല്ലാം സജീവശക്തിയെന്ന നിലയിൽ ലോകത്തെ ചൂഴ്ന്നു നില്ക്കും."[194]

196. ഇക്കാരണത്താൽ, നാം വിതച്ച നന്മയുടെ വിത്തുകൾക്കുള്ള നിഗൂഢശക്തിയിൽ നാം പ്രത്യാശവയ്ക്കുകയെന്നത് യഥാർത്ഥ ത്തിൽ ശ്രേഷ്ഠമായ കാര്യമാണ്. മറ്റുള്ളവർക്ക് കൊയ്തെടുക്കാനുള്ള ഫലങ്ങളുണ്ടാകുന്ന പ്രവൃത്തികൾ തുടങ്ങുന്നതും അങ്ങനെയാണ്. നല്ല രാഷ്ട്രീയം സ്നേഹത്തെ പ്രത്യാശയോടും മനുഷ്യഹൃദയങ്ങ ളിലുള്ള നന്മയുടെ ശേഖരങ്ങളിലുള്ള വിശ്വാസത്തോടും കൂട്ടിച്ചേർ ക്കുന്നു. യഥാർത്ഥത്തിൽ, "ഓരോ സ്ത്രീയും പുരുഷനും ഓരോ പുതിയ തലമുറയും ബന്ധപരവും ബുദ്ധിപരവും സാംസ്കാരികവും ആധ്യാത്മികവുമായ പുതിയ ഊർജങ്ങളെ വാഗ്ദാനം ചെയ്യുന്നുവെന്നു മനസ്സിലാക്കുമ്പോഴെല്ലാം നിയമത്തോടുള്ള ബഹുമാനത്തിൻമേലും വ്യക്തികൾ തമ്മിലുള്ള ആത്മാർത്ഥമായ സംവാദത്തിൻമേലും

പടുത്തുയർത്തപ്പെട്ട യഥാർത്ഥ രാഷ്ട്രീയജീവിതം സ്ഥിരം നവീകരിക്കപ്പെടുന്നു."[195]

197. ഈ വിധത്തിൽ വീക്ഷിക്കുമ്പോൾ, പരസ്യം ചെയ്യൽ, വിപണനം, മാധ്യമപ്രചാരണം എന്നിവയെക്കാൾ ശ്രേഷ്ഠതയുള്ളതാണ് രാഷ്ട്രീയം. ഒരു പൊതുലക്ഷ്യത്തിനായി ജനങ്ങളെ ചലിപ്പിക്കാൻ കഴിവില്ലാത്ത വിഭജനവും സംഘർഷവും നിറമില്ലാത്ത മനുഷ്യദ്വേഷവും അല്ലാതെ മറ്റൊന്നും മേൽപറഞ്ഞവ വിതയ്ക്കുന്നില്ല. ചിലപ്പോൾ, ഭാവിയെപ്പറ്റി ചിന്തിക്കുമ്പോൾ നാം നമ്മോടുതന്നെ ഇങ്ങനെ ചോദിക്കുന്നത് നല്ലതാണ്: "ഞാൻ എന്തുകൊണ്ടാണ് ഇതു ചെയ്യുന്നത്?" "എന്താണ് എന്റെ യഥാർത്ഥ ലക്ഷ്യം?" എന്തെന്നാൽ കാലം കടന്നുപോയിക്കൊണ്ടിരിക്കുമ്പോൾ ഭൂതകാലത്തെപ്പറ്റി ചിന്തിച്ചുകൊണ്ട് ഉന്നയിക്കുന്ന ചോദ്യങ്ങൾ ഇങ്ങനെ ആയിരിക്കുകയില്ല: "എത്ര ആളുകൾ എന്നെ അംഗീകരിച്ചു?" "എത്രപേർ എനിക്കുവേണ്ടി വോട്ടു ചെയ്തു?" "എത്രപേർക്ക് എന്നെപ്പറ്റി ഭാവാത്മകമായ പ്രതിരൂപമുണ്ട്?" യഥാർത്ഥവും വേദന ജനിപ്പിക്കാൻ കഴിവുള്ളതുമായ ചോദ്യങ്ങൾ താഴെപ്പറയുന്നവയായിരിക്കും: "ഞാൻ എന്റെ ജോലിയിൽ എത്രമാത്രം സ്നേഹം ഉൾപ്പെടുത്തി?" "നമ്മുടെ ജനതയുടെ പുരോഗതിക്കുവേണ്ടി ഞാൻ എന്തുചെയ്തു?" "സമുദായത്തിന്റെ ജീവിതത്തിൽ എന്ത് അടയാളമാണ് ഞാൻ നൽകിയത്?" "എന്തുമാത്രം യഥാർത്ഥ ബന്ധങ്ങൾ ഞാൻ സൃഷ്ടിച്ചു?" "എത്രയധികം ഭാവാത്മകശക്തികളെ ഞാൻ അഴിച്ചുവിട്ടു?" "എത്രമാത്രം സാമൂഹിക സമാധാനം ഞാൻ വിതച്ചു?" "എനിക്ക് ഏല്പിക്കപ്പെട്ട പദവിയിൽ ഞാൻ എന്തു നന്മനേടി?"

UNITED NATIONS

## അധ്യായം ആറ്

# സംവാദവും സൗഹൃദവും സമൂഹത്തിൽ

198. പരസ്പരം സമീപിക്കൽ, സംസാരിക്കൽ, ശ്രവിക്കൽ, വീക്ഷിക്കൽ, അറിയുകയും മനസ്സിലാക്കുകയും ചെയ്യൽ, പൊതു നിലപാടു കണ്ടെത്തൽ ഇവയെല്ലാം 'സംവാദം' എന്ന ഒറ്റവാക്കിൽ സംഗ്രഹിക്കാം. പരസ്പരം കണ്ടുമുട്ടാനും സഹായിക്കാനും നമ്മൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ നമ്മൾ സംവാദത്തിൽ ഏർപ്പെടണം. സംവാദത്തിന്റെ ഗുണങ്ങളെ ഞാൻ ഊന്നിപ്പറയേണ്ടതില്ല. കുടുംബങ്ങളെയും സമൂഹങ്ങളെയും ഒന്നിച്ചു സൂക്ഷിക്കുന്ന ഉദാരമതികളായ അനേകം വ്യക്തികളുടെ ക്ഷമാപൂർവ്വകമായ സംവാദമില്ലാതിരുന്നാൽ നമ്മുടെ ലോകം എങ്ങനെയുള്ളതായിരിക്കുമെന്ന് ഞാൻ ചിന്തിക്കുകയേ വേണ്ടൂ! എതിർപ്പും സംഘർഷവും പോലെയല്ല, സ്ഥിരവും ധീരവുമായ സംവാദം. അത് വാർത്താപ്രാധാന്യം നേടുന്നില്ല. എന്നാൽ നാം സങ്കല്പിക്കുന്നതിനെക്കാൾ നന്നായി ജീവിക്കാൻ അത് ലോകത്തെ നിശ്ശബ്ദം സഹായിക്കുന്നു.

## I. സാമൂഹിക സംവാദം, പുതിയ സംസ്കാരത്തിന്

199. ചില ആളുകൾ സ്വന്തമായ ചെറിയ ലോകത്ത് അഭയം നേടിക്കൊണ്ട് യാഥാർത്ഥ്യത്തിൽ നിന്ന് ഓടിപ്പോകാൻ പരിശ്രമിക്കുന്നു. മറ്റുള്ളവർ യാഥാർത്ഥ്യത്തോട് നാശകരമായ അക്രമത്തോടെ പ്രതികരിക്കുന്നു. എന്നാലും "സ്വാർത്ഥതാപൂർണമായ നിസ്സംഗതയ്ക്കും അക്രമാസക്തമായ എതിർപ്പിനും ഇടയിൽ എപ്പോഴും സാധ്യമായ മറ്റൊരു തിരഞ്ഞെടുപ്പുണ്ട്, അത് സംവാദത്തിന്റേതാണ്. തലമുറകൾ തമ്മിലുള്ള സംവാദം; നമ്മുടെ ജനവുമായുള്ള സംവാദം (കാരണം, നമ്മൾ ആണ് ആ ജനം); സത്യത്തോട് തുറവുള്ളവരായി നിലനിന്നുകൊണ്ടുതന്നെ കൊടുക്കാനും സ്വീകരിക്കാനുമുള്ള സന്നദ്ധത. ഒരു രാജ്യത്തിന്റെ സാംസ്കാരിക ഘടകങ്ങൾ തമ്മിലുള്ള സർഗാത്മകമായ സംവാദം ഉണ്ടാകുമ്പോൾ രാജ്യം പുഷ്ടിപ്പെടുന്നു: ജനകീയ

സംസ്കാരം, യൂണിവേഴ്സിറ്റി സംസ്കാരം, യുവജനസംസ്കാരം, കലാപരമായ സംസ്കാരം, സാങ്കേതിക വിദ്യാപരമായ സംസ്കാരം, സാമ്പത്തികസംസ്കാരം, കുടുംബസംസ്കാരം, മാധ്യമസംസ്കാരം."[196]

200. സംവാദം പലപ്പോഴും തികച്ചും വ്യത്യസ്തമായ ഒന്നായി, സോഷ്യൽ നെറ്റുവർക്കുകളിലൂടെയുള്ള അഭിപ്രായങ്ങളുടെ വിക്ഷുബ്ധമായ കൈമാറ്റമായി. തെറ്റിദ്ധരിക്കാറുണ്ട്. മിക്കപ്പോഴും അത് വിശ്വസനീയമല്ലാത്തതും മീഡിയ നല്കുന്നതുമായ വിവരങ്ങളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ളതായിരിക്കും. ഈ ആശയ കൈമാറ്റങ്ങളെല്ലാം സമാന്തരങ്ങളായ ഏകപക്ഷീയ സംഭാഷണമായിരിക്കും. മൂർച്ചയുള്ളതും ആക്രമണപരവുമായ ധ്വനികൊണ്ട് അവ കുറെ ശ്രദ്ധയാകർഷിക്കും. പക്ഷേ, ഏകപക്ഷീയസംഭാഷണങ്ങൾ ആരെയും ഉൾച്ചേർക്കുന്നില്ല; അവയുടെ ഉള്ളടക്കം മിക്കപ്പോഴും സ്വയം സേവനപരവും വൈരുദ്ധ്യമുള്ളതുമായിരിക്കും.

201. യഥാർത്ഥത്തിൽ മാധ്യമങ്ങളുടെ വസ്തുതകളുടെയും അഭിപ്രായങ്ങളുടെയും ശബ്ദമുഖരിതമായ മിശ്രിതം മിക്കപ്പോഴും സംഭാഷണത്തിനു തടസ്സമാണ്. കാരണം, ഏതുവ്യക്തിക്കും അവന്റെ അല്ലെങ്കിൽ അവളുടെ ആശയങ്ങളെയും താത്പര്യങ്ങളെയും തിരഞ്ഞെടുപ്പുകളെയും നിർബന്ധബുദ്ധിയോടെ മറ്റുള്ള എല്ലാവർക്കും തെറ്റുണ്ട് എന്ന ഒഴികഴിവുപറഞ്ഞുകൊണ്ട് മുറുകെപ്പിടിക്കാൻ അത് അനുവാദം നല്കുന്നു. കൂടുതൽ അഗാധമായ തലത്തിൽ പരസ്പര സമ്മതത്തിലെത്തിച്ചേരാൻ ലക്ഷ്യംവയ്ക്കുന്ന ആദരണീയമായ സംവാദം തുടങ്ങുന്നതിനുമുമ്പ്, എതിരാളികളെ ആരംഭത്തിൽത്തന്നെ വിശ്വസിക്കാതിരിക്കാനും കുറ്റപ്പെടുത്താനും കൂടുതൽ എളുപ്പമുണ്ട്. രാഷ്ട്രീയ പ്രചാരണങ്ങളുടെ മാധ്യമപ്രസ്താവനകളിൽ നിന്ന് സാധാരണമായി സ്വീകരിക്കുന്ന ഇത്തരം ഭാഷ അനുദിന സംഭാഷണത്തിന്റെ ഭാഗമാകുംവിധം വ്യാപകമായിത്തീർന്നിരിക്കുന്നു എന്നതാണ് കൂടുതൽ മോശം. തങ്ങൾക്ക് അനുകൂലമായ വിധത്തിൽ പൊതുജനാഭിപ്രായത്തെ അന്യായമായി മാറ്റിമറിക്കാൻ ശ്രമിക്കുന്ന ശക്തമായ നിക്ഷിപ്ത താല്പര്യങ്ങളാൽ ചർച്ച മിക്കപ്പോഴും വഴിതെറ്റിക്കപ്പെടുന്നു. ഗവൺമെന്റുകൾ മാത്രമല്ല ഇത്തരം കൈകടത്തൽ നടത്തുന്നത്. പിന്നെയോ ധനകാര്യം, രാഷ്ട്രീയം, വാർത്താവിതരണം, മതം എന്നിവയിലും മറ്റു മണ്ഡലങ്ങളിലും ഇങ്ങനെ ചെയ്യപ്പെടുന്നു. ഒരുവന്റെ സാമ്പത്തികമോ പ്രത്യയശാസ്ത്രപരമോ ആയ താത്പര്യങ്ങളെ സേവിക്കാൻ അതു ശ്രമിക്കുമ്പോൾ അതിനെ നീതിമത്കരിക്കാനോ



ഒഴികഴിവു പറയാനോ ഉള്ള ശ്രമങ്ങൾ നടത്താൻ കഴിയുമെങ്കിലും പെട്ടെന്നോ പിന്നീടോ അത് ആ താത്പര്യങ്ങൾക്ക് എതിരേ തിരിയും.

202. സംവാദത്തിന്റെ അഭാവം എന്നതിന്റെ അർത്ഥം ഇതാണ്: ഈ പ്രത്യേക മേഖലകളിൽ ആളുകൾക്ക് പൊതുനന്മയല്ല, അധികാരം കൊണ്ടുള്ള പ്രയോജനങ്ങളാണ് - അഥവാ അങ്ങേയറ്റം പോയാൽ - സ്വന്തം ആശയങ്ങൾ അടിച്ചേല്പിക്കാനുള്ള മാർഗങ്ങളാണ് പ്രിയങ്കരം. അങ്ങനെ വട്ടമേശ സമ്മേളനങ്ങൾ പൊതുനന്മയ്ക്കു വേണ്ടിയുള്ള പരിശ്രമത്തിൽ സഹകരിക്കുന്നു എന്നതിനെക്കാൾ സാധ്യമായ എല്ലാ നേട്ടവും പിടിച്ചെടുക്കാൻ വ്യക്തികൾ പരിശ്രമിക്കുന്ന സമ്മേളനങ്ങൾ മാത്രമായിത്തീരുന്നു. അനാരോഗ്യകരമായ ഈ മനഃസ്ഥിതിയെ തകർക്കാൻ കഴിയുകയും വ്യക്തിപരമായ താത്പര്യം നോക്കാതെ സത്യസന്ധതയെ വളർത്താൻ ആദരവോടെ നിശ്ചയിക്കുകയും ചെയ്യുന്നവർ ആയിരിക്കും ഭാവിയിലെ ധീരന്മാർ. ദൈവകൃപയാൽ ഇന്നും നമ്മുടെ സമൂഹത്തിൽ അത്തരം ധീരന്മാർ ഒച്ചപ്പാടില്ലാതെ ഉരുത്തിരിയുന്നുണ്ട്.

## II. സഹകരിച്ചു പണിതുയർത്താം

203. അപരന്റെ വീക്ഷണത്തെ ആദരിക്കാനുള്ള കഴിവും അതിൽ നിയമാനുസൃതമായ ബോധ്യങ്ങളും ശ്രദ്ധാവിഷയങ്ങളും ഉൾക്കൊണ്ടിട്ടുണ്ടെന്ന് സമ്മതിക്കാനുള്ള കഴിവും യഥാർത്ഥമായ സാമൂഹിക സംവാദത്തിലുണ്ട്. മറ്റുള്ളവർ തങ്ങളുടെ തനിമയെയും അനുഭവത്തെയും അടിസ്ഥാനപ്പെടുത്തി അതിനു സംഭാവന നല്കണം. കൂടുതൽ ഫലപൂർണമായ പൊതുവാദപ്രതിവാദത്തിനുവേണ്ടി അവർ

തങ്ങളുടെ നിലപാടുകൾ വ്യക്തമായി ആവിഷ്കരിക്കുന്നത് നല്ല താണ്. വ്യക്തികളോ ഗ്രൂപ്പുകളോ തങ്ങളുടെ ചിന്തയിൽ സ്ഥിരതയു ള്ളവരായിരിക്കുകയും തങ്ങളുടെ മൂല്യങ്ങളെയും ബോധ്യങ്ങളെയും വാദിച്ചുറപ്പിക്കുകയും വാദമുഖങ്ങളെ വികസിപ്പിക്കുകയും ചെയ്യു മ്പോൾ അതു തീർച്ചയായും സമൂഹത്തിന് ഉപകാരപ്രദമായിരിക്കും. എന്നാലും യഥാർത്ഥമായ സംവാദവും മറ്റുള്ളവരോടു തുറവിയും ഉള്ളിടത്തോളം മാത്രമേ ഇതു സംഭവിക്കുകയുള്ളൂ. യഥാർത്ഥത്തിൽ "സംവാദത്തിന്റെ സത്യസന്ധമായ ചൈതന്യത്തിൽ, മറ്റുള്ളവർ പറ യുന്നതിന്റെയും ചെയ്യുന്നതിന്റെയും പ്രാധാന്യം ഗ്രഹിക്കാനുള്ള ശക്തിയിൽ നാം വളരും - അത് നമ്മുടെ ബോധ്യമായി സ്വീകരി ക്കാൻ സാധിക്കുകയില്ലെങ്കിലും. ഇങ്ങനെ, നമ്മുടെ വിശ്വാസങ്ങളെ സംബന്ധിച്ച് ആത്മാർത്ഥതയും തുറവിയുമുള്ളവരായിരിക്കാൻ കഴിയും. ചർച്ചയിൽ തുടരാനും ബന്ധപ്പെടലിനുള്ള വിഷയങ്ങൾ അന്വേഷിക്കാനും സർവോപരി, ഒന്നിച്ചു ജോലി ചെയ്യാനും പടപൊ രുതാനും സാധിക്കും."[197] പൊതുചർച്ച ഓരോ വ്യക്തിക്കും അതിൽ പങ്കെടുക്കാൻ സൗകര്യം നല്കണം. കപടത കാണിക്കുകയോ വിവരം മറച്ചുവയ്ക്കുകയോ ചെയ്യരുത്. അങ്ങനെയായാൽ സത്യം കൂടുതൽ നന്നായി ഗ്രഹിക്കാനുള്ള അല്ലെങ്കിൽ സത്യത്തിന്റെ കൂടുതൽ കാര്യ ക്ഷമമായ പ്രകാശനമെങ്കിലും ഗ്രഹിക്കാനുള്ള സ്ഥിരപ്രചോദനമാ യിത്തീരും. അത് വിവിധ വിഭാഗക്കാരെ സ്വന്തം വീക്ഷണത്തിലും പരിമിതമായ താത്പര്യങ്ങളിലും സന്തോഷിക്കുന്നവരും സ്വയം കേന്ദ്രീകൃതരുമായിത്തീരുന്നതിൽനിന്നു കാത്തുസൂക്ഷിക്കും. നമുക്ക് ഒരു വസ്തുത മറക്കാതിരിക്കാം. അതായത്, "വ്യത്യാസങ്ങൾ സർഗാ ത്മകമാണ്; അവ പിരിമുറുക്കമുണ്ടാക്കുന്നു. പിരിമുറുക്കത്തിന്റെ പരിഹാരത്തിലാണ് മനുഷ്യവംശത്തിന്റെ പുരോഗതി സ്ഥിതി ചെയ്യു ന്നത്."[198]

204. സവിശേഷീകൃത ശാസ്ത്രീയ മുന്നേറ്റങ്ങളോടൊപ്പം വിജ്ഞാന ശാഖകൾ തമ്മിലുള്ള ആശയ വിനിമയത്തിന്റെ കൂടുതൽ വലിയ ആവശ്യമുണ്ട് എന്ന അവബോധം ഇന്നു വളർന്നുവരുന്നുണ്ട്. യാഥാർത്ഥ്യം ഒന്നാണ്. എന്നാലും അതിനെ വിവിധ വീക്ഷണകോ ണുകളിൽനിന്നും വ്യത്യസ്ത രീതിശാസ്ത്രങ്ങളുടെ സഹായത്തോ ടെയും സമീപിക്കാം. ഒരു അപകടസാധ്യതയുണ്ട്. ജീവിതത്തി ന്റെയും സമൂഹത്തിന്റെയും ലോകത്തിന്റെയും ഒരു പ്രത്യേകവശം മാത്രം കാണാൻ സാധ്യമായ ഏകകണ്ണാടിയായി ഒറ്റപ്പെട്ട ശാസ്ത്രീയ മുന്നേറ്റം കരുതപ്പെടുമെന്നതാണത്. തങ്ങളുടെ മണ്ഡലത്തിൽ

വിദഗ്ധരായിരിക്കുകയും എന്നാലും മറ്റു ശാസ്ത്രങ്ങളുടെയും വിജ്ഞാനശാഖകളുടെയും കണ്ടെത്തലുകളെ പരിചയപ്പെട്ടിരിക്കുകയും ചെയ്യുന്ന ഗവേഷകന്മാർ അവരുടെ പഠനവിഷയത്തിന്റെ മറ്റു വശങ്ങളെ തിരിച്ചറിയാൻ കഴിവുള്ളവരാണ്. അങ്ങനെ അവർ യാഥാർത്ഥ്യത്തെ സംബന്ധിച്ച കൂടുതൽ വ്യാപകവും പൂർണവുമായ അറിവിലേക്ക് തുറവിയുള്ളവരായിരിക്കുകയും ചെയ്യും.

205. ആഗോളവത്കൃതമായ ഇന്നത്തെ ലോകത്ത് "പരസ്പരം കൂടുതൽ അടുപ്പമുള്ളവരായി തോന്നാൻ സഹായിക്കുന്നതിന്, മനുഷ്യകുടുംബത്തിന്റെ ഐക്യത്തെക്കുറിച്ചുള്ള ബോധം സൃഷ്ടിച്ചുകൊണ്ട് സഹായിക്കുന്നതിന്, മീഡിയായ്ക്കു കഴിയും. ആ ഐക്യബോധം എല്ലാവർക്കും കൂടുതൽ മഹത്ത്വീകൃതമായ ജീവിതം ഉറപ്പുവരുത്താൻ ഐക്യദാർഢ്യത്തെയും ഗൗരവപൂർണമായ പരിശ്രമങ്ങളെയും പ്രചോദിപ്പിക്കും... മാനുഷിക വാർത്താവിനിമയത്തിന്റെ നെറ്റുവർക്കുകൾ അപൂർവ മുന്നേറ്റങ്ങൾ നടത്തിയിരിക്കുകയാൽ ഇക്കാലത്ത് പ്രത്യേകിച്ച്, ഇക്കാര്യത്തിൽ നമ്മെ വലിയ തോതിൽ സഹായിക്കാൻ മീഡിയായ്ക്കു കഴിയും. പ്രത്യേകിച്ച് ഇന്റർനെറ്റ് കണ്ടുമുട്ടലിനും ഐക്യദാർഢ്യത്തിനുമുള്ള അനന്ത സാധ്യതകൾ നല്കുന്നു. ഇത് സത്യത്തിൽ നല്ലൊരു കാര്യമാണ്, ദൈവത്തിൽ നിന്നുള്ള ഒരു ദാനമാണ്."[199] താഴെപ്പറയുന്ന കാര്യങ്ങൾ നമ്മൾ സ്ഥിരം ഉറപ്പുവരുത്തേണ്ടതുണ്ട്. അതായത്, വാർത്താവിനിമയത്തിന്റെ ഇന്നത്തെ രൂപങ്ങൾ യഥാർത്ഥത്തിൽ ഉദാരതയോടെ മറ്റുള്ളവരെ കണ്ടുമുട്ടാൻ നമ്മെ നയിക്കുന്നുണ്ടായിരിക്കണം. മുഴുവൻ സത്യത്തിലേക്കുമുള്ള നിസ്വാർത്ഥമായ മുന്നേറ്റമുണ്ടാകണം, വേണ്ടത്ര ആനുകൂല്യങ്ങൾ ലഭിക്കാത്തവരോടുള്ള അടുപ്പമുണ്ടാകണം. പൊതുനന്മയെ വളർത്തണം. ആസ്ത്രേലിയായിലെ മെത്രാന്മാർ ചൂണ്ടിക്കാണിച്ചതുപോലെ, "നമ്മുടെ ദൗർബല്യത്തെ ചൂഷണം ചെയ്യാനും ജനതകളിലുള്ള ഏറ്റവും മോശമായത് വെളിയിൽ കൊണ്ടുവരാനും ആസൂത്രണം ചെയ്യപ്പെട്ട ഒരു ഡിജിറ്റൽ ലോകത്തെ"[200] നമുക്ക് അംഗീകരിക്കാനാവുകയില്ല.

## III. പൊതുസമ്മതത്തിന്റെ അടിസ്ഥാനം

206. ആപേക്ഷികതാവാദമല്ല പരിഹാരം. സഹിഷ്ണുതയുടെ പ്രച്ഛന്നവേഷത്തിൽ ആപേക്ഷികതാവാദം ആത്യന്തികമായി ധാർമ്മിക മൂല്യങ്ങളുടെ വ്യാഖ്യാനം അധികാരത്തിലിരിക്കുന്നവരെ, യോജിച്ചതെന്ന് അവർക്ക് തോന്നുന്നവിധം വ്യാഖ്യാനിക്കാനായിട്ട്, ഏല്പി

ക്കുന്നു. "നമ്മുടെ തന്നെ ആഗ്രഹങ്ങളുടെയും മറ്റുള്ളവരുടെ ആഗ്ര ഹങ്ങളുടെയും തൃപ്തിപ്പെടുത്തൽ അല്ലാതെ വസ്തുനിഷ്ഠമായ സത്യങ്ങളോ ശരിയായ തത്ത്വങ്ങളോ ഇല്ലാതിരിക്കുമ്പോൾ... രാഷ്ട്രീയ പരിശ്രമങ്ങളോ നിയമത്തിന്റെ ശക്തിയോ മതിയാകുമെന്ന് നമ്മൾ ചിന്തിക്കരുത്... സംസ്കാരം തന്നെ ദുഷിച്ചതായിരിക്കുമ്പോൾ, വസ്തുനിഷ്ഠമായ സത്യത്തെയും സാർവത്രിക സാധുതയുള്ള തത്ത്വങ്ങളെയും മുറുകെപ്പിടിക്കാതാകുമ്പോൾ, തോന്നും പോലുള്ള അടിച്ചേല്പിക്കലുകളോ തടസ്സങ്ങളോ ആയി മാത്രമേ നിയമങ്ങളെ കാണാൻ സാധിക്കുകയുള്ളൂ."[201]

207. ഓരോ മനുഷ്യജീവിയും വിശുദ്ധനും അലംഘനീയനുമാണെന്ന അവബോധം യുഗങ്ങളുടെ പഴക്കമുള്ള പരിചിന്തനത്തിൽ നിന്നും മഹാജ്ഞാനത്തിൽ നിന്നും ജനിച്ചതാണ്. ആ അവബോധമില്ലാത്ത നിയമം എന്തു നിയമമാണ്? സമൂഹത്തിന് ഭാവിയുണ്ടാകണമെങ്കിൽ നമ്മുടെ മാനുഷിക മഹത്ത്വമെന്ന സത്യത്തെ ആദരിക്കുകയും ആ സത്യത്തിന് കീഴ്പ്പെടുകയും വേണം. സാമൂഹികമായി അംഗീക രിക്കാനാവാത്തതും നിയമത്താൽ ശിക്ഷിക്കപ്പെടുന്നതുമായ ഒന്നാ യതുകൊണ്ടു മാത്രമല്ല കൊലപാതകം ഒരു കുറ്റമായിരിക്കുന്നത്, പിന്നെയോ കൂടുതൽ ആഴത്തിലുള്ള ഒരു അവബോധംകൊണ്ടാണ്. ഇത് വിലപേശാനാവാത്ത സത്യമാണ്. ഇത് യുക്തിയുടെ ഉപയോഗം കൊണ്ടു നേടിയതും മനസ്സാക്ഷിയിൽ അംഗീകരിക്കപ്പെട്ടതുമാണ്. സത്യത്തിലേക്കുള്ള പ്രയാണത്തെ പിന്താങ്ങുന്നതുകൊണ്ടും ഏറ്റവും മൗലികമായ സത്യങ്ങളെ മുറുകെപ്പിടിക്കുന്നതുകൊണ്ടുമാണ് ഒരു സമൂഹം ശ്രേഷ്ഠമായിരിക്കുന്നതും ഏറെ അന്തസ്സുള്ളതായിരിക്കുന്നതും.

208. സത്യത്തെ പ്രച്ഛന്നവേഷത്തിൽ കാണിക്കുന്നതും ദുർവ്യാ ഖ്യാനം ചെയ്യുന്നതും ഒളിച്ചുവയ്ക്കുന്നതുമായ വിവിധ മാർഗങ്ങളെ മറ മാറ്റിക്കാണിക്കേണ്ടത് എങ്ങനെയാണെന്ന് നമ്മൾ പഠിക്കണം. "സത്യം" എന്ന് നാം വിളിക്കുന്നത് ദൈനംദിന പത്രങ്ങളിൽ കാണു ന്നതുപോലെ വസ്തുതകളുടെയും സംഭവങ്ങളുടെയും റിപ്പോർട്ടിങ്ങ് മാത്രമല്ല. അത് ഒന്നാമതായി, നമ്മുടെ തീരുമാനങ്ങളെയും നമ്മുടെ നിയമങ്ങളെയും താങ്ങിനിറുത്തുന്ന ദൃഢതയുള്ള അടിത്തറകളെ അന്വേഷിക്കുകയെന്നതാണ്. ഒരു വസ്തുത അംഗീകരിക്കാൻ ഇത് ആവശ്യപ്പെടുന്നു. അതായത്, മനുഷ്യ മനസ്സിന് തൊട്ടടുത്ത താത്പ ര്യങ്ങൾക്ക് അപ്പുറത്തേക്കുപോകാൻ കഴിവുണ്ട്. മാറ്റമില്ലാത്ത ചില സത്യങ്ങളെ, പണ്ട് എന്നപോലെ ഇപ്പോഴും സത്യമായിട്ടുള്ളതെന്ന

നിലയിൽ ഗ്രഹിക്കാൻവേണ്ട കഴിവുമുണ്ട്. യുക്തി മനുഷ്യപ്രകൃതിയിലേക്ക് ഉറ്റുനോക്കുമ്പോൾ അതേ പ്രകൃതിയിൽ നിന്നു സ്വീകരിക്കപ്പെട്ട സാർവത്രിക മൂല്യങ്ങളെ കണ്ടുപിടിക്കുന്നു.

209. അപ്രകാരമല്ലെങ്കിൽ, അധികാരത്തിലുള്ളവർ വികാരശൂന്യരോ ഭീഷണികൊണ്ട് വിധേയരാക്കപ്പെട്ടവരോ ആയ ജനത്തിന്റെ "പൊതുസമ്മതം" നേടിക്കഴിയുമ്പോൾ, നാം ഇന്ന് കയ്യേറ്റം ചെയ്യപ്പെടാനാവാത്തതായി കരുതുന്ന മൗലിക മാനുഷികാവകാശങ്ങളെ നിഷേധിക്കുമെന്ന് സങ്കല്പിക്കാൻ പാടില്ലേ? വ്യത്യസ്ത രാഷ്ട്രങ്ങൾ തമ്മിലുളളതും തുല്യതോതിൽ കാപട്യം കാണിക്കാൻ തുറവിയുള്ളതുമായ പൊതുസമ്മതം അവയെ സംരക്ഷിക്കാൻ മതിയാവുകയുമില്ല. നമുക്കു ചെയ്യാനാവുന്ന വലിയ നന്മയ്ക്ക് ധാരാളം തെളിവുകൾ നമുക്കുണ്ട്. എന്നാലും നമ്മുടെ ആന്തരികമായിട്ടുള്ള വിനാശകത്വത്തെ നാം അംഗീകരിക്കുകയും വേണം. നമ്മുടെ നിസ്സംഗതയും ഹൃദയശൂന്യമായ വ്യക്തിത്വവാദവും കൂടുതൽ ഉന്നതമായ മൂല്യങ്ങൾക്കുവേണ്ടിയുള്ള, നമ്മുടെ തൊട്ടടുത്ത ആവശ്യങ്ങൾക്ക് അപ്പുറം കടക്കുന്ന മൂല്യങ്ങൾക്കുവേണ്ടിയുള്ള, അധ്വാനത്തെ സംബന്ധിച്ച നമ്മുടെ അലസതയുടെ ഒരു ഫലം കൂടിയല്ലേ? ആപേക്ഷികതാവാദം എപ്പോഴും ഒരു അപകടസാധ്യതയെ കൊണ്ടുവരുന്നു. അതായത്, സത്യമെന്ന് ആരോപിക്കപ്പെടുന്ന ഒരു സത്യം ശക്തന്മാരോ ബുദ്ധിശാലികളോ അടിച്ചേല്പിക്കുന്നു. എന്നാലും "ആന്തരിക തിന്മയെ നിരോധിക്കുന്ന ധാർമ്മിക നിയമങ്ങളെ സംബന്ധിച്ച കാര്യമാകുമ്പോൾ ആർക്കും ആനുകൂല്യങ്ങളോ അപവാദങ്ങളോ ഇല്ല; ഒരുവൻ ലോകത്തിന്റെ യജമാനനോ ഭൂമുഖത്തെ 'ദരിദ്രരിൽ ദരിദ്ര'നോ എന്ന വ്യത്യാസമില്ല. ധാർമ്മികതയുടെ കല്പനകൾക്കു മുമ്പിൽ നമ്മൾ എല്ലാവരും തികച്ചും തുല്യരാണ്."[202]

210. ധർമ്മശാസ്ത്രത്തെയും രാഷ്ട്രീയത്തെയും ഊർജതന്ത്രമാക്കി ചുരുക്കുന്നു എന്നതാണ് ഇന്നു സംഭവിക്കുന്നതും നമ്മെ പ്രതിലോമപരവും വന്ധ്യവുമായ ചിന്താരീതിയിലേക്ക് വലിച്ചടുപ്പിക്കുന്നതും. നന്മയ്ക്കും തിന്മയ്ക്കും ഇനിമേൽ അവയിൽത്തന്നെ നിലനില്പില്ല, ഉപകാരങ്ങളുടെയും ഭാരങ്ങളുടെയും കണക്കുകൂട്ടൽ മാത്രമേ ഉള്ളൂ. നിയമത്തെ ധാർമ്മികചിന്തയ്ക്കു പകരം പ്രതിഷ്ഠിക്കുന്നതുകൊണ്ട് നീതിയുടെ മൗലികമായ ആശയത്തെ പ്രതിഫലിപ്പിക്കുന്നതായി നിയമത്തെ ഒരിക്കലും കാണുകയില്ല, നിലവിൽ പ്രചാരത്തിലുള്ള ആശയങ്ങളെ പ്രതിഫലിപ്പിക്കുന്നതായി മാത്രമേ കാണുകയുള്ളൂ.

തുടർന്ന് തകർച്ചയുണ്ടാകുന്നു. എല്ലാം ഉപരിപ്ലവമായ, പരസ്പരം വച്ചുമാറുന്ന അഭിപ്രായ സമന്വയം വഴി "അടിച്ചു നിരപ്പാക്കപ്പെട്ടിരിക്കുന്നു"; അവസാനം ഏറ്റവും ശക്തരായവരുടെ നിയമം പ്രബലപ്പെടുന്നു.

## IV. പൊതുസമ്മതവും സത്യവും

211. ബഹുത്വമുള്ള ഒരു സമൂഹത്തിൽ ക്ഷണഭംഗുരമായ പൊതുസമ്മതത്തിൽ നിന്ന് വിട്ടുമാറി, എന്താണ് എപ്പോഴും ഉറപ്പിച്ചുപറയേണ്ടതെന്നും ആദരിക്കപ്പെടേണ്ടതെന്നും തിരിച്ചറിയാനുള്ള ഏറ്റവും നല്ല വഴി സംവാദമാണ്. അത്തരം സംവാദം വ്യക്തമായ ചിന്തകൊണ്ടും യുക്തിപൂർവകമായ വാദമുഖങ്ങൾകൊണ്ടും വിവിധ സമഗ്ര വീക്ഷണങ്ങൾകൊണ്ടും അറിവിന്റെയും വീക്ഷണങ്ങളുടെയും സംഭാവനകൊണ്ടും സമ്പന്നമാക്കപ്പെടുകയും പ്രകാശിപ്പിക്കപ്പെടുകയും ചെയ്യണം. എപ്പോഴും ഉയർത്തിപ്പിടിക്കേണ്ട ചില മൗലികസത്യങ്ങളിലേക്ക് എത്തിച്ചേരുകയെന്നത് സാധ്യമാണെന്ന അവബോധത്തെ അത് ഒഴിവാക്കാൻ പാടില്ല. ശാശ്വതമായ ചില മൂല്യങ്ങളുടെ അസ്തിത്വത്തെ അംഗീകരിക്കണം. അവയെ തിരിച്ചറിയാൻ എത്ര പ്രയാസമുണ്ടെങ്കിലും അങ്ങനെ ചെയ്യണം. ആ അംഗീകരിക്കൽ ബലിഷ്ഠവും ദൃഢവുമായ സാമൂഹിക ധർമ്മശാസ്ത്രത്തെ നിർണയിക്കുന്നു. സംവാദത്തിലൂടെയും പൊതുസമ്മതത്തിലൂടെയും ആ മൗലികമൂല്യങ്ങളെ അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യുമ്പോൾ അവ പൊതുസമ്മതത്തിനും ഉപരിയായി ഉയരുന്നുവെന്ന് നാം മനസ്സിലാക്കും. അവ നമ്മുടെ വസ്തുനിഷ്ഠസാഹചര്യങ്ങൾക്ക് അതീതമാകുകയും ക്രയവിക്രയത്തിന് അതീതമായി നിലകൊള്ളുകയും ചെയ്യുന്നു. അവയുടെ അർത്ഥത്തെയും വ്യാപ്തിയെയും കുറിച്ചുള്ള നമ്മുടെ ധാരണയ്ക്ക് - അക്കാര്യത്തിൽ പൊതുസമ്മതം ഒരു സ്വയംചാലക യാഥാർത്ഥ്യമാണ് - വർദ്ധിക്കാൻ കഴിയും, എന്നാൽ അവയിൽത്തന്നെ, അവയുടെ ആന്തരികാർത്ഥത്തിന്റെ ശക്തിയാൽ ശാശ്വതമായി കരുതപ്പെടുന്നു.

212. സമൂഹത്തിന്റെ നല്ല പ്രവർത്തനത്തിന് എന്തെങ്കിലും എപ്പോഴും ഒരു സേവനം ചെയ്യുന്നുണ്ടെങ്കിൽ, അതിനപ്പുറത്ത് ബുദ്ധിക്ക് എത്തിച്ചേരാവുന്ന ഒരു ശാശ്വതസത്യം നിലകൊള്ളുന്നതുകൊണ്ടല്ലേ? നമ്മുടെ വികസനത്തെയും അതിജീവനത്തെയും പിന്താങ്ങുന്ന ചില മൗലിക വ്യവസ്ഥിതികൾ മനുഷ്യജീവികളുടെ പ്രകൃതിയിലും സമൂഹത്തിലും അന്തർലീനമായിട്ടുണ്ട്. അങ്ങനെ ചില ആവശ്യങ്ങൾ

ഉണ്ടാകുന്നു. കൃത്യമായി പറഞ്ഞാൽ അവ അഭിപ്രായസമന്വയത്താൽ സൃഷ്ടിക്കപ്പെടുന്നവയല്ലെങ്കിലും, സംവാദത്തിലൂടെ അവയെ കണ്ടെത്താൻ കഴിയും. സമൂഹത്തിന്റെ ജീവിതത്തിനുതന്നെ ചില നിയമങ്ങൾ അനിവാര്യമാണെന്ന യാഥാർത്ഥ്യം ആ ആവശ്യങ്ങൾ അവയിലും അവയാൽത്തന്നെയും നല്ലതാണെന്നുള്ളതിന്റെ അടയാളമണ്. അതുകൊണ്ട് സമൂഹത്തിന്റെ താത്പര്യങ്ങളെയും പൊതുസമ്മതത്തെയും എതിർക്കേണ്ടതില്ല. ഒരു പ്രശ്നത്തിന്റെ ഹൃദയത്തിലേക്കു സംവാദത്തിലൂടെ കടക്കാൻ ജനങ്ങൾ ഭയപ്പെടാതിരിക്കുമ്പോഴെല്ലാം ഈ മൂന്നു യാഥാർത്ഥ്യങ്ങളെ സംയോജിപ്പിക്കാം.

213. മറ്റുള്ളവരുടെ മഹത്ത്വം എല്ലാ സാഹചര്യങ്ങളിലും ആദരിക്കപ്പെടണം. മഹത്ത്വമെന്നത് നാം കണ്ടുപിടിച്ചതോ സങ്കല്പിച്ചതോ ആയ ഒരു വസ്തുതയായതുകൊണ്ടല്ല അങ്ങനെ ചെയ്യേണ്ടത്. പിന്നെയോ മനുഷ്യർക്ക് ഭൗതികവസ്തുക്കൾക്കും യാദൃച്ഛിക സാഹചര്യങ്ങൾക്കും ഉള്ളതിനേക്കാൾ ഉന്നതമായ ആന്തരികയോഗ്യത ഉള്ളതുകൊണ്ടാണ്. അവരോട് വ്യത്യസ്ത രീതികളിൽ പെരുമാറണമെന്ന് ഇത് ആവശ്യപ്പെടുന്നു. ഓരോ മനുഷ്യജീവിക്കും അന്യവത്കരിക്കപ്പെടാനാവാത്ത മഹത്ത്വമുണ്ട്. സർവ്വസാംസ്കാരിക മാറ്റങ്ങൾക്കും അപ്പുറത്ത് മാനുഷിക പ്രകൃതിയോട് ഒത്തുപോകുന്ന ഒരു സത്യമാണത്. ഇക്കാരണത്താൽ ചരിത്രത്തിന്റെ എല്ലാ ഘട്ടങ്ങളിലും മനുഷ്യർക്ക് അലംഘനീയമായ ഒരേ മഹത്ത്വമുണ്ട്. ഈ ദൃഢവിശ്വാസത്തെ നിഷേധിക്കാനോ അതിന് വിരുദ്ധമായി പെരുമാറാനോ പ്രത്യേക സാഹചര്യങ്ങളിൽ തനിക്ക് അധികാരം നല്കപ്പെട്ടിട്ടുണ്ടെന്ന് ഒരുത്തനും ഒരുത്തിയും കരുതുവാൻ പാടില്ല. വസ്തുക്കളുടെ യാഥാർത്ഥ്യത്തെപ്പറ്റി പരിചിന്തനം, അനുഭവം, സംവാദം എന്നിവയിലൂടെ അന്വേഷിച്ചറിയാൻ ബുദ്ധിശക്തിക്കു കഴിയും. അങ്ങനെ ഒരു യാഥാർത്ഥ്യത്തിൽ അതിന് അപ്പുറത്തേക്കുപോകുന്ന ചില സാർവത്രിക ധാർമ്മികാവശ്യങ്ങളെ തിരിച്ചറിയാനും കഴിയും.

214. അടിസ്ഥാനപരവും വിനിമയ സാധ്യതയില്ലാത്തതുമായ ധാർമ്മിക തത്ത്വങ്ങളുടെ അടിസ്ഥാനത്തിന് ദൃഢവും അചഞ്ചലവുമായ സാർവ്വത്രിക സാധ്യത നല്കാൻ അജ്ഞേയവാദികൾക്ക് ഈ അടിത്തറ മതിയാകും. അതാകട്ടെ, ഭാവിയിൽ ആകസ്മിക കൊടുംവിപത്തുകളെ തടയാൻ സഹായിക്കും. മനുഷ്യപ്രകൃതി ധാർമ്മികതത്ത്വങ്ങളുടെ ഉറവിടമെന്ന നിലയിൽ ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതാണെന്നും അവിടുന്നാണ് ആ തത്ത്വങ്ങൾക്ക് ദൃഢതയുള്ള

അടിസ്ഥാനം ആത്യന്തികമായി നല്കുന്നതെന്നും ദൈവവിശ്വാസികൾ എന്ന നിലയിൽ നമുക്കു ബോധ്യമുണ്ട്.[203] ഇതിന്റെ ഫലമായി ധാർമ്മിക കാർക്കശ്യമുണ്ടാകുന്നില്ല. ഏതെങ്കിലും ഒരു ധാർമ്മിക സമ്പ്രദായത്തിന്റെ അടിച്ചേല്പിക്കലിലേക്ക് ഇതു നയിക്കുന്നുമില്ല. കാരണം, അടിസ്ഥാനപരവും സാർവത്രികസാധുതയുള്ളതുമായ ധാർമ്മിക സിദ്ധാന്തങ്ങൾക്ക് വ്യത്യസ്ത പ്രായോഗികനിയമങ്ങളിൽ മൂർത്തീഭാവം നല്കപ്പെടാം. അങ്ങനെ സംവാദത്തിന് എപ്പോഴും സ്ഥാനമുണ്ടായിരിക്കും.

## V. ഒരു പുതിയ സംസ്കാരം

215. "ജീവിതം ഏറെ എതിർപ്പുകളുള്ളതാണെങ്കിലും അത് കണ്ടുമുട്ടലിന്റെ കലയാണ്."[204] നമ്മുടെ വ്യത്യാസങ്ങൾക്കും വിഭജനങ്ങൾക്കും അപ്പുറം കടക്കുന്ന കണ്ടുമുട്ടലിന്റെ ഒരു സംസ്കാരത്തിന്റെ വളർച്ചയ്ക്കായി കൂടെക്കൂടെ ആഹ്വാനം ഞാൻ നടത്തിയിട്ടുണ്ട്. ഇത് അർത്ഥമാക്കുന്നത്, വിവിധ വശങ്ങൾ ബഹുവർണമായ ഐക്യമുണ്ടാക്കുന്ന ഒരു ബഹുമുഖ ബഹുഫലകം സൃഷ്ടിക്കാനായി അധ്വാനിക്കുക എന്നതാണ്. ഇത്തരം ബഹുഫലകത്തിൽ "സമഗ്രമായത് ഭാഗത്തേക്കാൾ വലുതാണ്."[205] ബഹുതലമെന്ന പ്രതിബിംബത്തിന് ഒന്നിച്ചു നിലകൊള്ളുന്ന വ്യത്യാസങ്ങളുള്ള ഒരു സമൂഹത്തിന്റെ ചിത്രീകരണമായിരിക്കാൻ കഴിയും. അതിന്റെ വ്യത്യാസങ്ങൾ, വിസമ്മതത്തിന്റെയും കരുതിവയ്ക്കലുകളുടെയും ഇടയിൽപോലും പരസ്പരം പൂരിപ്പിക്കുന്നു, സമ്പന്നമാക്കുന്നു, പരസ്പരം പ്രകാശിപ്പിക്കുന്നു. നമ്മിൽ ഓരോരുത്തർക്കും മറ്റുള്ളവരിൽ നിന്ന് എന്തെങ്കിലും പഠിക്കാൻ കഴിയും. ഒരുവനും ഉപയോഗശൂന്യനല്ല. ഒരുവനും ഉപയോഗിച്ചു തീർക്കാവുന്നവനുമല്ല. ജീവിതത്തിൽ അതിരുകളിലുള്ളവരെ ഉൾപ്പെടുത്താനുള്ള വഴികൾ കണ്ടെത്തുകയെന്നും ഇതിന് അർത്ഥമുണ്ട്. കാരണം, കാര്യങ്ങളെ കാണാൻ മറ്റൊരു രീതിയുണ്ട്. ഗൗരവമുള്ള തീരുമാനങ്ങളെടുക്കുന്ന അധികാരത്തിന്റെ കേന്ദ്രങ്ങൾക്ക് അദൃശ്യമായ യാഥാർത്ഥ്യത്തിന്റെ വശങ്ങളെ കാണാൻ അവർക്കു കഴിയും.

## VI. സംസ്കാരമായിത്തീരുന്ന കണ്ടുമുട്ടലുകൾ

216. "സംസ്കാരം" എന്ന പദം ഒരു ജനതയിൽ ആഴത്തിൽ സ്ഥാപിച്ചിട്ടുള്ള ഒന്നിനെ, ഏറ്റവും ലാളിക്കപ്പെടുന്ന ബോധ്യങ്ങളെയും ജീവിതരീതിയെയും, സൂചിപ്പിക്കുന്നു. ഒരു ജനതയുടെ "സംസ്കാരം" എന്നത് അമൂർത്തമായ ആശയത്തെക്കാൾ കൂടുതലായിട്ടുള്ള

ഒന്നാണ്. അത് അവരുടെ ആഗ്രഹങ്ങളോടും താത്പര്യങ്ങളോടും ആത്യന്തികമായി, അവർ ജീവിതം ജീവിക്കുന്ന രീതിയോടും ബന്ധപ്പെട്ടതാണ്. "കണ്ടുമുട്ടലിന്റെ സംസ്കാരം" എന്നു പറയുന്നതിന്റെ അർത്ഥം ഇതാണ്: നമ്മൾ, ഒരു ജനതയെന്ന നിലയിൽ മറ്റുള്ളവരെ കണ്ടുമുട്ടുന്നതിനെയും ബന്ധപ്പെടലിന്റെ വിഷയങ്ങൾ അന്വേഷിക്കുന്നതിനെയും പാലങ്ങൾ പണിയുന്നതിനെയും എല്ലാവരെയും ഉൾപ്പെടുത്തുന്ന പദ്ധതി രൂപീകരിക്കുന്നതിനെയും സംബന്ധിച്ച് തീവ്രവികാരമുള്ളവരായിരിക്കണം. ഇത് ഒരു അഭിലാഷവും ഒരു ജീവിത ശൈലിയുമാണ്. ഈ സംസ്കാരത്തിന്റെ വിഷയം ജനമാണ്. പ്രൊഫഷണലും മീഡിയാപരവുമായ വിഭവങ്ങളുടെ സഹായം കൊണ്ട് മറ്റുള്ളവരെ സമാധാനപ്പെടുത്തുന്ന സമൂഹത്തിന്റെ ഒരു ഭാഗം മാത്രമല്ല.

217. സാമൂഹിക സമാധാനത്തിനു കഠിനപ്രയത്നവും ശില്പവൈദഗ്ധ്യവും ആവശ്യമാണ്. സാമർത്ഥ്യംകൊണ്ടും കുറച്ചു വിഭവങ്ങൾ കൊണ്ടും നിയന്ത്രിക്കപ്പെട്ട സ്വാതന്ത്ര്യവും വ്യത്യാസങ്ങളും സൂക്ഷിക്കാൻ കൂടുതൽ എളുപ്പമുണ്ട്. പക്ഷേ, അത്തരം ഒരു സമാധാനം ഉപരിപ്ലവവും ക്ഷണഭംഗുരവുമായിരിക്കും, ശാശ്വതസ്ഥിരതയെ കൊണ്ടുവരുന്ന സാംസ്കാരിക കണ്ടുമുട്ടലിന്റെ ഫലമായിരിക്കുകയില്ല. വ്യത്യാസങ്ങളെ ഉദ്ഗ്രഥിക്കുകയെന്നത് വളരെ കൂടുതൽ പ്രയാസമുള്ള കാര്യമാണ്. അത് മന്ദഗതിയിലുള്ള പ്രക്രിയയാണ്. എന്നാലും അത് യഥാർത്ഥവും ശാശ്വതവുമായ സമാധാനത്തിനുള്ള ഗ്യാരന്റിയാണ്. നിർമ്മലരും നിഷ്കളങ്കരുമായിട്ടുള്ളവരോടുള്ള സമീപനം കൊണ്ടു മാത്രം ആ സമാധാനം നേടാൻ സാധിക്കുകയില്ല. കാരണം, "തെറ്റുകൾ മൂലം ചോദ്യം ചെയ്യപ്പെടേണ്ടവരായി കരുതപ്പെടുന്ന ജനങ്ങൾക്കുപോലും അവഗണിക്കാനാവാത്ത എന്തെങ്കിലും നല്കാനുണ്ട്."[206] സാമൂഹികാവശ്യങ്ങളെ അവഗണിക്കുന്നതിൽനിന്നോ അസ്വസ്ഥതകളെ അടിച്ചമർത്തുന്നതിൽനിന്നോ അതു വരുകയില്ല. കാരണം, "അത് കടലാസിലുള്ള സമ്മതമോ സംതൃപ്തരായ ന്യൂനപക്ഷത്തിനുള്ള ക്ഷണികമായ സാമാധാനമോ"[207] അല്ല. പ്രധാനപ്പെട്ട കാര്യം ഇതാണ്: കണ്ടുമുട്ടലിന്റെ പ്രക്രിയകൾ, വ്യത്യാസങ്ങൾ അംഗീകരിക്കാൻ കഴിവുള്ള ജനത്തെ പടുത്തുയർത്താനുള്ള പ്രക്രിയകൾ, സൃഷ്ടിക്കുക. നമുക്കു നമ്മുടെ കുട്ടികളെ സംവാദം കൊണ്ട് ആയുധധാരികളാക്കാം! സംസ്കാരത്തിന്റെ കണ്ടുമുട്ടലിലൂടെ നല്ല യുദ്ധം ചെയ്യാൻ അവർക്ക് യുദ്ധപരിശീലനം നല്കാം!

## VII. മറ്റുള്ളവരെ അംഗീകരിക്കുന്നതിലുള്ള സന്തോഷം

218. മറ്റുള്ള ആളുകൾക്ക് അവർ തന്നെയായിരിക്കാനും വ്യത്യസ്ത രായിരിക്കാനുമുള്ള അവകാശം അംഗീകരിക്കാനുള്ള കഴിവുണ്ടാ യിരിക്കണമെന്ന് ഇതെല്ലാം ആവശ്യപ്പെടുന്നു. ഈ അംഗീകരിക്കൽ ഒരു സംസ്കാരമായിത്തീരുമ്പോൾ ഒരു സാമൂഹിക ഉടമ്പടി സൃഷ്ടി ക്കാനുള്ള സാധ്യത നല്കും. അതു കൂടാതിരുന്നാൽ മറ്റുള്ളവരെ നിസ്സാരരും അപ്രസക്തരും സമൂഹത്തിന് വിലയില്ലാത്തവരുമാക്കാ നുള്ള സൂക്ഷ്മമാർഗ്ഗങ്ങൾ കാണാൻ കഴിയും. അക്രമത്തിന്റെ ചില ദൃശ്യരൂപങ്ങൾ ഉപേക്ഷിക്കുമ്പോൾത്തന്നെ വഞ്ചനാത്മകവും നിഗൂ ഢവുമായ അക്രമത്തിന്റെ ഒരിനത്തിന് വേരുപിടിക്കാനിടയാകാം: വ്യത്യസ്തരായ ആളുകളെ പുഛരിക്കുന്നവർ നടത്തുന്ന അക്രമം. പ്രത്യേകിച്ച്, അവരുടെ അവകാശവാദങ്ങൾ, തങ്ങളുടെ തന്നെ പ്രത്യേക താത്പര്യങ്ങൾക്ക് ഏതെങ്കിലും വിധത്തിൽ വിട്ടുവീഴ്ച യ്ക്ക് ഇടയാക്കുമ്പോൾ.

219. ലോകത്തിനു നല്കാൻ കഴിയുന്നതെല്ലാം സമൂഹത്തിന്റെ ഒരു വിഭാഗം ചൂഷണം ചെയ്യുമ്പോൾ, ദരിദ്രർ ഇല്ലാത്തതുപോലെ പെരു മാറുമ്പോൾ, ക്രമേണ അതിന് അനന്തരഫലങ്ങളുാകും. മറ്റുള്ളവ രുടെ അസ്തിത്വവും അവകാശങ്ങളും അവഗണിച്ചാൽ ആ അവ ഗണന അക്രമത്തിന്റെ ഏതെങ്കിലും രൂപത്തിൽ സ്ഫോടനത്തിന് ഇട യാകും. പലപ്പോഴും ഒട്ടും പ്രതീക്ഷിക്കാത്ത സമയത്ത് അതു നടക്കും. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവ ഓരോ മനുഷ്യരെയും സംബന്ധിക്കുന്നതല്ലെങ്കിൽ അവ ഉയരത്തിലുള്ള ആദർശങ്ങളായി നിലകൊള്ളും. സാമ്പത്തികമോ രാഷ്ട്രീയമോ അക്കാദമികമോ ആയിട്ടുള്ള അധികാരം കൈയടക്കിയിട്ടുള്ളവർ തമ്മിൽ മാത്രം കണ്ടു മുട്ടൽ സംഭവിക്കാൻ സാധ്യമല്ല. ശുദ്ധമായ സാമൂഹിക കണ്ടുമുട്ട ലിന് ജനസമൂഹത്തിലെ ഭൂരിപക്ഷംപേർ പങ്കുവച്ച് അനുഭവിക്കുന്ന സംസ്കാരം ഉൾപ്പെട്ട ഒരു സംവാദം ആവശ്യമാണ്. സമൂഹത്തിലെ കൂടുതൽ ദരിദ്രരായ വിഭാഗങ്ങൾ നല്ല ആശയങ്ങളെ സ്വീകരിക്കാ തിരിക്കുകയെന്നത് മിക്കപ്പോഴും സംഭവിക്കുന്നുണ്ട്. കാരണം, അവ അവതരിക്കപ്പെടുന്നത് അവരുടേതല്ലാത്ത ഒരു സാംസ്കാരിക വേഷ ത്തിലാണ്. ആ വേഷം കൊണ്ട് അവയെ തിരിച്ചറിയാനാവുകയുമില്ല. യഥാതഥവും ഉൾക്കൊള്ളുന്നതുമായ സാമൂഹിക ഉടമ്പടി "സാംസ്കാ രിക ഉടമ്പടി" കൂടിയായിരിക്കണം. സമൂഹത്തിൽ ഒന്നിച്ചു നിലകൊ ള്ളുന്ന വ്യത്യസ്ത ലോകവീക്ഷണങ്ങളെയും സംസ്കാരങ്ങളെയും

ജീവിതശൈലികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന ഒന്നായിരിക്കണം.

220. ഉദാഹരണത്തിന്, തദ്ദേശീയ ജനങ്ങൾ പുരോഗതിയെ എതിർക്കുന്നവരല്ല. എന്നാലും അവർക്ക് പുരോഗതിയെപ്പറ്റി വ്യത്യസ്തമായ ആശയമുണ്ട്. മിക്കപ്പോഴും വികസിത ജനതകളുടെ ആധുനികസംസ്കാരത്തെക്കാൾ കൂടുതൽ മാനുഷികമായതാണത്. അവരുടെ സംസ്കാരം ശക്തന്മാർക്ക്, ഒരുതരം ഭൗമിക പറുദീസ തങ്ങൾക്കായി സൃഷ്ടിക്കാൻ പ്രേരിപ്പിക്കപ്പെട്ടവർക്ക്, ഉപകാരമായിരിക്കണമെന്ന് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതല്ല. തദ്ദേശീയമായ ജനകീയ സംസ്കാരങ്ങളോടുള്ള അസഹിഷ്ണുതയും ആദരമില്ലായ്മയും അക്രമത്തിന്റെ ഒരു രൂപമാണ്. അത് അവയെ വീക്ഷിക്കുന്നതിന്റെ തണുത്തതും വിധിപരവുമായ രീതിയിൽ അടിയുറപ്പിച്ചിട്ടുള്ളതാണ്. വ്യത്യസ്ത സംസ്കാരങ്ങളിൽനിന്ന്, പ്രത്യേകിച്ച് ദരിദ്രരുടെ സംസ്കാരങ്ങളിൽനിന്ന്, തുടങ്ങിയില്ലെങ്കിൽ യഥാർത്ഥവും അഗാധവും ശാശ്വതവുമായ പരിവർത്തനം സാധ്യമാകുകയില്ല. ഒരു പ്രത്യേകസ്ഥലത്തെ സംബന്ധിച്ച തനിമയെക്കുറിച്ചുള്ള ഒറ്റക്കൽസ്തംഭമായിരിക്കുന്ന ധാരണയെ സാംസ്കാരിക ഉടമ്പടി വർജിക്കുന്നു. എല്ലാവർക്കും മുന്നേറ്റത്തിനും സാമൂഹിക ഉദ്ഗ്രഥനത്തിനുമുള്ള അവസരങ്ങൾ നല്കിക്കൊണ്ട് അത് വൈവിധ്യത്തോടുള്ള ബഹുമാനം പുലർത്തുന്നു.

221. പൊതു നന്മയ്ക്കുവേണ്ടി ചില കാര്യങ്ങൾ ഉപേക്ഷിക്കപ്പെടണമെന്ന് അത്തരം ഒരു ഉടമ്പടി ആവശ്യപ്പെടുകയും ചെയ്യുന്നു. ഒരുവനും മുഴുവൻ സത്യത്തെയും സ്വന്തമാക്കാനോ അവന്റെയോ അവളുടെയോ ഓരോ ആഗ്രഹത്തെയും തൃപ്തിപ്പെടുത്താനോ സാധ്യമല്ല. കാരണം, അത്തരം അഭിനയം മറ്റുള്ളവരുടെ അവകാശങ്ങളെ നിഷേധിച്ചുകൊണ്ട് അവരെ ശൂന്യരാക്കുന്ന പ്രക്രിയയിലേക്ക് നയിക്കും. സ്വന്തം തത്ത്വങ്ങളോട് വിശ്വസ്തരായിരിക്കുകയും അതേസമയം മറ്റുള്ളവർക്കും അപ്രകാരം ചെയ്യാൻ അവകാശമുണ്ടെന്ന് അംഗീകരിക്കുകയും ചെയ്യുന്ന സ്ത്രീപുരുഷന്മാരെ സംബന്ധിച്ചിടത്തോളം സഹിഷ്ണുതയെക്കുറിച്ചുള്ള തെറ്റായ ധാരണ സംവാദപരമായ യാഥാതഥ സിദ്ധാന്തത്തിനു വഴി മാറണം. ഇത് യഥാർത്ഥമായി അപരനെ അംഗീകരിക്കലാണ്, സ്നേഹംകൊണ്ടു മാത്രം സാധ്യമാകുന്നതുമാണ്. മറ്റുള്ളവരുടെ ലക്ഷ്യങ്ങളിലും താത്പര്യങ്ങളിലും യഥാർത്ഥമായിട്ടുള്ളത് അല്ലെങ്കിൽ ഗ്രഹിക്കത്തക്കതായിട്ടുള്ളതെന്താണെന്നെങ്കിലും നമ്മൾ കണ്ടുപിടിക്കണമെങ്കിൽ നമ്മൾ മറ്റുള്ളവരുടെ സ്ഥാനത്തു നിലകൊള്ളണം.

## VIII. ദയയെ വീണ്ടും കണ്ടെത്തൽ

222. ഉപഭോഗവാദപരമായ വ്യക്തിവാദം വലിയ അനീതിയിലേക്കു നയിക്കുന്നു. നമ്മുടെ ശുഭ്രമായ അസ്തിത്വത്തിനു തടസ്സമായി മാത്രം മറ്റു വ്യക്തികൾ വീക്ഷിക്കപ്പെടാൻ ഇടയാക്കുന്നു. അവരെ ശല്യങ്ങളായിക്കരുതി പെരുമാറുന്നതിൽ അതു ചെന്നവസാനിക്കും; നമ്മൾ വർദ്ധമാനമായ തോതിൽ അക്രമകാരികളായിത്തീരുകയും ചെയ്യുന്നു. ഇത് വിഷമസന്ധികളുടെയും കൊടുംവിപത്തുകളുടെയും പ്രയാസങ്ങളുടെയും കാലങ്ങളിൽ കൂടുതലായി സംഭവിക്കുന്നു. "ഓരോ മനുഷ്യനും അവനു വേണ്ടിത്തന്നെ" എന്ന പഴഞ്ചൊല്ലിന്റെ ഭാഷയിൽ ചിന്തിക്കാൻ നാം പ്രേരിപ്പിക്കപ്പെടുമ്പോൾ അങ്ങനെ സംഭവിക്കുന്നു. എന്നാലും അപ്പോഴും നമുക്ക് കാരുണ്യം വളർത്താൻ കഴിയും. അങ്ങനെ ചെയ്യുന്നവർ ഇരുട്ടിൽ പ്രകാശിക്കുന്ന നക്ഷത്രങ്ങളായിത്തീരും.

223. വിശുദ്ധ പൗലോസ് ദയയെ പരിശുദ്ധാത്മാവിന്റെ ഒരു ഫലമായി വിവരിക്കുന്നു. (cf. ഗലാ 5:22). ക്രെസ്തോത്തെസ് എന്ന ഗ്രീക്ക് വാക്കാണ് അദ്ദേഹം ഉപയോഗിക്കുന്നത്. ആ വാക്ക് രൂക്ഷമോ പരുപരുത്തതോ ആയ മനോഭാവത്തെയല്ല, പിന്നെയോ സൗമ്യവും സന്തോഷകരവും പിന്തുണ നല്കുന്നതുമായ മനോഭാവത്തെയാണ് വിവരിക്കുന്നത്. ഈ സദ്ഗുണമുള്ള വ്യക്തികൾ മറ്റുള്ളവരുടെ പ്രശ്നങ്ങളുടെ ഭാരവും ആവശ്യങ്ങളും ഭീതികളും പങ്കുവച്ചുകൊണ്ട് അവരുടെ ജീവിതങ്ങളെ കൂടുതൽ സഹനീയമാക്കും. മറ്റുള്ളവരോട് ഇങ്ങനെ പെരുമാറുന്നതിന്റെ രീതിക്ക് വ്യത്യസ്ത രൂപങ്ങളുണ്ടാകും: ഒരു കാരുണ്യപ്രവൃത്തി, വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ ദ്രോഹിക്കാതിരിക്കാനുള്ള ശ്രദ്ധ, അവരുടെ ഭാരങ്ങൾ കുറയ്ക്കാനുള്ള സന്നദ്ധത. "ആശ്വാസത്തിന്റെ, ശക്തിയുടെ, സാന്ത്വനത്തിന്റെ, പ്രോത്സാഹനത്തിന്റെ", വാക്കുകൾ പറയുകയെന്നത് അതിൽ ഉൾക്കൊള്ളുന്നു; "ഹീനരാക്കുന്ന, ദു:ഖിതരാക്കുന്ന, കോപിപ്പിക്കുന്ന, അവജ്ഞ പ്രകടിപ്പിക്കുന്ന, വാക്കുകൾ"[208] അല്ല പറയുന്നത്.

224. ചിലപ്പോൾ മാനുഷികബന്ധങ്ങളെ ബാധിക്കുന്ന ക്രൂരതയിൽ നിന്നും മറ്റുള്ളവരെപ്പറ്റി ചിന്തിക്കുന്നതിൽ നിന്നും നമ്മെ തടയുന്നു. ഉത്കണ്ഠയിൽ നിന്നും മറ്റുള്ളവർക്കും സന്തുഷ്ടരായിരിക്കാൻ അവകാശമുണ്ടെന്ന കാര്യവും മറക്കുന്നു. പ്രവർത്തനത്തിന്റെ ഉന്മത്തമായ വ്യഗ്രതയിൽ നിന്നും ദയ നമ്മെ സ്വതന്ത്രരാക്കുന്നു. ഇക്കാലത്ത് മിക്കപ്പോഴും "എന്നോടു ക്ഷമിക്കുക", "എനിക്കു മാപ്പു നല്കുക", "നിനക്കു

നന്ദി" എന്നൊക്കെ നിന്നുപറയാനുള്ള, ദയവു കാണിക്കാനുള്ള സമയമോ ഊർജമോ നാം കാണുന്നില്ല. എന്നാലും പലപ്പോഴും, വിസ്മയകരമായിട്ട്, കനിവുള്ള ഒരു വ്യക്തി പ്രത്യക്ഷപ്പെടുകയും ഒരു പുഞ്ചിരി സമ്മാനം നല്കാനും പ്രോത്സാഹനത്തിന്റെ ഒരു വാക്കു പറയാനും പൊതുവായ നിസ്സംഗതയ്ക്കിടയിൽ കേൾക്കാനുംവേണ്ടി എല്ലാം മാറ്റി വയ്ക്കാൻ മനസ്സു കാണിക്കുകയും ചെയ്യുന്നു. എല്ലാ ദിവസവും ഇതു ചെയ്യാൻ നാം പരിശ്രമിച്ചാൽ, ആരോഗ്യകരമായ ഒരു സാമൂഹിക അന്തരീക്ഷം സൃഷ്ടിക്കാൻ നമുക്കു കഴിയും. ആ അന്തരീക്ഷത്തിൽ തെറ്റിദ്ധാരണകളെ കീഴടക്കാനും സംഘട്ടനത്തെ മുൻകൂട്ടി പ്രതിരോധിക്കാനും കഴിയും. ദയ വളർത്തപ്പെടണം. അത് ഉപരിപ്ലവമായ ഇടത്തരം സദ്ഗുണമല്ല. മറ്റുള്ളവരെ വിലമതിക്കുകയും മറ്റുള്ളവരോടു ബഹുമാനം കാണിക്കുകയും ചെയ്യുന്നതുകൊണ്ടു തന്നെ കാരുണ്യം സമൂഹത്തിൽ ഒരു സംസ്കാരമായിത്തീരുന്നു. ജീവിതശൈലികളെയും ബന്ധങ്ങളെയും രൂപാന്തരപ്പെടുത്തും. ആശയങ്ങളെ ചർച്ചാവിഷയമാക്കുകയും താരതമ്യപ്പെടുത്തുകയും ചെയ്യുന്ന മാർഗങ്ങളെയും പരിവർത്തന വിധേയമാക്കും. ദയ അഭിപ്രായൈക്യത്തിനുള്ള അന്വേഷണത്തെ സുഗമമാക്കും. ശത്രുതയും സംഘർഷവും പാലങ്ങൾ കത്തിക്കുവാൻ സാധ്യതയുള്ള സ്ഥലത്ത് അത് പുതിയ പാതകൾ തുറക്കും.

## അധ്യായം ഏഴ്
# നവീകൃത കണ്ടുമുട്ടലിന്റെ പാതകൾ

225. ലോകത്തിന്റെ പലഭാഗങ്ങളിലും, വിവൃതമായ മുറിവുകളെ സുഖപ്പെടുത്താൻ സമാധാനത്തിന്റെ പാതകൾ ആവശ്യമുണ്ട്. സുഖപ്പെടലിന്റെയും നവീകൃത കണ്ടുമുട്ടലിന്റെയും പ്രക്രിയകൾ തുടങ്ങാൻ ശാരീരികമായും ക്രിയാത്മകമായും അധ്വാനിക്കാൻ തയ്യാറുള്ള സമാധാനസ്ഥാപകരായ സ്ത്രീ പുരുഷന്മാരെയും ആവശ്യമുണ്ട്.

## I. സത്യത്തിൽ നിന്ന് പുനരാരംഭിക്കാം

226. നവീകൃതകണ്ടുമുട്ടൽ എന്നതിന് സംഘട്ടനങ്ങൾക്ക് മുമ്പുള്ള കാലത്തേക്കു തിരിച്ചുപോവുക എന്നർത്ഥമില്ല. നമുക്ക് എല്ലാവർക്കും സമയം കൊണ്ടു മാറ്റംവരുന്നു. വേദനയും സംഘർഷവും നമ്മെ പരിവർത്തിതരാക്കുന്നു. ശൂന്യമായ നയതന്ത്രപരത, കാപട്യം, കപടഭാഷണം, മറച്ചുവയ്ക്കപ്പെട്ട പരിപാടികൾ, യാഥാർത്ഥ്യത്തെ മൂടിപ്പൊതിഞ്ഞിട്ടുള്ള നല്ല പെരുമാറ്റം എന്നിവ നമുക്ക് ഇനി ആവശ്യമില്ല. കൊടും ശത്രുക്കളായിരുന്നവർ ദൃഢവും വ്യക്തവുമായ സത്യത്തിൽ നിന്ന് സംസാരിക്കേണ്ടിയിരിക്കുന്നു. തങ്ങളുടെ ദുഃഖങ്ങളും പ്രശ്നങ്ങളും പദ്ധതികളും കൊണ്ട് ഭാവിയെ മേഘാവൃതമാക്കാതിരിക്കാനുതകുംവിധം ഭൂതകാലത്തെ സ്വീകരിക്കാൻ ഒരു പശ്ചാത്താപ സ്മരണ വളർത്തുന്നതെങ്ങനെയെന്ന് അവർ പഠിക്കണം. അവർ തങ്ങളെത്തന്നെ സംഭവങ്ങളുടെ ചരിത്രപരമായ സത്യത്തിനുമേൽ അടിയുറപ്പിച്ചെങ്കിൽ മാത്രമേ പരസ്പരം മനസ്സിലാക്കാനും എല്ലാവരുടേയും നന്മയ്ക്കുവേണ്ടി പുതിയൊരു ഉദ്ഗ്രഥനത്തിനായി വിശാലവും സ്ഥിരവുമായ പരിശ്രമം ചെയ്യാനും സാധിക്കുകയുള്ളൂ. ഓരോ "സമാധാന പ്രക്രിയയ്ക്കും സ്ഥായിയായ പ്രതിജ്ഞാബദ്ധത ആവശ്യമുണ്ട്. സത്യവും നീതിയും അന്വേഷിക്കാനും ഇരകളായിത്തീർന്നവരെക്കുറിച്ചുള്ള ഓർമ്മയെ ആദരിക്കാനും

പ്രതികാരത്തിനുള്ള ആഗ്രഹത്തെക്കാൾ ശക്തമായ പ്രത്യാശ പങ്കുവയ്ക്കാനുമുള്ള വഴി പടിപടിയായി തുറക്കാനും ക്ഷമാപൂർവകമായ പരിശ്രമം ആവശ്യമാണ്."[209] വീണ്ടും വീണ്ടും ഉണ്ടാകുന്ന ഒരു സംഘട്ടനത്തെപ്പറ്റി കോംഗോയിലെ മെത്രാന്മാർ ഇങ്ങനെ. പറഞ്ഞു: "കടലാസിലുള്ള സമാധാന ഉടമ്പടികൾ മതിയാവുകയില്ല. വീണ്ടും വീണ്ടും ഉണ്ടാകുന്ന ഈ സംഘർഷത്തിന്റെ ഉത്പത്തികളെപ്പറ്റിയുള്ള സത്യത്തിന്റെ ആവശ്യങ്ങളെ ആദരിച്ചുകൊണ്ട് നമ്മൾ ഇനിയും മുമ്പോട്ടു പോകേണ്ടിയിരിക്കുന്നു. എന്താണ് സംഭവിച്ചതെന്ന് അറിയാൻ ജനങ്ങൾക്ക് അവകാശമുണ്ട്."[210]

227. "സത്യം യഥാർത്ഥത്തിൽ, നീതിയുടെയും കാരുണ്യത്തിന്റെയും വേർപിരിയാനാവാത്ത സഹഗാമിയാണ്. സമാധാനം സ്ഥാപിക്കാൻ അവ മൂന്നും ഒന്നിച്ച് ആവശ്യമാണ്. കൂടാതെ, പരിണാമവിധേയമാകുന്നതിൽ നിന്ന് ഓരോന്നും മറ്റൊന്നിനെ തടയുന്നുമുണ്ട്. സത്യം പ്രതികാരത്തിലേക്കല്ല  പിന്നെയോ അനുരഞ്ജനത്തിലേക്കും ക്ഷമയിലേക്കുമാണ് നയിക്കേണ്ടത്. കാണാതായ സ്വന്തക്കാർക്ക് എന്തു സംഭവിച്ചുവെന്ന് വേദനകൊണ്ട് കീറി എറിയപ്പെട്ട അവരുടെ കുടുംബങ്ങളോടു പറയുകയെന്നാണ് സത്യത്തിന്റെ അർത്ഥം. ക്രൂരന്മാരും അക്രമികളുമായ ആളുകൾ തങ്ങളോടുചേർത്ത പ്രായപൂർത്തിയാകാത്ത കുട്ടികൾക്ക് എന്തുസംഭവിച്ചുവെന്ന് ഏറ്റു പറയുകയെന്നതാണ് സത്യത്തിന്റെ അർത്ഥം. അക്രമത്തിന്റെയും ദുരുപയോഗത്തിന്റെയും ഇരകളായിത്തീർന്ന സ്ത്രീകളുടെ വേദന തിരിച്ചറിയുകയെന്നതാണ് സത്യത്തിന്റെ അർത്ഥം... മനുഷ്യജീവിക്കെതിരേ ചെയ്യപ്പെട്ട ഓരോ അക്രമ പ്രവൃത്തിയും മനുഷ്യവംശത്തിന്റെ ശരീരത്തിലെ ഒരു മുറിവാണ്. അക്രമത്തിന്റെ ഫലമായുള്ള ഓരോ മരണവും ജനതയെന്ന നിലയിൽ നമ്മെ ചെറുതാക്കുന്നു..... അക്രമം കൂടുതൽ അക്രമത്തിലേക്കു നയിക്കുന്നു. വിദ്വേഷം കൂടുതൽ വിദ്വേഷത്തിലേക്കും മരണം കൂടുതൽ മരണത്തിലേക്കും നയിക്കുന്നു...... ഒഴിവാക്കി രക്ഷപ്പെടാൻ സാധ്യമല്ലെന്ന് തോന്നുന്ന ഈ ചാക്രികാവൃത്തിയെ നമ്മൾ തകർക്കണം."[211]

## II. സമാധാനത്തിന്റെ കലയും ശില്പവിദ്യയും

228. സമാധാനത്തിലേക്കുള്ള വഴി എന്നതിന്റെ അർത്ഥം സമൂഹത്തെ മൃദുവായ ഏകരൂപമാക്കുകയെന്നല്ല. പിന്നെയോ ഓരോ വ്യക്തിയും ഗുണകരമായ ലക്ഷ്യങ്ങളെ പ്രാപിക്കാൻ എല്ലാ ജനങ്ങളും ഒന്നിച്ച്, നിരയ്ക്കു നിന്ന് അധ്വാനിക്കുവാൻ സഹായിക്കുകയെന്നതാണ്.

പങ്കുവയ്ക്കപ്പെട്ട ലക്ഷ്യങ്ങൾ നേടാനും പൊതുനന്മയെ സേവിക്കാനും സഹായിക്കാനും വിവിധ പ്രായോഗിക നിർദ്ദേശങ്ങൾക്കും വ്യത്യസ്ത അനുഭവങ്ങൾക്കും സാധിക്കും. ഒരു സമൂഹം അനുഭവിക്കുന്ന പ്രശ്നങ്ങൾ അറിയുന്നതിനും പരിഹരിക്കുന്നതിനുമുള്ള വ്യത്യസ്ത മാർഗങ്ങളെ വിലമതിക്കാൻ അവ വ്യക്തമായി തിരിച്ചറിയേണ്ടതുണ്ട്. അപരർ തെറ്റിലായിരുന്നെങ്കിലും, മോശമായി പ്രവർത്തിച്ചിട്ടുണ്ടെങ്കിലും, അവർക്ക് ഭാഗികമായെങ്കിലും നിയമാനുസൃതമായ ഒരു വീക്ഷണമുണ്ടെന്ന, സംഭാവന ചെയ്യാൻ യോഗ്യമായ എന്തെങ്കിലും അവരുടെ പക്കലുണ്ടെന്ന, ഒരു സാധ്യത അംഗീകരിക്കുക എന്നത് സാമൂഹികൈക്യത്തിലേക്കുള്ള പാതയുടെ ഭാഗമാണ്. "നമ്മൾ മറ്റുള്ളവരെ, അവർ പറയുകയോ പ്രവർത്തിക്കുകയോ ചെയ്തിട്ടുള്ളതിലേക്ക് ഒതുക്കി നിറുത്തരുത്; പിന്നെയോ, അവർ ഉൾക്കൊണ്ടിരിക്കുന്ന വാഗ്ദാനത്തെപ്രതി അവരെ വിലമതിക്കണം".[212] പുത്തൻ പ്രത്യാശയുടെ ഒരു തീപ്പൊരി എപ്പോഴും പുലർത്തുന്ന വാഗ്ദാനമാണത്.

229. യഥാർത്ഥമായ അനുരഞ്ജനം നേടുന്നത് സർഗാത്മകമായി ആണെന്ന് സൗത്ത് ആഫ്രിക്കയിലെ മെത്രാന്മാർ ചൂണ്ടിക്കാണിച്ചു: ആധിപത്യം ഉറപ്പിക്കാനുള്ള ആഗ്രഹത്തെക്കാൾ മറ്റുള്ളവർക്ക് സേവനം ചെയ്യുകയെന്നതിൽ അടിയുറപ്പിച്ച ഒരു സമൂഹത്തെ, ആവുന്നത്ര സമ്പത്തു നേടുന്നതിനുവേണ്ടി ഓരോരുത്തനും സ്വാർത്ഥതയോടെ മത്സരിക്കാതെ, ഒരുവനുള്ളത് മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിൽ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ഒരു പുതിയ സമൂഹത്തെ, കുടുംബമോ രാഷ്ട്രമോ വംശമോ, സംസ്കാരമോ ആധാരമാക്കിയുള്ള ചെറിയ ഗ്രൂപ്പിനെക്കാൾ മനുഷ്യർ ഒന്നിച്ചു കഴിയുക എന്ന മൂല്യത്തിന് ആത്യന്തികമായി കൂടുതൽ പ്രാധാന്യമുള്ള ഒരു നവീന സമൂഹത്തെ രൂപപ്പെടുത്തുന്നതുവഴിയാണ് അത് സാധിക്കുന്നത്."[213] ദക്ഷിണകൊറിയയിലെ മെത്രാന്മാർ ചൂണ്ടിക്കാണിച്ചതുപോലെ, യഥാർത്ഥ സമാധാനം നേടാൻ കഴിയുന്നത് "അനുരഞ്ജനത്തിനും പരസ്പര വികസനത്തിനും വേണ്ടി പരിശ്രമിച്ചുകൊണ്ട് സംവാദത്തിലൂടെ നീതിക്കുവേണ്ടി നാം പരിശ്രമിക്കുമ്പോഴാണ്."[214]

230. വ്യക്തികൾ എന്ന നിലയിലുള്ള നമ്മുടെ തനിമ നഷ്ടപ്പെടാതെ, നമ്മുടെ വിഭാഗീയതകളെ അതിജീവിക്കാനുള്ള പരിശ്രമത്തിന് മൗലികമായ ഒരു ബന്ധബോധം എല്ലാവരിലും സന്നിഹിതമാണ് എന്ന നിഗമനത്തിന്റെ ആവശ്യമുണ്ട്. യഥാർത്ഥത്തിൽ "ഓരോ

വ്യക്തിയും ഓരോ സാമൂഹിക ഗ്രൂപ്പും സ്വസ്ഥത അനുഭവിക്കുമ്പോൾ സമൂഹമാണ് ഗുണം നേടുന്നത്. ഒരു കുടുംബത്തിൽ, മാതാപിതാക്കളും അവരുടെ മാതാപിതാക്കളും കുട്ടികളും സ്വസ്ഥത അനുഭവിക്കുന്നു. ആരും ഒഴിവാക്കപ്പെടുന്നില്ല. ഒരാൾക്ക് ഒരു പ്രശ്നമുണ്ടെങ്കിൽ അത് ഗൗരവപൂർണമാണെങ്കിലും, അവൻ തന്നെയാണ് അതിന്റെ കാരണക്കാരനെങ്കിലും, കുടുംബത്തിലെ മറ്റുള്ളവർ അവനെ സഹായിക്കാൻ വരുന്നു, അവർ അവനെ പിന്താങ്ങുന്നു. അവന്റെ പ്രശ്നങ്ങൾ അവരുടേതാണ്... കുടുംബങ്ങളിൽ ഓരോ വ്യക്തിയും പൊതുലക്ഷ്യം നേടാൻ സംഭാവന ചെയ്യുന്നു, ഓരോ വ്യക്തിയും പൊതുനന്മയ്ക്കുവേണ്ടി അധ്വാനിക്കുന്നു. ഓരോ വ്യക്തിയുടെയും വ്യക്തിത്വത്തെ നിഷേധിക്കാതെ അതിനെ പ്രോത്സാഹിപ്പിച്ചുകൊണ്ടും പിൻതാങ്ങിക്കൊണ്ടും അങ്ങനെ ചെയ്യുന്നു. അവർ വഴക്കു കൂടിയേക്കാം, പക്ഷേ, മാറ്റമില്ലാത്ത ഒന്നുണ്ട്: കുടുംബബന്ധം. കുടുംബപരമായ തർക്കങ്ങൾ എന്നും പിന്നീടും പരിഹരിക്കുന്നുണ്ട്. അതിലെ ഓരോ വ്യക്തിയുടെയും സന്തോഷങ്ങളും ദുഃഖങ്ങളും എല്ലാവരും അനുഭവിക്കുന്നു. അതാണ് ഒരു കുടുംബമായിരിക്കുക എന്നതിന്റെ അർത്ഥം. നാം നമ്മുടെ കുട്ടികളെയോ ഇണയെയോ അമ്മയെയോ അപ്പനെയോ കാണുന്ന അതേ രീതിയിൽത്തന്നെ നമ്മുടെ രാഷ്ട്രീയ എതിരാളികളെയും അല്ലെങ്കിൽ അയൽക്കാരെയും കാണാനെങ്കിലും കഴിഞ്ഞെങ്കിൽ! നാം നമ്മുടെ സമൂഹത്തെ സ്നേഹിക്കുന്നുണ്ടോ? അതോ അത് നമ്മിൽ നിന്ന് അകലെയുള്ള ഒന്നാണോ? നമ്മെ ഉൾപ്പെടുത്താത്ത, പേരറിയാത്ത ഒന്നാണോ? നമ്മളിൽ അന്തർഭവിക്കാത്ത ഒന്നാണോ?”[215]

231. സമാധാനത്തിലേക്കുള്ള വസ്തുനിഷ്ഠമായ പാതകൾ രൂപപ്പെടുത്തുന്നതിന് കൂടിയാലോചന നടത്തി പരസ്പരധാരണയിലെത്തുകയെന്നത് മിക്കപ്പോഴും അത്യാവശ്യമായിത്തീരുന്നു. എന്നാലും, ശാശ്വത സമാധാനത്തിലേക്കു നയിക്കുന്ന മാറ്റത്തിന്റെ പ്രക്രിയകൾ ചെയ്യുന്നത് സർവോപരി ജനങ്ങളാണ്. ഓരോ വ്യക്തിക്കും, അവനോ അവളോ ഓരോ ദിവസവും ജീവിക്കുന്ന രീതികൊണ്ട് കാര്യക്ഷമമായ പുളിമാവാകാൻ സാധിക്കും. വലിയ മാറ്റങ്ങൾ ഡസ്കുകളുടെ പിന്നിലോ ഓഫീസുകളിലോ അല്ല ഉത്പാദിക്കപ്പെടുന്നത്. അതിന്റെ അർത്ഥം ഇതാണ്: “ഓരോ വ്യക്തിക്കും ഒറ്റപ്പെട്ട വലിയ സർഗാത്മക പ്രോജക്ടിൽ മൗലികമായ ഒരു ഭാഗം നിർവഹിക്കാനുണ്ട്: ചരിത്രത്തിന്റെ ഒരു പുതിയ താൾ രചിക്കുക, പ്രത്യാശയും സമാധാനവും അനുരഞ്ജനവും നിറഞ്ഞ ഒരു താൾ”[216] സമാധാനത്തിന്റെ ഒരു

"ശില്പവിദ്യ" ഉണ്ട്. അതിലേക്ക് സമൂഹത്തിന്റെ വിവിധ സ്ഥാപനങ്ങൾ, ഓരോ സ്ഥാപനവും സ്വന്തം വൈദഗ്ധ്യത്തിന്റെ മണ്ഡലമനുസരിച്ച്, സംഭാവന ചെയ്യുന്നു. എന്നാൽ സമാധാനത്തിന്റെ ഒരു "കല"യും ഉണ്ട്. അത് നമ്മെ എല്ലാവരെയും ഉൾക്കൊള്ളിക്കുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സമാധാന പ്രക്രിയകൾ സംഭവിച്ചിട്ടുണ്ട്. അവയിൽനിന്ന് "നമ്മൾ ഒരു കാര്യം പഠിച്ചിട്ടുണ്ട്. അതായത്, സമാധാനം സൃഷ്ടിക്കുന്നതിന്റെയും യുക്തിയെ പ്രതികാരമോഹത്തിനുപരി സ്ഥാപിക്കുന്നതിന്റെയും രാഷ്ട്രീയത്തിനും നിയമത്തിനും ഇടയിൽ മാധുര്യമുള്ള സമന്വയം സ്ഥാപിക്കുന്നതിന്റെയും ഈ മാർഗങ്ങൾക്ക് സാധാരണ ജനത്തിന്റെ ഉൾപ്പെടൽ അവഗണിക്കാൻ സാധ്യമല്ല. സദുദ്ദേശ്യമുള്ള രാഷ്ട്രീയമോ സാമ്പത്തികമോ ആയ ഗ്രൂപ്പുകൾ തമ്മിൽ മാതൃകാപരമായ ചട്ടക്കൂടുകൾകൊണ്ടും സദുദ്ദേശ്യമുള്ള രാഷ്ട്രീയ ഗ്രൂപ്പുകളോ സാമ്പത്തിക ഗ്രൂപ്പുകളോ തമ്മിലുണ്ടാകുന്ന സ്ഥാപനപരമായ ക്രമവത്കരണംകൊണ്ടും സമാധാനം നേടാനാവുകയില്ല......... നമ്മുടെ സമാധാന സംസ്ഥാപനപ്രക്രിയകളിൽ മിക്കപ്പോഴും അവഗണിക്കപ്പെട്ട വിഭാഗങ്ങളുടെ അനുഭവം കൂട്ടിച്ചേർക്കുന്നത് എപ്പോഴും സഹായകമാണ്. സമൂഹങ്ങൾക്കുതന്നെ ഒരു സഞ്ചിത സ്മരണയുടെ വികസനത്തെ സ്വാധീനിക്കാൻ സാധിക്കുന്നതിനാണത്."[217]

232. ഒരു രാജ്യത്തിന്റെ സാമൂഹിക സമാധാനം പടുത്തുയർത്തുന്നതിന് അവസാനമില്ല. അതു "തുടർച്ചയായിട്ടുള്ള പരിശ്രമമാണ്. ഒരിക്കലും അവസാനിക്കാത്ത ജോലിയാണ്. അതിന് എല്ലാവരുടെയും സമർപ്പണം ആവശ്യമാണ്. രാഷ്ട്രത്തിന്റെ പടുത്തുയർത്തലിൽ വിശ്രമമില്ലാതെ അധ്വാനിക്കാൻ അതു വെല്ലുവിളിക്കുന്നു. സമാധാനപൂർണമായ സഹാസ്തിത്വം പ്രാപിക്കാനുള്ള വഴിയിൽ തടസ്സങ്ങളും വ്യത്യാസങ്ങളും മാറിക്കൊണ്ടിരിക്കുന്ന വീക്ഷണങ്ങളും ഉണ്ടെങ്കിലും, 'കണ്ടുമുട്ടലിന്റെ സംസ്കാരത്തെ' വളർത്താനുള്ള കഠിനാധ്വാനത്തിൽ സ്ഥിരം നിലനിൽക്കാൻ ഈ കടമ നമ്മെ വിളിച്ചുകൊണ്ടിരിക്കുന്നു. പൊതുനന്മയ്ക്കുവേണ്ടി പരമോന്നത മഹത്ത്വവും ആദരവും ആസ്വദിക്കുന്ന മനുഷ്യവ്യക്തിയെ രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവുമായ എല്ലാ പ്രവർത്തനങ്ങളുടെയും കേന്ദ്രത്തിൽ സ്ഥാപിക്കുകയെന്നത് ഇതിന് ആവശ്യമാണ്. പകരം വീട്ടാനുള്ള പ്രലോഭനത്തിൽ നിന്നും താത്കാലിക പാർട്ടി പക്ഷാവലംബന സംതൃപ്തിയിൽ നിന്നും ഓടിപ്പോകാൻ ഈ തീരുമാനം നമ്മെ രക്ഷിക്കട്ടെ."[218] ഒരു ഭാഗത്തുനിന്നോ മറ്റെഭാഗത്തുനിന്നോ ഉണ്ടാകുന്ന അക്രമാസക്ത

മായ പൊതുപ്രകടനങ്ങൾ, പരിഹാരമാർഗങ്ങൾ കണ്ടെത്താൻ സഹായിക്കുകയില്ല. കൊളുംബിയായിലെ മെത്രാന്മാർ ശരിയായി ശ്രദ്ധിച്ചിട്ടുള്ളതുപോലെ, അതിന്റെ പ്രധാന കാരണം ഇതാണ്: "പൗര പ്രകടനങ്ങളുടെ ഉത്പത്തികളും ലക്ഷ്യങ്ങളും എപ്പോഴും വ്യക്തമല്ല. രാഷ്ട്രീയ കൃത്രിമം കാണിക്കലിന്റെ ചില രൂപങ്ങൾ ഉണ്ടായിരിക്കും. പാർട്ടി പക്ഷാവലംബനപരമായ താത്പര്യങ്ങൾക്കുവേണ്ടി അവ ചൂഷണം ചെയ്യുന്നു."[219]

## III. ചെറിയവരിൽ നിന്നു തുടങ്ങാം

233. ചരിത്രത്തിന്റെ ഏതെങ്കിലും പ്രക്ഷുബ്ധഘട്ടത്തിൽ വിവിധ പക്ഷങ്ങളെ അവലംബിച്ച ഗ്രൂപ്പുകൾ തമ്മിലുള്ള സൗഹൃദം പുനഃസ്ഥാപിക്കൽ മാത്രമല്ല സാമൂഹിക സൗഹൃദം സ്ഥാപിക്കാൻ ആവശ്യമായിരിക്കുന്നത്. പിന്നെയോ സമൂഹത്തിലെ ഏറ്റവും ദരിദ്രമാക്കപ്പെട്ടതും മുറിവേൽക്കപ്പെടാവുന്നതുമായ വിഭാഗങ്ങളുമായുള്ള നവീകൃതമായ കണ്ടുമുട്ടലും ആവശ്യമാണ്. എന്തെന്നാൽ സമാധാനം യുദ്ധമില്ലായ്മ മാത്രമല്ല. വിശ്രമമില്ലാത്ത ഒരു സമർപ്പണവും ആവശ്യമാണ്, പ്രത്യേകിച്ച്, നമ്മിൽ കൂടുതൽ ഉത്തരവാദിത്വമുള്ളവരുടെ ഭാഗത്തുനിന്ന്. അതായത്, നമ്മുടെ സഹോദരീസഹോദരന്മാർക്കുള്ളതും മിക്കപ്പോഴും ശ്രദ്ധിക്കാതിരിക്കുകയോ അവഗണിക്കപ്പെടുകയോ ചെയ്തിട്ടുള്ളതുമായ മഹത്ത്വത്തെ തിരിച്ചറിയാനും സംരക്ഷിക്കാനും വസ്തുനിഷ്ഠമായി പുനഃസ്ഥാപിക്കാനും ഉത്തരവാദിത്വമുണ്ട്. തങ്ങളുടെ രാഷ്ട്രത്തിന്റെ ഭാഗധേയത്തിന്റെ മുഖ്യ പോരാളികളായി അവർ തങ്ങളെത്തന്നെ കാണുന്നതിനാണത്."[220]

234. മിക്കപ്പോഴും സമൂഹത്തിന്റെ കൂടുതൽ ദുർബലരായ അംഗങ്ങളാണ് സത്യസന്ധമല്ലാത്ത സാമാന്യവത്കരണത്തിന്റെ ഇരകൾ. ചിലപ്പോൾ ദരിദ്രരും പുറന്തള്ളപ്പെട്ടവരും സമൂഹവിരുദ്ധമെന്നു തോന്നാവുന്ന മനോഭാവങ്ങളോടെ പ്രതികരിക്കാറുണ്ട്. അങ്ങനെ ചെയ്യുന്നെങ്കിൽ നാം ഒരു കാര്യം തിരിച്ചറിയണം. അതായത്, പല സംഭവങ്ങളിലും ആ പ്രക്ഷോഭങ്ങൾ അവജ്ഞയുടെയും സാമൂഹിക പുറംതള്ളലിന്റെയും ഒരു ചരിത്രത്തിൽനിന്നു ജനിച്ചതാണ്. ലത്തീൻ അമേരിക്കൻ മെത്രാന്മാർ ഇങ്ങനെ നിരീക്ഷിച്ചിട്ടുണ്ട്: "ഇന്നു ദരിദ്രരുടെ മൂല്യങ്ങളെയും അവരുടെ നിയമാനുസൃതമായ ആഗ്രഹങ്ങളെയും വിശ്വാസം ജീവിക്കുന്നതിന് അവർക്കു സ്വന്തമായുള്ള രീതിയെയും ആഴത്തിൽ വിലമതിക്കാൻ ശക്തരാക്കുന്നതിന് നമ്മെ സുഹൃ

ത്തുക്കളാകുന്ന അടുപ്പത്തിനു മാത്രമേ കഴിയുകയുള്ളു. ദരിദ്രരോടുള്ള സവിശേഷമായ ഇഷ്ടം ദരിദ്രരോടുള്ള സൗഹൃദത്തിലേക്ക് നമ്മെ നയിക്കണം”[221]

235. പ്രശാന്തമായ സാമൂഹിക സഹാസ്തിത്വത്തിനു വേണ്ടി അധ്വാനിക്കുന്നവർ ഒരിക്കലും മറക്കാൻ പാടില്ലാത്ത ഒരു കാര്യമുണ്ട്: അതായത്, അസമത്വവും സമഗ്രമായ മാനുഷിക വികസനത്തിന്റെ അഭാവവും സമാധാനത്തെ അസാധ്യമാക്കും. യഥാർത്ഥത്തിൽ, “അവസരങ്ങളുടെ സമത്വം ഇല്ലാതിരുന്നാൽ, വിവിധ രൂപങ്ങളിലുള്ള അക്രമവും സംഘട്ടനവും തങ്ങൾക്കു വളരാനുള്ള ഫലപുഷ്ടിയുള്ള ഭൂമി കണ്ടുപിടിക്കും. അത് ക്രമേണ പൊട്ടിത്തെറിക്കും. ഒരു സമൂഹം – പ്രാദേശികമോ ദേശീയമോ അല്ലെങ്കിൽ ആഗോളപരമോ ആയാലും – അതിന്റെ തന്നെ ഒരു ഭാഗത്തെ അരികുകളിൽ ഉപേക്ഷിക്കാൻ നിശ്ചയിക്കുമ്പോൾ, പ്രശാന്തതയ്ക്ക് അനന്തമായ ഗ്യാരന്റി നല്കാൻ രാഷ്ട്രീയ പദ്ധതികൾക്കോ നിയമം അടിച്ചേൽപിക്കാൻ ചെലവഴിക്കുന്ന വിഭവങ്ങൾക്കോ നിതാന്തശ്രദ്ധയുള്ള മേൽനോട്ടത്തിനോ സാധിക്കുകയില്ല’’[222] നമ്മൾ പുതുതായി തുടങ്ങണമെങ്കിൽ അത് നമ്മുടെ ഏറ്റവും എളിയ സഹോദരീസഹോദരന്മാരിൽ നിന്നു തുടങ്ങണം.

## IV. മാപ്പുകൊടുക്കലിന്റെ മൂല്യവും അർത്ഥവും

236. അനുരഞ്ജന സംഭാഷണം നടത്താൻ ഇഷ്ടപ്പെടാത്ത ആളുകളുണ്ട്. എന്തെന്നാൽ, സംഘർഷം, സംഘട്ടനം, പ്രവർത്തനശേഷിയുടെ ക്ഷയിക്കൽ എന്നിവ സമൂഹത്തിന്റെ സാധാരണ പ്രവർത്തനത്തിന്റെ ഭാഗങ്ങളാണെന്ന് അവർ കരുതുന്നു. ഏതു മാനുഷിക ഗ്രൂപ്പിലും വ്യത്യസ്ത ഗണങ്ങൾ തമ്മിൽ ഏറെക്കുറെ സൂക്ഷ്മമായ അധികാരസംഘർഷം എപ്പോഴും സംഭവിച്ചുകൊണ്ടിരിക്കും. മറ്റുള്ളവർ വിചാരിക്കുന്നു, മാപ്പുകൊടുക്കലിനെ വളർത്തുന്നത് കീഴടങ്ങലും മറ്റുള്ളവർക്ക് സ്വാധീനശക്തി നല്കലുമാണെന്ന്. ഇക്കാരണത്താൽ വ്യത്യസ്തഗ്രൂപ്പുകൾ തമ്മിൽ അധികാര സന്തുലിതാവസ്ഥ സംരക്ഷിച്ചുകൊണ്ട് കാര്യങ്ങൾ ആയിരിക്കുന്നതുപോലെ തന്നെ വിട്ടേക്കുകയാണ് കൂടുതൽ നല്ലതെന്ന് അവർക്കു തോന്നുന്നു. വേറെ ചിലർ വിശ്വസിക്കുന്നത്, അനുരഞ്ജനം ദുർബലരുടെ അടയാളമാണെന്നാണ്. യഥാർത്ഥത്തിൽ ഗൗരവപൂർണമായ സംവാദത്തിന് കഴിവില്ലാത്തവരായ ദുർബലർ അനീതികളെ വകവയ്ക്കാതെ പ്രശ്നങ്ങളെ ഒഴിവാക്കാൻ ഇഷ്ടപ്പെടുന്നത്രേ.

## V. അനുപേക്ഷണീയ സംഘർഷം

237. ക്ഷമയും അനുരഞ്ജനവും ക്രിസ്തുമതത്തിൽ കേന്ദ്ര പ്രമേയ ങ്ങളാണ്. മറ്റുമതങ്ങളിലും അത് വിവിധ രീതികളിലുണ്ട്. എന്നാൽ, അഗാധമായ ഈ അവബോധങ്ങളുടെ അപര്യാപ്തമായ ധാരണയും അവതരണവും വിധിവാദത്തിലേക്കും (fatalism) വികാരശൂന്യതയി ലേക്കും അനീതിയിലേക്കും - അസഹിഷ്ണുത, അക്രമം എന്നിവ യിലേക്കുപോലും - നയിച്ചെന്നുവരാം എന്ന ഒരു അപകടസാധ്യത യുണ്ട്.

238. യേശു ഒരിക്കലും അക്രമത്തെയോ അസഹിഷ്ണുതയെയോ വളർത്തിയില്ല. മറ്റുള്ളവരുടെ മേൽ അധികാരം നേടാൻ ശക്തി പ്രയോ ഗിക്കുന്നതിനെ അവിടുന്ന് പരസ്യമായി അപലപിച്ചു: "വിജാതീയരുടെ ഭരണകർത്താക്കൾ അവരുടെ മേൽ യജമാനത്വം പുലർത്തുന്നുവെന്നും അവരുടെ പ്രമാണികൾ അവരുടെമേൽ അധികാരം പ്രയോഗിക്കുന്നു വെന്നും നിങ്ങൾക്കറിയാമല്ലോ. എന്നാൽ നിങ്ങളുടെയിടയിൽ അങ്ങ നെയാകരുത്" (മത്താ 20: 25-26). പകരം "ഏഴ് എഴുപതു പ്രാവശ്യം" (മത്താ 18:22) ക്ഷമിക്കാൻ സുവിശേഷം നമ്മോടു പറയുന്നു. ക്ഷമി ക്കപ്പെട്ടവനാണെങ്കിലും മറ്റുള്ളവരോടു ക്ഷമിക്കാൻ കഴിയാത്ത നിർദയനായ സേവകനെപ്പറ്റിയുള്ള ഉപമ അവിടുന്നു നമ്മോടു പറയു കയും ചെയ്യുന്നു (cf. മത്താ 18:23-35).

239. ആദിമ ക്രൈസ്തവസമൂഹങ്ങൾ വ്യാപകമായ അഴിമതിയും വഴിപിഴയ്ക്കലുംകൊണ്ടു മുദ്രിതമായ പേഗൻ ലോകത്തിൽ ജീവി ക്കുമ്പോൾ നിരന്തര ക്ഷമയും സഹിഷ്ണുതയും ധാരണയും കാണി ക്കാൻ എങ്ങനെ പരിശ്രമിച്ചുവെന്ന് പുതിയ നിയമത്തിലെ മറ്റു പാഠങ്ങൾ വായിക്കുമ്പോൾ നമുക്കു കാണാം. ഇതിനെ സംബന്ധിച്ച്, ചില പാഠങ്ങൾ വളരെ വ്യക്തമാണ്: നമ്മുടെ എതിരാളികളെ "സൗമ്യ തയോടെ" (2 തിമോ 2:25) തിരുത്തുവാൻ നമ്മോട് ആവശ്യപ്പെട്ടി രിക്കുന്നു: "ആരെയുംപറ്റി തിന്മ പറയാതിരിക്കാനും കലഹങ്ങളിൽ നിന്ന് ഒഴിഞ്ഞു നിൽക്കാനും സൗമ്യരായിരിക്കാനും എല്ലാ മനുഷ്യ രോടും തികഞ്ഞ മര്യാദ പ്രകടിപ്പിക്കാനും നീ അവരെ ഉദ്ബോധി പ്പിക്കുക. എന്തെന്നാൽ നാം തന്നെയും ഒരു കാലത്ത് മൂഢന്മാർ... ആയിരുന്നു" (തീത്തോ 3:2-3). ശിഷ്യന്മാർ ചില അധികാരികളാൽ പീഡിപ്പിക്കപ്പെട്ടിരുന്നെങ്കിലും "എല്ലാ മനുഷ്യരുടെയും സംതൃപ്തി ക്കുപാത്രമായി" എന്ന് അപ്പസ്തോലപ്രവർത്തനങ്ങളിൽ വ്യക്തമാ ക്കിയിരിക്കുന്നു. (2:47; cf. 4:21, 33; 5:13).

240. എന്നാലും, ക്ഷമ, സമാധാനം, സാമൂഹിക സമന്വയം എന്നിവയെപ്പറ്റി ചിന്തിക്കുമ്പോൾ ക്രിസ്തുവിന്റെ ഞെട്ടിക്കുന്ന വാക്കുകളും നാം കണ്ടുമുട്ടുന്നുണ്ട്: "ഭൂമിയിൽ സമാധാനമാണ് ഞാൻ കൊണ്ടുവന്നിരിക്കുന്നതെന്ന് നിങ്ങൾ വിചാരിക്കരുത്; സമാധാനമല്ല, വാളാണ് ഞാൻ കൊണ്ടുവന്നിരിക്കുന്നത്. എന്തെന്നാൽ ഒരുവനെ തന്റെ പിതാവിനെതിരായും മകളെ അമ്മയ്ക്കെതിരായും ഭിന്നിപ്പിക്കാനാണ് ഞാൻ വന്നിരിക്കുന്നത്. സ്വന്തം കുടുംബത്തിൽ പെട്ടവർ തന്നെയായിരിക്കും ഒരുവന്റെ ശത്രുക്കൾ" (മത്താ 10:34–36). ഈ വാചകങ്ങളെ അവ കാണപ്പെടുന്ന അധ്യായത്തിന്റെ സാഹചര്യത്തിൽവേണം നാം മനസ്സിലാക്കാൻ. യേശു എന്തിനെപ്പറ്റിയാണു പറയുന്നതെന്ന് അവിടെ വ്യക്തമാകുന്നു. അവിടന്നു പറയുന്നത് അവിടത്തെ അനുഗമിക്കാനുള്ള നമ്മുടെ തീരുമാനത്തോട് ഉണ്ടായിരിക്കേണ്ട വിശ്വസ്തതയെക്കുറിച്ചാണ്. ആ തീരുമാനത്തെപ്പറ്റി നാം ലജ്ജിക്കരുത്. അത് വിവിധതരം പ്രയാസങ്ങൾ ഉണ്ടാക്കുമെങ്കിലും നമ്മൾ സ്നേഹിക്കുന്നവർ അത് സ്വീകരിക്കാതിരുന്നാൽ പോലും നാം ലജ്ജിക്കരുത്. ക്രിസ്തുവിന്റെ വാക്കുകൾ നമ്മെ സംഘർഷം തേടാൻ പ്രോത്സാഹിപ്പിക്കുന്നില്ല. അനുപേക്ഷണീയമാംവിധം അതു വരുമ്പോൾ സഹിക്കാനാണ് പ്രോത്സാഹിപ്പിക്കുന്നത്. നമ്മുടെ കുടുംബങ്ങളിലോ സമൂഹത്തിലോ സങ്കല്പിക്കപ്പെടുന്ന സമാധാനത്തിനായി മറ്റുള്ളവരോടുള്ള വഴങ്ങൽ നമ്മുടെ തന്നെ വിശ്വസ്തതയെ എടുത്തുകളയാതിരിക്കാനാണത്. വിശുദ്ധ ജോൺ പോൾ രണ്ടാമൻ ഇങ്ങനെ നിരീക്ഷിക്കുന്നു: "സഭ സാമൂഹിക സംഘട്ടനത്തിന്റെ സാധ്യമായ എല്ലാ രൂപങ്ങളെയും അപലപിക്കാൻ ഉദ്ദേശിക്കുന്നില്ല. ചരിത്രഗതിയിൽ വ്യത്യസ്ത സാമൂഹിക ഗ്രൂപ്പുകൾ തമ്മിൽ താത്പര്യസംബന്ധമായ സംഘർഷങ്ങൾ ഒഴിവാക്കാനാവാത്തവിധം ഉണ്ടാകുമെന്ന് സഭയ്ക്കു നന്നായിട്ട് അറിയാം. അത്തരം സംഘർഷങ്ങളുടെ മുമ്പിൽ ക്രൈസ്തവർ മിക്കപ്പോഴും സത്യസന്ധവും സുനിശ്ചിതവുമായ ഒരു നിലപാടു സ്വീകരിക്കണമെന്നും അറിയാം."[223]

## VI. നിയമാനുസൃത സംഘട്ടനവും ക്ഷമയും

241. നമ്മുടെ അവകാശങ്ങളെ പരിത്യജിക്കേണ്ടിവരുമ്പോഴും അഴിമതിയുള്ള ഉദ്യാഗസ്ഥരെയും കുറ്റവാളികളെയും അല്ലെങ്കിൽ നമ്മുടെ മഹത്ത്വത്തെ തരംതാഴ്ത്തുന്നവരെയും നേരിടേണ്ടി വരുമ്പോഴും ക്ഷമ ആവശ്യമുണ്ടെന്ന് ഇതിന് അർത്ഥമില്ല. എല്ലാവരെയും, അപവാദമില്ലാതെ, സ്നേഹിക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. അതേ

സമയം, നമ്മെ പീഡിപ്പിക്കുന്നവനെ സ്നേഹിക്കുകയെന്നതിന് നമ്മെ പീഡിപ്പിക്കുന്നവരെ പീഡിപ്പിച്ചുകൊണ്ടിരിക്കാൻ അനുവദിക്കുക എന്ന് അർത്ഥമില്ല. അല്ലെങ്കിൽ അയാൾ ചെയ്യുന്നത് സ്വീകാര്യമായ കാര്യമാണെന്ന് ചിന്തിക്കാൻ അയാളെ അനുവദിക്കുകയെന്ന് അർത്ഥമില്ല. നേരെമറിച്ച്, ഒരു പീഡകനോടുള്ള യഥാർത്ഥമായ സ്നേഹത്തിന്റെ അർത്ഥം ഇതാണ്: അയാൾ പീഡനം അവസാനിപ്പിക്കാനുള്ള വഴികൾ അന്വേഷിക്കുക. എങ്ങനെ ഉപയോഗിക്കണമെന്ന് അയാൾക്ക് അറിയാൻ പാടില്ലാത്തതും സ്വന്തം മനുഷ്യത്വത്തെയും മറ്റുള്ളവരുടെ മനുഷ്യത്വത്തെയും ലഘൂകരിക്കുന്നതുമായ അധികാരത്തെ അയാളിൽ നിന്നു മാറ്റിക്കളയുക എന്നാണ് അതിനർത്ഥം. പീഡകരെ അവരുടെ മഹത്ത്വത്തെയും മറ്റുള്ളവരുടെ മഹത്ത്വത്തെയും ചവിട്ടി മെതിച്ചുകൊണ്ടിരിക്കാൻ, കുറ്റവാളികളെ കുറ്റകൃത്യങ്ങൾ ചെയ്യുന്നതു തുടർന്നുകൊണ്ടിരിക്കാൻ, ക്ഷമിക്കൽ അനുവദിക്കുന്നില്ല. അനീതി അനുഭവിച്ചുകൊണ്ടിരിക്കുന്നവർ തങ്ങളുടെയും തങ്ങളുടെ കുടുംബത്തിന്റെയും അവകാശങ്ങളെ കഠിനശ്രമം ചെയ്തുകൊണ്ട് പരിരക്ഷിക്കണം. ദൈവത്തിൽ നിന്ന് സ്നേഹപൂർവകമായ സമ്മാനമെന്ന നിലയിൽ സ്വീകരിച്ച അവരുടെ മഹത്ത്വത്തെ അവർ സംരക്ഷിക്കണമെന്നതു തന്നെയാണ് അതിന്റെ അർത്ഥം. ഒരു കുറ്റവാളി എന്നെയോ ഞാൻ സ്നേഹിക്കുന്ന വ്യക്തിയെയോ ദ്രോഹിച്ചാൽ അയാളോ വേറെ ആരെങ്കിലുമോ എന്നെയോ മറ്റുള്ളവരെയോ ദ്രോഹിക്കുകയില്ലെന്ന് ഉറപ്പുവരുത്താൻ വേണ്ടി ഞാൻ നീതി ആവശ്യപ്പെടരുതെന്ന് കല്പിക്കാൻ ആർക്കും അവകാശമില്ല. നീതി ആവശ്യപ്പെടുകയെന്നത് തികച്ചും നീതിപൂർവകമാണ്. ക്ഷമ അതിനെ നിഷേധിക്കുന്നില്ല. പിന്നെയോ യഥാർത്ഥത്തിൽ ആവശ്യപ്പെടുകയാണ് ചെയ്യുന്നത്.

242. സുപ്രധാന കാര്യം കോപത്തെ ആളിക്കത്തിക്കുകയെന്നതല്ല. അത് നമ്മുടെ ആത്മാവിനും മറ്റുള്ളവരുടെ ആത്മാവിനും ദോഷകരമാണ്. മറ്റുള്ളവനെതിരേ ആവേശത്തോടെ പ്രതികാരം ചെയ്യുകയോ അവനെ നശിപ്പിക്കുകയോ ചെയ്യുന്നതുമല്ല. ഒരുത്തനും ആ വിധത്തിൽ സമാധാനത്തിൽ എത്തിച്ചേരാനോ സ്വാഭാവിക ജീവിതത്തിലേക്ക് തിരിച്ചുപോകാനോ സാധിക്കുകയില്ല. സത്യം ഇതാണ്: പകയും പ്രതികാരവുമാണ് ഐക്യപ്പെടുത്തുന്നതും ഒന്നിപ്പിക്കുന്നതും വ്യത്യസ്തതകളെ പരിഹരിക്കുന്നതുമായ ശക്തിയെങ്കിൽ, ഒരു കുടുംബത്തിനും ഒരു അയൽപക്കഗണത്തിനും ഒരു വംശീയഗ്രൂപ്പിനും ഭാവിയില്ല; രാഷ്ട്രത്തിന് അത്രപോലുമുണ്ടാവുകയില്ല. പകവീട്ടാൻ വേണ്ടി

സന്ധിചെയ്യാനോ ഐക്യപ്പെടാനോ നമുക്കു സാധ്യമല്ല. മറ്റുള്ളവർ നമ്മോടു കാണിച്ച അതേ അക്രമം അവരോടു കാണിക്കാനോ നിയമപരമായ ആനുകൂല്യങ്ങളെന്ന് തോന്നിക്കുന്ന ആനുകൂല്യങ്ങൾ കൊണ്ട് പകവീട്ടാനുള്ള അവസരങ്ങൾക്കായി ഗൂഢപദ്ധതി തയ്യാറാക്കാനോ സാധ്യമല്ല."[224] ഇങ്ങനെ പ്രവർത്തിക്കുന്നതുകൊണ്ട് ഒന്നും നേടുകയില്ല. അവസാനം എല്ലാം നഷ്ടപ്പെടുകയും ചെയ്യും.

243. ഒരു കാര്യം സുനിശ്ചിതമാണ്: അതായത് "സംഘട്ടനം അവശേഷിപ്പിച്ച അനീതിയുടെ കയ്പുള്ള ഉടമ്പടിയെയും ശത്രുതയെയും വിശ്വാസരാഹിത്യത്തെയും കീഴടക്കുകയെന്ന ജോലി എളുപ്പമുള്ളതല്ല. തിന്മയെ നന്മകൊണ്ടു കീഴടക്കുകയും (cf. റോമാ 12:21) അനുരഞ്ജനത്തെയും ഐക്യദാർഢ്യത്തെയും ഉയർത്തിപ്പിടിക്കുന്ന സദ്ഗുണങ്ങളെ വളർത്തുകയും ചെയ്യുന്നതുവഴി മാത്രമേ അത് സാധ്യമാവുകയുള്ളൂ."[225] ഇങ്ങനെ "തങ്ങളുടെ ഹൃദയങ്ങളിൽ നന്മയെ വളർത്തുന്ന വ്യക്തികൾ, അത്തരം നന്മ സമാധാനപൂർണമായ മനസ്സാക്ഷിയിലേക്കും അഗാധമായ സന്തോഷത്തിലേക്കും, പ്രയാസങ്ങളുടെയും തെറ്റിധാരണകളുടെയും ഇടയിൽപ്പോലും, തങ്ങളെ നയിക്കുന്നതായി കാണുന്നു. ഏറ്റുമുട്ടലുണ്ടാകുമ്പോഴും നന്മ ഒരിക്കലും ദുർബലമല്ല. പിന്നെയോ പകരംവീട്ടൽ നിഷേധിക്കുക വഴി അതിന്റെ ശക്തി കാണിക്കുന്നു."[226] നമ്മിൽ ഓരോരുത്തരും ഒരു കാര്യം മനസ്സിലാക്കണം. അതായത്, "ഞാൻ എന്റെ സഹോദരനോ സഹോദരിക്കോ എതിരായി ഹൃദയത്തിൽ സൂക്ഷിക്കുന്ന രൂക്ഷവിധി, ഒരിക്കലും സുഖപ്പെടുത്തിയിട്ടില്ലാത്ത തുറന്നിരിക്കുന്ന മുറിവ്, ഒരിക്കലും ക്ഷമിക്കപ്പെടാത്ത ഉപദ്രവം എന്നിവയെല്ലാം ഞാൻ എന്നിൽത്തന്നെ വഹിക്കുന്ന സംഘർഷത്തിന്റെ, എന്റെ ഹൃദയത്തിന്റെ അഗാധതയിലുള്ള ഒരു ചെറിയ തീജ്വാലയുടെ ഉദാഹരണങ്ങളാണ്. വലിയ തീജ്വാല ആകുന്നതിനു മുമ്പ് അത് കെടുത്തിക്കളയേണ്ടതാണ്."[227]

## VII. മുന്നോട്ടു നീങ്ങാനുള്ള ഏറ്റവും നല്ല മാർഗം

244. സംഘർഷങ്ങൾ പരിഹരിക്കപ്പെടാതെ ഭൂതകാലത്തിനുള്ളിൽ മറച്ചുവച്ചു സൂക്ഷിക്കുകയോ കുഴിച്ചിടുകയോ ചെയ്താൽ നിശ്ശബ്ദത ഗൗരവപൂർണമായ തെറ്റുകളിലേക്കും പാപങ്ങളിലേക്കുമുള്ള വഴികളിലേക്കു നയിക്കും. സംഘട്ടനത്തിൽ നിന്ന് ഒളിച്ചോടിപ്പോകുന്നതല്ല, പിന്നെയോ സംഘട്ടനത്തിൽ വച്ചു തന്നെ നേടുന്നതാണ് യഥാർത്ഥ അനുരഞ്ജനം. സംഘട്ടനത്തെ സംവാദത്തിലൂടെയും തുറവിയുള്ളതും സത്യസന്ധവും ക്ഷമാപൂർവകവുമായ പറഞ്ഞു

തീർക്കൽവഴിയും നേടാൻ കഴിയും. വ്യത്യസ്ത ഗ്രൂപ്പുകൾ തമ്മിലുള്ള സംഘട്ടനം "ശത്രുതയിൽ നിന്നും പരസ്പര വിദ്വേഷത്തിൽനിന്നും മാറിനിന്നാൽ ക്രമേണ വ്യത്യാസങ്ങളെക്കുറിച്ചുള്ള ആത്മാർത്ഥമായ ചർച്ചയായി മാറും. ആ ചർച്ച നീതിക്കായുള്ള ആഗ്രഹത്തിൻമേൽ സ്ഥാപിക്കപ്പെട്ടതായിരിക്കും."[228]

245. അസംഖ്യം സന്ദർഭങ്ങളിൽ ഞാൻ "സമൂഹത്തിൽ സൗഹൃദം സ്ഥാപിക്കാൻ അനുപേക്ഷണീയമായ 'ഐക്യം സംഘർഷത്തെക്കാൾ വലുതാണ്' എന്ന ഒരു തത്വത്തെപ്പറ്റി" പറഞ്ഞിട്ടുണ്ട്. അത് ഒരുതരം സിൻക്രേറ്റിസം തിരഞ്ഞെടുക്കലല്ല; ഒന്നിനെ മറ്റൊന്നിലേക്കു ലയിപ്പിക്കലുമല്ല. പിന്നെയോ, കൂടുതൽ ഉന്നതമായ തലത്തിൽ സംഭവിക്കുന്ന തീരുമാനം തിരഞ്ഞെടുക്കലാണ്. രണ്ടു കക്ഷികളെ സംബന്ധിച്ചും സാധുവും ഉപകാരപ്രദവുമായത് സംരക്ഷിക്കാനുള്ള തീരുമാനമാണത്."[229] നമുക്കെല്ലാവർക്കും ഒരുകാര്യം അറിയാം. "വ്യക്തികളും സമൂഹങ്ങളുമെന്ന നിലയിൽ നമ്മുടെയും നമ്മുടെ പ്രത്യേക താത്പര്യങ്ങളുടെയും അപ്പുറത്തേക്ക് നാം നോക്കാൻ പഠിക്കുമ്പോൾ, ധാരണയും പരസ്പര സമർപ്പണവും ഫലപൂർണമാകുന്നു... സംഘട്ടനങ്ങൾക്കും മാനസിക പരിമുറുക്കങ്ങൾക്കും, ഒരിക്കൽ ശത്രുതയുള്ളവരായി കരുതപ്പെട്ടിരുന്ന ഗ്രൂപ്പുകൾക്കുപോലും, പുതിയ ജീവിതത്തിനു ജന്മം നല്കുന്ന ബഹുമുഖമായ ഐക്യം നേടാൻ കഴിയുന്ന ഒരു സംവിധാനത്തിൽ"[230] അവ ഫലപൂർണമാകും.

## VIII. ഓർമ്മ

246. നീതിരഹിതവും ക്രൂരവുമായ ഏറെ പീഡനം സഹിച്ചവരിൽ നിന്ന് "സാമൂഹിക മാപ്പു നല്കൽ" ആവശ്യപ്പെടാൻ പാടില്ല. അനുരഞ്ജനം വ്യക്തിപരമായ പ്രവൃത്തിയാണ്. മുഴുവൻ സമൂഹത്തിന്റെയും മേൽ അത് അടിച്ചേല്പിക്കാൻ ആർക്കും സാധിക്കില്ല. അത് വളർത്തുകയെന്നത് എത്രമാത്രം ആവശ്യമുള്ള കാര്യമാണെങ്കിലും പാടില്ല. തികച്ചും വ്യക്തിപരമായ വിധത്തിൽ സ്വതന്ത്രവും ഉദാരതാപൂർണവുമായ തീരുമാനം വഴി ശിക്ഷിക്കാതിരിക്കാൻ ഒരുവന് തീരുമാനിക്കാം (cf. മത്താ 5:44-46), സമൂഹവും അതിന്റെ നിയമവ്യവസ്ഥയും തികച്ചും നിയമാനുസൃതമായി അത് ആവശ്യപ്പെടുന്നുണ്ടെങ്കിലും. എന്നാൽ കല്പന വഴി മുറിവുകൾ വച്ചുകെട്ടാനും മറവിയുടെ മൂടുപടത്തിൽ അനീതികളെ പൊതിയാനുമുള്ള ശ്രമത്തിൽ ഒരു "ബ്ലാങ്കറ്റ് അനുരഞ്ജനം" പ്രഖ്യാപിക്കാനും സാധ്യമല്ല. മറ്റുള്ളവരുടെ പേരിൽ ക്ഷമിക്കാനുള്ള അവകാശമുണ്ടെന്ന് ആർക്ക്

അവകാശപ്പെടാൻ കഴിയും? തങ്ങൾ സഹിച്ച ദ്രോഹത്തെ പിൻ തള്ളാൻ കഴിവുള്ളവർ കാണിക്കുന്ന മാപ്പു നല്കലിനു സാക്ഷ്യം വഹിക്കുന്നത് ഹൃദ്യമാണെങ്കിലും അങ്ങനെ ചെയ്യാൻ കഴിയാത്തവ രുടെ കാര്യവും മാനുഷികമായി മനസ്സിലാക്കാവുന്നതാണ്. എന്താ യാലും മറക്കൽ ഒരിക്കലും ഒരു ഉത്തരമല്ല.

247. രണ്ടാം ലോകമഹായുദ്ധകാലത്തു "കൂട്ടക്കൊല ചെയ്ത സംഭവം" (Shoah) മറക്കപ്പെടാൻ പാടില്ല. "മാനുഷിക തിന്മയ്ക്ക് മുങ്ങിത്താഴ്ന്ന് എത്താവുന്ന ആഴങ്ങളുടെ ഒരു ബിംബം" ആണ് അത്. "തെറ്റായ ആദർ ശവാദത്താൽ പ്രചോദിപ്പിക്കപ്പെട്ട് ഓരോ വ്യക്തിക്കുമുള്ളതും വംശപരമായ ഉത്പത്തിയോ മതപരമായ വിശ്വാസമോ പരിഗണിക്കാതെ വ്യവസ്ഥാതീതമായി ബഹുമാനി ക്കേണ്ടതുമായ മൗലിക മഹത്ത്വത്തെ തിരിച്ചറിയുന്നതിൽ അതു പരാജയപ്പെടുന്നു."[231] ഞാൻ അതിനെപ്പറ്റി ചിന്തിക്കുമ്പോൾ, ഈ പ്രാർത്ഥന ആവർത്തിക്കാതിരിക്കാൻ എനിക്കു സാധ്യമല്ല: "കർത്താവേ, അങ്ങയുടെ കാരുണ്യത്തിൽ ഞങ്ങളെ ഓർമ്മിക്കണമേ. മനുഷ്യ രായ ഞങ്ങൾ ചെയ്തതിനെപ്പറ്റി ലജ്ജിക്കാനുള്ള കൃപ ഞങ്ങൾക്കു നല്കണമേ. വൻതോതിലുള്ള ഈ വിഗ്രഹാരാധനയെക്കുറിച്ച് ലജ്ജി ക്കാൻ, അവിടന്ന് മണ്ണിൽനിന്നു രൂപപ്പെടുത്തുകയും അങ്ങയുടെ തന്നെ ജീവശ്വാസംകൊണ്ട് ജീവൻ നല്കുകയും ചെയ്ത ഞങ്ങളുടെ തന്നെ ശരീരത്തെ പുഛിക്കുകയും നശിപ്പിക്കുകയും ചെയ്തതിനെ ക്കുറിച്ച്, ലജ്ജിക്കാൻ കൃപ നല്കണമേ."[232]

248. ഹിരോഷിമയിലും നാഗസാക്കിയിലും വർഷിക്കപ്പെട്ട ആറ്റം ബോംബുകളെയും നമ്മൾ മറക്കാൻ പാടില്ല. ഒരിക്കൽക്കൂടി "ഞാൻ എല്ലാ ഇരകൾക്കും ആദരം അർപ്പിക്കുന്നു. ആ നിമിഷങ്ങളെ അതിജീ വിക്കുകയും, പിന്നീട് വർഷങ്ങളോളം തങ്ങളുടെ ശരീരത്തിൽ അള വറ്റ സഹനവും തങ്ങളുടെ ചൈതന്യത്തിൽ ജൈവോർജ്ജത്തെ വറ്റി ച്ചുകളഞ്ഞ മരണത്തിന്റെ വിത്തുകളും പേറുകയും ചെയ്തവരുടെ ശക്തിക്കും മഹത്ത്വത്തിനും മുമ്പിൽ ഞാൻ തലകുനിച്ച് ആചാരം ചെയ്യുന്നു.... എന്താണു സംഭവിച്ചതെന്ന ഓർമ്മ നഷ്ടപ്പെടുത്താൻ ഇപ്പോഴത്തെ തലമുറയെയും ഭാവിയിലെ തലമുറകളെയും അനുവ ദിക്കാൻ നമുക്കു സാധ്യമല്ല. കൂടുതൽ ഉചിതവും യുക്തിയുക്തവും സഹോദരപരവുമായ ഒരു ഭാവിയുടെ പടുത്തുയർത്തൽ ഉറപ്പാക്കു കയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഒരു ഓർമയാണത്."[223] അതുപോലെതന്നെ മതപീഡനങ്ങളെയും ഇന്നും വിവിധ രാജ്യങ്ങൾ

തുടർന്നുകൊണ്ടിരിക്കുന്ന വംശഹത്യകളെയും, മനുഷ്യവംശത്തെ പ്രതി നമ്മെ ലജ്ജിപ്പിക്കുന്ന മറ്റ് അനേകം ചരിത്രസംഭവങ്ങളെയും നമ്മൾ മറക്കാൻ പാടില്ല. അവ എപ്പോഴും എന്നും പുതുതായി ഓർമ്മിക്കപ്പെടുക ആവശ്യമാണ്. അവ ചിരപരിചിതമായി ഒരിക്കലും കരുതരുത്, അഥവാ അവ ഒരിക്കലും പതിവുള്ളതായിത്തീരരുത്, ശീലമായിത്തീരരുത്.

249. ഇക്കാലത്ത്, പേജു മറിച്ചുകളയാനും, ആ കാര്യങ്ങളൊക്കെ പണ്ടു നടന്നവയാണെന്നും നാം ഭാവിയിലേക്കാണു നോക്കേണ്ടതെന്നു പറയാനും പ്രലോഭിപ്പിക്കപ്പെടുക എളുപ്പമാണ്. ദൈവത്തെയോർത്ത് അങ്ങനെ ചെയ്യരുത്! ഭൂതകാലത്തെപ്പറ്റി ഓർമ്മിക്കാതെ ഒരിക്കലും നമുക്ക് മുമ്പോട്ടുപോകാൻ സാധ്യമല്ല. സത്യസന്ധവും കാർമേഘംകൊണ്ട് ഇരുളടയാത്തതുമായ ഓർമ്മ കൂടാതെ നാം പുരോഗതി പ്രാപിക്കുന്നില്ല. നമ്മൾ "സംഘാതാത്മക മനസ്സാക്ഷിയുടെ തീജ്വാല സജീവമായി സൂക്ഷിക്കണം. സംഭവിച്ചവയെപ്പറ്റിയുള്ള ഭീതിക്ക് നമ്മൾ വരുംതലമുറകൾക്ക് സാക്ഷ്യം നല്കണം. എന്തെന്നാൽ ആ സാക്ഷ്യം "ഇരകളെക്കുറിച്ചുള്ള ഓർമ്മ ഉണർത്തുകയും സംരക്ഷിക്കുകയും ചെയ്യും. ആധിപത്യം നേടാനും നശിപ്പിക്കാനുമുള്ള ഓരോ ആഗ്രഹത്തിന്റെയും മുമ്പിൽ മനുഷ്യവംശത്തിന്റെ മനസ്സാക്ഷി ഉണരുന്നതിനുവേണ്ടിയാണത്."[234] ഇരകളായിത്തീർന്നവർ തന്നെ - വ്യക്തികളും സാമൂഹിക ഗ്രൂപ്പുകളും രാഷ്ട്രങ്ങളും - അങ്ങനെ ചെയ്യുക ആവശ്യമാണ്. അനുഭവിച്ച വലിയ തിന്മയുടെ പേരിൽ പ്രതികാര നടപടിയെയും എല്ലാത്തരത്തിലുമുള്ള അക്രമത്തെയും നീതിമത്കരിക്കുന്നതിലേക്ക് നയിക്കുന്ന മനഃസ്ഥിതിക്ക് വഴങ്ങിക്കൊടുക്കാതിരിക്കാനാണത്. ഇക്കാരണത്താൽ, ഞാൻ കരുതുന്നു, കഠോര പ്രവൃത്തികളെ ഓർക്കുക മാത്രമല്ല, പിന്നെയോ, അത്ര വലിയ മനുഷ്യത്വരാഹിത്യത്തിന്റെയും ദുർനടപടിയുടെയും മധ്യേ തങ്ങളുടെ മഹത്ത്വം സംരക്ഷിക്കുകയും ചെറുതോ വലുതോ ആയ ആംഗ്യങ്ങൾകൊണ്ട് ഐക്യദാർഢ്യത്തിന്റെയും ക്ഷമിക്കലിന്റെയും സാഹോദര്യത്തിന്റെയും ഭാഗം തിരഞ്ഞെടുക്കുകയും ചെയ്തവരെ ഓർമ്മിക്കുക എന്നതുകൂടി ആവശ്യമാണെന്ന്. നന്മയെ ഓർമ്മിക്കുന്നതും ഗുണപ്രദമായ കാര്യമാണ്.

## IX. ക്ഷമിക്കൽ മറക്കലല്ല

250. ക്ഷമിക്കുകയെന്നതിന് മറക്കുകയെന്ന അർത്ഥമില്ല. കൂടുതൽ നന്നായി പറഞ്ഞാൽ, ഒരു കാരണവശാലും നിഷേധിക്കപ്പെടാനോ

ആപേക്ഷികമായി കരുതപ്പെടാനോ മറച്ചുവയ്ക്കപ്പെടാനോ സാധ്യമല്ലാത്ത ഒരു യാഥാർത്ഥ്യത്തിന്റെ മുമ്പിലും ക്ഷമിക്കൽ സാധ്യമാണ്. ഒരിക്കലും സഹിക്കാനോ നീതിമത്കരിക്കാനോ മാപ്പുകൊടുക്കാനോ സാധ്യമല്ലാത്ത ഒരു പ്രവൃത്തിയുടെ മുമ്പിലും നമുക്കു ക്ഷമിക്കാൻ കഴിയും. ഒരു കാരണവശാലും മറക്കാനാവാത്ത ഒരു കാര്യത്തെ നേരിടുമ്പോഴും നമുക്കു ക്ഷമിക്കാൻ പറ്റും. സ്വതന്ത്രവും ഹൃദ്യവുമായ ക്ഷമിക്കൽ ശ്രേഷ്ഠമായ ഒന്നാണ്. ക്ഷമിക്കാനുള്ള ദൈവത്തിന്റെ അനന്തമായ കഴിവിന്റെ ഒരു പ്രതിഫലനമാണത്. ക്ഷമിക്കൽ സൗജന്യമാണെങ്കിൽ, പശ്ചാത്താപത്തെ പ്രതിരോധിക്കുകയും മാപ്പു ചോദിക്കാൻ കഴിവില്ലാതിരിക്കുകയും ചെയ്യുന്ന ഒരുവനോടും അതു കാണിക്കാവുന്നതാണ്.

251. യഥാർത്ഥത്തിൽ ക്ഷമിക്കുന്നവർ മറന്നുകളയുന്നില്ല. മറിച്ച്, തങ്ങൾക്ക് അത്രയേറെ പീഡനത്തിനു കാരണമായിട്ടുള്ള വിനാശകരമായ അതേ ശക്തിക്ക് കീഴടങ്ങാതിരിക്കാൻ അവർ നിശ്ചയിക്കുന്നു. അവർ വിഷമവൃത്തം തകർക്കുന്നു. വിനാശകരമായ ശക്തികളുടെ മുന്നേറ്റത്തെ അവർ തടഞ്ഞു നിറുത്തുന്നു. പകയുടെ ചൈതന്യം സമൂഹത്തിൽ വ്യാപിക്കരുതെന്ന് അവർ നിശ്ചയിക്കുന്നു. പക പെട്ടെന്നോ പിന്നീടോ അതിന്റെ തീരുവ ചുമത്തുന്നതാണ്. പകരംവീട്ടൽ ഇരകളായിരുന്നവരെ ഒരിക്കലും യഥാർത്ഥത്തിൽ തൃപ്തിപ്പെടുത്തുന്നില്ല. ചില കുറ്റകൃത്യങ്ങൾ ഏറെ ഭയാനകവും ക്രൂരവുമാണ്. അവ ചെയ്തവർക്കുള്ള ശിക്ഷ അവർ ചെയ്ത ദ്രോഹത്തെ പരിഹരിക്കാൻ സഹായിക്കുന്നില്ല. കുറ്റവാളിയെ വധിക്കുന്നതുപോലും മതിയാവുകയില്ല. ഇരയായവനെ ഏല്പിച്ച പീഡനങ്ങൾക്ക് തുല്യമാകുകയില്ല എതു രൂപത്തിലുള്ള മർദനവും. പ്രതികാരം ഒന്നും പരിഹരിക്കുന്നില്ല.

252. ശിക്ഷയോ ഹാനിയോ ഉണ്ടാകുകയില്ലെന്ന് ഇത് അർത്ഥമാക്കുന്നില്ല. ശരിയായി നീതി അന്വേഷിക്കുന്നത് നീതിയോടുള്ള സ്നേഹംകൊണ്ടു തന്നെയാണ്, ഇരകളായവരോടുള്ള ബഹുമാനം കൊണ്ടാണ്, പുതിയ കുറ്റകൃത്യങ്ങളെ തടയാനും പൊതുനന്മയെ സംരക്ഷിക്കാനും വേണ്ടിയാണ്; വ്യക്തിപരമായ കോപത്തിനുള്ള ആരോപിത മാർഗമായിട്ടല്ല. പകയുടെ സർപ്പിളത്തിലേക്കു വീഴാതെ, അല്ലെങ്കിൽ അനീതിയുടെ മറക്കലിലേക്ക് വീഴാതെ നീതിയെ അനുധാവനം ചെയ്യാൻ കൃത്യമായി നമ്മെ ശക്തരാക്കുന്നത് ക്ഷമിക്കലാണ്.

253. രണ്ടു പക്ഷത്തുനിന്നും അനീതികൾ ഉണ്ടായിട്ടുണ്ടെങ്കിൽ അവ തുല്യതോതിൽ ഗൗരവപൂർണമായിരുന്നോ അല്ലെങ്കിൽ ഏതെങ്കിലും വിധത്തിൽ താരതമ്യപ്പെടുത്താവുന്നതാണോ എന്നു വ്യക്തമായി പരിശോധിക്കുക സുപ്രധാന കാര്യമാണ്. രാഷ്ട്രം അതിന്റെ ഘടനകളും അധികാരവും ഉപയോഗിച്ചുകൊണ്ട് ചെയ്യുന്ന അക്രമം പ്രത്യേക ഗ്രൂപ്പുകൾ ചെയ്യുന്ന അക്രമത്തിന്റെ അതേ നിലയിലുള്ളതല്ല. ഏതു സംഭവത്തിലും ഒരു പക്ഷത്തിന്റെ മാത്രം അന്യായമായ സഹനങ്ങൾ അനുസ്മരിക്കപ്പെടണമെന്ന് ഒരുവനും അവകാശപ്പെടാൻ പാടില്ല. ക്രൊവേഷ്യയിലെ മെത്രാന്മാർ ഇങ്ങനെ പ്രസ്താവിച്ചു: "നിർദ്ദോഷിയായ ഓരോ ഇരയോടും തുല്യ ബഹുമാനം കാണിക്കാൻ നമുക്കു കടമയുണ്ട്. വംശപരമോ രാഷ്ട്രപരമോ മതവിശ്വാസപരമോ പാർട്ടി സംബന്ധമോ ആയ വ്യത്യാസങ്ങൾ ഇക്കാര്യത്തിൽ ഉണ്ടായിരിക്കാൻ പാടില്ല."[235]

254. "രാഷ്ട്രീയ ചിന്താഗതിയിലോ ഭാഷയിലോ സംസ്കാരത്തിലോ മതത്തിലോ വേരുറച്ചിട്ടുള്ള ഞങ്ങളുടെ വ്യത്യാസങ്ങൾക്ക് ഞങ്ങൾ അതീതരായിരിക്കുവാൻവേണ്ടി ഞങ്ങളുടെ സഹോദരീസഹോദരന്മാരെ കണ്ടുമുട്ടുന്നതിന് ഞങ്ങളുടെ ഹൃദയങ്ങളെ സജ്ജീകരിക്കാൻ" ഞാൻ ദൈവത്തോട് അപേക്ഷിക്കുന്നു. "തെറ്റുകൾ, തെറ്റിദ്ധാരണകൾ, തർക്കങ്ങൾ എന്നിവകൊണ്ട് ഉണ്ടായിട്ടുള്ള മുറിവുകളെ സുഖപ്പെടുത്തുന്ന അവിടത്തെ കാരുണ്യത്തിന്റെ തൈലംകൊണ്ട് നമ്മുടെ മുഴുവൻ അസ്തിത്വത്തെയും അഭിഷേകം ചെയ്യാൻ അവിടത്തോടു നമുക്കു പ്രാർത്ഥിക്കാം. സമാധാനം അന്വേഷിക്കുന്നതിന്റെ ത്യാഗപൂർണമെങ്കിലും ധന്യമാക്കുന്ന വഴിയിലൂടെ വിനയത്തോടും സൗമ്യതയോടും കൂടി പോകാനുള്ള കൃപാവരത്തിനായി നമുക്ക് അവിടത്തോടു യാചിക്കാം."[236]

## X. യുദ്ധവും വധശിക്ഷയും

255. ചില സവിശേഷ നാടകീയ സന്ദർഭങ്ങളിൽ പരിഹാരമാർഗങ്ങളായി കണ്ടുവരുന്ന രണ്ടു കാര്യങ്ങളുണ്ട് - യുദ്ധവും വധശിക്ഷയും. പരിഹാരം തേടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് അവ യഥാർത്ഥത്തിൽ തെറ്റായ ഉത്തരങ്ങളാണെന്നും ആത്യന്തികമായി ദേശീയവും ആഗോളപരവുമായ സുസ്ഥിതി തകർക്കുന്ന പുത്തൻ ഘടകങ്ങൾ സൃഷ്ടിക്കുകയല്ലാതെ അവകൊണ്ട് ഒരു ഗുണവുമില്ലെന്നും പലരും തിരിച്ചറിയുന്നില്ല.

# XI. യുദ്ധമെന്ന അനീതി

256. "തിന്മ നിനയ്ക്കുന്നവന്റെ ഹൃദയം കുടിലമാണ്, നന്മ നിരൂപിക്കുന്നവർ സന്തോഷമനുഭവിക്കുന്നു" (സുഭാ 12:20). എന്നിട്ടും യുദ്ധത്തിൽ പരിഹാരങ്ങൾ തേടുന്നവരുണ്ട്. ബന്ധങ്ങളുടെ തകർച്ചകൊണ്ടും നായകത്വത്തിനുവേണ്ടിയുള്ള തൃഷ്ണകൊണ്ടും അധികാര ദുർവിനിയോഗംകൊണ്ടും മറ്റുള്ളവരോടുള്ള ഭീതികൊണ്ടും വ്യത്യസ്തതയെ ഒരു തടസ്സമായി കാണാനുള്ള വാസനകൊണ്ടും മിക്കപ്പോഴും ജ്വലിപ്പിക്കപ്പെടുന്നതാണത്.[237] ഭൂതകാലത്തു നിന്നുവരുന്ന ഒരു ഭൂതമല്ല, പിന്നെയോ നിരന്തരമായ ഒരു ഭീഷണിയാണ് യുദ്ധം. നമ്മുടെ ലോകം സമാധാനത്തിലേക്കുള്ള പാതയിൽ ഇന്ന് വർധിച്ചുവരുന്ന പ്രയാസങ്ങളെ നേരിടുന്നു. നിലകൊണ്ടിരുന്നത് അവധാനതയുള്ള സമാധാനപാതയിലാണ്. നല്ല ഫലം പുറപ്പെടുത്താൻ അതു തുടങ്ങിക്കഴിഞ്ഞിരുന്നതാണ്.

257. യുദ്ധങ്ങൾ പൊട്ടിപ്പുറപ്പെടാൻ അനുകൂലമായ അവസ്ഥകൾ വീണ്ടും വർധിക്കുന്നു. എനിക്ക് ഇങ്ങനെ ആവർത്തിച്ചു പറയാനേ സാധിക്കുകയുള്ളൂ: "യുദ്ധം എല്ലാ അവകാശങ്ങളുടെയും നിഷേധവും പരിസ്ഥിതിയുടെ മേലുള്ള നാടകീയമായ ആക്രമണവുമാണ്. എല്ലാ ജനതകൾക്കും സമഗ്രമായ യഥാർത്ഥ മാനുഷികത ഉണ്ടാകണമെന്ന് നാം ആഗ്രഹിക്കുന്നുണ്ടെങ്കിൽ രാഷ്ട്രങ്ങളും ജനതകളും തമ്മിലുള്ള യുദ്ധം ഒഴിവാക്കാൻ അവിശ്രമം അധ്വാനിക്കണം. ഐക്യരാഷ്ട്രസംഘടനയുടെ ചാർട്ടറിൽ നിർദ്ദേശിച്ചിട്ടുള്ളതുപോലെ ഈ ലക്ഷ്യത്തിനായി അവിതർക്കിതമായ നിയമവാഴ്ച, സന്ധിസംഭാഷണം, മധ്യസ്ഥത, തീർപ്പുകല്പിക്കൽ എന്നിവയെ ഉറപ്പുവരുത്തുകയെന്നത് ആവശ്യമാണ്. ആ ചാർട്ടർ യഥാർത്ഥത്തിൽ മൗലികമായ നീതിന്യായ ചട്ടമാണ്."[238] ഐക്യരാഷ്ട്രസംഘടന സ്ഥാപിക്കപ്പെട്ടിട്ട് കഴിഞ്ഞുപോയ എഴുപത്തി അഞ്ചുവർഷവും ഈ സഹസ്രാബ്ദത്തിന്റെ ആദ്യത്തെ ഇരുപത്തി അഞ്ചുവർഷത്തെ അനുഭവവും വ്യക്തമാക്കിയത് ഇങ്ങനെയാണ്: അന്താരാഷ്ട്ര ചട്ടങ്ങളുടെ പൂർണമായ പ്രയോഗം യഥാർത്ഥത്തിൽ ഫലപ്രദമാണെന്നു തെളിയുന്നു. ആ ചട്ടങ്ങളെ അനുസരിക്കാതിരിക്കുന്നത് വിനാശകരമാണ്. ഐക്യരാഷ്ട്ര സംഘടനയുടെ ചാർട്ടർ സുതാര്യതയോടും ആത്മാർത്ഥതയോടും കൂടി പാലിക്കപ്പെടുമ്പോൾ അത് നീതിയുടെ കടപ്പെട്ട പരാമർശകേന്ദ്രവും സമാധാനത്തിന്റെ നീർച്ചാലുമാണ്. ഇവിടെ കള്ള ലക്ഷ്യങ്ങളെ പ്രച്ഛന്ന വേഷത്തിൽ കാണിക്കാനോ ഒരു

രാജ്യത്തിന്റെയോ ഒരു ഗ്രൂപ്പിന്റെയോ പക്ഷപാതപരമായ താത്പര്യങ്ങൾ സ്ഥാപിക്കാനോ ഇടമില്ല. നേട്ടമുണ്ടാക്കുന്നവയെന്നു തോന്നുമ്പോഴെല്ലാം ഉപയോഗിക്കേണ്ട ഒരു മാർഗമായി മാത്രം നിയമങ്ങളെ കരുതുകയും അല്ലാത്തപ്പോഴെല്ലാം അവയെ അവഗണിക്കുകയും ചെയ്താൽ, സമൂഹങ്ങൾക്കും ദരിദ്രർക്കും ദുർബലർക്കും സഹോദരപരമായ ബന്ധങ്ങൾക്കും പരിസ്ഥിതിക്കും സാംസ്കാരിക നിക്ഷേപങ്ങൾക്കും ഗൗരവപൂർണമായ ദ്രോഹം ചെയ്യുകയും ആഗോളസമൂഹത്തിനും പരിഹരിക്കാനാവാത്ത നഷ്ടങ്ങളുണ്ടാക്കുകയും ചെയ്യുന്ന അനിയന്ത്രിതശക്തികൾ അഴിഞ്ഞാടാൻ ഇടയാകും.

258. മനുഷ്യത്വത്തിന്റെയും പ്രതിരോധത്തിന്റെയും മുൻകരുതലിന്റെയും പേരുകളിൽ ഓരോരോ ന്യായീകരണങ്ങൾ നിരത്തിയും എന്തിന്, യഥാർത്ഥവിവരണങ്ങളിൽ കൃത്രിമം കാണിച്ചും, യുദ്ധത്തിനു കോപ്പുകൂട്ടാൻ എളുപ്പത്തിൽ കഴിയും. ഇക്കഴിഞ്ഞ ദശകങ്ങളിൽ ഓരോ യുദ്ധവും പ്രത്യക്ഷത്തിൽത്തന്നെ "നീതിമത്കരിക്കപ്പെട്ടു." സൈനികശക്തികൊണ്ടുള്ള നിയമാനുസൃത പ്രതിരോധത്തിന്റെ സാധ്യതയെക്കുറിച്ച് കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം പറയുന്നുണ്ട്. "ധാർമ്മിക നൈയാമികതയുടെ കർശനമായ ചില വ്യവസ്ഥകൾ" ഉണ്ടായിരിക്കണമെന്ന് അത് വ്യക്തമാക്കുന്നുമുണ്ട്.[239] എന്നാലും, സാധ്യമായ ഈ അവകാശത്തെപ്പറ്റി അമിത വിസ്താരമുള്ള വ്യാഖ്യാനത്തിലേക്കു വീഴാൻ എളുപ്പമാണ്. ഇത്തരത്തിൽ, "ഒഴിവാക്കപ്പെടേണ്ട തിന്മയെക്കാൾ ഗൗരവമുള്ള തിന്മകളും ക്രമരാഹിത്യങ്ങളും"[240] ഉളവാക്കാൻ പോന്ന 'പ്രതിരോധ' ആക്രമണങ്ങളെയോ യുദ്ധനടപടികളെയോ ചിലർ തെറ്റായി ന്യായീകരിക്കാൻ സാധ്യതയുണ്ട്. നിഷ്കളങ്കരായ അത്യനേകം പൗരന്മാരുടെ മേൽ ന്യൂക്ലിയർ, കെമിക്കൽ, ജൈവ ആയുധങ്ങൾ എന്നിവയ്ക്കും പുതിയ സാങ്കേതിക വിദ്യകൾ നല്കുന്ന വർധമാനമായ അസംഖ്യം സാധ്യതൾക്കും, വലിയ സംഖ്യകളുടെമേൽ നിയന്ത്രിക്കാനാവാത്ത വിനാശക ശക്തിയുണ്ടോ എന്നതാണ് പ്രശ്നം. സത്യം ഇതാണ്: "മനുഷ്യവംശത്തിന് അതിന്റെമേൽത്തന്നെ ഇത്ര മാത്രം ശക്തി ഉണ്ടായിട്ടില്ല. എന്നാലും അത് വിവേകപൂർവം ഉപയോഗിക്കുമെന്ന് ഒന്നും ഉറപ്പു നല്കുന്നില്ല."[241] യുദ്ധത്തെ ഒരു പരിഹാരമാർഗമായി ഒരിക്കലും ചിന്തിക്കാൻ പാടില്ല. എന്തെന്നാൽ സങ്കല്പിക്കപ്പെടുന്ന അതിന്റെ ഗുണത്തെക്കാൾ വലുതായിരിക്കും മിക്കപ്പോഴും അതിന്റെ അപകടസാധ്യതകൾ. ഈ വീക്ഷണ പ്രകാരം, "നീതിപൂർവകമായ യുദ്ധ"ത്തിന്റെ സാധ്യതയെപ്പറ്റി

പറയാൻ കഴിഞ്ഞ നൂറ്റാണ്ടുകളിൽ രൂപം കൊടുത്ത യുക്തമായ മാന ദണ്ഡങ്ങളെ അവലംബിക്കുകയെന്നത് ഇന്നു വളരെ പ്രയാസമുള്ള ഒന്നാണ്. ഒരിക്കലും ഇനി യുദ്ധം വേണ്ടാ! [242]

259. ഒരുവസ്തുത കൂട്ടിച്ചേർക്കേണ്ടതുണ്ട്. അതായത്, വർദ്ധിച്ചു കൊണ്ടിരിക്കുന്ന ആഗോളവത്കരണംമൂലം ലോകത്തിന്റെ ഒരു ഭാഗ ത്തിന് ക്ഷിപ്രമോ പ്രായോഗികമോ ആയ ഒരു പരിഹാരമാർഗമായി തോന്നുന്നത് അക്രമാസക്തവും മിക്കപ്പോഴും ഒളിഞ്ഞുകിടക്കുന്ന പരിണത ഫലങ്ങളും കൊണ്ടുള്ള ഒരു ചങ്ങല സൃഷ്ടിക്കുന്നു. അത് ഗ്രഹത്തെ മുഴുവനും ദ്രോഹിക്കുന്നതും ഭാവിയിൽ പുതിയതും കൂടു തൽ നികൃഷ്ടവുമായ യുദ്ധങ്ങൾക്കു വഴി തുറക്കുന്നതുമായിരിക്കും. ഇന്നത്തെ ലോകത്തിൽ, ഒരു രാജ്യത്തോ മറ്റൊരു രാജ്യത്തോ പൊട്ടി പ്പുറപ്പെടുന്ന തികച്ചും ഒറ്റപ്പെട്ട യുദ്ധം എന്ന ഒന്നില്ല; പകരം, "ലോക മഹായുദ്ധത്തിന്റെ ചെറുരൂപങ്ങളേ" ഉള്ളൂ. കാരണം, രാജ്യങ്ങളുടെ ഭാവി ആഗോളരംഗത്ത് ഉറ്റതോതിൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.

260. വിശുദ്ധ ജോൺ ഇരുപത്തിമൂന്നാമന്റെ വാക്കുകളിൽ പറ ഞ്ഞാൽ, "നീതിലംഘനത്തെ പരിഹരിക്കാൻ ഉചിതമായ മാധ്യമമാണ് യുദ്ധമെന്ന് കരുതുന്നതിന് ഇനിമേൽ യാതൊരർത്ഥവുമില്ല."[243] വലിയ അന്താരാഷ്ട്ര സംഘർഷത്തിനിടയിൽ അദ്ദേഹം ഇക്കാര്യം സമർത്ഥിച്ചപ്പോൾ ശീതയുദ്ധകാലത്ത് സമാധാനത്തിനുവേണ്ടി ഏവരിലും ഉണ്ടായ വർധമാനമായ ആഗ്രഹത്തെയാണ് അദ്ദേഹം പ്രകടിപ്പിച്ചത്. നിക്ഷിപ്ത താത്പര്യങ്ങൾക്കായുള്ള കണക്കുകൂട്ട ലുകളെക്കാളും ആയുധപ്രയോഗത്തിലുള്ള വിശ്വാസത്തെക്കാളും ശക്തമാണ് സമാധാനത്തിനുവേണ്ടിയുള്ള വാദമുഖങ്ങളെന്ന ഉത്ത മബോധ്യത്തെയാണ് അദ്ദേഹം പിൻതാങ്ങിയത്. ശീതയുദ്ധത്തിന്റെ അന്ത്യം സമ്മാനിച്ച അവസരങ്ങൾ പര്യാപ്തമാംവിധം പ്രയോജ നപ്പെടുത്താൻ നമുക്കു കഴിയാതെപോയി. ഭാവിയെപ്പറ്റിയുള്ള ഒരു ദർശനവും നമ്മുടെ പൊതുവിധിയെക്കുറിച്ചുള്ള പൊതുബോധവും ഇല്ലാത്തതുകൊണ്ടായിരുന്നു അത്. മറിച്ച്, സാർവത്രിക പൊതു നന്മയെ ഉയർത്തിപ്പിടിക്കാതെ ഏകപക്ഷീയമായ താത്പര്യങ്ങളെ പിന്തുടരുക കൂടുതൽ എളുപ്പമുള്ള കാര്യമാണെന്ന് അതു തെളി യിച്ചു. അങ്ങനെ യുദ്ധത്തിന്റെ ഭീകരമായ ഭീഷണി വീണ്ടും വേരുറ യ്ക്കാൻ തുടങ്ങി.

261. ഓരോ യുദ്ധവും നമ്മുടെ ലോകത്തെ മുമ്പുണ്ടായിരുന്നതിനെ ക്കാൾ മോശമാക്കിത്തീർക്കുന്നു. യുദ്ധം രാഷ്ട്രീയത്തിന്റെയും

മനുഷ്യത്വത്തിന്റെയും പരാജയമാണ്, ലജ്ജാകരമായ തലകുനിക്കലാണ്, തിന്മയുടെ ശക്തികൾക്കു മുമ്പിലെ ദാരുണമായ കീഴടങ്ങലാണ്. സൈദ്ധാന്തികമായ ചർച്ചകളിൽ മുഴുകി നമുക്ക് ചെളി പുരണ്ടു നില്ക്കാതിരിക്കാം; മറിച്ച്, ഇരകളുടെ മുറിവേറ്റ ദേഹത്തെ സ്പർശിക്കാം. ആരുടെ വധം "ആനുഷംഗികനാശം" എന്ന് കരുതപ്പെട്ടുവോ ആ സകല പൗരന്മാരിലേക്കും നമുക്ക് ഒരിക്കൽക്കൂടി നോക്കാം. ഇരകളായി കൊല്ലപ്പെട്ടവരോടു തന്നെ നമുക്കു ചോദിക്കാം. അഭയാർത്ഥികളെയും അന്യസ്ഥലത്ത് ആക്കപ്പെട്ടവരെയും ആറ്റോമിക വികിരണത്തിന്റെ അല്ലെങ്കിൽ രാസായുധപ്രയോഗങ്ങളുടെ അനന്തരഫലം അനുഭവിച്ചവരെയും മക്കളെ നഷ്ടപ്പെട്ട അമ്മമാരെയും വികലാംഗരാക്കപ്പെടുകയോ ശൈശവത്വം ഇല്ലാതാക്കപ്പെടുകയോ ചെയ്ത ആൺകുട്ടികളെയും പെൺകുട്ടികളെയും കുറിച്ച് നമുക്ക് ചിന്തിക്കാം. അക്രമത്തിന്റെ ഈ ഇരകളുടെ യഥാർത്ഥകഥകൾ നമുക്കു കേൾക്കാം. അവരുടെ കണ്ണുകളിലൂടെ യാഥാർത്ഥ്യത്തിലേക്കു നോക്കാം. അവർ പറയുന്ന കഥകൾ തുറന്ന ഹൃദയത്തോടെ ശ്രവിക്കാം. അങ്ങനെ യുദ്ധത്തിന്റെ അന്തഃരംഗത്തുള്ള തിന്മയുടെ അഗാധത നമുക്കു മനസ്സിലാക്കാൻ കഴിയും. നാം സമാധാനം തിരഞ്ഞെടുത്താൽ നിർഗുണന്മാരായി പരിഗണിക്കപ്പെടുമെന്ന ചിന്ത നമ്മെ ശല്യപ്പെടുത്തുകയുമില്ല.

262. ഭയപ്പെടുത്തിയോ ന്യൂക്ലിയർ ആയുധങ്ങളുടെയോ രാസ - ജൈവ ആയുധങ്ങളുടെയോ ഭീഷണി ഉയർത്തിയോ ഉള്ള തടയിടൽ കൊണ്ട് നിലവിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാമെന്ന ചിന്ത നാം തുടരുകയാണെങ്കിൽ നിയമം കൊണ്ടു മാത്രം കാര്യങ്ങൾ നേരെയാക്കാൻ ആകില്ല എന്ന അവസ്ഥയുണ്ടാകും. യഥാർത്ഥത്തിൽ, "ഇരുപത്തി ഒന്നാം നൂറ്റാണ്ടിലെ ഈ ബഹുധ്രുവലോകത്തിൽ സമാധാനത്തിനും സുരക്ഷിതത്വത്തിനും എതിരായുള്ള പ്രധാനപ്പെട്ട ഭീഷണികളെ - ഉദാഹരണമായി, ഭീകരപ്രവർത്തനം, അസമമായ സംഘട്ടനങ്ങൾ, സൈബർ സുരക്ഷിതത്വം, പരിസ്ഥിതിപരമായ പ്രശ്നങ്ങൾ, ദാരിദ്ര്യം മുതലായ ഭീഷണികളെ - പരിഗണിക്കുന്നുവെങ്കിൽ അത്തരം വെല്ലുവിളികൾക്കെതിരേയുള്ള ഫലപ്രദമായ പ്രത്യുത്തരമെന്ന നിലയിൽ ന്യൂക്ലിയർ ഭീഷണി ഉയർത്തിയുള്ള തടയിടലിന്റെ പര്യാപ്തതയെക്കുറിച്ച് കുറച്ചു സംശയങ്ങളല്ല ഉയരുന്നത്. നാശകരവും വിവേചനാരഹിതവും നിയന്ത്രണാതീതവുമായ ഫലങ്ങൾ പുറപ്പെടുവിക്കുന്ന ന്യൂക്ലിയർ ആയുധങ്ങളുടെ ഏതുതരം പ്രയോഗത്തിൽ നിന്നും ഉണ്ടാകാവുന്ന മനുഷ്യപരവും പരിസ്ഥിതി

പരവുമായ കടുത്ത അനന്തരഫലങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ ഈ ആകുലതകൾ വളരെ കൂടുതലാകും... നാം നമ്മോടു തന്നെ ഇങ്ങനെ ചോദിക്കുകയും വേണം: ഭയത്തിനുമേൽ ഉറപ്പിച്ച സ്ഥിരതയ്ക്ക് എങ്ങനെ ഉറപ്പുണ്ടാകും? അത് യഥാർത്ഥത്തിൽ ഭയത്തെ വർധിപ്പിക്കുകയും ജനതകൾ തമ്മിലുള്ള വിശ്വാസത്തിന്റെ ബന്ധങ്ങളെ യഥാർത്ഥത്തിൽ പിഴുതെറിയുകയുമല്ലേ ചെയ്യുന്നത്? അന്താരാഷ്ട്ര സമാധാനവും സ്ഥിരതയും വ്യാജമായ സുരക്ഷിതത്വബോധത്തിന്മേലോ പരസ്പരം നശിപ്പിക്കുമെന്നോ സമ്പൂർണമായി നശിപ്പിക്കുമെന്നോ ഉള്ള ഭീഷണിമേലോ, അല്ലെങ്കിൽ ശക്തിയുടെ സന്തുലിതാവസ്ഥ വെറുതെ നിലനിറുത്തുന്നതിന്മേലോ സ്ഥാപിക്കാൻ സാധ്യമല്ല. ഈ സാഹചര്യത്തിൽ, ന്യൂക്ലിയർ ആയുധങ്ങൾ പൂർണമായി നശിപ്പിക്കുകയെന്നത് ഒരു വെല്ലുവിളിയും ധാർമ്മികവും മനുഷ്യത്വപരവുമായ കടമയുമാണ്... പരസ്പരാശ്രയത്വവും ആഗോളവത്കരണവും വർധിച്ചുകൊണ്ടിരിക്കുന്നുവെന്നതിന്റെ അർത്ഥം, ന്യൂക്ലിയർ ആയുധങ്ങളോടുള്ള ഏതു പ്രത്യുത്തരവും പരസ്പരവിശ്വാസത്തിൻമേൽ അടിയുറപ്പിച്ചതും സംഘാത്മകവും ഏകോപിതവുമായിരിക്കണം എന്നതാണ്. യഥാർത്ഥത്തിൽ പൊതുനന്മയെ ലക്ഷ്യംവയ്ക്കുന്നതും മൂടുപടമിട്ടതോ പ്രത്യേകമായിട്ടുള്ളതോ ആയ താത്പര്യങ്ങളുടെ രക്ഷയ്ക്കുവേണ്ടിയുള്ളതല്ലാത്ത സംവാദത്തിലൂടെ മാത്രമേ ഈ വിശ്വാസത്തെ പടുത്തുയർത്താൻ കഴിയുകയുള്ളൂ."[244] ആയുധങ്ങൾക്കുവേണ്ടിയും മറ്റു സൈനിക ചെലവുകൾക്കുവേണ്ടിയും മുടക്കുന്ന പണംകൊണ്ട് നമുക്ക് ഒരു ആഗോള ഫണ്ട് ഉണ്ടാക്കാം.[245] അതുപയോഗിച്ച് പട്ടിണിയെ ആത്യന്തികമായി അവസാനിപ്പിക്കാനും. ഏറ്റവും ദരിദ്രമായ രാഷ്ട്രങ്ങളുടെ വികസനത്തെ സഹായിക്കാനും കഴിയും. അങ്ങനെ അവരുടെ പൗരന്മാർ അക്രമത്തിലൂന്നിയതോ മിഥ്യാപരമോ ആയ പരിഹാരമാർഗങ്ങൾ തേടേണ്ടിവരുകയോ കൂടുതൽ മഹത്ത്വീകൃതമായ ജീവിതം തേടാൻ വേണ്ടി മാതൃരാജ്യങ്ങൾ വിട്ടുപോകേണ്ടിവരുകയോ ഇല്ല.

## XII. വധശിക്ഷ

263. നാശകരമായ മറ്റൊരു മാർഗം കൂടിയുണ്ട്. അത് രാജ്യങ്ങളെയല്ല, വ്യക്തികളെയാണ് ലക്ഷ്യം വയ്ക്കുന്നത്. അതു വധശിക്ഷയാണ്. വിശുദ്ധ ജോൺപോൾ രണ്ടാമൻ വ്യക്തമായും ഉറപ്പിച്ചും ഇങ്ങനെ പറഞ്ഞിട്ടുണ്ട്: വധശിക്ഷ ധാർമ്മിക വീക്ഷണപ്രകാരം അപര്യാപ്ത

മാണ്, ശിക്ഷാനീതിയുടെ വീക്ഷണപ്രകാരം ഒട്ടും അത്യാവശ്യമില്ലാത്തതാണ്."[246] ഈ നിലപാടിൽ നിന്ന് പിറകോട്ടുപോക്ക് ഉണ്ടാകാൻ പാടില്ല. ഇന്ന് നാം വ്യക്തമായി ഇങ്ങനെ പറയുന്നു: "വധശിക്ഷ അംഗീകരിക്കാനാവാത്തതാണ്."[247] ലോകവ്യാപകമായി അത് നിർമാർജനം ചെയ്യാനായുള്ള ആഹ്വാനത്തിന് സഭ ഉറപ്പോടെ പ്രതിജ്ഞാബദ്ധയാണ്.[248]

264. പുതിയനിയമത്തിൽ, വ്യക്തികൾ നിയമം കൈയിലെടുക്കരുതെന്ന് പറഞ്ഞിട്ടുള്ളതിനോടൊപ്പം (cf. റോമാ 12:17.19) തിന്മ ചെയ്യുന്നവരെ അധികാരികൾ ശിക്ഷിക്കേണ്ടത് ആവശ്യമാണെന്ന് അംഗീകരിച്ചിട്ടുമുണ്ട് (cf. റോമാ 13:4; 1 പത്രോ 2:14). യഥാർത്ഥത്തിൽ, "സുസംഘടിതമായ ഒരു സമൂഹത്തിനുചുറ്റും പണിതുയർത്തപ്പെട്ട പൗരജീവിതത്തിന് സഹാസ്തിത്വം ആവശ്യമാണ്. അതിന്റെ മനഃപൂർവകമായ ലംഘനം തക്കപരിഹാരം ആവശ്യപ്പെടുന്നു."[249] ഇതിന്റെ അർത്ഥം ഇതാണ്: "കുറ്റങ്ങളുടെ ഗൗരവമനുസരിച്ച് ശിക്ഷ നല്കാൻ"[250] നിയമാനുസൃതമായ പൊതുഅധികാരിക്ക് കഴിയും. ശിക്ഷ നല്കുകയും വേണം. നീതിന്യായാധികാരത്തിന് "നിയമത്തിന്റെ മണ്ഡലത്തിൽ അത്യാവശ്യമായ സ്വാതന്ത്ര്യം"[251] നല്കപ്പെടുകയും വേണം.

265. സഭയുടെ ആദിമ നൂറ്റാണ്ടുകൾ മുതൽ ചിലർ വധശിക്ഷയെ വ്യക്തമായി എതിർത്തിരുന്നു. ഉദാഹരണമായി, ലക്റ്റാൻസിയൂസ് ഉറപ്പിച്ചുപറഞ്ഞു: "ഇതിന് യാതൊരു അപവാദവും ഉണ്ടാകാൻ പാടില്ല. അതായത് ഒരു മനുഷ്യനെ വധിക്കുന്നത് എപ്പോഴും നിയമവിരുദ്ധമായ പ്രവൃത്തിയാണ്."[252] "നിഷ്കളങ്കരായവരിൽ ഓരോരുത്തരെയും മാത്രമല്ല, എല്ലാ കുറ്റക്കാരെയും വധശിക്ഷയിൽനിന്ന് ഒഴിവാക്കുവാൻ"[253] പരിശ്രമിക്കണമെന്ന് നിക്കോളാസ് ഒന്നാമൻ മാർപാപ്പാ നിർബന്ധിച്ചിട്ടുണ്ട്. രണ്ടു പുരോഹിതരെ വധിച്ചവരുടെ കേസുവിസ്താരം നടക്കുമ്പോൾ വിശുദ്ധ ആഗസ്തീനോസ് ജഡ്ജിയോട് ആവശ്യപ്പെട്ടു, വധിച്ചവരുടെ ജീവനെടുക്കരുതെന്ന്. ഈ വാദമുഖത്തോടെയാണ് അദ്ദേഹം അങ്ങനെ ആവശ്യപ്പെട്ടത്: "കൂടുതൽ കുറ്റങ്ങൾ ചെയ്യാനുള്ള സ്വാതന്ത്ര്യം ദുഷ്ടന്മാർക്ക് നല്കാതിരിക്കുന്നതിനെ ഞങ്ങൾ എതിർക്കുന്നില്ല. അവരുടെ ജീവനെടുക്കാതെ തന്നെ അല്ലെങ്കിൽ അവരുടെ ശരീരങ്ങളുടെ ഒരു ഭാഗവും ഭംഗപ്പെടുത്താതെ തന്നെ നീതി നിർവഹിക്കപ്പെടണമെന്നാണ് ഞങ്ങളുടെ

ആഗ്രഹം. അതേ സമയം, നിയമം നല്കുന്ന ബലപ്രയോഗപരമായ മാർഗങ്ങൾകൊണ്ട് അവരെ അവരുടെ വിവേകമില്ലാത്ത കൊടും കോപത്തിൽ നിന്ന് ആരോഗ്യപൂർണമായ മനസ്സുള്ളവരുടെ ശാന്തത യിലേക്കും അവരുടെ തിന്മ പ്രവൃത്തികളിൽ നിന്ന് ഉപകാരപ്രദമായ ജോലിയിലേക്കും തിരിച്ചുവിടണം. ശരിയാണ്, ഇതും ഒരു ശിക്ഷാ വിധിയായി പരിഗണിക്കപ്പെടുന്നു. എന്നാൽ കൊടുംക്രൂരതയ്ക്ക് അഴിഞ്ഞാട്ടം നിഷേധിക്കപ്പെടുകയും അനുതാപം ഉളവാകാനുള്ള ഔഷധമായിത്തീരുകയും ചെയ്യുമ്പോൾ ഇത് കേവലം ഒരു ശിക്ഷാന ടപടിയെന്നതിനെക്കാൾ ഒരു ഉപകാരനടപടിയാണെന്ന് ആർക്കാണ് കാണാൻ കഴിയാത്തത്?... അവരുടെ പാപങ്ങളുടെ കൊടുംക്രൂരത അവരോടു പകരം വീട്ടാനുള്ള ആഗ്രഹത്തെയല്ല, പിന്നെയോ ആ പ്രവൃത്തികൾ അവരുടെ ആത്മാക്കളിൽ ഏല്പിച്ച മുറിവുകളെ സുഖ പ്പെടുത്താനുള്ള ആഗ്രഹത്തെയാണ് പരിപോഷിപ്പിക്കേണ്ടത്."[254]

266. മുറിവുണക്കുകയും സമൂഹത്തിലേക്ക് വീണ്ടും ഉൾച്ചേർക്കു കയും ചെയ്യുന്ന ഒരു പ്രക്രിയയായി ശിക്ഷയെ കാണാനല്ല മറിച്ച്, പ്രതികാരഭാവത്തോടെയും ക്രൂരമായ വിധത്തിൽ പോലും വീക്ഷി ക്കാനാണ് ഭീതിയും വിദ്വേഷവും നമുക്കിടയാക്കുന്നത്. ഇക്കാലത്ത്, ചില രാഷ്ട്രീയ സമിതികളിലും ചില മീഡിയകളിലും പരസ്യമോ രഹസ്യമോ ആയ അക്രമങ്ങളും പകവീട്ടലുകളും പ്രോത്സാഹി പ്പിക്കപ്പെടുന്നുണ്ട്. കുറ്റങ്ങൾക്ക് ഉത്തരവാദികളായിട്ടുള്ളവർക്ക് എതി രായിട്ടു മാത്രമല്ല, പിന്നെയോ നിയമം ലംഘിക്കുന്നതായി സംശയി ക്കപ്പെടുന്നവർക്ക് എതിരായിട്ടും - കുറ്റങ്ങൾ തെളിയിക്കപ്പെട്ടാലും ഇല്ലെങ്കിലും - അങ്ങനെ ചെയ്യുന്നു. ചിലപ്പോൾ മനഃപൂർവം ശത്രു ക്കളെ സൃഷ്ടിക്കാനുള്ള ഒരു പ്രവണത കാണാം: ഭീഷണിയായി സമൂഹം കാണുകയോ വ്യാഖ്യാനിക്കുകയോ ചെയ്യുന്ന എല്ലാ സവി ശേഷതകളുടെയും പ്രാതിനിധ്യം വഹിക്കുന്ന സ്ഥിരം രൂപങ്ങൾ. ഒരി ക്കൽ വംശാധിപത്യപരമായ ആശയങ്ങൾ പ്രചരിക്കാൻ ഇടയാക്കിയ അതേ സംവിധാനങ്ങൾ തന്നെയാണ് ഈ രൂപങ്ങളെയും നിർമിക്കു ന്നത്.."[255] ഇത് ചില രാജ്യങ്ങളിൽ വർധിച്ചുവരുന്ന കരുതൽ തട ങ്കൽ, വിചാരണകൂടാതെയുള്ള തടങ്കൽ, വധശിക്ഷ തുടങ്ങിയ പ്രവണതകളെ കൂടുതൽ അപകടകരമാക്കിയിരിക്കുന്നു.

267. "നീതിരഹിതനായ അക്രമിയിൽ നിന്ന് ജനങ്ങളുടെ ജീവനെ രക്ഷിക്കാൻ വധശിക്ഷയല്ലാതെ മറ്റൊരു മാർഗവും ഇന്ന് സ്റ്റേറ്റു

കൾക്ക് ഇല്ലെന്നത് സങ്കല്പിക്കുക അസാധ്യമാണ്" എന്ന് ഇവിടെ ഊന്നിപ്പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇക്കാര്യത്തിൽ പ്രത്യേകിച്ച് ഗൗരവപൂർണമായിട്ടുള്ളതാണ്. ന്യായവിസ്താരം കൂടാത്തതെന്നും അഥവാ നിയമപരമല്ലാത്തതെന്നും പറയപ്പെടുന്ന വധശിക്ഷകൾ. അവ "ചില സ്റ്റേറ്റുകളും അവരുടെ ഏജന്റുമാരും ചെയ്യുന്ന മനുഷ്യക്കുരുതികളാണ്. അത് മിക്കപ്പോഴും കുറ്റവാളികളുമായിട്ടുള്ള ഏറ്റുമുട്ടലിന്റെയോ നിയമം പ്രയോഗിക്കുന്നതിലുള്ള യുക്തിപൂർവകവും അത്യാവശ്യവും ആനുപാതികവുമായ ബലപ്രയോഗത്തിന്റെയോ ഭാഗമായി എഴുതിത്തള്ളുന്നു".[256]

268. വധശിക്ഷയ്ക്ക് എതിരായിട്ടുള്ള വാദങ്ങൾ ധാരാളമുണ്ട്. അവ നന്നായി അറിയപ്പെടുന്നവയുമാണ്. സഭ അവയിൽ പലതിലേക്കും ശരിയായിത്തന്നെ ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്. ഉദാഹരണത്തിന് ന്യായവിസ്താരത്തിലുണ്ടാകുന്ന തെറ്റിന്റെ സാധ്യത, അത്തരം ശിക്ഷ സമഗ്രാധിപത്യപരമോ സ്വേഛാധിപത്യപരമോ ആയ ഭരണകൂടങ്ങൾ നടപ്പിലാക്കുന്നത്. അവർ ഇങ്ങനെ ചെയ്യുന്നത് രാഷ്ട്രീയ എതിരാളികളെ തകർക്കുന്നതിനോ മതപരമോ സാംസ്കാരികമോ ആയ ന്യൂനപക്ഷങ്ങളെ പീഡിപ്പിക്കുന്നതിനോ ആണ്. ആ ഭരണകൂടങ്ങളുടെ നിയമവ്യവസ്ഥ അത്തരം ഇരകളെ കുറ്റവാളികൾ ആയി കരുതുന്നു. നിയമപരമോ നിയമരഹിതമോ ആയ വധശിക്ഷയെ അതിന്റെ എല്ലാ രൂപങ്ങളിലും ഇല്ലാതാക്കാൻ പരിശ്രമിക്കാൻ മാത്രമല്ല ഇന്ന് എല്ലാ ക്രൈസ്തവരും സന്മനസ്സുള്ള എല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നത്. പിന്നെയോ, ജയിലിലെ അവസ്ഥകൾ അഭിവൃദ്ധിപ്പെടുത്താൻ അധ്വാനിക്കുന്നതിനും കടപ്പെട്ടിരിക്കുന്നു. സ്വാതന്ത്ര്യമില്ലാതാക്കപ്പെട്ട വ്യക്തികളുടെ മാനുഷിക മഹത്ത്വത്തോടുള്ള ബഹുമാനംകൊണ്ട് അങ്ങനെ ചെയ്യണം. ആജീവനാന്ത തടങ്കലിനെ ഇതിനോടു ബന്ധിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു...ആജീവനാന്ത ശിക്ഷാവിധി രഹസ്യമായ ഒരു വധശിക്ഷയാണ്."[257]

269. നമുക്ക് ഒരു വസ്തുത മനസ്സിൽ സൂക്ഷിക്കാം, അതായത് "ഒരു കൊലയാളിക്കുപോലും അവന്റെ വ്യക്തിപരമായ മഹത്ത്വം നഷ്ടപ്പെടുന്നില്ല. ദൈവം തന്നെ ഇതിന് ഗ്യാരന്റി വാഗ്ദാനം ചെയ്യുന്നു."[258] വധശിക്ഷയെ ഉറപ്പോടെ തള്ളിക്കളയുന്നത് ഒരു വസ്തുത കാണിക്കുന്നു. അതായത്, ഓരോ മനുഷ്യവ്യക്തിയുടെയും അന്യാധീനപ്പെടുത്താനാവാത്ത മഹത്ത്വത്തെയും അവനോ അവൾക്കോ

പ്രപഞ്ചത്തിൽ ഒരു സ്ഥാനമുണ്ടെന്നതും അംഗീകരിക്കാൻ എത്ര ത്തോളം സാധ്യമാണെന്ന് കാണിക്കുന്നു. ഏറ്റവും കൊള്ളരുതാത്ത കുറ്റവാളികൾക്ക് ആ മഹത്ത്വത്തെ ഞാൻ നിഷേധിക്കുന്നില്ലെങ്കിൽ, ഞാൻ ആർക്കും അതിനെ നിഷേധിക്കുന്നില്ല. എന്നോടു കൂടെ ഈ ഗ്രഹത്തെ പങ്കുവയ്ക്കാനുള്ള സാധ്യത, എല്ലാവർക്കും - നമുക്ക് എല്ലാ വ്യത്യാസങ്ങളുമുണ്ടെങ്കിലും - ഞാൻ നല്കും.

270. ഈ വിഷയത്തെ സംബന്ധിച്ച് സംശയത്തിൽ നിലകൊള്ളുന്ന വരും ഏതെങ്കിലും വിധത്തിൽ അക്രമം ചെയ്യാൻ പ്രലോഭിപ്പിക്ക പ്പെടുന്നവരുമായ ക്രിസ്ത്യാനികളോട് ഞാൻ ആവശ്യപ്പെടുന്നു, ഏശയ്യായുടെ ഗ്രന്ഥത്തിലെ വാക്കുകൾ മനസ്സിൽ സൂക്ഷിക്കാൻ: "അവരുടെ വാള് കൊഴുവും അവരുടെ കുന്തം വാക്കത്തിയുമായി അടിച്ചുരൂപപ്പെടുത്തും" (ഏശ 2:4). നമ്മെ സംബന്ധിച്ചിടത്തോളം ഈ പ്രവചനം യേശുക്രിസ്തുവിൽ മാംസം ധരിച്ചു. തന്റെ ശിഷ്യന്മാർ അക്രമത്തിനു പ്രേരിപ്പിക്കപ്പെട്ടപ്പോൾ അവിടന്ന് ഉറപ്പിച്ചുപറഞ്ഞു: "നിന്റെ വാൾ ഉറയിലിടുക. വാളെടുക്കുന്നവൻ വാളാൽ മരിക്കും" (മത്താ 26:52). പൗരാണിക കാലത്തെ ഒരു മുന്നറിയിപ്പിനെ ഇത് പ്രതിധ്വനിപ്പിക്കുന്നു: "ജീവരക്തത്തിന് മനുഷ്യനോട്... ഞാൻ കണക്കു ചോദിക്കും. മനുഷ്യരക്തം ചൊരിയുന്നവന്റെ രക്തം മനു ഷ്യൻ തന്നെ ചൊരിയും" (ഉത്പ 9:5-6). യേശുവിന്റെ ഹൃദയത്തിൽ നിന്ന് ഉറവെടുത്ത അവിടത്തെ പ്രതികരണം ഒരു നിത്യ ആഹ്വാന മായി നൂറ്റാണ്ടുകളുടെ അകലം നികർത്തി ഇന്നിലേക്കു നീളുന്നു.

## അധ്യായം എട്ട്

# മതങ്ങൾ നമ്മുടെ ലോകത്തിൽ സാഹോദര്യസേവനത്തിന്

271. ദൈവത്തിന്റെ ശിശു എന്നു വിളിക്കപ്പെടുന്ന മനുഷ്യസൃഷ്ടിയെന്ന നിലയിൽ ഓരോ മനുഷ്യനെയും ഓരോ മതവും ബഹുമാനിക്കുന്നു. ആ ബഹുമാനത്തെ അടിസ്ഥാനപ്പെടുത്തി സാഹോദര്യത്തെ പടുത്തുയർത്താനും സമൂഹത്തിൽ നീതിയെ സംരക്ഷിക്കാനും സംഭാവന നല്കുന്നു. വിവിധ മതങ്ങളുടെ അനുയായികൾ തമ്മിലുള്ള സംവാദം, കേവലം നയതന്ത്രത്തിനോ പരിഗണനയ്ക്കോ സഹിഷ്ണുതയ്ക്കോ വേണ്ടി മാത്രം സംഭവിക്കുന്നതല്ല. ഇന്ത്യയിലെ മെത്രാന്മാരുടെ വാക്കുകളിൽ പറഞ്ഞാൽ, "സംവാദത്തിന്റെ ലക്ഷ്യം സൗഹൃദവും സമാധാനവും സമന്വയവും സ്ഥാപിക്കുകയും സത്യത്തിന്റെയും സ്നേഹത്തിന്റെയും ചൈതന്യത്തിൽ ആധ്യാത്മികവും ധാർമ്മികവുമായ മൂല്യങ്ങളെ പങ്കുവയ്ക്കുകയും ചെയ്യുകയെന്നതാണ്."[259]

## I. പരമമായ അടിസ്ഥാനം

272. എല്ലാവരുടെയും പിതാവായ ദൈവത്തോട് തുറവില്ലാതിരുന്നാൽ സാഹോദര്യത്തിനായുള്ള അഭ്യർത്ഥനയ്ക്ക് ദൃഢവും സ്ഥിരവുമായ കാരണങ്ങൾ ഉണ്ടായിരിക്കുകയില്ല എന്ന കാര്യത്തിൽ വിശ്വാസികൾ എന്ന നിലയിൽ നമുക്ക് ഉറപ്പുണ്ട്. "നമ്മൾ അനാഥരല്ലെന്നും മക്കളാണെന്നുമുള്ള ഈ ബോധത്തോടുകൂടി മാത്രമേ പരസ്പരം സമാധാനത്തോടെ ജീവിക്കാൻ നമുക്കു സാധിക്കുകയുള്ളൂ"[260] എന്നും നമുക്കു തീർച്ചയുണ്ട്. എന്തെന്നാൽ യുക്തിക്ക് പ്രകൃത്യാ മനുഷ്യർ തമ്മിലുള്ള സമത്വം ഗ്രഹിക്കാനും അവരുടെ പൗരപര

മായ സഹവർത്തിത്വത്തിന് സ്ഥിരത നല്കാനും കഴിവുണ്ടെങ്കിലും സാഹോദര്യം സ്ഥാപിക്കാൻ അതിനു കഴിവില്ല."[261]

273. ഇതിനെ സംബന്ധിച്ചിടത്തോളം താഴെക്കാണുന്ന സ്മരണീയ മായ പ്രസ്താവന ഉദ്ധരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു: "മനുഷ്യൻ തന്റെ പൂർണ തനിമ ഏതിനോടുള്ള അനുസരണയിൽ നേടുന്നുവോ ആ സർവാതീത സത്യമില്ലെങ്കിൽ ജനങ്ങൾ തമ്മിലുള്ള നീതിപൂർവ കമായ ബന്ധങ്ങൾക്ക് ഗ്യാരന്റി നല്കാനുള്ള സുനിശ്ചിതതത്ത്വം ഉണ്ടായിരിക്കുകയില്ല. ഒരു വർഗം, ഗണം അഥവാ രാഷ്ട്രം എന്ന നിലയിൽ അവർക്കുള്ള സ്വാർത്ഥതാത്പര്യം അവരെ അനിവാര്യമാം വിധം പരസ്പര എതിരാളികളാക്കും. ഒരുവൻ സർവാതിശായിയായ സത്യത്തെ അംഗീകരിക്കാതിരുന്നാൽ അധികാരക്കരുത്തായിരിക്കും പിന്നെ കളം വാഴുക. മറ്റുള്ളവരുടെ അവകാശങ്ങളെ ഒട്ടും പരിഗ ണിക്കാതെ, സ്വന്തം താത്പര്യങ്ങളെ അല്ലെങ്കിൽ സ്വന്തം അഭിപ്രാ യത്തെ അടിച്ചേല്പിക്കാൻ തന്റെ മുഴുവൻ കഴിവുകളും പ്രയോഗി ക്കാൻ ഓരോ വ്യക്തിയും പ്രവണത കാണിക്കും... ആധുനിക സർവാ ധിപത്യത്തിന്റെ വേര് മനുഷ്യവ്യക്തിയുടെ സർവാതിശായിയായ മഹത്ത്വത്തെ നിഷേധിക്കുന്നതിലാണ് നാം കണ്ടെത്തേണ്ടത്. മനു ഷ്യൻ അദൃശ്യനായ ദൈവത്തിന്റെ ദൃശ്യമായ പ്രതിരൂപമാണ്. അതു കൊണ്ട് അവൻ പ്രകൃത്യാ ആർക്കും - ഒരു വ്യക്തിക്കോ ഗ്രൂപ്പിനോ വിഭാഗത്തിനോ ദേശത്തിനോ സ്റ്റേറ്റിനോ - തകർക്കാനാവാത്ത അവ കാശങ്ങളുടെ ഉടമയാണ്. ഒരു സാമൂഹികസംഘത്തിന്റെ ഭൂരിപക്ഷം പോലും, ന്യൂനപക്ഷത്തിനെതിരേ നിന്നുകൊണ്ട് ഈ അവകാശ ങ്ങളെ ലംഘിക്കാൻ പാടില്ല."[262]

274. നമ്മുടെ വിശ്വാസാനുഭവത്തിൽ നിന്നും നൂറ്റാണ്ടുകളിലൂടെ സംഭരിക്കപ്പെട്ട ജ്ഞാനത്തിൽ നിന്നും മാത്രമല്ല നമ്മുടെ അനേകം ദൗർബല്യങ്ങളിൽ നിന്നും പരാജയങ്ങളിൽ നിന്നും വിവിധ മത ങ്ങളിൽ വിശ്വസിക്കുന്ന നമ്മൾ അറിയുന്ന ഒരു കാര്യമുണ്ട്. നാം ദൈവത്തിനു നല്കുന്ന സാക്ഷ്യം നമ്മുടെ സമൂഹങ്ങൾക്ക് ഉപകാ രപ്രദമാകണമെന്ന വസ്തുതയാണത്. ആത്മാർത്ഥ ഹൃദയത്തോടെ നടത്തുന്ന ദൈവാന്വേഷണ പരിശ്രമം - പ്രത്യയശാസ്ത്രപരമോ സ്വാർത്ഥതാപരമോ ആയ ലക്ഷ്യങ്ങൾകൊണ്ട് മലിനപ്പെടാതിരുന്നാൽ - ഒന്നിച്ചു സഞ്ചരിക്കുന്ന സുഹൃത്തുക്കളായി, യഥാർത്ഥ സഹോദരീ സഹോദരന്മാരായി, പരസ്പരം തിരിച്ചറിയാൻ നമ്മെ സഹായിക്കും.

ഒരു കാര്യത്തെക്കുറിച്ചു നമുക്കു ബോധ്യമുണ്ട്. അതായത്, “ഒരു പ്രത്യയശാസ്ത്രത്തിന്റെ പേരിൽ സമൂഹത്തിൽ നിന്ന് ദൈവത്തെ മാറ്റിക്കളയാനുള്ള പരിശ്രമമുണ്ടാകുമ്പോൾ, ആ സമൂഹം വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽ ചെന്നവസാനിക്കും. വളരെ പെട്ടെന്ന് സ്ത്രീപുരുഷന്മാർക്ക് വഴി നഷ്ടപ്പെടും; അവരുടെ മഹത്ത്വം ചവിട്ടിമെതിക്കപ്പെടും; അവരുടെ അവകാശങ്ങൾ ലംഘിക്കപ്പെടുകയും ചെയ്യും. മനസ്സാക്ഷി സ്വാതന്ത്ര്യവും മതസ്വാതന്ത്ര്യവും നിഷേധിക്കുന്നതു വഴി എത്രമാത്രം ദുരിതം ഉണ്ടായിട്ടുണ്ടെന്നും പ്രത്യാശയും നയിക്കപ്പെടാനുള്ള ആദർശങ്ങളും ഇല്ലാത്തതുകൊണ്ട് ആ വ്രണം ദരിദ്രമാക്കപ്പെട്ട മനുഷ്യവംശത്തെ എങ്ങനെ അവശേഷിപ്പിച്ചുവെന്നും നിങ്ങൾക്ക് നന്നായിട്ട് അറിയാമല്ലോ.”[263]

275. ഒരു വസ്തുത അംഗീകരിച്ചേ പറ്റൂ: “മരവിപ്പിക്കപ്പെട്ട മനുഷ്യമനസ്സാക്ഷി, മതാത്മകമൂല്യങ്ങളിൽ നിന്ന് അകന്നുപോകൽ, മനുഷ്യവ്യക്തിയെ ദൈവവത്കരിക്കുകയും പരമവും സർവാതിശായിയുമായ തത്ത്വങ്ങളുടെ സ്ഥാനത്ത് ഭൗതികവും പദാർത്ഥപരവുമായ മൂല്യങ്ങളെ പ്രതിഷ്ഠിക്കുകയും ചെയ്യുന്ന ഭൗതികവാദപരമായ തത്ത്വശാസ്ത്രങ്ങളുടെ അകമ്പടിയോടെ പ്രബലപ്പെട്ടിരിക്കുന്ന വ്യക്തിവാദം എന്നിവയാണ് ആധുനിക ലോകത്തിന്റെ പ്രതിസന്ധികളുടെ സുപ്രധാന കാരണങ്ങൾ.”[264] പൊതുവാദപ്രതിവാദങ്ങളിൽ ശക്തന്മാരുടെയും “വിദഗ്ധരുടെയും” മാത്രം സ്വരമേ കേൾക്കപ്പെടുന്നുള്ളൂ എന്നത് ഒരു പിശകാണ്. നൂറ്റാണ്ടുകളുടെ അനുഭവത്തിന്റെയും ജ്ഞാനത്തിന്റെയും സൂക്ഷിപ്പുസ്ഥലമായ മതാത്മക പാരമ്പര്യങ്ങളിൽ നിന്നുണ്ടായ പരിചിന്തനങ്ങൾക്കു സ്ഥാനം കൊടുക്കുക ആവശ്യമാണ്. എന്തെന്നാൽ “മതപരമായ ക്ലാസിക്കുകൾക്കു കഴിയും ഓരോ യുഗത്തിലും അർത്ഥപൂർണമായിരിക്കാൻ. അവയ്ക്ക് ചിരസ്ഥായിയായ ശക്തിയുണ്ട് [പുതിയ ചക്രവാളങ്ങൾ തുറക്കാനും ചിന്തയെ പ്രചോദിപ്പിക്കാനും മനസ്സിനെയും ഹൃദയത്തെയും വികസിപ്പിക്കാനും ശക്തിയുണ്ട്]. എന്നാലും “ഒരു തരം യുക്തിവാദത്തിനുള്ള തിമിരത്തിന്റെ”[265] ഫലമായി അവ അവജ്ഞയോടെയാണ് വീക്ഷിക്കപ്പെടുന്നത്.

276. ഇക്കാരണത്താൽ രാഷ്ട്രീയജീവിതത്തിന്റെ സ്വയംഭരണാധികാരത്തെ മാനിച്ചുകൊണ്ടുതന്നെ തന്റെ ദൗത്യത്തെ സഭ സ്വകാര്യമണ്ഡലത്തിലേക്കു ചുരുക്കാതിരിക്കുന്നു. നേരേമറിച്ച്, കൂടുതൽ

നല്ല ഒരു ലോകത്തെ പടുത്തുയർത്തുന്നതിൽ അവൾക്ക് പാർശ്വ വഴികളിൽ നില്ക്കാൻ സാധിക്കുകയില്ല. അങ്ങനെ നില്ക്കാൻ പാടില്ല. സമൂഹത്തെ നന്നാക്കുന്നതിന് സഹായിക്കാൻ കഴിയുന്ന "ആധ്യാത്മിക ഊർജത്തെ വീണ്ടും ഉജ്വലിപ്പിക്കുന്നതിൽ" പരാജ യപ്പെടാനും പാടില്ല.[266] സഭാശുശ്രൂഷകർ പാർട്ടി രാഷ്ട്രീയത്തിൽ പ്രവർത്തിക്കാൻ പാടില്ലെന്നതു സത്യമാണ്. കാരണം, അത് അല്മാ യരുടെ മണ്ഡലമാണ്. എന്നാൽ അവർ ജീവിതത്തിന്റെ തന്നെ രാഷ്ട്രീയമാനത്തെ ഉപേക്ഷിക്കാനും പാടില്ല. [267] പൊതു നന്മയ്ക്കു വേണ്ടിയുള്ള സ്ഥിരം ശ്രദ്ധയും സമഗ്ര മാനുഷിക വികസനത്തിനു വേണ്ടിയുള്ള താത്പര്യവും ആ മാനത്തിന്റെ ഭാഗമാണ്. "സഭയ്ക്ക് ജീവകാരുണ്യപരവും വിദ്യാഭ്യാസപരവുമായ പ്രവർത്തനങ്ങൾക്കു പുറമേ ഒരു പൊതുധർമ്മം നിർവഹിക്കാനുമുണ്ട്." സഭ "മനുഷ്യവം ശത്തിന്റെയും സാർവത്രിക സാഹോദര്യത്തിന്റെയും പുരോഗതിക്കു വേണ്ടി അധ്വാനിക്കുന്നുണ്ട്."[268] ഭൗതികശക്തികളോടു മത്സരിക്കുന്നു വെന്ന് അവൾ അവകാശപ്പെടുന്നില്ല. പിന്നെയോ "കുടുംബങ്ങളുടെ ഇടയിലുള്ള ഒരു കുടുംബമായി അവൾ സ്വയം സമർപ്പിക്കുന്നു. ഇതാണു സഭ, ഇന്നത്തെ ലോകത്ത് സാക്ഷ്യം വഹിക്കാൻ തുറവിയു ള്ളവൾ, കർത്താവിനോടും അവിടന്ന് സവിശേഷ സ്നേഹത്തോടെ സ്നേഹിക്കുന്നവരോടുമുള്ള വിശ്വാസത്തോടും പ്രത്യാശയോടും സ്നേഹത്തോടും തുറവിയുള്ളവൾ. വാതിലുകൾ തുറന്നിട്ടിരിക്കുന്ന ഒരു ഭവനം. സഭ തുറന്ന വാതിലുകളോടു കൂടിയ ഭവനമായിരിക്കു ന്നത് അവൾ ഒരു അമ്മ ആയതുകൊണ്ടാണ്."[269] യേശുവിന്റെ അമ്മ യായ മറിയത്തെ അനുകരിച്ചുകൊണ്ട് "സേവനം ചെയ്യുന്ന ഒരു സഭ ആയിരിക്കാൻ നമ്മൾ ആഗ്രഹിക്കുന്നു. ജീവിതത്തോടൊപ്പം സഞ്ചരി ക്കാൻ, പ്രത്യാശയെ സുസ്ഥിരമാക്കാൻ, ഐക്യത്തിന്റെ അടയാളമാ യിരിക്കാൻ... പാലങ്ങൾ പണിയാൻ, മതിലുകൾ ഇടിച്ചുതകർക്കാൻ, അനുരഞ്ജനത്തിന്റെ വിത്തുകൾ വിതയ്ക്കാൻ ആ സഭ വീടുവിട്ട്, അതിന്റെ ആരാധനാസ്ഥലങ്ങളിൽ നിന്ന്, അതിന്റെ സങ്കീർത്തികളിൽ നിന്നു മുന്നോട്ടുപോകുന്നു.."[270]

## II. ക്രൈസ്തവ തനിമ

277. ദൈവം മറ്റുമതങ്ങളിൽ പ്രവർത്തിക്കുന്ന മാർഗങ്ങളെ സഭ വില മതിക്കുന്നു. "മറ്റുമതങ്ങളിൽ യഥാർത്ഥവും വിശുദ്ധവുമായിട്ടുള്ള ഒന്നും സഭ തള്ളിക്കളയുന്നില്ല. അവയുടെ ജീവിതരീതിയെയും

പെരുമാറ്റത്തെയും കല്പനകളെയും സിദ്ധാന്തങ്ങളെയും സഭ ഉയർന്ന തോതിൽ പരിഗണിക്കുന്നു. അവയാകട്ടെ, എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന സത്യത്തിന്റെ രശ്മിയെ പലപ്പോഴും പ്രതിബിംബിക്കുന്നുണ്ട്." എന്നാലും ക്രൈസ്തവരായ നമുക്ക് ഒരു കാര്യത്തെപ്പറ്റി ശരിയായ അവബോധമുണ്ട്. അതായത്, "സുവിശേഷ സംഗീതം നമ്മുടെ അസ്തിത്വത്തിൽത്തന്നെ മുഴങ്ങാതെയായാൽ കാരുണ്യത്തിൽ നിന്നു ജനിക്കുന്ന സന്തോഷവും വിശ്വാസത്തിൽ നിന്നു ജനിക്കുന്ന മൃദുലസ്നേഹവും അനുരഞ്ജനത്തിനുള്ള കഴിവും നമുക്കു നഷ്ടപ്പെടും. നമ്മൾ ക്ഷമിക്കപ്പെട്ട് അയയ്ക്കപ്പെട്ടവരാണെന്ന നമ്മുടെ അറിവിലാണ് അനുരഞ്ജനത്തിന്റെ ഉറവിടം. നമ്മുടെ വീടുകളിലും പൊതു ചത്വരങ്ങളിലും ജോലിസ്ഥലങ്ങളിലും രാഷ്ട്രീയവും ധനകാര്യപരവുമായ ജീവിതത്തിലും സുവിശേഷ സംഗീതത്തിന്റെ ശബ്ദം നിലച്ചുപോയാൽഓരോ സ്ത്രീയുടെയും പുരുഷന്റെയും മഹത്ത്വത്തെ സംരക്ഷിക്കാൻ നമ്മെ വെല്ലുവിളിക്കുന്ന സമ്മർദ്ദം നമ്മൾ ഒട്ടും കേൾക്കാതെയാകും."[272] മറ്റുള്ളവർ മറ്റ് ഉറവിടങ്ങളിൽ നിന്നു പാനം ചെയ്യുന്നു. നമുക്ക് മാനുഷിക മഹത്ത്വത്തിന്റെയും സാഹോദര്യത്തിന്റെയും ഉറവ യേശുക്രിസ്തുവിന്റെ സുവിശേഷത്തിലാണുള്ളത്. അതിൽ നിന്ന് ഉടലെടുക്കുന്നതാണ് "എല്ലാവർക്കുമുള്ള വിളി എന്ന നിലയിൽ ബന്ധത്തിനും അപരനെന്ന വിശുദ്ധരഹസ്യത്തെ കണ്ടുമുട്ടുന്നതിനും മുഴുവൻ മാനവകുടുംബവുമായുള്ള സാർവത്രിക കൂട്ടായ്മയ്ക്കും ക്രൈസ്തവചിന്താധാരയിലും സഭാപ്രവർത്തനത്തിലും നല്കപ്പെട്ടിട്ടുള്ള മുൻഗണന."[273]

278. എല്ലാ സ്ഥലത്തും വേരുപിടിക്കാൻ വിളിക്കപ്പെട്ട സഭ നൂറ്റാണ്ടുകളായി ലോകത്ത് എവിടെയും സന്നിഹിതമായിരുന്നു. കാരണം, "കത്തോലിക്കാ" എന്നതിന്റെ അർത്ഥം അതാണ്. അതുകൊണ്ട്, കൃപാവരത്തിന്റേതും പാപത്തിന്റേതുമായ തന്റെ അനുഭവത്തിൽ നിന്ന്, സാർവത്രിക സ്നേഹത്തിലേക്കുള്ള വിളിയുടെ സൗന്ദര്യം സഭയ്ക്കു മനസ്സിലാക്കാൻ സാധിക്കും. യഥാർത്ഥത്തിൽ "മാനുഷികമായതെല്ലാം നമ്മുടെ പരിഗണനയിൽ പെടുന്നതാണ്... മനുഷ്യന്റെ അവകാശങ്ങളും കടമകളും സ്ഥാപിക്കാൻ അന്താരാഷ്ട്ര കൗൺസിലുകൾ സമ്മേളിക്കുമ്പോഴെല്ലാം അവരുടെയിടയിൽ നമുക്കു സ്ഥാനം തന്ന് നമ്മെ ബഹുമാനിക്കുന്നുണ്ട്."[274] അനേകം ക്രൈസ്തവർക്ക് സാഹോദര്യത്തിന്റെ ഈ യാത്രയ്ക്ക് ഒരു അമ്മയും കൂടെയുണ്ട്.

അവളുടെ പേര് മറിയം എന്നാണ്. കുരിശിൻ ചുവട്ടിൽ വച്ച് ഈ സാർവത്രിക മാതൃത്വം സ്വീകരിച്ച അവൾ (cf. യോഹ 19:26) യേശുവിനെ മാത്രമല്ല അവളുടെ ബാക്കി മക്കളെയും (cf. വെളി 12:17) സൂക്ഷിക്കുന്നുണ്ട്. ഉത്ഥിതനായ ക്രിസ്തുവിന്റെ ശക്തിയിൽ എല്ലാവരും സഹോദരീസഹോദരന്മാരായുള്ള, നമ്മുടെ സമൂഹങ്ങൾ അവഗണിക്കുന്ന എല്ലാവർക്കും ഇടമുള്ള, നീതിയും സമാധാനവും വെട്ടിത്തിളങ്ങുന്ന പുതിയൊരു ലോകത്തിന് ജന്മം നല്കാൻ അവൾ ആഗ്രഹിക്കുന്നു.

279. അക്രൈസ്തവർ ന്യൂനപക്ഷമായിരിക്കുന്ന സ്ഥലങ്ങളിൽ നമ്മൾ അവരുടെ സ്വാതന്ത്ര്യത്തെ വളർത്തുന്നതുപോലെ നമ്മൾ ന്യൂനപക്ഷമായിരിക്കുന്ന രാജ്യങ്ങളിൽ നമ്മുടെ സ്വാതന്ത്ര്യത്തിന്റെ ഉറപ്പുണ്ടായിരിക്കണമെന്ന് ക്രൈസ്തവരായ നമ്മൾ ആവശ്യപ്പെടുന്നു. സാഹോദര്യത്തിലേക്കും സമാധാനത്തിലേക്കുമുള്ള യാത്രയിൽ ഒരു മൗലിക മാനുഷികാവകാശം വിസ്മരിക്കപ്പെടരുത്. എല്ലാ മതങ്ങളിലെയും വിശ്വാസികൾക്കുള്ള മതസ്വാതന്ത്ര്യമാണത്. "വ്യത്യസ്ത സംസ്കാരങ്ങളും മതങ്ങളും തമ്മിൽ സമന്വയവും ധാരണയും പടുത്തുയർത്താൻ" നമുക്കു കഴിയുമെന്ന് ആ സ്വാതന്ത്ര്യം പ്രഘോഷിക്കുന്നു. "അത് ഒരു വസ്തുതയ്ക്കു സാക്ഷ്യം നല്കുകയും ചെയ്യുന്നു. അതായത്, നമ്മൾ പങ്കുവയ്ക്കുന്ന കാര്യങ്ങൾ സുപ്രധാനങ്ങളും അനേകങ്ങളുമാകയാൽ, നമ്മുടെ വ്യത്യാസങ്ങൾ അംഗീകരിച്ചുകൊണ്ടും ഏകദൈവത്തിന്റെ മക്കളെന്നനിലയിൽ നമ്മൾ എല്ലാവരും, സഹോദരീസഹോദരന്മാരാണ് എന്നതിൽ സന്തോഷിച്ചുകൊണ്ടും നിർമ്മലവും ക്രമവത്കൃതവും സമാധാനപൂർണവുമായ സഹാസ്തിത്വത്തിനുള്ള ഒരു മാർഗം സാധ്യമാണ്; സാധ്യമാക്കാം."[275]

280. അതേസമയം, സഭയ്ക്കുള്ളിൽ ഐക്യം വളർത്താൻ നമ്മൾ ദൈവത്തോട് അപേക്ഷിക്കുന്നു - വ്യത്യാസങ്ങൾകൊണ്ട് സമ്പന്നമാക്കപ്പെട്ടതും പരിശുദ്ധാത്മാവിന്റെ പ്രവർത്തനം കൊണ്ട് അനുരഞ്ജിതമാക്കപ്പെട്ടതുമായ ഐക്യം. എന്തെന്നാൽ "നമ്മൾ എല്ലാവരും ഒരേ ആത്മാവിൽ ഏകശരീരമാകാൻ ജ്ഞാനസ്നാനമേറ്റു" (1 കോറി 12:13). ആ ശരീരത്തിൽ ഓരോ അംഗത്തിനും അവന്റെ അല്ലെങ്കിൽ അവളുടെ വ്യതിരിക്തമായ സംഭാവന നല്കാനുണ്ട്. വിശുദ്ധ ആഗസ്തീനോസു പറഞ്ഞതുപോലെ, "ചെവി കണ്ണിലൂടെ

കാണുന്നു, കണ്ണ് ചെവിയിലൂടെ കേൾക്കുന്നു."[276] വിവിധ ക്രൈസ്തവ സഭകൾ തമ്മിൽ കണ്ടുമുട്ടുന്ന യാത്രയ്ക്ക് സാക്ഷ്യം നല്കൽ തുടരുകയെന്നതും അത്യാവശ്യമാണ്. "അവർ എല്ലാവരും ഒന്നായിരിക്കാൻ" (cf. യോഹ 17:21) എന്ന ക്രിസ്തുവിന്റെ ആഗ്രഹത്തെ നമുക്ക് വിസ്മരിക്കാനാവുകയില്ല, ഈ ആഹ്വാനം കേൾക്കുമ്പോൾ, ആഗോളവത്കരണ പ്രക്രിയയിൽ ക്രൈസ്തവരുടെയിടയിലുള്ള ഐക്യത്തിന്റെ പ്രവാചകപരവും ആധ്യാത്മികവുമായ സംഭാവന നല്കാനായിട്ടില്ലെന്ന് നമ്മൾ ദുഃഖത്തോടെ തിരിച്ചറിയുന്നു. ഈ തടസ്സമുണ്ടെങ്കിലും "പൂർണ ഐക്യത്തിലേക്കുള്ള ഈ യാത്ര നമ്മൾ നടത്തുമ്പോൾ മനുഷ്യവംശത്തിന്റെ സേവനത്തിൽ ഒന്നിച്ചു ജോലി ചെയ്തുകൊണ്ട് ദൈവത്തിന്റെ സ്നേഹത്തിന് പൊതുസാക്ഷ്യം നല്കാൻ നമുക്ക് കടമയുണ്ട്."[277]

## III. മതവും അക്രമവും

281. മതങ്ങൾ തമ്മിൽ സമാധാനത്തിന്റെ ഒരു യാത്ര സാധ്യമാണ്. അതിന്റെ തുടക്കസ്ഥാനം ദൈവം കാര്യങ്ങൾ കാണുന്ന രീതിയായിരിക്കണം. "ദൈവം തന്റെ കണ്ണുകൾ കൊണ്ടു കാണുന്നില്ല. ദൈവം തന്റെ ഹൃദയം കൊണ്ടു കാണുന്നു. ദൈവത്തിന്റെ സ്നേഹം, മത പരിഗണനയില്ലാതെ, ഓരോരുത്തരോടും ഒന്നുതന്നെയാണ്. അവർ നിരീശ്വരന്മാരാണെങ്കിൽപ്പോലും അവിടത്തെ സ്നേഹം ഒന്നുതന്നെയാണ്. അവസാന ദിവസം വരുമ്പോൾ, വസ്തുക്കൾ യഥാർത്ഥത്തിൽ ആയിരിക്കുന്നതുപോലെ കാണാൻ വേണ്ടത്ര വെളിച്ചമുണ്ടായിരിക്കുകയും ചെയ്യുമ്പോൾ നാം തികച്ചും വിസ്മയഭരിതരായിപ്പോകും." [278]

